# മലപ്പട്ടം

## ഗ്രാമപഞ്ചായത്ത്



## വികസന റിപ്പോർട്ട്

# CANNANORE DISTRICT

## SHOWING PANCHAYATS AS ON 31-3-1995



ഒമ്പതാം പദ്ധതി - ജനകീയ പദ്ധതി

# വികസന രേഖ '96

## മലപ്പട്ടം ഗ്രാമ പഞ്ചായത്ത്

### സെമിനാർ

കൊളന്ത എ. എൽ. പി. സ്ക്കൂൾ

1996 ഡിസംബർ 14


MALAPPATTAM PANCHAYAT
AREA- 19·34 Hq
POPULATION- 8708
WARDS - 8
N
CHENGALAY PANCHAYAT
SREEKANDAPURAM PANCHAYAT
IRIKKUR PANCHAYAT
KUTTIYATTUR PANCHAYAT
To S.K.PURAM
To SRIKANDAPURAM
To BES COLLEGE
To IRIKKUR
AOUR
KOLANTHA
MADATHUMKADAVU
ADICHERI
KOVVANTALA
MUNAMBU
MALAPPATTAM
POYYERIMULA
KOTTURKUNNU
PATINARAM PARAMBA
THALAKKOTTUMULA
KARAMBIL
ADUVAPURAM
KANIARVAYAL
CHARTHODAN MULA
PAVANNURKADAVU
CHULIYAD EAST
SREEKANDAPURAM RIVER
VALAPATTANAM RIVER
PANCHAYAT OFFICE
Library
Village office
High School
Ayurveda Hospital
Play ground
L.P. School
U.P. School
Madrasa
I
II
III
IV
V
VI
VII
VIII
LEGEND
Roads
Foot path
Panchayat boundary
Ward boundary
Canals
Ferry
Pond
Checkdam
Culvert
Well
Bore well
Spring
Family welfare centre
Schools
Quarry
Bus Terminus
Temple
Mosque
Transformer with power line
SCALE
SCALE 1cm = 125m

# ഗ്രാമ പഞ്ചായത്ത് സാരഥികൾ



ഏ. കൃഷ്ണൻ നമ്പ്യാർ
(മുൻ പ്രസിഡണ്ട്)



ഏ. കുഞ്ഞിക്കണ്ണൻ
(മുൻ പ്രസിഡണ്ട്)



കെ. ടി. ശിവദാസൻ
(മുൻ പ്രസിഡണ്ട്)



കെ. വി. ഗോവിന്ദൻ മാസ്റ്റർ
(മുൻ പ്രസിഡണ്ട്)



ടി. കെ. ഗോവിന്ദൻ മാസ്റ്റർ
(മുൻ പ്രസിഡണ്ട്)



കെ. എം. പാർവ്വതി ടീച്ചർ
(പ്രസിഡണ്ട്)

# മലപ്പട്ടം ഗ്രാമപഞ്ചായത്ത്
## ഭരണസമിതി

* ശ്രീമതി കെ. എം. പാർവ്വതി ടീച്ചർ
  (പ്രസിഡൻറ്, ഗ്രാമപഞ്ചായത്ത്)

* ശ്രീ. കെ. നാരായണൻ
  (വൈസ് പ്രസിഡൻറ്)

* ശ്രീ. പി. നാരായണൻ
  (ചെയർമാൻ, സ്റ്റാൻറ്റിംഗ് കമ്മിറ്റി)

* ശ്രീ. പി.പി. ലക്ഷ്മണൻ (മെമ്പർ)

* ശ്രീ. സി. കെ. ഗോപാലൻ നമ്പ്യാർ (മെമ്പർ)

* ശ്രീ. സി. പി. ഹംസ (മെമ്പർ )

* ശ്രീമതി പി. വിലാസിനി (മെമ്പർ )

* ശ്രീമതി കെ. വനജ (മെമ്പർ )

# വികസനരേഖ ഇവരുടെ കൈകളിലൂടെ

***ആമുഖം***
രാജഗോപാലൻ. കെ. സി
മനോജൻ. കെ.

***കൃഷി, മൃഗസംരക്ഷണം :***
മലപ്പട്ടം പ്രഭാകരൻ
ഇ. ജനാർദ്ദനൻ മാസ്റ്റർ
വി. വി. ബാലകൃഷ്ണൻ
കെ. കെ. ബാലൻ നമ്പ്യാർ
ഇ. വി. പവിത്രൻ

***വിദ്യാഭ്യാസം, സംസ്ക്കാരം***
ഇ. ചന്ദ്രൻ മാസ്റ്റർ
വി. പി. വൽസരാജ്
കെ. സുധാകരൻ മാസ്റ്റർ
കെ. അയൂബ്
കെ. പി. പ്രേമരാജൻ

***ആരോഗ്യം, കുടിവെള്ളം***
ഡോ. പി. പി. കൃഷ്ണൻ
കെ. സി. ബാലകൃഷ്ണൻ
കെ. അച്ച്യുതൻ
എം. എസ്. സുരേഷ് ബാബു
എൻ. കെ. ബാബുരാജ്
ഉഷാദാമോദരൻ

***വനിത, പട്ടികജാതി ക്ഷേമം***
സി. കൃഷ്ണൻ
ടി. വി. ചന്ദ്രമതി
ടി. കെ. ഗീത
കെ. പി. രമണി
കെ. വനജ
എം. ഭാസ്ക്കരൻ

***ഗതാഗതം***
സി. കെ. ഗോപാലൻ നമ്പ്യാർ
കെ. എം. കെ. നമ്പ്യാർ
എ. കെ. ചന്ദ്രൻ
കെ. വി ശ്രീനിവാസൻ
കെ. വി. മനോജ്
പി. പി. ജയൻ

***വ്യവസായം, ഊർജ്ജം, തൊഴിൽ***

പി. പി. ലക്ഷ്മണൻ
ഇ. കെ. സോമൻ
ടി. ഒ. വിനോദ്.
കെ. പി. ബിജു

***സാമൂഹ്യക്ഷേമം***

ടി. പി. മധുസൂദനൻ
മുരളി ചൂളിയാട്
സി. പവിത്രൻ
എ. വി. രാഘവൻ

***വിഭവസമാഹരണം***

എൻ. കെ. ജനാർദ്ദനൻ
ടി. പി. കുഞ്ഞിക്കണ്ണൻ
വി. പി. അനന്തൻ മാസ്റ്റർ
കെ. ബാലകൃഷ്ണൻ
കെ. ആർ. കുഞ്ഞിരാമൻ
കെ. സി. സഹദേവൻ

## ഗ്രാഫുകളും മേപ്പുകളും തയ്യാറാക്കിയവർ

എം. വി. പുരുഷോത്തമൻ
എം. ഒ. സഹദേവൻ മാസ്റ്റർ
കെ. പി. ചന്ദ്രൻ

## കവർചിത്രം

വിജയൻ ചിടങ്ങിൽ
(ദേശാഭിമാനി, കണ്ണൂർ)

# താളുകൾ മറിക്കുമ്പോൾ


- ആമുഖം - 15
- സാമൂഹ്യ-സാംസ്ക്കാരിക ചരിത്രം - 19
- ഭൂപ്രകൃതി - 24

1. കാർഷിക രംഗം - 25
2. ജലസേചനം - 33
3. മൃഗസംരക്ഷണം - 37
4. വ്യവസായം - 39
5. തൊഴിൽ - 43
6. ഊർജ്ജം - 46
7. വിദ്യാഭ്യാസം - 50
8. സംസ്ക്കാരം - 63
9. കുടിവെള്ളം - 67
10. ആരോഗ്യം - 71
11. ഗതാഗതം - 80
12. പാർപ്പിടം - 85
13. സാമൂഹ്യക്ഷേമം - 88
14. വനിതാവികസനം - 92
15. പട്ടികജാതി ക്ഷേമം - 99
16. വിഭവസമാഹരണം - 104

# മലപ്പട്ടം ഗ്രാമപഞ്ചായത്ത്

## ഒറ്റനോട്ടത്തിൽ

*** അതിരുകൾ :-**

വടക്ക് - ശ്രീകണ്ഠാപുരം പഞ്ചായത്ത്
പടിഞ്ഞാറ് - ചെങ്ങളായി പഞ്ചായത്ത്
(ശ്രീകണ്ഠാപുരം പുഴ)
കിഴക്ക് - ഇരിക്കൂർ പഞ്ചായത്ത്
തെക്ക് - വളപട്ടണം പുഴ

| | | |
|---|---|---|
| * വിസ്തൃതി | - | 19. 30 KM $^2$ |
| * വാർഡ് | - | 8 |
| * ജനസംഖ്യ | - | 8,708 |
| * പുരുഷന്മാർ | - | 4, 266 |
| * സ്ത്രീകൾ | - | 4, 442 |
| * സാക്ഷരത | - | 89. 19 % |
| * പുരുഷന്മാർ | - | 95. 54 % |
| * സ്ത്രീകൾ | - | 84. 08 % |
| * ബ്ലോക്ക് പഞ്ചായത്ത് | - | ഇരിക്കൂർ |
| * അസംബ്ലി നിയോജക മണ്ഡലം | - | ഇരിക്കൂർ |
| * പാർലിമെൻറ് മണ്ഡലം | - | കണ്ണൂർ |
| * വില്ലേജ് | - | മലപ്പട്ടം |
| * താലൂക്ക് | - | തളിപ്പറമ്പ് |
| * ജില്ല | - | കണ്ണൂർ |



# ആമുഖം

നമ്മുടെ സംസ്ഥാനത്ത് ഏറെ പിന്നോക്കം കിടക്കുന്ന ഏതാനും പഞ്ചായത്തുകളിലൊന്നാണ് മലപ്പട്ടം. കണ്ണൂർ ജില്ലയുടെ മധ്യഭാഗത്തു കിടക്കുന്ന മലപ്പട്ടം പഞ്ചായത്തിൻെറ പിന്നോക്കാവസ്ഥയ്ക്ക് മുഖ്യമായ കാരണം.

കണ്ണൂർ ജില്ലയുടെ കിഴക്കൻ മലയോര മേഖലയിൽപ്പെടുന്നു. മലപ്പട്ടം ഗ്രാമ പഞ്ചായത്ത് മൂന്നു ഭാഗങ്ങളിലൂടെയും ഒഴുകുന്ന വളപട്ടണം പുഴ സമീപ പ്രദേശങ്ങളിൽ നിന്നും നമ്മുടെ പഞ്ചായത്തിനെ ഒറ്റപ്പെടു ത്തി നിർത്തുന്നു. അതുകൊണ്ടു തന്നെ മലയോര മേഖലകൾക്കാകെ കഴിഞ്ഞ ഏതാനും ദശകങ്ങളായുണ്ടായ അതിശീഘ്ര വികസനം നമുക്കന്യമായി.

മലപ്പട്ടം പഞ്ചായത്ത് നിലവിൽ വന്നിട്ട് 42 വർഷമായി. കൈപൊക്കി വോട്ടിങ്ങ് സമ്പ്രദായം നിലനിന്നിരുന്നപ്പോൾ വന്ന ആദ്യത്തെ ഭരണസമിതി മുതൽ ഇന്നു വരെ ഭരിച്ചവരെല്ലാം തന്നെ പഞ്ചായത്തിൻെറ വികസനത്തിന് അക്ഷീണയത്നം നടത്തിയിട്ടുണ്ട്. ജനങ്ങൾക്കാകെ ഗുണകരമായ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുക എന്നതായിരുന്നു എന്നും നമ്മുടെ പഞ്ചായത്ത് ഭരണ സമിതികളുടെ ലക്ഷ്യം. ഭരണ വ്യവസ്ഥയും അധികാര വികേന്ദ്രീകരണത്തിലെ പാക പ്പിഴകളും നമ്മുടെ ലക്ഷ്യസാക്ഷാത്ക്കാരത്തിന് പലപ്പോഴും വിലങ്ങുതടിയായി. പരിമിതമായ ഫണ്ടും അധികാരവും ഉപയോഗിച്ച് ജനങ്ങൾക്കാകെ ഉപകാര പ്രദമായ രീതിയിൽ വികസന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നത് അസാധ്യമാണെന്നു നീണ്ട വർഷത്തെ അനുഭവം നമ്മെ പഠിപ്പിച്ചിട്ടുണ്ട്. ജനങ്ങളെയാകെ അണിനിരത്തിക്കൊണ്ട് മാത്രമേ നമ്മുടെ നാട്ടിൻെറ പിന്നോക്കാവസ്ഥ പരിഹരിക്കാനാവുകയുള്ളൂ എന്ന തിരിച്ചറിവിൻെറ ഫലമായിരുന്നു മലപ്പട്ടം പഞ്ചായത്ത് വികസന സമിതിയുടെ രൂപീകരണത്തിന് വഴി തെളിച്ചത്. അടിത്തട്ടിൽ നിന്നുള്ള ആസൂത്രണവും ജനപങ്കാളിത്തത്തോടെയുള്ള വികസന പ്രവർത്തനവുമെന്ന ലക്ഷ്യത്തിൽ കേരള സംസ്ഥാനം ഇപ്പോൾ ഒറ്റക്കെട്ടായി നീങ്ങുകയാണ്. എന്നാൽ സർക്കാർ തലത്തിലുള്ള നടപടികൾ ആരംഭിക്കുന്നതിനു മുമ്പ്

തന്നെ നമ്മൾ ഈ ലക്ഷ്യവുമായി പ്രവർത്തനം ആരംഭിച്ചിരുന്നുവെന്ന് ചുരുക്കം.

സാമൂഹ്യതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വികസന പ്രവർത്തനങ്ങളുടെ മുൻഗണനാ ക്രമം നിശ്ചയിക്കുക എന്നതാണ് ജനകീയാ സൂത്രണം കൊണ്ട് ലക്ഷ്യമാക്കുന്നത്. അധികാരവും ആസൂത്രണവും മുകളിൽ നിന്നും തീരുമാനിക്കുന്നതിനു പകരം കീഴ്ത്തട്ടിൽ നിന്നും ആരംഭിക്കുകയെന്നാണതിന്റെ പ്രത്യേകത. ഇതിന്റെ ഫലമായി ജനങ്ങളുടെ ആവശ്യങ്ങൾക്ക് വേണ്ടത്ര പ്രാധാന്യം ലഭിക്കും

ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി കേരള സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. സംസ്ഥാനത്തിന്റെ വികസന ചരിത്രത്തിൽ ഇത് ഒരു നാഴികക്കല്ലായിരിക്കും. സംസ്ഥാനത്തിന്റെ പദ്ധതി വിഹിതത്തിൽ 40 ശതമാനം വരെ പഞ്ചായത്തുകൾക്ക് നൽകുന്നതു കൊണ്ടു തന്നെ വരും കാലത്തെ പ്രവർത്തനങ്ങളിൽ ജനതാൽപര്യങ്ങൾ കൂടുതൽ സംരക്ഷിക്കാൻ കഴിയുമെന്ന അവസ്ഥ വന്നിരിക്കുകയാണ്. നമ്മുടെ പഞ്ചായത്തിലെ ആദ്യ ഭരണ സമിതി നിലവിൽ വന്നത് 1954 ൽ ആണ്. അളവൂര് കൃഷ്ണൻ നമ്പ്യാർ പ്രസിഡണ്ടും അയിക്കോത്ത് അബ്ദു വൈസ്പ്രസിഡണ്ടുമായിരുന്നു. പി. പി. കുഞ്ഞിരാമൻ നമ്പ്യാർ, കെ. ആർ. നാരായണൻ നമ്പ്യാർ, കെ. കെ. ഗോവിന്ദൻ അടിച്ചത്ത് കോരൻ, കുഞ്ഞിരാമൻ മാസ്റ്റർ എന്നിവരായിരുന്നു മറ്റ് ഭരണ സമിതി അംഗങ്ങൾ. കൈപൊക്കി വോട്ടിങ്ങ് സമ്പ്രദായമനുസരിച്ചായിരുന്നു ആദ്യത്തെ തെരഞ്ഞെടുപ്പ്.

ഭരണ നിർവ്വഹണത്തിന് മുൻധാരണകളോ വ്യക്തമായ നിർദ്ദേശങ്ങളോ ഒന്നും ആദ്യ ഭരണ സമിതിക്ക് ഉണ്ടായിരുന്നില്ല. എന്നാൽ വിപുല മായ അധികാരം ഉണ്ടായിരുന്നു താനും. സിവിൽ കേസ്സുകളിൽ തീർപ്പു കൽപ്പിക്കു ന്നതിനുള്ള അധികാരം പോലും പഞ്ചായത്ത് ഭരണസമിതിക്കായിരുന്നു. മറ്റ് പഞ്ചായത്തുകളിലെ സിവിൽ കേസ്സുകൾക്കുപോലും തീർപ്പുകൽപ്പിക്കാനുള്ള അവസരം ഈ ഭരണസമിതിക്ക് ലഭിക്കുകയുണ്ടായി.

പഞ്ചായത്തിന്റെ ഭരണ നിർവ്വഹണത്തിനുള്ള പണം കണ്ടെത്തിയിരുന്നത് കെട്ടിട നികുതിയിൽ നിന്നായിരുന്നു. എന്നാൽ ഏതു ഭാഗത്തുനിന്നും പരാതിയൊ, പ്രതിഷേധമോ ഉണ്ടാകാത്ത വിധം തികച്ചും ന്യായമായ രീതിയിലായിരുന്നു നികുതി ചുമത്തിയിരുന്നത്. ' ജനകീയ മുന്നണി ' യാണ് കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിച്ചിരുന്നത്. പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും പ്രാതിനിധ്യമുള്ള കമ്മിറ്റിയായിരുന്നു ഈ ജനകീയ മുന്നണി. തെരഞ്ഞെടുപ്പിൽ തോറ്റ പാർട്ടിക്കാർക്കും ജയിച്ചവർക്കൊപ്പം കമ്മിറ്റിയിൽ പ്രാതിനിധ്യമുണ്ടായിരുന്നു. അതുകൊണ്ടു തന്നെ പരാതികളൊന്നും ഉയർന്നു വരികയുണ്ടായില്ല. സ്വയം സന്നദ്ധമായി 5 രൂപ വരെ കെട്ടിട നികുതി കൊടുത്തവർ അന്നുണ്ടായിരുന്നു. രജിസ്ട്രാഫീസിൽ നിന്നുള്ള മുദ്രപത്ര വിൽപ്പനയുടെ വിഹിതമായി ലഭിച്ചിരുന്ന തുകയും പഞ്ചായത്തിന്റെ വരുമാനമായിരുന്നു.

പുതുതായി നിലവിൽ വന്നതിനാൽ പഞ്ചായത്ത് ഭരണസമിതിക്കു എല്ലാം ആദ്യം മുതൽ തുടങ്ങേണ്ടിയിരുന്നു. ആവശ്യമായ റിക്കാർഡുകൾ പോലും ഉണ്ടാക്കാൻ പഞ്ചായത്തിന് ഫണ്ട് ഉണ്ടായിരുന്നില്ല. കോയൻകോ പ്രസ്സിൽ നിന്നും റിക്കാർഡുകൾ വരുത്താൻ 300 രൂപയാണ് ചെലവായത്. പഞ്ചായത്ത് പ്രസിഡണ്ട് കൃഷ്ണൻ നമ്പ്യാരും കുട്ട്യാലി ഹാജിയും സംഭാവനയായി എടുത്ത കാശാണ് ഇതിനുവേണ്ടി ഉപയോഗിച്ചത്.

പഞ്ചായത്തിലെ ആദ്യ ജീവനക്കാരനായി നിയമിതനായത് കെ. സി. ദാമോദരനാണ്. പുളുക്കൂൽ കൃഷ്ണനെ ബിൽ കലക്ടറായും നിയമിച്ചു. രണ്ടുപേരെയും ശമ്പളമില്ലാത്ത ജീവനക്കാരായാണ് നിയമിച്ചിരുന്നത്. പിന്നീട് ദാമോദരന്റെ ശമ്പളം 45 രൂപയായി നിശ്ചയിച്ചു. പുളുക്കൂൽ കൃഷ്ണൻ പിന്നീട് ജോലി ഉപേക്ഷിച്ചു. ഒരു ജീവനക്കാരനെ കൊണ്ടു മാത്രം പ്രവർത്തനം നടത്താൻ കഴി യാതെ വന്നപ്പോൾ എം. വി. കുഞ്ഞിക്കണ്ണനെ ക്ലാർക്കായി നിയമിച്ചു . ഇദ്ദേഹം അധ്യാപക പരിശീലനത്തിനായി പോയ ഒഴിവിലേക്ക് ടി.കെ കുഞ്ഞിക്കണ്ണനെ നിയമിച്ചു.

ആദ്യ ഭരണ സമിതി 1961 വരെ ഭരണം നടത്തി. പഞ്ചായത്ത് Delination ന്റെ ഭാഗമായി 1961 ൽ ഇരിക്കൂർ-മലപ്പട്ടം പഞ്ചായത്തുകൾ സംയോജിപ്പിക്കുകയും ആ സ്ഥാനം ഇരിക്കൂറിലേക്ക് മാറ്റുകയും ചെയ്തു. എ. കുഞ്ഞിക്കണ്ണനായിരുന്നു സംയോജിപ്പിക്കപ്പെട്ട പഞ്ചായത്തിന്റെ പ്രസിഡണ്ട്. 1968 വരെ ഈ നില തുടർന്നു. പഞ്ചായത്തുകളെ 1968 ൽ വിഭജിച്ചതിനെ തുടർന്ന് മലപ്പട്ടം പഞ്ചായത്ത് വീണ്ടും നിലവിൽ വന്നു 15-10 1968 ൽ പുതിയ ഭരണ സമിതി സത്യ പ്രതിജ്ഞ ചെയ്തു അധികാര മേറ്റെടുത്തു. എ. കുഞ്ഞിക്കണ്ണൻ തന്നെയായിരുന്നു പ്രസിഡണ്ട്. കെ. ടി. ശിവദാസൻ, കെ. പി. കുഞ്ഞമ്പു എന്നിവരെ ഭരണസമിതിയിലേക്ക് നോമിനേറ്റ് ചെയ്തു. 1970 ൽ എ. കുഞ്ഞിക്കണ്ണൻ എം. എൽ. എ ആയി തെരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്ന് കെ. ടി. ശിവദാസൻ പ്രസിഡണ്ടായി.

പഞ്ചായത്തിന്റെ മൂന്നാമത് ഭരണ സമിതി 1975 ൽ നിലവിൽ വന്നു. കെ. ടി. ശിവദാസനായിരുന്നു പ്രസിഡണ്ട്. പാലേടത്ത് കൃഷ്ണൻ, കെ. പി. കുഞ്ഞമ്പു, പി. കല്ല്യാണി, കെ. വി മൊയ്തീൻകുട്ടി. എം. നാരായണൻ, പയ്യാറ്, കെ. ആർ. കുഞ്ഞിരാമൻ എന്നിവരായിരുന്നു ഭരണസമിതി അംഗങ്ങൾ.

കെ. വി. ഗോവിന്ദൻ മാസ്റ്റർ പ്രസിഡണ്ടായി 4-ാമത്തെ ഭരണ സമിതി 1980 ൽ നിലവിൽ വന്നു. എ. പൊക്കൻ, കേളപ്പൻ, അയിക്കോത്ത് അബ്ദു. ടി. കെ. ഗോവിന്ദ മാസ്റ്റർ, കെ. മാധവി, കെ. കെ. ഗോപാലാൻ, കെ. പി. നാരായണൻ എന്നിവർ ഭരണസമിതി അംഗങ്ങളുമായിരുന്നു കെ. കെ. ഗോപാലനെ വൈസ് പ്രസിഡണ്ടായും തെരഞ്ഞെടുത്തു.

1988 ലെ തെരഞ്ഞെടുപ്പിൽ. ടി.കെ. ഗോവിന്ദൻമാസ്റ്റർ പ്രസിഡണ്ടായും, കെ. നാരായണൻ വൈസ്പ്രസിഡണ്ടുമായുള്ള അഞ്ചാമത്തെ ഭരണസമിതി നിലവിൽ വന്നു. എ. പൊക്കൻ , പി. പി. മുഹമ്മദ്, കെ. ബാലകൃഷ്ണൻ, കെ. എം. പാർവ്വതി, എ. സരോജിനി, പി. പി. ലക്ഷ്ണൻ എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ട മറ്റ് ഭരണസമിതി അംഗങ്ങൾ.

പഞ്ചായത്തിന്റെ 6-ാമത്തേതും നിലവിൽ ഉള്ളതുമായ ഭരണ സമിതി തെരഞ്ഞെടുക്കപ്പെട്ടത് 1995 ലാണ്. കെ. എം. പാർവ്വതി ടീച്ചർ, കെ. നാരായണൻ, പി. നാരായണൻ, പി. വിലാസിനി. സി. കെ. ഗോപാലൻ നമ്പ്യാർ, പി. പി. ലക്ഷ്മണൻ, കെ. വനജ, സി. പി. ഹംസ എന്നിവരാണ് ഭരണസമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടത്. കെ. എം. പാർവ്വതി ടീച്ചറെ പ്രസിഡണ്ടായും. കെ. നാരായണനെ വൈസ് പ്രസിഡണ്ടായും, പി. നാരായണനെ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാനായും തെരഞ്ഞെടുത്തു.

1954 ൽ നിലവിൽ വന്ന ആദ്യ പഞ്ചായത്ത് ബോർഡിന്റെ ആസ്ഥാനം അടിച്ചേരിയായിരുന്നു. പഞ്ചായത്ത് സംയോജനത്തെ തുടർന്ന് 1961 ൽ ആസ്ഥാനം ഇരിക്കൂറിലായി. 1968 ൽ വീണ്ടും മലപ്പട്ടം പഞ്ചായത്ത് നിലവിൽ വന്നപ്പോൾ പഞ്ചായത്ത് ഭരണകേന്ദ്രം പൂക്കണ്ടത്തിലായിരുന്നു. 1969 ലാണ് മലപ്പട്ടം പറമ്പിൽ പുതിയ പഞ്ചായത്ത് ആഫീസ് ഉദ്ഘാടനം ചെയ്തത്. അന്നത്തെ എഡി.സി. യായിരുന്ന ആർ. എൻ. നമ്പ്യാരാണ് കെട്ടിട ഉദ്ഘാടനം നിർവ്വഹിച്ചത്.

നമ്മുടെ നാടിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി മലപ്പട്ടം പഞ്ചായത്ത് വികസന സമിതി നിലവിൽ വന്നത് 1996 ജനുവരി 10 നായിരുന്നു. തുടർന്ന് വാർഡ്തലത്തിലും സമിതികൾ രൂപീകരിച്ചു. 1996 മാർച്ച് 3 ന് മലപ്പട്ടം ആർജിയം യു.പി. സ്ക്കൂളിൽ ചേർന്ന വികസന സെമിനാറിൽ വികസന സമിതിയുടെ മാസ്റ്റർ പ്ലാൻ പ്രഖ്യാപിക്കപ്പെട്ടു. അന്നത്തെ ജില്ലാകലക്ടർ ഡബ്ല്യു ആർ. റെഡ്ഡി ആയിരുന്നു സെമിനാർ ഉത്ഘാടനം ചെയ്തത്. പഞ്ചായത്ത് പ്രസിഡണ്ട് പാർവ്വതി ടീച്ചർ ചടങ്ങിൽ അധ്യക്ഷയായിരുന്നു. വികസന സമിതിയുടെ പ്രവർത്തനം സുഗമമാക്കുന്നതിനും വികസനം സർവ്വതലത്തിലുമാക്കുന്നതിനും സെമിനാറിൽവെച്ച് അഞ്ച് സബ്ക്കമ്മിറ്റികൾക്കും രൂപം നൽകി.

തുടർന്ന് ഓരോ തലത്തിലുള്ള പ്രവർത്തനത്തിന് വിവിധ സബ്ക്കമ്മിറ്റികളാണ് നേതൃത്വം നൽകിയത്. വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും വികസന സമിതി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. പഞ്ചായത്തിന്റെ പ്രവർത്തനവും വികസന

സമിതിയുടെ പ്രവർത്തനവും നല്ലനിലയിൽ തന്നെ ഏകോപിപ്പിച്ചുകൊണ്ടുപോകുവാൻ നമുക്ക് കഴിയുകയുണ്ടായി.

വികസന സമിതിയുടെ നേതൃത്വത്തിൽ നടന്ന ഓരോ പ്രവർത്തനങ്ങളും അക്കമിട്ടു നിരത്തുന്നതിന് ഇവിടെ തുനിയുന്നില്ല. എന്നാൽ വികസന സമിതിയുടെ നേതൃത്വത്തിൽ കഴിഞ്ഞ പത്ത് മാസക്കാലം ജനങ്ങളെ അണിനിരത്തി നടന്ന പ്രവർത്തനങ്ങൾ ജനകീയാസൂത്രണ പ്രവർത്തനം വിജയകരമായി നടത്തുന്നതിന് വളരെയേറെ സഹായകമാകുന്നുണ്ടെന്നത് വ്യക്തമാക്കാതെ വയ്യ.

19. 30 ചതുരശ്ര കി. മീറ്റർ മാത്രമാണ് മലപ്പട്ടം പഞ്ചായത്തിന്റെ വിസ്തൃതി. ആകെ ജനസംഖ്യ 8708. എട്ടു വാർഡുകളാണ് പഞ്ചായത്തിലുള്ളത്. ഒരു വില്ലേജ് മാത്രം ഉൾപ്പെടുന്നതണ് ഈ പഞ്ചായത്ത്. ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിലെ മലപ്പട്ടം ഡിവിഷനിൽ നമ്മുടെ ഗ്രാമ പഞ്ചായത്തിന്റെ ഏഴു വാർഡുകളുംപ്പെടുന്നു. എന്നാൽ ഒരു വാർഡു ഇരിക്കൂർ ഡിവിഷനിലാണ് ഉൾപ്പെടുന്നത്. തളിപ്പറമ്പ് താലൂക്കിൽ പെടുന്നതാണ് നമ്മുടെ പഞ്ചായത്ത് പ്രദേശം.

മലപ്പട്ടം പഞ്ചായത്തിന്റെ മൂന്നു ഭാഗവും പുഴയാണ് അതിർത്തി. വടക്കു-കിഴക്ക് ശ്രീകണ്ഠപുരം പഞ്ചായത്തും, കിഴക്ക് ഇരിക്കൂർ പഞ്ചായത്തും കിടക്കുന്നു. മയ്യിൽ, കുറ്റ്യാട്ടൂർ, ചെങ്ങളായി എന്നിവയാണ് മറ്റു സമീപസ്ഥ പഞ്ചായത്തുകൾ.

ഒരു ഗവൺമെന്റ് റൂറൽ ഡിസ്പൻസറി, ആയുർവേദാശുപത്രി, ICDP സബ്സെൻറർ, വില്ലേജ് ഓഫീസ്, ഒരു ഹൈസ്ക്കൂൾ, വി. ഇ. ഒ ഓഫീസ്, കൃഷി ഓഫീസ്, ഒരു യു. പി. സ്ക്കൂൾ, 3 എൽ. പി. സ്ക്കൂൾ, 9 അംഗൻവാടികൾ എന്നിവയാണ് പഞ്ചായത്തിലുള്ള ഗവൺമെന്റ് സ്ഥാപനങ്ങൾ. ഇവ കൂടാതെ സ്റ്റേറ്റ് ബേങ്ക് ഓഫ് ട്രാവൻകൂറിന്റെ ഒരു ശാഖ, മലപ്പട്ടം സർവ്വീസ് സഹകരണ ബേങ്കിന്റെ ഹെഡ് ഓഫീസും ഇതിന്റെ ഒരു ബ്രാഞ്ചും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

## മലപ്പട്ടം പഞ്ചായത്ത് വികസന സമിതി

**ചെയർമാൻ : കെ. എം. പാർവ്വതി ടീച്ചർ**
**(ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട്)**

**കൺവീനർ : കെ. സി. ബാലകൃഷ്ണൻ**

**പട്ടിക**

| സബ്കമ്മിറ്റികൾ | കൺവീനർ |
|---|---|
| കൃഷി, ജലസേചനം,ജല സംരക്ഷണം | പി. പ്രഭാകരൻ |
| പൊതുമരാമത്ത് | കെ. എം. കെ. നമ്പ്യാർ |
| വ്യവസായം,തൊഴിൽ, ഊർജ്ജം | സി. മോഹനൻ |
| വിദ്യാഭ്യാസം, സംസ്ക്കാരം | കെ. സുധാകരൻമാസ്റ്റർ |
| ആരോഗ്യം | കെ. അച്ചുതൻ |

# സാമൂഹിക-സാംസ്ക്കാരിക ചരിത്രം

നമ്മുടെ നാട്ടിന്റെ ചരിത്രത്തെ കാലഭേദ മനുസരിച്ച് രണ്ട് ഘട്ടങ്ങളിലായി തിരിക്കാം. ഒന്ന് പൗരാണിക ചരിത്രവും, രണ്ട് ഈ നൂറ്റാണ്ടിന്റെ ആരംഭം മുതലുള്ള ആധുനിക കാലഘട്ട ചരിത്രവും ഇതിലേക്കൊരു എത്തിനോട്ടം മാത്രമാണ് ഇവിടെ നടത്തുന്നത്.

## പൗരാണിക ചരിത്രം

മലപ്പട്ടമെന്നു പേര് വരാനുണ്ടായ കാരണം ചരിത്രരേഖയിലെവിടെയും പരാമർശിക്കപ്പെടുന്നില്ല. വാമൊഴി അറിവുമാത്രമേയുള്ളൂ. മഹാഭാരതക്കഥയിലെ മഹിഷാസുരൻ നിർമ്മിച്ച പട്ടണമാണിതെന്നും മഹിഷ പട്ടണം ലോപിച്ച് മലപ്പട്ടമായതാണെന്നാണ് ഒരു വാദം. അതല്ല മലയടിവാരത്ത് പട്ടണമുണ്ടായ സ്ഥലം 'മലപ്പട്ടണം' ലോപിച്ച് മലപ്പട്ടമായാതാണെന്ന് ചിലർ. ഏതായാലും ലിഖിത രേഖകൾ പേരിന്റെ ചരിത്രത്തിന് പിന്നിലില്ല.

ഏ. ഡി. 1000-1500 നുമിടയിൽ വാണമൂഷിക രാജാക്കന്മാരിൽ ഒരാളായ ശ്രീകണ്ഠൻ ശ്രീകണ്ഠപുരം സ്ഥാപിച്ചപ്പോൾ തൊട്ടടുത്ത മലപ്പട്ടം ശ്രീകണ്ഠം രാജാവിന്റെ അധീനതയിലാണെന്ന് തെളിവുണ്ട്. ബ്രാഹമ്ണ മേധാവിത്വം നിലനിന്ന ഒരു പ്രദേശമായിരുന്നു ഇത്. ഇന്നത്തെ നദീതീരക്ഷേത്ര സംസ്ക്കാരവും താളിയോല രേഖകളും അത് സൂചിപ്പിക്കുന്നു. കാനം നമ്പിടി, കുപ്പം നമ്പിടി എന്ന രണ്ട് ബ്രാഹ്മണ കുടുംബമായിരുന്നു ആദ്യ ആധിപത്യക്കാർ. പിന്നീട് അഡൂരിൽ ഏഴില്ലക്കാർ താമസമുറപ്പിച്ചു. മലപ്പട്ടം ദുർഗ്ഗ ഭഗവതി ക്ഷേത്രം കാനം, കുപ്പം നമ്പിടി മാർ സ്ഥാപിച്ചതാണ്. 3000 വർഷത്തെ പഴക്കമാണ് കണക്കാക്കുന്നത്. അഡൂർ ശിവക്ഷേത്രവും ഇക്കാലത്ത് സ്ഥാപിക്കപ്പെട്ടതാണ്. ബ്രാഹ്മണ മേധാവിത്വത്തിന്റെ തെളിവായി നമ്മുടെ വിവിധ സ്ഥല നാമങ്ങൾ ഉദാഹരിക്കാം. അടിച്ചേരി ഇല്ലത്തട, മഠത്തുംകടവ്, കൊവുന്തല, മഠത്തിലെ വളവ്, ഇടത്തിലെ വളപ്പ്, മലപ്പട്ടം അരമനക്കണ്ടി, ചൂളിയാട് വിവിധ മഠ ഇട സ്ഥലപ്പേരുകൾ

മലപ്പട്ടം ദുർഗ്ഗാ ഭഗവതി ക്ഷേത്രവുമായി ബന്ധപ്പെട്ട സാമൂഹ്യ-സാംസ്ക്കാരിക ബന്ധങ്ങളാണ് നിലനിന്നിരുന്നത്. ഈ ക്ഷേത്രത്തിനു കീഴിലും അനുബന്ധമായി 18 വിവിധ ക്ഷേത്രങ്ങൾ മലപ്പട്ടത്ത് സ്ഥാപിക്കപ്പെട്ടു. ക്ഷേത്ര നടത്തിപ്പു ചെലവിലേക്കായി നീക്കി വെക്കപ്പെട്ട സ്ഥല നാമങ്ങളാണ് പുതുശ്ശേരി

പാട്ടം, പൂവിനുപൂക്കണ്ടം, ചന്ദനത്തിന് ചന്ദനക്കണ്ടം, വാദ്യത്തിനു കൊട്ടുരുത്തി നികുതിയ്ക്ക് കുണ്ട്യാൽ, പാലിന്ന് പാൽക്കണ്ടം, വെളിച്ചെണ്ണയ്ക്ക് നെയ്പ്പാട്ടം, ആശാരിക്ക് തച്ചർക്കണ്ടം മുതലായവ.

പൗരാണിക ചരിത്രത്തിൽ എടുത്തു പറയാവുന്ന ഒന്നാണ് പരിപ്പൻ കടവ് ക്ഷേത്രം പരശുരാമൻ സ്ഥാപിച്ച 18 സമ്പ്രദായ ക്ഷേത്രങ്ങളിലൊന്നാണ് ഇതെന്ന് കരുതുന്നു. അത്ഭുത കളരി അഭ്യാസമുറ പഠിപ്പിച്ച പ്രശസ്തമായ ഒരു ക്ഷേത്രമായിരുന്നു ഇത്.

## നാടുവാഴിത്തത്തിലെ രക്തസാക്ഷികൾ

നാടുവാഴിത്തകാലത്തെ ഉച്ചനീചത്വങ്ങളിൽപ്പെട്ട് രക്തസാക്ഷിത്വം വരിക്കേണ്ടി വന്ന ചില ചരിത്രങ്ങൾക്ക് തെളിവുണ്ട്. കുറുമാത്തൂർ ഇല്ലത്തെ 4 ബ്രാഹ്മണ യുവാക്കളാണ് അതിൽ പ്രധാനികൾ. കുടക് രാജാവിൽ നിന്നും പൂജയ്ക്കുള്ള പ്രതിഫലമായി ലഭിച്ച ഒട്ടകവും സ്വർണ്ണവും മലപ്പട്ടം ഭഗവതീക്ഷേത്ര പരിസരത്ത് വെച്ച് കാണാതായതിന്റെ പേരിൽ ക്ഷേത്രനടയിൽ ഉണ്ണാവ്രത സമരം നടത്തിയ നാലുപേരെ നാടുവാഴി തല ഛേദിച്ചു കൊല ചെയ്തു. (കാകുളം എന്ന സ്ഥലത്ത്) പിന്നീട് പശ്ചാത്താപം തോന്നി. പ്രായശ്ചിത്തമായി കുറുമാത്തൂർ നമ്പൂതിരിക്ക് നീർ വീഴ്ത്തിക്കൊടുത്ത സ്ഥലമാണ് അടിച്ചേരി . ഈ പ്രദേശം ഇവരുടെ ജന്മമാണ്.

സവർണകുടുംബത്തിലെ സ്ത്രീയെ കീഴ്ജാതിക്കാരൻ വിവാഹം ചെയ്തതിന്റെ പേരിൽ (മലയ സമുദായക്കാരൻ) തലവെട്ടി കൊലപ്പെടുത്തിയ ചരിത്രമുണ്ട്. മലയനക്കൊത്തിയ കരിയും ഭാര്യയെ കൊത്തിയ കരി (ഹൈസ്ക്കൂൾ പരിസരം) കൂവം പറമ്പും ഇതിന്റെ സാക്ഷിപത്രമാണ്.

കൊളന്തയിലെ ഹരിജൻ പൊള്ളയാണ് മറ്റൊരു രക്തസാക്ഷി. സവർണയുവതി യാത്രാമദ്ധ്യേ കൊട്ടക്കപ്പഴം പറിക്കവെ മുള്ളിൽ പുടവ കൊരുത്തപ്പോൾ അടുത്തുണ്ടായ പൊള്ള സ്ത്രീയുടെ നഗ്നത കണ്ടതിന്റെ പേരിലാണ് പൊള്ളയെ സവർണർ തലകൊയ്തത്. പിന്നീട് പൊള്ള അമാനുഷികനാണെന്ന ബോധമുണ്ടാവുകയും പൊള്ളയെ ആരാധിക്കുകയും ചെയ്തു കാൽനൂറ്റാണ്ടിന് മുമ്പവരെ ജാതിഭേദമെന്യേ പൊള്ളയ്ക്ക് കലശം വെയ്ക്കുന്ന നടപടി കൊളന്തയിൽ ഉണ്ടായിരുന്നു.

ബ്രാഹ്മണർക്കു പുറമേ ക്ഷേത്ര നടത്തിപ്പുമായി ബന്ധപ്പെട്ടാണ് പിന്നീട് വിവിധ ജാതിക്കാർ മലപ്പട്ടത്ത് കടന്നു വന്നത്. ബ്രാഹ്മണരെ പല്ലക്കിൽ ചുമക്കാൻ പള്ളിച്ചാൻ പരിചരിക്കാനും കാര്യസ്ഥാനത്തിനും നമ്പ്യാർ (കാവാളാൻമാരാണ് ആദ്യം വന്നവർ) പൂജാദ്രവ്യമൊരുക്കാൻ, വാര്യർ, വാദ്യമൊരുക്കാൻ മാരാർ, ഇല്ലവും ക്ഷേത്രവും പണിയാൻ തച്ചൻ (ആശാരി) ആയുധം പണിയാൻ കൊല്ലൻ, സ്വർണ്ണം പണിയാൻ തട്ടാൻ, രാശി ഗണിക്കാൻ ഗണികൻ (കണിശൻ) നെയ്വെളിച്ചെണ്ണയ്ക്ക് വാണ്യൻ, വസ്ത്രമൊരുക്കൻ ശാലിയൻ, മൺപാത്രമൊരുക്കാൻ കുലാലൻ, മന്ത്രങ്ങൾക്കും ചികിത്സയ്ക്കും മലയൻ, വേഷംകെട്ടിയാടാൻ വർണ്ണാൻ (വണ്ണാൻ) കലശം വെയ്ക്കാനും മരംകയറാനും തീയ്യർ, കൃഷി പണിക്കും അടിമ വേലക്കും ഇവിടുത്തെ ആദിവാസികളായ പുലയരെ ഉപയോഗപ്പെടുത്തി. (തീയ്യ വിഭാഗക്കാർക്ക് പയ്യാവൂരപ്പന്റെ പ്രത്യേക കടാക്ഷമുള്ളതായും ചൂളിയാട് കുടിയിരുത്തി ഊട്ടിന് അടുക്കൻപ്പഴക്കുല ഒരുക്കാൻ ഉത്തരവാദപ്പെടുത്തിയതായി ഐതീഹ്യമുണ്ട്. ഓമനക്കാഴ്ച ഉദാഹരണം.)

ഇസ്ലാം മതം മലപ്പട്ടത്ത് വേരോടിയത് 14-ാം നൂറ്റാണ്ടിലാണ്. കച്ചവടത്തിനായി കോലത്തുനാട്ടിലെത്തിയ അറബികൾ ശ്രീകണ്ഠാപുരത്തും പിലിക്കോടും താവളമുറപ്പിച്ചതു വഴിയാണ് ഈ മതവിഭാഗക്കാർ ഇവിടങ്ങളിൽ ഉണ്ടായത്. ചൂളിയാടാണ് ആദ്യകേന്ദ്രം. ചെപ്പന കൊഴുമ്മൽ പുതിയപുരം, മേലോടം വളപ്പ് എന്നിവ ആദിമ തറവാട്ടുകാരാണ്.

1960 കാലത്തുമാത്രമാണ് ക്രിസ്തീയ വിഭാഗക്കാർ മലപ്പട്ടത്ത് കടന്നെത്തിയത്. നീരാക്കൽ എസ്റ്റേറ്റ് തൊഴിലുമായി ബന്ധപ്പെട്ടവരാണ് ആദ്യ കുടിയേറ്റക്കാർ.

## പൗരാണിക സംസ്ക്കാരവും കലയും

ക്ഷേത്രസംസ്ക്കാരവുമായി ബന്ധപ്പെട്ട

കലയും സംസ്ക്കാരവും ഇവിടെ നിലനിന്നു വന്നു. അനുഷ്ഠാന കലയായ തെയ്യം 6-ാം നൂറ്റാണ്ടോടെ ഇവിടെ ആരംഭിച്ചു. വിശ്വാസത്തിലധിഷ്ഠിതമായ തച്ചുമന്ത്രം കണ്ണേറ്, കളംപാട്ട് മന്ത്രവാദം, കോദാംമൂരിപ്പാട്ട്, ആടി,വേടൻമാർ എന്നീ ആചാരങ്ങൾ സമീപകാലം വരെ നിലനിന്നു വന്നു.

## ആധുനിക ചരിത്രം

ഈ നൂറ്റാണ്ടിൻെറ ആരംഭത്തോടെയാണ് മലപ്പട്ടത്തിൻെറ ആധുനിക ചരിത്രം ആരംഭിക്കുന്നത്. നാടുവാഴി ബ്രാഹ്മണ മേധാവിത്വത്തിൻെറ പതനവും ജന്മിനാടുവാഴി വ്യവസ്ഥയുടെ ആരംഭവും ചരിത്രത്തിൻെറ പുതിയ വഴിത്തിരിവാണ്. കരക്കാട്ടിടം, കല്ല്യാട്ട്, കുറുമാത്തൂർ, ചേടിച്ചേരി ഇടം, ചിറക്കൽ രാജവംശം, ജന്മിമാരുടെ കൈവശമാണ് ഭൂമി മുഴുവനും. ഇവരുടെ സമ്മതത്തോടെ മാത്രമേ മണ്ണിൽ കൃഷിയിറക്കാൻ പാടുള്ളൂ. ഇതിനുള്ള പ്രതിഫലം പാട്ടം, വാരം എന്ന പേരിൽ നൽകണം. കാര്യസ്ഥൻമാർക്കും കീഴ്കാര്യസ്ഥൻ മാർക്കുമാണ് ഇവ നിശ്ചയിക്കാനും പിരിച്ചെടുക്കാനുമുള്ള ഉത്തര വാദിത്വം. ഇവർ വാശ്, നുരി, മുക്കാൽ , ശീലക്കാശും , കങ്കാണി, കത്ത്യാൾ പണം തുടങ്ങിയ ഒട്ടേറെ പേരിൽ പിരിവുകൾ നടത്തും. ഓണം, വിഷു തുടങ്ങിയ വിശേഷ ദിവസങ്ങളിൽ ഉൽപന്നങ്ങൾ ജന്മിക്ക് വേറെ കാഴ്ച വെക്കണം . കാട്ടുമൃഗങ്ങളെ നായാടി പിടിച്ചാൽ അവകാശമായി കുറക് (മാംസളഭാഗം) ജന്മിക്ക് നൽകണം. ജനങ്ങളുടെ വ്യക്തി സ്വാതന്ത്ര്യങ്ങളും നിയന്ത്രിച്ചിരുന്നു. സ്ത്രീകൾ മാറ് മറച്ചു നടക്കരുത്. പുരുഷൻമാർ മീശ വളർത്തരുത്. മുട്ടുമറയുന്ന മുണ്ട് ഉടുക്കരുത്. തലയിൽ കെട്ടി നടക്കരുത്. പാദരക്ഷ ഉപയോഗിക്കരുത്. കല്ല്യാണം കഴിക്കാൻ മുൻകൂർ സമ്മതം വേണം. സുന്ദരിയാണ് ഭാര്യയെങ്കിൽ ജന്മിക്ക് പങ്കിടണം. അനുസരിച്ചില്ലെങ്കിൽ ശിക്ഷയും, കൊല നടത്താനുള്ള സ്വാതന്ത്ര്യം വരെയുണ്ട്.

ജാതീയ ഉച്ചനീചത്വങ്ങളായ തൊട്ടുകൂടായ്മ, തീണ്ടികൂടായ്മ എന്നിവ ഇവിടെ കൊടികുത്തി വാണിരുന്നു. 1920 കളിൽ ശ്രീ നാരായണ ഗുരു തത്വചിന്തകൾ ഇവയ്ക്കെതിരെ ചോദ്യമുയർത്തി. ഇതിൻെറ വകഭേദമായ മനുഷ്യമൂല്യങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് ശിവാനന്ദസ്വാമിയും വേശാല സ്വാമികളും മലപ്പട്ടത്ത് വന്ന് ബോധവൽക്കരണം നടത്തുകയും ശിഷ്യരെ വാർത്തെടുക്കുകയും ചെയ്തു. ബന്തിഭോജനം-ജാതി നിഷേധം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ആദ്യത്തെ സംഘടിത സാമൂഹ്യ പരിവർത്തനപ്രസ്ഥാനമായി ഇത് മാറി.

1936 ലാണ് മലപ്പട്ടത്ത് ദേശീയ പ്രസ്ഥാനത്തിൻെറ വിത്ത് പാകിയത് (കോൺഗ്രസ്) അളോറ ഗോവിന്ദൻ നമ്പ്യാർ, ഒ. വി. ചാത്തു നമ്പ്യാർ, മംഗലമ്പള്ളി രാമൻ നമ്പ്യാർ മഠത്തിലെ വളപ്പിൽ രാമൻ, സി. ടി. കുഞ്ഞിരാമൻ നമ്പ്യാർ, കളത്തിൽ കണ്ണൻ മാസ്റ്റർ, കേപ്പൂട്ടി നയനാർ, തേലക്കാടൻ ചന്തുകുട്ടി നമ്പ്യാർ തുടങ്ങിയവരാണ് നേതാക്കൾ. സാമ്രാജ്യത്വ ജന്മി നാടു വാഴി വിരുദ്ധ പ്രവർത്തനത്തിൻെറ ഭാഗമായി തുടർന്ന് സംഘടിത കർഷകപ്രസ്ഥാനം രൂപം കൊണ്ടു. പൂക്കണ്ടം കാഞ്ഞിരമരച്ചോട്ടിൽ മാങ്ങാട്ടു മമ്മതിൻെറ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് ആദ്യകർഷക സംഘം രൂപപ്പെട്ടത്. എ. ഗോവിന്ദൻ നമ്പ്യാർ ചക്രപാണി വാര്യർ, ഒ. വി. ചാത്തു നമ്പ്യാർ, എ. കുഞ്ഞികൃഷ്ണൻ, കൃഷ്ണമാരാർ എന്നിവർ പ്രധാന സംഘാടകരായിരുന്നു. കേരളീയനും ഭാരതീയനും യോഗത്തിൽ സംബന്ധിച്ചു.

1939 ലെ ബക്കളം രാഷ്ട്രീയ സമ്മേളനത്തോടെ പുതിയൊരു നേതൃനിര ഉയർന്നു വന്നു. എ. കുഞ്ഞിക്കണ്ണൻ ഇതിൽ പ്രധാനിയാണ്. പുല്ലുക്കൂൽ കൃഷ്ണൻ, എൻ. കെ. കുമാരൻ, കല്ല്യാടൻ കുഞ്ഞികൃഷ്ണൻ നമ്പ്യാർ, വി. വി. കുഞ്ഞിരാമൻ നായർ, കെ. കെ. രാമർ, കെ. കെ. ഗോവിന്ദൻ, എ. കുഞ്ഞികൃഷ്ണൻ, ചക്കരയൻ കണ്ണൻ, ഒ. കോരൻ, കുന്നുമ്പ്രത്ത് കുഞ്ഞമ്പു.

കർഷകപ്രസ്ഥാനത്തിൻെറ നേതൃത്വത്തിൽ, അടിമത്വത്തിൽ കഴിഞ്ഞ ജനങ്ങളെ സാമൂഹ്യ പരിവർത്തനത്തിൽ പങ്കാളികളാക്കാനും സാമ്രാജ്യത്വ വാഴ്ചക്കെതിരെ പ്രതികരിക്കാനുള്ള ശക്തികളാക്കാനുമുള്ള

സുസംഘടിത പ്രവർത്തനങ്ങൾ നടന്നു.

1946 ൽ രണ്ടാം ലോകമഹായുദ്ധത്തെ തുടർന്നുണ്ടായ ഭക്ഷ്യക്ഷാമ കാലഘട്ടത്തിൽ ജന്മിമാർ പൂഴ്ത്തി വെച്ച നെല്ല് പിടിച്ചെടുക്കുക എന്ന പ്രക്ഷോഭത്തിൽ മലപ്പട്ടവും പ്രധാന പങ്ക് വഹിച്ചു. ജന്മിയുടെ നെല്ല് പിടിച്ചെടുത്ത കേസ്സിൽ 18 പേരെ ശിക്ഷിക്കുകയും നിരവധിപേർക്ക് പീഡനമേൽക്കേണ്ടിയും വന്നു. ചൂളിയാട്ടും മലപ്പട്ടത്തും ജന്മിയുടെ പ്രധാനിയെ അടിച്ച കേസ്സിൽ പലരെയും പീഡിപ്പിക്കുകയും ശിക്ഷിക്കുകയും ചെയ്തു. സാമ്രാജ്യത്വ- ജന്മി നാടുവാഴി വിരുദ്ധ സമരങ്ങളുമായി ബന്ധപ്പെട്ട് ഏ. കെ. ജി, കൃഷ്ണപ്പിള്ള, കെ. പി. ആർ കാന്തലോട്ട് കുഞ്ഞമ്പു, സർദാർ ചന്ദ്രോത്ത് സുബ്രഹ്മണ്യ ഷേണായി, ഇ. കെ. നായനാർ, സി. കണ്ണൻ, ടി. സി, പി. സി. ജോഷി, ഇ. എം. എസ് തുടങ്ങിയ പ്രമുഖ നേതാക്കൾ മലപ്പട്ടത്ത് നേതൃത്വം നൽകാൻ എത്തിയിരുന്നു.

സാമ്രാജ്യത്വ-ജന്മി നാടുവാഴിത്തത്തിനെതിരെ നടന്ന സംഘടിത പോരാട്ടവും ഭരണവർഗ്ഗം അഴിച്ചുവിട്ട മർദ്ദനവും, ജയിൽ ശിക്ഷയുമെല്ലാം അതിജീവിച്ച ത്യാഗി വര്യന്മാരുടെ വലിയൊരു നിര തന്നെ മലപ്പട്ടത്തുണ്ട്. ഇവിടുത്തെ സാമൂഹ്യ രാഷ്ട്രീയ ചരിത്രത്തിൽ തിളങ്ങുന്ന അധ്യായമാണ് ഈ സമര ചരിത്രം.

രാഷ്ട്രീയ പാർട്ടികൾ എന്ന നിലയിൽ കമ്മ്യൂണിസ്റ്റ് പാർട്ടി (കൾ) വിവിധ പേരിൽ പ്രവർത്തിച്ച സോഷ്യലിസ്റ്റ് പാർട്ടികൾ, കോൺഗ്രസ്സ് പ്രസ്ഥാനം എന്നിവ മലപ്പട്ടത്തിന്റെ സാമൂഹ്യ രാഷ്ട്രീയ പരിവർത്തനത്തിൽ വലുതും ചെറുതുമായ പങ്കു വഹിച്ചു

## വിദ്യാഭ്യാസ-സാംസ്ക്കാരിക രംഗം

നമ്പൂതിരി ഇല്ലങ്ങളിലെ ഗുരുകുല വിദ്യാഭ്യാസമാണ് ഇവിടുത്തെ വിദ്യാഭ്യാസത്തിന്റെ അടിവേര്. കീഴ്ജാതിക്കാർക്ക് വിദ്യാഭ്യാസം നിഷിദ്ധമായിരുന്നു.

നൂറുവർഷങ്ങൾക്കുമുമ്പ് രാമർഗുരു സ്ഥാപിച്ച സ്ക്കൂളാണ് (ഇന്നത്തെ ആർ. ജി. എം സ്ക്കൂൾ) ആദ്യത്തെ സ്ഥാപനം. ബ്രിട്ടീഷ് ഗവ: മലബാറിൽ അംഗീകരിച്ച 24 സ്ക്കൂളുകളിൽ ഒന്നായിരുന്നു ഇത്. വിദ്യാഭ്യാസം ഒരവശ്യഘടകമായി അന്ന് ആളുകൾ കരുതിയിരുന്നില്ല. നാരായവും മണലും എഴുത്തോലയുമായിരുന്നു അന്ന് ഉപയോഗത്തിലിരുന്നത്. പ്രാഥമിക വിദ്യാഭ്യാസത്തോടെ പഠനം നിർത്തിയിരുന്നവരായിരുന്നു ഭൂരിഭാഗവും. അപൂർവ്വം ചിലർ പറശ്ശിനിക്കടവ് , മയ്യിൽ , കൂടാളി എന്നിവിടങ്ങളിൽ തുടർന്ന് പഠിച്ചു.

വിദ്യാഭ്യാസ രംഗത്തെ വർണ്ണമേധാവിത്വത്തിനെതിരെ കർഷക പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടന്ന സമാന്തര എഴുത്തുശാല പ്രസ്ഥാനം വലിയ ചലനമുണ്ടാക്കി. ഇത്തരം ശാലകൾ നാടുവാഴികൾ കത്തിച്ച സംഭവമുണ്ടായി.

1940 ൽ കാപ്പാട്ട്കുന്നിലും തുടർന്ന് ചൂളിയാട് ചേടിച്ചേരി എന്നിവിടങ്ങളിലും ഔദ്യോഗിക പാഠശാലകൾ വന്നു. 1958 ലാണ് കൊളന്ത സ്ക്കൂൾ രൂപം കൊണ്ടത്. 1981 ൽ മലപ്പട്ടം ഹൈസ്ക്കൂൾ നിലവിൽ വരുന്നതുവരെ മയ്യിൽ, ശ്രീകണ്ഠപുരം ഇരിക്കൂർ ഹൈസ്ക്കൂളുകളിലാണ് കുട്ടികൾ പഠിച്ചത്.

സാംസ്ക്കാരിക കേന്ദ്രമെന്ന നിലയിൽ ഒരു വായനശാല ആദ്യമായി സ്ഥാപിച്ചത് 1936 ൽ കർഷകസംഘത്തിന്റെ നേതൃത്വത്തിൽ പൂക്കണ്ടത്തിലാണ്. അക്ഷരജ്ഞാനവും സാമൂഹ്യ രാഷ്ട്രീയ പഠനവുമായിരുന്നു ലക്ഷ്യം. നിശാപാഠശാലകളായി ഇത് പ്രവർത്തിച്ചു വന്നു. കല്ല്യാടൻ കുഞ്ഞികൃഷ്ണൻ നമ്പ്യാരായിരുന്നു അധ്യാപകൻ. ജന്മി നാടുവാഴിത്തത്തിലെ ഉച്ചനീചത്വങ്ങൾ ജനങ്ങളിൽ വ്യാപകമായി ഉണ്ടായിരുന്നു. സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തനങ്ങൾ ഇത് കഴുകിക്കളയാൻ പ്രേരകമായി. 1957 ൽ അടിച്ചേരി കൃഷ്ണ പിള്ള വായനശാലയും പിന്നീട് പൂക്കണ്ടം സി. ആർ. സി. വായനശാലയും സ്ഥാപിച്ചു. (സാംസ്ക്കാരിക ചരിത്രം കാണുക)

## കലാരംഗം

കലാരംഗത്ത് മലപ്പട്ടത്തിന് ഒട്ടേറെ ചരിത്ര പാരമ്പര്യമുണ്ട്. ക്ഷേത്രകലകളിൽ നിന്നും വ്യത്യസ്തമായ ഒരു കലാസംവിധാനം രൂപം കൊണ്ടത് 1930 കളിലാണ്. എ. ചന്തുകുട്ടി

നമ്പ്യാരുടെ നേതൃത്വത്തിൽ ഉണ്ടായ നാടകസംഘം ഇതിൽ പ്രധാനമാണ്. കർഷക പ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ രൂപം കൊടുത്ത, പുളുക്കൽ കൃഷ്ണൻ, നാരായണൻ, കേരളവർമ്മനാചാരി, പി.വി ശങ്കരൻ, പി. വി. നാരായണൻ നായർ എന്നിവരുടെ നേതൃത്വത്തിലുള്ള കോൽക്കളി സംഘം (ബോംബേയിൽ പരിപാടി അവതരിപ്പിച്ചിരുന്നു.) പി. കെ. നാരായണൻ നമ്പ്യാർ. പി. പി. മാണി എന്നിവരുടെ നേതൃത്വത്തിലുള്ള ഗായക സംഘം എന്നിവ സാമൂഹ്യ പരിവർത്തനത്തിന് ഉതകിയ മാധ്യമങ്ങളായിരുന്നു.

# ഭൂപ്രകൃതി

പഞ്ചായ ത്തിന്റെ മൂന്നു ഭാഗവും പുഴകളാണ്. മലനാട് ഇവിടെ നിന്നും ആരംഭിക്കുന്നു. വടക്കൻ മദ്ധ്യമേഖല (Northern middle land zone) വിഭാഗത്തിൽ പെട്ടതാണ് പഞ്ചായത്ത്. ഉയർന്ന പ്രദേശങ്ങളിൽ വെട്ടുകൽ മണ്ണും, നദീതീരങ്ങളിൽ എക്കൽ കലർന്ന വെട്ടുകൽ മണ്ണും നെൽവയലുകളിൽ പശിമരാശി മണ്ണും കാണപ്പെടുന്നു. കാടിന്റെ നാശവും മണ്ണൊലിപ്പും വഴി ഭൂമിയുടെ ഫലപുഷ്ടി കുറഞ്ഞിട്ടുണ്ട്.

ഉയർന്ന പ്രദേശങ്ങളിൽ 15 മുതൽ 20 മീറ്റർ വരെ ആഴത്തിൽ ജലം ലഭിക്കുമ്പോൾ താഴ്‌വരകളിൽ 5 മുതൽ 10 മീറ്റർ വരെ ആഴത്തിൽ വെള്ളം ലഭിക്കുന്നു. പുഴയിൽ മാർച്ച്-ഏപ്രിൽ-മെയ് മാസങ്ങളിൽ ഉപ്പുവെള്ളം കയറാറുണ്ട്. മഴക്കാലത്ത് താഴ്ന്ന പ്രദേശങ്ങളിൽ വെള്ളപ്പൊക്കം ഉണ്ടാകുമ്പോൾ വേനലിൽ ഉയർന്ന പ്രദേശങ്ങളിൽ വരൾച്ച അനുഭവപ്പെടുന്നു.

1960 വരെ നിലവിലുണ്ടായിരുന്ന വൈവിധ്യമാർന്ന സസ്യസമ്പത്തും വന്യമൃഗ സമ്പത്തും ഇന്ന് പൂർണ്ണമായും ഇല്ലാതായിട്ടുണ്ട്. അതിനാൽ പരിസ്ഥിതി പ്രശ്നം നേരിയ തോതിൽ സംജാതമായിട്ടുണ്ട്.

ഭൂവിസ്തൃതിയും ജനസംഖ്യയും കുറഞ്ഞ പഞ്ചായത്തുകളിലൊന്നാണ് ഇത്. നിലവിലുള്ള മനുഷ്യ വിഭവശേഷി കാർഷിക മേഖലയിൽ സാധ്യതക്കനുസരിച്ച് ഉപയോഗപ്പെടുത്തുന്നില്ല. തൃദീയ മേഖലയിലാണ് പൊതുവായി മനുഷ്യവിഭവശേഷി ഉപയോഗപ്പെടുത്തുന്നത്.

# 1. കാർഷികരംഗം

## കാർഷിക ചരിത്രം

അരനൂറ്റാണ്ടുകൾക്ക് മുമ്പുവരെ കാടുകൾ നിറഞ്ഞ ഈ പ്രദേശത്തിന് വലിയ കാർഷി പ്രാധാന്യം കൽപ്പിച്ചിരുന്നില്ല. പുനം കൃഷിക്കായിരുന്നു പ്രാധാന്യം. ഒരു കൊല്ലത്തെ ജീവിതത്തിനാവശ്യമായ നെല്ല്, ചായ, മുത്താറി തുവര, തിന, വിവിധ പച്ചക്കറികൾ എന്നിവ ഇവിടെ ഉൽപാദിപ്പിച്ചു. പട്ടിണിയും ജന്മിനാടു വാഴിത്ത ഭൂഉടമ സമ്പ്രദായവും ചൂഷണവും കൃഷിക്കാരെ കാർഷിക വൃത്തിയിൽ വിമുഖ രാക്കിയ ഘടകമാണ്.

1940 കളിൽ ഉണ്ടായ തിരുവിതാം കൂർകാരുടെ കുടിയേറ്റമാണ് നാണ്യവിളകളുടെ പ്രാധാന്യം വർദ്ധിപ്പിച്ചത്. 1957 ലെ കാർഷിക ബന്ധനിയമവും ഭൂപരിഷ്ക്കരണവും കാർഷിക മേഖലയുടെ വികാസത്തിൽ മുഖ്യ പങ്ക് വഹിച്ചു.

## ഇന്നത്തെ കാർഷിക അവസ്ഥ

1930 ഹെക്ടർ കൃഷിയിടമാണുള്ളത്. 1746 ഹെക്ടർ പുരയിടവും 160 ഹെക്ടർ നെൽകൃഷിയും 25 ഹെക്ടർ പുറപോക്കും ഒരു ഹെക്ടറിൽ താഴെ കൈവശക്കാരാണ് കൂടുതൽ. കൈവശ ഭൂമി സംബന്ധിച്ച പട്ടിക 1(a) ൽ കൊടുത്തിരിക്കുന്നു.

തുണ്ടവൽക്കരണമുണ്ടായിട്ടും സ്വന്തം ഭൂമിയിൽ പണിയെടുത്ത് ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിൽ ഇനിയും പുരോഗതി യില്ല. പുഴയോര മേഖലയിലെ നല്ലൊരു ഭാഗം. കൃഷിയിടവും അന്യ ദേശത്തുകാരുടെതായതും ഉൽപ്പാദന ക്ഷമതയ്ക്ക് തടസ്സ മാക്കിയിട്ടുണ്ട്.

പട്ടിക 1(b) യിൽ നിന്നും ഏറ്റവും കൂടുതൽ വരുമാനം റബ്ബറിൽ നിന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ, കവുങ്ങ്, കശുമാവ് എന്നിവകൾക്കുമാണ്. 10 വർഷം കഴിയുമ്പോ ഴേക്കും പഞ്ചായത്തിലെ കാർഷിക വരുമാന ത്തിൻെറ 80% വും റബ്ബറിലധിഷ്ഠിത മാകുമെന്നാണ് ഇന്നത്തെ വളർച്ചാ നിരക്ക് കാണിക്കുന്നത്.

## കാർഷിക വിളകൾ- അവലോകനം

**നെല്ല്** : 1950 കളിൽ വയൽ കൃഷിയും, കരകൃഷിയും കൂടി 560 ഹെക്ടറിൽ ഉണ്ടായിരുന്നത് 1996 ആകുമ്പോഴേക്കും കര കൃഷി ഇല്ലാതാവുകയും വയൽ കൃഷി 160

ഹെക്ടർ ആയി ചുരുങ്ങുകയും ചെയ്തു. ഈ സ്ഥാനം ക്രമേണ നാണ്യവിളകൾ കൈയ്യടക്കി. ഉൽപ്പാദന ക്ഷമത 1970 വരെ 1400 കി/ഹെക്ടർ എന്നത് കടുംകൃഷിക്കാലമായ 1970-80 കളിൽ 2300 കി/ഹെക്ടർ ആയി ഉയർന്നുവെങ്കിലും വീണ്ടും കുറവ് വന്നു. മണ്ണിന്റെ ഫലഭൂയിഷ്ഠി കുറവാണ് കാരണം. ആവശ്യത്തിന്റെ 70% വും ഇറക്കുമതി ചെയ്യുന്നു. ഒന്നാം വിളക്കുണ്ടാകുന്ന വെള്ളപൊക്കം നെല്ലുൽപ്പാദനത്തിന് തടസ്സ മാകുന്നുണ്ട്.

**തെങ്ങ് :**

385 ഹെക്ടറിൽ തെങ്ങു കൃഷിയുണ്ട്. മുൻകാലത്തെ അപേക്ഷിച്ച് ഉൽപ്പാദന ക്ഷമത കുറവാണ്. അശാസ്ത്രീയ കൃഷി രീതിയാണ്. കാരണം. അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങൾ വ്യാപകമല്ല. ജലസേചന കാര്യത്തിൽ സാധ്യ തകൾ ഉപയോഗപ്പെടുത്തുന്നില്ല. രോഗകീട ബാധ വ്യാപകമാണ്. പഞ്ചായ ത്തിലെ തെങ്ങു കൃഷിയുടെ വിവരം പട്ടിക 2 ൽ കൊടു ത്തിരിക്കുന്നു.

**കശുമാവ്.:**

1960 കളോടുകൂടിയാണ് ഈ കൃഷിക്ക് ഇവിടെ വാണിജ്യ പ്രധാന്യം ഉണ്ടായത്. മാർക്കറ്റിങ്ങും തരിശിടങ്ങളുടെ ലഭ്യതയും ഇതിന് കാരണമായി. 1975 മുതൽ കൃഷി വകുപ്പ് നടപ്പിലാക്കിയ ഊർജ്ജിത കശുമാവ് കൃഷി വികസന പദ്ധതി ഈ കൃഷിയുടെ വ്യാപനത്തിന് കാരണമാക്കി. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഇടങ്ങളിൽ കൃഷി ചെയ്യുന്നതും , കാർഷിക വരുമാനത്തിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്നതുമാണ് കശുമാവ് കൃഷി . മാമൂൽ കൃഷി മുറ ഉൽപ്പാദന വർദ്ധനവിന് തടസ്സമായിട്ടുണ്ട്.

**കുരുമുളക്.:**

1950 മുതൽ തുടർച്ചയായി വമ്പിച്ച വികസനം കൈവരിച്ച കുരുമുളക് കൃഷി ഇന്ന് തകർച്ചയുടെ വക്കിലാണ്. ദ്രുതവാട്ട രോഗമാണ് പ്രധാന കാരണം. ഉൽപ്പാദന ക്ഷമതയിലും ഉൽപ്പാദനത്തിലും ഇന്ന് വളരെ പിറകിലാണ്. കൂടുതൽ ഇടങ്ങളിൽ പ്രത്യേകിച്ചും ഇടവിള മിശ്രവിള കൃഷിക്ക് സാധ്യതകളുണ്ട്.

**കവുങ്ങ് :**

ഒരു കാലഘട്ടത്തിൽ ഈ പ്രദേശത്തെ മുഖ്യ നാണ്യ വിളയായിരുന്നു കവുങ്ങ്. ഫലപുഷ്ടിയുള്ള പുഴയോര പ്രദേശം ഇതിന്റെ വിളനില മായിരുന്നു. കൃഷി വിസ്തൃതി അന്നത്തേതിന്റെ 30% മായി ചുരുങ്ങിയിട്ടുണ്ട്. ഇതിൽ 75% മഞ്ഞളിപ്പ് രോഗത്തിന്റെ പിടിയിലാണ്. രണ്ട് പതിറ്റാണ്ട് മുമ്പുവരെ മലപ്പട്ടത്തിന്റെ വ്യാപാര - സാമ്പത്തിക മേഖല നിയന്ത്രിച്ചതിൽ പ്രധാന പങ്ക് അടക്ക വ്യാപാരം വഴിയായിരുന്നു.

**വാഴ :**

വളരെയേറെ വികസനം പ്രാപിച്ച ഒരു വിളയായിരുന്നു വാഴ. തരിശിടങ്ങളിൽ നാണ്യവിളകൾ കൃഷി ചെയ്യുമ്പോൾ ആദ്യ വർഷങ്ങളിൽ നാടൻവാഴ മുഖ്യ ഇടവിളയായി കൃഷി ചെയ്ത് ഉൽപ്പന്നങ്ങൾ ബോട്ട് സർവ്വീസ് വഴി വളപട്ടണം മാർക്കറ്റിൽ എത്തിക്കുന്ന ഒരു വ്യാപാര ശൃംഖല ഇവിടെ ഉണ്ടായിരുന്നു. ഇന്ന് വിവിധ കാരണങ്ങളാൽ നാടൻ വാഴകൃഷി പരിമിതമായിക്കൊണ്ടി രിക്കുകയാണ്. എന്നാൽ നേന്ത്ര വാഴ കൃഷി കൂടുതലായി വ്യാപിച്ചിട്ടുണ്ട്

**പച്ചക്കറികൾ :**

മുൻകാലങ്ങളിൽ പച്ചക്കറിയിൽ സ്വയം പര്യാപ്തത നേടിയിരുന്നു. എന്നാൽ ആവശ്യത്തിന്റെ 20 % മാത്രമേ ഇന്ന് ഉൽപ്പാദി പ്പിക്കുന്നുള്ളൂ. വയലുകളിൽ ഗ്രൂപ്പായി സമയ നിഷ്ഠ പാലിച്ചുകൊണ്ടുള്ള കൃഷി രീതി ഇന്ന് ഇല്ലാതായിരിക്കുന്നു.

തരിശിടങ്ങളിലെ മുളക് കൃഷി ഒരു കാലത്തെ പ്രധാന വരുമാന മാർഗ്ഗമായിരുന്നു.

**പയറു വർഗ്ഗങ്ങൾ :**

കര പറമ്പുകളിലും, നെൽപ്പാടങ്ങളിലും മുൻകാലങ്ങളിൽ വ്യാപകമായി കൃഷി ചെയ്തിരുന്ന ഈ കൃഷിയുടെ വിസ്തൃതി ഇന്ന് ചുരുങ്ങി വരികയാണ്. മുതിര, തുവര എന്നിവ തീരേ കൃഷി ചെയ്യുന്നില്ല. നല്ല മാംസ്യാഹാരമെന്ന നിലയിലും മണ്ണിന്റെ ഫലപുഷ്ടി വർദ്ധിപ്പിക്കുന്ന വിളയെന്ന നിലയിലും ഇതിന് ഏറെ പ്രാധാന്യമുണ്ട്.

**കിഴങ്ങുവർഗ്ഗ വിളകൾ :**

പ്രധാനപ്പെട്ട മരച്ചീനി കൃഷി 1960-75

വർഷങ്ങളിൽ വളരെ വ്യാപകവും സാമ്പത്തിക സ്ഥിതിയെ നിയന്ത്രിച്ചതുമായിരുന്നു. എന്നാൽ ഇന്ന് 50 ഹെക്ടറിൽ ഒതുങ്ങി നിൽക്കുന്നു. പാവങ്ങളുടെ ഭക്ഷ്യ വിള എന്ന നിലക്ക് ഇതിന് കൂടുതൽ പരിഗണന നൽകണം. മറ്റ് കിഴങ്ങുവർഗ്ഗ വിളകൾ ചേമ്പ്, ചേന തുടങ്ങിയവ സാധ്യതകൾക്കനുസരിച്ച് വികസിക്കുന്നില്ല.

**റബ്ബർ :**

1960 ഓടുകൂടി കടന്നുവന്ന റബ്ബർ കൃഷി പഞ്ചായത്തിൽ ശീഘ്ര ഗതിയിൽ വ്യാപിച്ചുക്കൊണ്ടിരിക്കുന്നു. ഇന്ന് കാർഷിക വരുമാനത്തിൽ ഏറ്റവും കൂടിയ പങ്ക് വഹിക്കുന്നു. കുരുമുളക്, കശുമാവ് എന്നിവയ്ക്ക് ഭീഷണി ഉയർത്തത്തക്ക വിധത്തിലാണ് ഇതിൻെറ വ്യാപനം. ഭക്ഷ്യ വിളകളെ അവഗണിച്ചു കൊണ്ടുള്ള റബ്ബർ കൃഷിയുടെ വ്യാപനം പരിശോധനാ വിധേയമാക്കേണ്ടതാണ്.

**കൂൺകൃഷി :**

തികച്ചും അപരിചിതമാണിതെങ്കിലും വികസന സാധ്യത ഏറെയുണ്ട്. വീട്ടമ്മ മാരുടെ വരുമാന മാർഗ്ഗമായി ഈ കൃഷി മാറ്റാം. സ്വാഭാവിക കൂൺ മണ്ണിൻെറ ഘടനാപരമായ മാറ്റം വഴി അപൂർവ്വമായി മാറുകയാണ്.

**പുഷ്പകൃഷി :**

നല്ല തൊഴിൽ സാധ്യതയുള്ളതും വരുമാനം ഉണ്ടാക്കാവുന്നതുമായ പുഷ്പ കൃഷി വ്യാപാരാടിസ്ഥാനത്തിൽ ആരും ചെയ്യുന്നില്ല. ഔഷധ സസ്യകൃഷിക്ക് വമ്പിച്ച സാധ്യത പഞ്ചായത്തിലുണ്ട്.

**മറ്റ് പഴവർഗ്ഗങ്ങൾ :**

പോഷക സമൃദ്ധമായ മറ്റ് പഴവർഗ്ഗ വിളകൾക്ക് കൂടിയ സാധ്യതയുണ്ട്. മുൻകാലങ്ങളിലെ സമൃദ്ധമായ നാടൻ മാമ്പഴവും കച്ച് പോലുള്ള മാമ്പഴ ഉൽപ്പന്നങ്ങളും പുതിയ തലമുറക്കന്യമാണ്. ആദായകരവും പോഷക സമൃദ്ധമായതുമായ കൃഷി എന്ന നിലയിൽ മാവ്, കൈതച്ചക്ക, സപ്പോട്ട, പേര, പ്ലാവ് എന്നിവയ്ക്ക് ഏറെ പ്രാധാന്യം ഉണ്ട്. ചക്കയുടെ ഉപയോഗത്തിൽ പുതിയ തലമുറ വേണ്ടത്ര തല്പരരാകാത്തത് ഉപഭോഗ സംസ്ക്കാരത്തിൻെറ ഭാഗമാണ്.

**കൂലിവ്യവസ്ഥ :**

കൂലിയായി സാധനങ്ങൾ (പ്രത്യേകിച്ചും നെല്ല്) വാങ്ങിവന്ന സമ്പ്രദായത്തിന് മാറ്റം വന്നത് 1950 കളോടെയാണ്. (ചില പ്രവർത്തികൾക്ക് സമീപ കാലത്താണ് ഈ മാറ്റം ഉണ്ടായത്) ഉൽപ്പാദന ചെലവുമായി താരതമ്യപ്പെടുത്തി കൂലിയല്ല ഇന്നുള്ളത്. അതുകൊണ്ടു തന്നെ നല്ലൊരു തുക കൂലിക്കു വേണ്ടി നീക്കി വെക്കപ്പെടുന്നു. പട്ടിക 3 കാണുക.

**കാർഷിക ഉപകരണങ്ങൾ**

പവർടില്ലർ അടുത്തകാലത്താണ് കടന്നു വന്നത്. മറ്റ് ആധുനിക യന്ത്രോപകര ണങ്ങൾ വിരളമാണ്. നാടൻ രീതികൾ അനുവർത്തിക്കുന്നു. യന്ത്രോപകരണ സാധ്യത വർദ്ധിപ്പിക്കണം. ഇപ്പോൾ നിലവിലുള്ളവയെ കുറിച്ച് പട്ടിക 4 ൽ കൊടുത്തിരിക്കുന്നു.

**കർഷക സംരഭങ്ങൾ**

**(1) പാടശേഖര സമിതികൾ**

മലപ്പട്ടത്ത് 7 പാടശേഖരങ്ങളാണ് നിലവിലുള്ളത്. ഇവയിൽ ഭൂരിഭാഗവും നല്ലരീതിയിൽ പ്രവർത്തിച്ചു വരുന്നു. കൃഷി വകുപ്പിൽ നിന്ന് ലഭിക്കുന്ന സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങളും നിർദ്ദേശങ്ങളും അതാതു സമയത്ത് കൃഷിക്കാരിൽ എത്തിക്കുന്ന ഏജൻസിയായി ഈ സമിതികൾ പ്രവർത്തിക്കുന്നു.

**(2) കേര വികസന സമിതി**

1994 ൽ പ്രവർത്തനമാരംഭിച്ച സമിതിയിൽ 350 മെമ്പർമാരുണ്ട്. സമഗ്ര നാളികേര വികസന പദ്ധതിയുടെ നടത്തിപ്പും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കൽ തെങ്ങിൻ കൃഷി സംരക്ഷണ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ സമിതിയുടെ നേതൃത്വത്തിൽ നടക്കുന്നു.

**(3) കുരുമുളക് വികസന സമിതി**

കുരുമുളക് കൃഷിയുടെ വികസനവും സംരക്ഷണവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സമിതിയുടെ പ്രവർത്തനം സജീവമായി നടക്കുന്നു. കൃഷി വകുപ്പിൻെറ പദ്ധതികൾ

**പട്ടിക 1 (a)**

| 1 ഹെക്ടറിൽ താഴെ കൈവശക്കാർ (നാമമാത്ര കർഷകർ) | 1 മുതൽ 2 ഹെക്ടർ (ചെറുകിട കർഷകർ) | 2 ഹെക്ടറിന്ന് മുകളിൽ (വൻകിട കർഷകർ) |
|---|---|---|
| 2365 | 515 | 85 |

**(അവലംബം : കൃഷി ഭവൻ രേഖകൾ )**

**പട്ടിക 1 (b)**

| ക്രമ നമ്പർ | വിളകൾ | വിസ്തീർണ്ണം ഹെക്ടറിൽ | മൊത്തം ഉൽപാദനം ടണ്ണിൽ | ഉൽപാദന ക്ഷമത ഹെക്ടറിൽ | കാർഷിക വരുമാനം കൊല്ലത്തിൽ രൂപയിൽ |
|---|---|---|---|---|---|
| 1 | നെല്ല് ഒന്നാം വിള | 160 | 336 ടൺ | 2100 കി/ഹെ | 20. 16 ലക്ഷം |
| 2 | നെല്ല് രണ്ടാം വിള | 135 | 297 " | 2200 കി/ഹെ | 17. 82 " |
| 3 | നെല്ല് മൂന്നാം വിള | 5 | 11. 5 | 2300 " | 0. 69 " |
| 4 | പയർ | 40 | 8 | 200 " | 1. 20 " |
| 5 | പച്ചക്കറികൾ | 100 | 200 | 2000 | 10. 00 " |
| 6 | തെങ്ങ്, കായ്ക്കുന്നവ | 285 | 1425000 തേങ്ങ | 25 തേങ്ങ | 57. 00 " |
| 7 | തെങ്ങ് കായ്ക്കാത്തവ | 100 | - | - | - |
| 8 | വാഴ നേന്ത്രൻ | 60 | 720 | 12000 | 50.40 " |
| 9 | വാഴ നാടൻ | 80 | 1600 | 20,000 | 64.00 " |
| 10 | മരച്ചീനി | 50 | 400 | 8000 | 1. 20 " |
| 11 | കുരുമുളക് | 150 | 45 | 300 | 27. 00 " |
| 12 | കശുമാവ് | 550 | 275 | 500 | 68. 75 " |
| 13 | മാവിനങ്ങൾ | 50 | 80 | 1600 | 1. 60 " |
| 14 | റബ്ബർ ഉൽപാദനം തരുന്നവ | 200 | 500 | 2500 | 225. 00 " |
| 15 | റബ്ബർ ഉൽപാദനം തരാത്തവ | 250 | - | - | |
| 16 | കവുങ്ങ് | 160 | 184. 8 | 1. 05 | 92. 40 |
| | **ആകെ** | | | | **648. 02 ലക്ഷം** **(ആറ് കോടി നാൽപത്തി എട്ട് ലക്ഷത്തി രണ്ടായിരം രൂപ)** |

**(അവലംബം : കൃഷി ഭവൻ രേഖകൾ )**

### പട്ടിക 2 തെങ്ങ് കൃഷി

| വിസ്തീർണ്ണം | തെങ്ങിൻെറ എണ്ണം | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|
| | കായ്ക്കാത്തവ | കായ്ക്കുന്നവ | ആകെ | കാറ്റുവീഴ്ച | ഇല അഴുകൽ | കൂമ്പുചീയൽ | ചെന്നിതെലിപ്പ് | മറ്റുള്ളവ | ആകെ |
| 385 ഹെ | 100 | 285 ഹെ | 385 ഹെ | 800 എണ്ണം | 2000 എണ്ണം | 2500 എണ്ണം | 500 എണ്ണം | 2300 | 8100 |

(അവലംബം : കൃഷി ഭവൻ രേഖകൾ )

## പട്ടിക 3 കൂലിനിരക്ക്

| തൊഴിൽ വിഭാഗം | 1950 | 1960 രൂപ | 1970 രൂപ | 1980 രൂപ | 1990 രൂപ | 1995 രൂപ |
|---|---|---|---|---|---|---|
| കാള ഉഴവ് | 5 സേർ നെല്ല് | 2.5 | 15.20 | 25- 30 | 75- 80 | 125 |
| കിളക്കൽ ഉച്ചപ്പണി | 3 കൊങ്ങാഴി നെല്ല് | 1.5 | 4.5 | 12-15 | 25- 30 | 50 |
| നാട്ടിപ്പണി സ്ത്രീ (നെല്ല് കൂലി) | 1 സേർ നെല്ല് | 1 സേർ നെല്ല് | 2 സേർ നെല്ല് | 10-15 | 20-25 | 35 |
| കൊയ്ത്ത് (പ്രാദേശിക വ്യത്യാസമുണ്ട്) | 10 ൽ ഒന്നു പതം | | | | | |
| തേങ്ങ ഇടൽ | | ഉൽപ്പന്ന കൂലി | - | - | 75 | 125 |
| റബ്ബർ ടാപ്പിങ്ങ് (100 മരത്തിന്) | | | | 8 | 12 | 20 |

## പട്ടിക 4 നിലവിലുള്ളവ കാർഷിക ഉപകരണങ്ങൾ

| പഞ്ചായത്ത് | ഉഴവ് ഉപകരണങ്ങൾ | | | മരുന്ന് തളി ഉപകരണങ്ങൾ | | | മെതി യന്ത്രം | തെങ്ങു കയറ്റ യന്ത്രം | പോർട്ടബിൾ പമ്പ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ടില്ലർ | നാടൻ കലപ്പ | റോക്കർ സ്പ്രേയർ | നാഫ് സാക്ക് സ്പ്രേയർ | മറ്റുള്ളവ | | | |
| മലപ്പട്ടം | ഇല്ല | 5 | 60 | 60 | 45 | 2 | ഇല്ല | 7 | 150 |

പട്ടിക 4(a) C.S.S SF/MF പരിപാടി അനുസരിച്ചുണ്ടായ ആസ്തികളുടെ വിവരം

| പരിപാടി നടപ്പിലാക്കിയ കാലയളവിൽ നിർമ്മാണം പൂർത്തിയാക്കിയ ആസ്തികൾ | വാർഡ് - ആസ്തികളുടെ എണ്ണം അളവ് | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | I | II | III | IV | V | VI | VII | VIII | IX | X | ആകെ |
| കിണറുകൾ | 5 | 7 | 9 | 11 | 7 | 11 | 10 | 5 | - | - | 65 |
| കുളങ്ങൾ | - | - | - | - | - | - | - | - | - | - | - |
| വാട്ടർ ടാങ്കുകൾ | - | - | - | - | - | 1 | - | - | - | - | 1 |
| പമ്പ് ഹൗസുകൾ | - | - | - | 1 | - | - | - | - | - | - | 1 |
| പമ്പ് സെറ്റുകൾ | 6 | 5 | 4 | 10 | 7 | 3 | 7 | 4 | - | - | 46 |
| ജലസേചനം നടത്തിയ കൃഷി ഭൂമിയുടെ അളവ് | 25 ഏക്കർ | 30 ഏക്കർ | 35 ഏക്കർ | 50 ഏക്കർ | 55 ഏക്കർ | 35 ഏക്കർ | 40 ഏക്കർ | 30 ഏക്കർ | - | - | 30 0 ഏക്കർ |

(അവലംബം : ദ്വിതീയ വിവര ശേഖരണം)

നടപ്പിലാക്കാനും കർഷകരെ സഹായിക്കാനും ഈ സമിതി പ്രവർത്തിച്ചു വരുന്നു.

## ഗ്രാമസഭയിൽ നിന്ന് ഉയർന്നു വന്ന പ്രശ്നങ്ങൾ.

1. കൂടുതൽ പദ്ധതികൾ നടപ്പാക്കുമ്പോൾ ഫീൽഡുതല പ്രശ്നങ്ങൾ എളുപ്പമാക്കാൻ വാർഡുകൾ തോറും കൃഷി ഫീൽഡ് സ്റ്റാഫിനെ നിയമിക്കുക.
2. ഓരോ കൃഷിയും സമയ ബന്ധിത പരിശീലനം കർഷകർക്കു നൽകുക.
3. മൊബൈൽ മണ്ണ് പരിശോധനാ സംവിധാനം വിപുലമാക്കുക.
4. കർഷകസമിതികൾ സജീവമാക്കുക.
5. ശാസ്ത്ര സാങ്കേതിക വിദ്യകൾ കൃഷിക്കാരിൽ എത്തിക്കാനുള്ള സംവിധാനം ഫലപ്രദമാക്കുക.
6. കർഷകർക്ക് ആകർഷകമായ പെൻഷൻ പദ്ധതി ഏർപ്പെടുത്തുക.
7. പുറംപോക്കുകൾ കാർഷികാവശ്യത്തിന് ഉപയോഗപ്പെടുത്തുക.
8. എല്ലാ വെള്ളരിക്കുണ്ടുകളും (ജലസേചനത്തിന്) പുനരുദ്ധരിക്കാനും പുതിയവ നിർമ്മിക്കാനും പരിപാടി.

## വളങ്ങളുടെ ഉപയോഗം

ജൈവ വളങ്ങളുടെയും രാസ വളങ്ങളുടെയും ഉപയോഗം കുറവാണ്. ശാസ്ത്രീയമായ ചിട്ട പാലിക്കാറില്ല. ശുപാർ ശിത അളവിന്റെ 30 % താഴെയാണ് ഉപയോഗം. രാസ കീടനാശിനികളുടെ ഉപയോഗം വർദ്ധിച്ചു വരുന്നു.

## കാർഷിക മേഖലയിലെ പൊതു പ്രശ്നങ്ങൾ

1. ജൈവവളക്കുറവ്, മണ്ണിന്റെ ഫലപുഷ്ടിക്കുറവ് ഉൽപ്പാദനക്ഷമത ക്കുറവ്.
2. ഉൽപ്പാദന ശേഷി കൂടിയ ഇനങ്ങളുടെ അഭാവം, കീട-രോഗ ബാധ
3. ഉൽപ്പാദന ചെലവിന്റെ വർദ്ധനവ്
4. തൊഴിലാളികളുടെ ക്ഷാമം. പ്രത്യേകിച്ച് സാങ്കേതിക തൊഴിലാളികളുടേത്.
5. ആധുനിക യന്ത്രോപകരണങ്ങളുടെ പരിമിതി.
6. വിപണന സംസ്ക്കരണ മേഖലയിലെ പോരായ്മ.
7. ശാസ്ത്രീയ കൃഷി രീതിയെക്കുറിച്ചുള്ള അപാകത.

8. കാർഷിക വൃത്തിയിൽ പുതിയ തലമുറക്കുള്ള താൽപ്പര്യമില്ലായ്മ.
9. വിലനിലവാരത്തിലെ അസംതുലിതാവസ്ഥ.
10. കൂട്ടായ്മയുടെ അഭാവം.
11. സാമ്പത്തിക പരാധീനത.
12. ജലസേചനത്തിന്റെ പരിമിതി.

## സാധ്യതകൾ

1. എല്ലാ വിളകളുടെയും അത്യുല്പാദന ശേഷിയുള്ള ഇനങ്ങളുടെ ലഭ്യതക്കും കൃഷിക്കും വേണ്ട സംവിധാനം. ജൈവ വള ഉൽപ്പാദന പദ്ധതി, കമ്പോസ്റ്റ് ഉൾപ്പെടെ.
2. ശാസ്ത്രീയവും സംയോജിതവുമായ കീട നിയന്ത്രണ നടപടി, സർക്കാർ സഹായത്തോടെ.
3. കാർഷികോൽപ്പന്നങ്ങൾക്ക് ഉൽപാദന ചെലവുമായി ബന്ധപ്പെടുത്തിയ വിലനില വാരവും മാർക്കറ്റിങ്ങും.
4. ആവശ്യമായ വായ്പാ സഹായം.
5. തൊഴിൽ മേഖലയിൽ സാങ്കേതിക പരിജ്ഞാനം നൽകുക. പുതിയ തലമുറയെ പ്രോത്സാഹിപ്പിക്കുക, സ്ക്കൂൾ സിലബസ്സിൽ കൃഷി പാഠ്യവിഷയമാക്കുക.
6. യന്ത്രവൽക്കരണം വ്യാപകമാക്കുക.
7. കൂട്ടായ്മ ഉറപ്പാക്കൽ
8. ഉദാരമായ വായ്പാ സംവിധാനം ഏർപ്പെടുത്തുക.
9. ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.
10. എല്ലാ വിളകൾക്കും ഇൻഷൂറൻസ് ഏർപ്പെടുത്തുക.
11. എല്ലാവിധ നാശ നഷ്ടങ്ങൾക്കും ഇൻഷൂർ സംരക്ഷണം നൽകുക.

### 1. നെല്ല് : പ്രശ്നങ്ങൾ :

a) ജലനിർഗ്ഗമന ചാലുകളുടെ പോരായ്മ.
b) മറ്റ് നാണ്യവിളകളുടേതിന് തുല്യമായ വരുമാനം ഇല്ലായ്മ.
c) കുമ്മായ വസ്തുക്കളുടെ അഭാവം.

## സാധ്യതകൾ

a) ജലസേചന ചാലുകളുടെ അറ്റകുറ്റപ്പണി നടത്തുക. മൈനർ ഇറിഗേഷൻ പദ്ധതികളും, തടയണകളും നിർമ്മിക്കുക.
b) പാടശേഖര സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
c) ഉൽപ്പാദന ബോണസ്സ് കാർഷിക ചെലവുമായി ബന്ധപ്പെടുത്തി ഉയർത്തുക.
d) പാടശേഖരത്തിന് സൗജന്യമായി യന്ത്രങ്ങൾ നൽകുക.
e) പാടശേഖരാടിസ്ഥാനത്തിൽ വിത്തുൽപാദ കർഷകരെ തെരഞ്ഞെടുക്കുക.
f) വെള്ളപ്പൊക്ക കെടുതികൾക്ക് അർഹമായ പരിഹാരം നൽകുക.

## സാധ്യതകൾ :

a) ഗ്രൂപ്പടിസ്ഥാനത്തിലും, വ്യക്തിഗതമായും സർക്കാർ സഹായത്തോടെ ഡ്രിപ്പ് ഇറിഗേഷൻ, മറ്റ് നൂതന ജലസേചന സമ്പ്രദായങ്ങൾ ഏർപ്പെടുത്തുകയും, ശാസ്ത്രീയ ജലസേചന രീതി അനുവർത്തിക്കുക.
b) തെങ്ങുകയറ്റ തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കാൻ മാർഗ്ഗം ആരായുക.
c) കേരോൽപ്പന്ന വിപണന-സംസ്ക്കരണ സാധ്യത വർദ്ധിപ്പിക്കുക.
d) എണ്ണക്കുരുവിന്റെ ആനുകൂല്യം നൽകുക.
e) ഉൽപ്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റാനും ചെന്നി രൊലിപ്പ്, കൂമ്പ് ചീയൽ, തുടങ്ങിയ രോഗ കീട ആക്രമണം വഴി നശിക്കുന്ന തെങ്ങിന് നഷ്ടപരിഹാരം ഉയർത്തൽ .

### കശുമാവ് . പ്രശ്നങ്ങൾ

a) മണ്ണൊലിപ്പ്
b) സ്ഥായിയായ വിലയുടെ അഭാവം
c) വിപണന-സംസ്ക്കരണ പരിമിതി

## സാധ്യതകൾ

a) മണ്ണ് സംരക്ഷണ പ്രവർത്തനം
b) ഇടവിള കൃഷി
c) കശുമാമ്പഴ സംസ്ക്കരണം

### കുരുമുളക്

## സാധ്യതകൾ

a) ദ്രുതവാട്ട രോഗ നിവാരണത്തിനും പുനരുദ്ധാരണത്തിനും സർക്കാർ സഹായത്തോടെ ഊർജ്ജിത നടപടി
b) സംസ്ക്കരണ രംഗത്തെ ബോധവൽക്കരണം.
c) മണ്ണ് സംരക്ഷണ പ്രവർത്തനം.

### കവുങ്ങ്

## സാധ്യതകൾ

a) മഞ്ഞളിപ്പ് രോഗകാരണം കണ്ടെത്തലും പ്രതിരോധവും




b) രോഗം വന്നവ മുറിച്ച് മാറ്റാനുള്ള സാമ്പത്തിക സഹായം.

c) സാങ്കേതിക തൊഴിലാളികളെ ലഭ്യമാക്കൽ

d) സംസ്ക്കരണത്തിലും മാർക്കറ്റിങ്ങിലും നൂതന സംവിധാനം.

### വാഴ : പ്രശ്നങ്ങൾ

a) വ്യാപകമായ പ്രകൃതി ക്ഷോഭം

b) ഇടവിള കൃഷിയുടെ പോരായ്മ.

c) സംസ്ക്കരണ രംഗത്തെ പോരായ്മ

## സാധ്യതകൾ

a) സസ്യ സംരക്ഷണോപാധികൾക്ക് സഹായ പദ്ധതി

b) മാർക്കറ്റിങ്ങിനും ഉൽപ്പന്ന സംസ്ക്കരണത്തിനും നൂതന സംവിധാനം

### പച്ചക്കറി : സാധ്യതകൾ

a) പാരമ്പര്യ ജനുസുകളുടെ ഗുണമേന്മ കണ്ടെത്തി വിത്ത് ഒരുക്കുക.

b) കൂട്ടായ കൃഷി രീതി അവലംബിക്കുക.

c) ഓരോ കുടുംബത്തിനും ഉൽപാദനോപാധികൾ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

d) ഉൽപാദനത്തിലും ഉപയോഗത്തിലും ഉള്ള കമ്മി നികത്താനുള്ള ആസൂത്രണം.

e) സന്നദ്ധ സംഘടനകൾ- വിദ്യാർത്ഥികൾ എന്നിവർക്ക് പ്രോത്സാഹനവും പരിശീലനവും നൽകുക.

### കിഴങ്ങു വർഗ്ഗ വിളകൾ :

### സാധ്യതകൾ

a) ബഹുവിള- ഇടവിള കൃഷിയുടെ പ്രോത്സാഹനം.

b) സംഭരണ-സംസ്ക്കരണ വിപണന സാധ്യത വർദ്ധിപ്പിക്കൽ.

### റബ്ബർ : സാധ്യതകൾ

a) റബ്ബറധിഷ്ഠിത വ്യവസായങ്ങൾ സ്ഥാപിക്കുക.

b) റബ്ബർ ബോർഡ് വഴിയുള്ള ആനുകൂല്യം വർദ്ധിപ്പിക്കുക

c) ബോധവൽക്കരണം നടത്തുക.

d) സാധ്യതകൾ വർദ്ധിപ്പിക്കുകയും മാർക്കറ്റിങ്ങ് ഏർപ്പെടുത്തുകയും ചെയ്യുക.

e) ഇടവിളയായി ഔഷധ ചെടികൾക്കുള്ള സാധ്യത പരിശോധിക്കുക.




# 2. ജലസേചനം

മലപ്പട്ടം ഗ്രാമപഞ്ചായത്ത് പ്രകൃതിദത്തമായ ജലശ്രോതസ്സുകൾ ഏറെയുള്ള പ്രദേശമാണ്. ഈ അനുകൂലാവസ്ഥ ശരിക്കും വിനിയോഗിക്കുന്നില്ല. പുഴവെള്ളം ഉപയോഗിച്ച് 150 ഹെക്ടറിൽ മാത്രമേ ജലസേചനം ചെയ്യുന്നുള്ളു. ലിഫ്റ്റ് ഇറിഗേഷൻ, കിണറുകൾ, കുളങ്ങൾ, ക്രോസ്ബാറുകൾ, പമ്പ്സെറ്റുകൾ എന്നിവ സ്ഥാപിച്ച് കൂടുതൽ ഇടങ്ങളിൽ ജലസേചന സാധ്യത വർദ്ധിപ്പിക്കാവുന്നതാണ്. കൃഷിഭൂമിയുടെ 275 ഹെക്ടറിൽ മാത്രമേ ഇപ്പോൾ വേനൽക്കാല ജലസേചനം നടത്തുന്നുള്ളൂ. നിലവിലുള്ള ജലസേചന സംവിധാനം പട്ടിക 5 ൽ കൊടുത്തിരിക്കുന്നു.

## നീർമറി വികസനം

മൊത്തം ഭൂവിസ്തൃതിയുടെ 65 -70 ശതമാനം നീർമറി സാധ്യത പ്രദേശമാണ്. പെയ്യുന്ന മഴവെള്ളം പാഴായി പോകാതിരിക്കാനുള്ള ശാസ്ത്രീയ സംവിധാനവും വിള ഉല്പാദന സാധ്യതകളും ഇതുവഴി വളർത്തിയെടുക്കാം. ജലസ്രോതസ്സുകൾ ശാസ്ത്രീയമായി സഹായ പദ്ധതികളോടെ വികസിപ്പിച്ചെടുക്കണം.

***

## ജലസേചന രംഗത്തെ പ്രശ്നങ്ങൾ

1, പമ്പ്സെറ്റുകളുടെ കൂടിയ വില ഇന്ധന ക്ഷാമം, വില.
2. ജലസ്രോതസ്സുകൾ നിർമ്മിക്കാനുള്ള കൂടിയ ചെലവ്.
3. ശാസ്ത്രീയ ജലസേചനത്തെക്കുറിച്ചുള്ള അറിവില്ലായ്മ.
4. മണ്ണൊലിപ്പ് വഴിയുള്ള തോട് നികത്തപ്പെടൽ.
5. പുഴയിലെ ഉപ്പുവെള്ള പ്രശ്നം.
6. ജലസേചനത്തിൽ കർഷകൾക്കകിടയിലെ അനൈക്യം.
7. വരമ്പുകളും കയ്യാലകളും സംരക്ഷിക്കുന്നതിലെ പോരായ്മ.
8. മണ്ണൊലിപ്പ് വഴിയുണ്ടാകുന്നമറ്റ് വിവിധ പ്രശ്നങ്ങൾ.
9. ജല ദൗർലഭ്യം.

## സാധ്യതകൾ

1. ലിഫ്റ്റ് ഇറിഗേഷൻ , തടയണകൾ, ക്രോസ്സ് ബാർ എന്നിവയെ വിപുലപ്പെടുത്തൽ.
2. പമ്പ് സെറ്റുകളുടെ വ്യാപനം.
3. വൈദ്യുതിയുടെ ലഭ്യത.
4. ജലസ്രോതസ്സുകളുടെയും ജല നിർഗ്ഗമനചാലുകളുടെയും നിർമ്മാണവും പുനരുദ്ധാരണവും.
5. ഡ്രിപ്പ്, സ്പ്രിംഗ്ളർ ജലസേചനത്തിൻെറ പ്രോത്സാഹനം.
6. ശാസ്ത്രീയ മണ്ണ് ജലസംരക്ഷണ നടപടികൾ.
7. നീർമറി പ്രദേശ വികസനം.
8. കർഷകരിൽ ബോധവൽക്രണം.
9. ജൈവ വള, പ്രതലവിള സംവിധാനം

ഊർജ്ജിത പ്പെടുത്തുക.
ചാർട്ടുകൾ പട്ടിക 6,7 ൽ കൊടുത്തിരിക്കുന്നു.

### പട്ടിക 5 നിലവിലുള്ള ജലസേചന സംവിധാനം

| പുഴയുടെ നീളം | ലിഫ്റ്റ് ഇറി ഗേഷൻ | ജലസേചന കിണർ | കുഴൽ കിണർ | കുളം | ക്രോസ് ബാർ | ആയ ക്കെട്ട് |
|---|---|---|---|---|---|---|
| 14 കി. മീ. | 1 | 485 | 6 | 84 | 3 | 275 ഹെക്ടർ |

### പട്ടിക 6 പണി പൂർത്തിയായ ജലസേചന പദ്ധതികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ആരംഭിച്ച വർഷം | പൂർത്തി യായ വർഷം | എസ്റ്റിമേറ്റ് തുക | ആയക്കെട്ട് വിസ്തീർണ്ണം (ഹെ.) |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | Adicherry L.I Scheme at Adicherry | | 1996 | 8.40 lakh | 43.30 H |
| 2 | Repair is L.I Scheme Malapattam Panchayat | 1996 | 1996 | 2.00 lakh | - |
| 3 | Construction of a culvert at upstream side of chooliyad V.C.B | 1996 | 1996 | 2.00 lakh | - |

### പട്ടിക 7 നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചനപദ്ധതികൾ

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | എസ്റ്റിമേറ്റ് അടങ്കൽ തുക | ലക്ഷ്യം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | Lining works of canal to L.I. Scheme Adichery | 2, 00 lakh | Side protection to canal |
| 2 | Cross bar cum Bridge at Kolanthakkadavu | 10.00 lakh | ഭരണാനുമതി കിട്ടാത്ത പ്രവൃത്തി |

(അവലംബം : കൃഷി ഭവൻ രേഖകൾ )

## നിർദ്ദേശങ്ങൾ

1. തൈക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി
2. താണപ്പൊയിൽ കുളം ആഴംക്കൂട്ടൽ
3. വെള്ളരിക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി
4. അഡൂർതോട് ആഴം കൂട്ടൽ.

1. അടിച്ചേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ രണ്ട് പമ്പും പ്രവർത്തിപ്പിച്ച് വിരിപ്പുവയൽ മുതൽ തായത്തുവയൽ വരെയും കുട്ടിക്കുന്ന് കനാൽ കേളോത്ത്വയൽ വരെയും നീട്ടുക.
2. അരീച്ചാൽ കുളം നിർമ്മാണവും 10 HP മോട്ടോർ സ്ഥാപിക്കലും.
3. കൊളന്ത പാറക്കണ്ടം പുഴയിൽ 10 HP മോട്ടോർ സ്ഥാപിക്കുക.
4. കോയ്യോട്ടുകടവ് തോടിന് ക്രോസ്ബാർ പണിയുക.
5. തായത്തുവയലിൽ കുളം പണിയുക.
6. അടിച്ചേരി ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തിപ്പിക്കാൻ സ്ഥിരം ജോലിക്കാരെ നിയമിക്കുക.
7. പന്നിയോട്ടുവയൽ തോടിന് വീതിയും ആഴവും കൂട്ടുക.
8. അരീച്ചാൽ പുഴ വരെ തോട് ആഴ് കൂട്ടുക
9. വിരിപ്പുവയൽ-തായത്തുവയൽ തോട് ആഴം കൂട്ടുക.
10. ഇടയരിക്ക് റോഡിൽ വരുന്ന വെള്ളം ഒഴിവാക്കുക.
11. കനാൽ വെള്ളം എല്ലാവർക്കും ലഭ്യമാക്കുക.

1. അടിച്ചേരികനാൽ, കൊവുന്തല, മീത്തലെ വയൽ വരെ നീട്ടുക.
2. കൊവുന്തല പുഴക്ക് ഇറിഗേഷൻ പണിയുക.
3. വെളിയംവയൽ പുഴക്ക് ലിഫ്റ്റ് ഇറിഗേഷൻ.
4. വെസ്റ്റ് ഹില്ലിൽ ജലസംഭരണി
5. മുനമ്പ്-കൊയ്യം പുഴക്ക് ഉപ്പുവെള്ളം തടയാൻ റെഗുലേറ്റർ കംബ്രിഡ്ജ് സ്ഥാപിക്കുക.
6. കൊവുന്ത വയൽ നടുത്തോടും രണ്ടു അരുത്തോടും ആഴം കൂട്ടുക.

1. പുതുശ്ശേരി പാട്ടത്ത് ഇറിഗേഷൻ പദ്ധതി
2. മടത്തുംതാഴെ കുളം വൃത്തിയാക്കൽ.
3. അരുത്തോട്- നടുത്തോട് ആഴം കൂട്ടുക.
4. മറപ്പുര മുതൽ പൊയ്യ വരെയുള്ള തോട് സൈഡ് കെട്ടി ആഴം കൂട്ടൽ.
5. പറ്റാവിടുന്നിടത്തൊക്കെ ജലനിർഗ്ഗമന ചാലുകൾ ശാസ്ത്രീയമായി സംവിധാനം ചെയ്യുക.

1. വെണ്ണക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ
2. പാറക്കുണ്ട് ലിഫ്റ്റ് ഇറിഗേഷൻ
3. പനച്ചിക്കൽ കുണ്ട് പദ്ധതി
4. തലക്കോട്ടക്കരി കിണർ സ്ഥാപിക്കൽ
5. പോയ്യേരി വയലിൽ പൊതുകിണർ
6. എല്ലാ വെള്ളേരി കുണ്ടുകളും പുനരുദ്ധരിക്കലും പുതിയവ നിർമ്മിക്കൽ
7. തലക്കോട് കിണർ-പമ്പ്സെറ്റ്
8. ചേനാണ്ടിപ്പാലം വരെ തോട് ആഴം കൂട്ടൽ.
9. കുപ്പം തോട് റോഡ് ധനുബന്ധിച്ചതും മറുവശത്തുള്ളതുമായ തോടും ആഴംകൂട്ടൽ.
10. ചെറുളാത്ത് മുതൽ തെങ്ങിൻചിറ വരെ നടു ആണി.
11. കുപ്പം തോടും കാനംതോടും-ചെറിയേരി താഴെ തോടും ആഴംകൂട്ടൽ
12. തലക്കോട് തോട് അറ്റകുറ്റപ്പണി
13. വെണ്ണക്കുന്നിൽ നിന്ന് കൂട്ടപ്പുന്നയും മഞ്ഞപ്പാറയും വൻകിട ടാങ്കുകൾ സ്ഥാപിച്ച് ജലസേചന പദ്ധതി സ്ഥാപിക്കൽ.

1. പുഴയിൽ മോട്ടോർ സ്ഥാപിക്കൽ, ജലനിർഗ്ഗമന ചാൽ
2. എടത്തിലെ വയൽ-താഴെവളപ്പിൽ കുളം കുഴിക്കുക.
3. കിണർ-ചെപ്പന കൊഴുമ്മിൽ
4. ചേനാക്കണ്ടി പാലം മുതൽ കടവ് വരെ തോട് വീതി-ആഴം കൂട്ടുക.
5. മുച്ചിലോട്ടുകാവിന് സമീപം നിലവിലുള്ള ബണ്ട് പുനരുദ്ധീകരിക്കുകയും പുതിയവ നിർമ്മിക്കുയും.

1. മണ്ണൻകുണ്ട് കുളം ആഴം കൂട്ടുക. പമ്പ്സെറ്റ്
2. പാലോട്ടുവയൽ-കിണർ - പമ്പ്സെറ്റ്
3. 16-ാം പറമ്പിൽ കിണർ
4. അഡുവാപ്പുരത്ത് കിണർ-പമ്പ് സെറ്റ്
5. പുതിയേരി വയൽ-കിണർ-പമ്പ്സെറ്റ്
6. ചീത്തപറമ്പ് പൊതുകിണർ-ടാങ്ക്- പമ്പ്
7. പുത്താടക്കാൽ കിണർ- പമ്പ്
8. പോന്തയാട്ട്കരയിലും ചക്കരൻ കരയിലും കിണർ-പമ്പ്
9. പാലോട്ടുവയൽ മുതൽ ചേനാണ്ടിപ്പാലം വരെയും അഡുവാപ്പുറം ചേനാണ്ടി വരെയും തോട് ആഴം കൂട്ടുക.

1. അഡുവാപ്പുറം കുളം വീതി-ആഴം കുട്ടുക

2. മുണ്ടാന്നൂരിൽ കുളം പമ്പ്സെറ്റ്
3. തൈവളപ്പ് ക്രോസ്സ്ബാർ നിർമ്മിക്കുക പൈപ്പ് ലൈൻ നിർമ്മിക്കുക
4. മുണ്ടാന്നൂർ-ചേനാണ്ടിപ്പാലം നിർമ്മിക്കുക.

***

## നിർദ്ദേശങ്ങൾ

പഞ്ചായത്തിൽ ജലസേചനത്തിൻെറ തുടക്കം 1960 ഓടെയാണ്. ചൂളിയാട് ചെറുകിട ജലസേചന പദ്ധതി ആരംഭിച്ചതോടെയാണ് ഇതിന് തുടക്കമായത്. ചൂളിയാട് മുച്ചിലോട്ട് കാവിന് താഴെയുള്ള തോടിന് കുറുകെ വി. സി. ബി. നിർമ്മിച്ച് ജലസേചന സൗകര്യമുണ്ടാക്കിയിരുന്നെങ്കിലും അത് ദീർഘകാലം നിലനിന്നില്ല.ചൂളിയാട് അടുവാപ്പുറം പ്രദേശത്തും ചെറിയ ക്രോസ് ബാർ സ്ഥാപിച്ചിരുന്നു. ഇത് ഇപ്പോഴും ഉപയോഗക്ഷമമാണ്. ഏകദേശം 30 ഏക്കർ സ്ഥലത്ത് മൂന്നാം വിളയെടുക്കാൻ ഇത് പ്രയോജനപ്പെടുന്നു. ശ്രീകണ്ഠാപുരം പുഴയിൽ നിന്ന് ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽ മഠത്തും കാവിനു സമീപം ഒരു പമ്പ് ഹൗസ് നിർമ്മിച്ച് അടിച്ചേരി വയലിൽ ജലസേചനം നടത്താനുള്ള സംരംഭം 1996 ൽ പൂർത്തിയായി. 43 ഹെക്ടറിൽ ജലസേചനം സാധ്യമാക്കാൻ ഉദ്ദേശിച്ച് 8.40 ലക്ഷം രൂപ അടങ്കൽ തുക നിശ്ചയിച്ചു തുടങ്ങിയ പദ്ധതി ഇപ്പോൾ ഭാഗികമായി ജലസേചനം നടക്കത്തക്ക രീതിയിലാണ് കമ്മീഷൻ ചെയ്തിട്ടുള്ളത്. കനാൽ ഓരങ്ങൾ ലൈനിങ്ങ് നടത്തി ജലനിർഗ്ഗമനം തടസ്സം മാറ്റാൻ രണ്ട് ലക്ഷം രൂപയുടെ അടങ്കലിൽ ഒരു പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്

പഞ്ചായത്തിൻെറ സമഗ്രവും ദീർഘകാല പ്രധാനവുമായ ജലസേചന സാദ്ധ്യതകൾ ഇനി പറയുന്നു.

കൊന്തക്കടവിൽ ക്രോസ് കം ബ്രിഡ്ജ് പണിയുകയാണെങ്കിൽ കൊളന്ത അടിച്ചേരി എന്നിവിടങ്ങളിലെ നെൽവയലുകൾക്കും തോട്ടവിളകൾക്കും ജലസേചനം സുസാധ്യമാകും. 10 ലക്ഷം രൂപയുടെ ഈ പദ്ധതി ജലസേചന വകുപ്പിൻെറ പരിഗണനയിൽ ഭരണാനുമതി കാത്തിരിക്കുകയാണ്.

അഡൂർ പ്രദേശത്ത് മൈനർ ഇറിഗേഷൻ സ്കീമിൽ നിർമ്മിച്ച കുളം പുനരുദ്ധീകരിച്ച് ലിഫ്റ്റ് ഇറിഗേഷന് ഉപയോഗിക്കാം.

മലപ്പട്ടം പ്രദേശത്തെ വെണ്ണക്കുന്നിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയെക്കുറിച്ച് 1970 ൽ ചില അന്വേഷണങ്ങൾ നടത്തിയിരുന്നു. വളപട്ടണം പുഴയിലെ വെള്ളം പമ്പു ചെയ്ത് കുപ്പം വയലിൽ എത്തിച്ചാൽ അത് മലപ്പട്ടം ഭഗവതി ക്ഷേത്ര നടവരെ എത്തിക്കാൻ സാധിക്കും.

അഡുവാപ്പുറത്തെ നിലവിലുള്ള കുളം വലുതാക്കിയെടുത്ത് ലിഫ്റ്റ് ഇറിഗേഷൻ സാധ്യമാക്കി നെൽവയലുകളിൽ രണ്ടാം വിള നടത്താം.

മലപ്പട്ടം കാവുത്താഴെ 1994 ൽ മൈനർ ഇറിഗേഷൻ വകുപ്പ് പണിതീർത്ത വി. സി. ബി. വേണ്ടത്ര ഫലപ്രദമല്ല. രണ്ടാംവിളയും ഉദ്ദേശിച്ചുണ്ടാക്കിയ പ്രസ്തുത വി. സി. ബി. തികഞ്ഞ പരാജയമാണ്. ഇത് പൂർണ്ണതോതിൽ ഉപയോഗപ്പെടുത്താൻ പ്രധാനമായും വേണ്ടത് ബോധവൽക്കരണമാണ്. വളപട്ടണം പുഴയിൽ നിന്ന് പരിപ്പൻ കടവിന് സമീപം ലിഫ്റ്റ് ഇറിഗേഷൻ സ്ക്കീമിന് സാധ്യത ഏറെയാണ്. അവിടെ നിന്നും പുഴവെള്ളം പമ്പുചെയ്ത് ജലസേചനപ്രദമാക്കിയാൽ പുതുശ്ശേരി പാട്ടം എന്ന വയൽ പ്രദേശം 3 വിളകൾ കൊയ്യാൻ സാധിക്കും.



# 3. മൃഗസംരക്ഷണം

**ഈ** നൂറ്റാണ്ടിൻെറ ആരംഭഘട്ടത്തിൽ കൃഷിയോടനുബന്ധിച്ചുള്ള മുഖ്യതൊഴിലായിരുന്നു മൃഗസംരക്ഷണം. കൃഷിക്കാവശ്യമായ ചാണകത്തിനും നിത്യോപയോഗത്തിനുള്ള പാൽ, മോര്, നെയ്യ് എന്നിവക്കും കന്നുകാലിവളർത്തൽ അത്യാവശ്യമായിരുന്നു, ക്ഷീരോൽപ്പന്നങ്ങൾ വില്പന നടത്തി പകരം ഭക്ഷ്യസാധനങ്ങൾ കൈമാറിയിരുന്ന സമ്പ്രദായം അന്നു നിലനിന്നിരുന്നു. ഒരു പിടി അരികൊടുത്ത് മോരുവാങ്ങുന്ന രീതി ഇതിൻെറ ഭാഗമായിരുന്നു. കുടുംബത്തിൻെറ പ്രതാപം വിളിച്ചോതുന്ന ഒരു ഘടകമായിരുന്നു കന്നുകാലികളുടെ എണ്ണം. വന്യമൃഗങ്ങളുടെ ഉപദ്രവമായിരുന്നു മൃഗപരിപാലനത്തിനുള്ള പ്രധാന ഭീഷണി.

ഭൂപരിഷ്ക്കരണം നടപ്പിൽ വന്നതോടെ മൃഗസംരക്ഷണ രംഗത്തും മൗലികമായ മാറ്റം വന്നു. ഉല്പാദന ശേഷി കുറഞ്ഞ ഇനങ്ങളായിരുന്നു പഴയകാലത്തുണ്ടായിരുന്നത്. 1970 കളുടെ ആരംഭത്തിലാണ് സങ്കര ഇനം കന്നുകാലികൾ നമ്മുടെ ഗ്രാമത്തിൽ പ്രചരിച്ചു തുടങ്ങിയത്. എങ്കിലും അത്യുല്പാദന ശേഷിയുള്ള കന്നുകാലികളെ വളർത്തുന്നതിൽ വേണ്ടത്ര പുരോഗതി പ്രാപിച്ചിട്ടില്ല. 1996 ലെ കന്നുകാലി സെൻസസ് പ്രകാരം സങ്കരഇനത്തിൽപ്പെട്ട 561 കന്നുകാലികൾ മാത്രമാണുള്ളത്. 1263 നാടൻ കന്നുകാലികളും ഈ പഞ്ചായത്തിലുണ്ട്.

കുടുംബത്തിൻെറ സാമ്പത്തിക ഭദ്രത മെച്ചപ്പെടുത്തുവാനുതകുന്നതാണ് ആടു വളർത്തൽ. എന്നാൽ നാമമാത്രമായ തോതിലേ ഇത് തൊഴിലായി സ്വീകരിച്ചിട്ടുള്ളൂ. 1996-ലെ സെൻസസ് അനുസരിച്ച് 808 ആടുകളാണ് പഞ്ചായത്തിലുള്ളത്. ഇതിൻെറ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്താൻ ജനങ്ങൾ തയ്യാറാകണം.

വീട്ടാവശ്യത്തിനുള്ള നാടൻ കോഴികളെ വളർത്തുന്നതിലാണ് ഇപ്പോഴും മുൻതൂക്കം. വ്യാപാരാടിസ്ഥാനത്തിലുള്ള ഇറച്ചിക്കോഴി വളർത്തുന്ന 4 കേന്ദ്രങ്ങൾ അടുത്തകാലത്ത് പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. ആവശ്യമായ മുട്ടയുടെ 25% പോലും ഇവിടെ ഉല്പാദിപ്പിക്കുന്നില്ല. ഇറച്ചി, മുട്ട ഇവയുടെ ഉപഭോഗത്തിൽ വൻ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും അത് പുറം മാർക്കറ്റിനെ ആശ്രയിച്ചാണ്.

പന്നി, മുയൽ, കാട എന്നിവയുടെ മുട്ട വളർത്തൽ നമ്മുടെ പഞ്ചായത്തിൽ വളരെ പരിമിതമാണ്. ഇവ ലാഭകരമായ തൊഴിലാണെന്ന ബോധം ഇനിയും ജനങ്ങളിൽ വളർന്നു വന്നിട്ടില്ല. സാധ്യതകൾ വളരെയേറെയുണ്ട്. ചെറുകിട ദരിദ്രകർഷകർക്ക് പോലും ഇതൊരു തൊഴിലായി സ്വീകരിക്കാവുന്നതാണ്.

1996 സെൻസസ് പ്രകാരം പഞ്ചായത്തിൽ 439 പട്ടികളാണുള്ളത്. ഇതിൽ പേ വിഷബാധക്ക് പ്രതിരോധ കുത്തിവെപ്പ് നടത്തിയത് കേവലം 8 എണ്ണത്തിന് മാത്രമാണ്. സമൂഹത്തിന് വിപത്താവുന്ന രീതിയിൽ പട്ടികളെ

വളർത്തുന്നത് കർശനമായി തടയേണ്ടതാണ്. അലഞ്ഞുതിരിയുന്ന പട്ടികളെ നിർമ്മാർജ്ജനം ചെയ്യേണ്ടതും അനിവാര്യമാണ്. **പട്ടിക 8** കാണുക.

## മത്സ്യബന്ധനം

മുൻകാലങ്ങളിൽ പാരമ്പര്യ രീതികളിൽ മത്സ്യബന്ധനം നടത്തി ഉപജീവനം കഴിക്കുന്ന കുടുംബങ്ങൾ ഇവിടങ്ങളിൽ ഉണ്ടായിരുന്നു. പുഴ, തോടുകൾ എന്നിവയായിരുന്നു ഇതിന് ഉപയോഗപ്പെടുത്തിയിരുന്നത്. നാടൻ വലകൾ, കൂട്. ചൂണ്ട, കുത്തൂട് എന്നിവ ഉപയോഗിച്ചാണ് മത്സ്യബന്ധനം നടത്തിയിരുന്നത്. എന്നാൽ ശുദ്ധജല മത്സ്യങ്ങൾക്ക് ബാധിച്ചിട്ടുള്ള രോഗങ്ങളുടെ ഫലമായും വ്യാപകമായ തോട്ടയിടൽ, നഞ്ച് കലക്കൽ എന്നീ പ്രാകൃത നടപടികളിലൂടെയും ഈ പ്രദേശത്തെ മത്സ്യ സമ്പത്ത് വൻതോതിൽ കുറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ രംഗത്തുള്ളവർ മറ്റ് തൊഴിൽ മേഖലകൾ കണ്ടെത്തിയിരിക്കുന്നു. ഈ പ്രദേശത്തുകാർ കടൽ മത്സ്യത്തെയാണ് കൂടുതലായി ആശ്രയിക്കുന്നത്. കടൽ മത്സ്യ സമ്പത്ത് വൻതോതിൽ കുറയുന്നതിനാൽ ഉൾനാടൻ മത്സ്യകൃഷി വ്യാപിപ്പിക്കണം.

4. ചികിത്സാസംവിധാനത്തിന്റെ അഭാവം.
5. തീറ്റപ്പുൽകൃഷിയെക്കുറിച്ചുള്ള അജ്ഞത.
6. മാർക്കറ്റിംഗിന്റെ അസ്ഥിരത.

## സാധ്യതകൾ

1. ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
2. സബ്സിഡി നിരക്കിൽ കാലത്തീറ്റ, കോഴിത്തീറ്റ മുതലായവയ വിതരണം ചെയ്യുവാൻ സംവിധാനം ഉണ്ടാക്കുക.
3. മൃഗാശുപത്രി സ്ഥാപിക്കുക.
4. കൃത്രിമ ബീജസങ്കലനകേന്ദ്രങ്ങൾ വ്യാപിപ്പിക്കൽ.
5. തീറ്റപ്പുൽകൃഷി വ്യാപനം.
6. ക്ഷീരോൽപാദന സഹകരണ സംഘം സ്ഥാപിപ്പിക്കുക.
7. ബയോഗ്യാസ് പ്ലാൻറ് നിർമ്മാണം.
8. പ്രാദേശിക വിഭവങ്ങൾ ഉപയോഗിച്ച് കാലിത്തീറ്റ നിർമ്മാണം.
9. ഇറച്ചി, മുട്ട വിപണന സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
10. ഗ്രൂപ്പടിസ്ഥാനത്തിൽ ആട്, കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുക.

**പട്ടിക 8 കൃത്രിമ ബീജസങ്കലന വിവരങ്ങൾ**

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2ലധികം തവണ ബീജസങ്കലനം നടത്തിയവ |
|---|---|---|---|
| പശു | 1215 | 175 | 25 |
| കിടാരി | 504 | 50 | 10 |

## പ്രശ്നങ്ങൾ

1. ശാസ്ത്രീയ മൃഗപരിപാലനത്തിലുള്ള അജ്ഞത.
2. കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ അമിത വില.
3. രോഗബാധ.

11. സങ്കരയിനം ആടുകളുടെ വ്യാപനം
12. നിലവിലുള്ള കുളങ്ങൾ മെച്ചപ്പെടുത്തി മത്സ്യ കൃഷിക്ക് ഉപയുക്തമാക്കുക.
13. അലഞ്ഞുതിരിയുന്ന പട്ടികളെ നിർമ്മാർജ്ജനം ചെയ്യുക.



# 4. വ്യവസായം

വ്യാവസായിക സ്ഥാപനങ്ങളെന്ന് വിശേഷിപ്പിക്കാവുന്ന ഒരൊറ്റ യൂനിറ്റുപോലും ഇല്ലാത്ത പഞ്ചായത്താണ് മലപ്പട്ടം. ഖാദിമേഖലയിലെ രണ്ട് ചെറുകിട യൂനിറ്റുകളും ഒരു DWCRA യൂനിറ്റുമൊഴിച്ചാൽ പഞ്ചായത്ത് വ്യാവസായിക രംഗത്ത് തീർത്തും പിന്നോക്കമാണ്. എന്നാൽ പരമ്പരാഗത കുടിൽ വ്യവസായങ്ങളുടെ കാര്യത്തിൽ ശ്രദ്ധേയമായ ചിത്രമാണ് 1975 വരെയുള്ള കാലഘട്ടങ്ങളിൽ പഞ്ചായത്തിനുണ്ടായിരുന്നത്. കാർഷിക മേഖലയോടനുബന്ധിച്ച ചെറുകിട കുടിൽ വ്യവസായ യൂണിറ്റുകൾ നിരവധി പേർക്ക് അക്കാലത്ത് തൊഴിൽ നൽകിയിരുന്നു. കൈത്തറിക്കും പ്രമുഖസ്ഥാനമാണ് ഉണ്ടായിരുന്നത്. 100 ഓളം പേർക്ക് നേരിട്ടും അത്രതന്നെയാളുകൾക്ക് പരോക്ഷമായും കൈത്തറി നെയ്ത്ത് മേഖലയിൽ തൊഴിലുണ്ടായിരുന്നു. ഇതിന് പുറമേ ചക്ക് ഉപയോഗിച്ചുള്ള വെളിച്ചെണ്ണയാട്ടൽ യൂണിറ്റും അവിലിടി യൂണിറ്റുകളും ഓലക്കുട, കൊട്ട നിർമ്മാണ യൂനിറ്റുകളും പായ, ഓലമടഞ്ഞ യൂണിറ്റുകളും പഞ്ചായത്തിൽ [illegible] ണ്ടായിരുന്നു.

കൈത്തറി നെയ്ത്ത് യൂണിറ്റുകൾ കൊവ്വുന്തല, മലപ്പട്ടം, മലപ്പട്ടം ഭഗവതി ക്ഷേത്ര പരിസരം തുടങ്ങിയ പ്രദേശങ്ങളിലായിരുന്നു കേന്ദ്രീകരിച്ചിരുന്നത്. കൊവ്വുന്തലയിൽ 24 തറികളുള്ള ചെറുകിട നെയ്ത്ത് വ്യവസായശാല പ്രവർത്തിച്ചിരുന്നു. 24 പുരുഷതൊഴിലാളികൾക്ക് പുറമേ 60. ഓളം അനുബന്ധതൊഴിലാളികൾക്കും ഇവിടെ തൊഴിൽ ലഭിച്ചിരുന്നു. ഡിമാൻറിലുണ്ടായ ഏറ്റ കുറച്ചിലാണ് ഈ വ്യവസായശാല അടച്ചിടാനുണ്ടായ പ്രധാന കാരണം. 1978 ഓടെ പഞ്ചായത്തിലെ നെയ്ത്ത് രംഗം പൂർണ്ണമായി നിലച്ചു.

വെളിച്ചെണ്ണ നിർമ്മാണം ചൂളിയാട് ഭാഗത്ത് കേന്ദ്രീകരിച്ച കുടിൽവ്യവസായമായിരുന്നു. നാടൻ ചക്കുകൾ ഉപയോഗിച്ചായിരുന്നു കൊപ്ര ആട്ടി വെളിച്ചെണ്ണ ഉണ്ടാക്കിയിരുന്നത്. മലപ്പട്ടം, ചൂളിയാട്, മുനമ്പ് ഭാഗങ്ങളിൽ കേന്ദ്രീകരിച്ചായിരുന്നു അവിൽ നിർമ്മാണം നിലനിന്നിരുന്നത്. കുലത്തൊഴിൽ എന്ന നിലയിലായിരുന്നു ഇത്തരം തൊഴിലുകൾ ചെയ്തിരുന്നത്. കാർഷിക മേഖലയിൽ തൊഴിൽ [illegible] പ്രധാന [illegible]

പ്രവർത്തിച്ചിരുന്നത്.

ഓലക്കുട നിർമ്മാണം മറ്റ് പഞ്ചായത്തിൽ നിന്ന് വ്യത്യസ്തമായി ഏറ്റവുമധികം വ്യാപിച്ച പ്രദേശമായിരുന്നു മലപ്പട്ടം. ചൂളിയാട്, അടിച്ചേരി, പൂക്കണ്ടം എന്നിവിടങ്ങളിൽ ഈ തൊഴിലിൽ ഏർപ്പെട്ടവർ ധാരാളമായിരുന്നു.

തേനീച്ച വളർത്തൽ, രാമച്ചം വാറ്റ് തുടങ്ങിയവയും പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുണ്ടായിരുന്നു. പഞ്ചായത്തിലെ പട്ടികജാതിയിൽപ്പെട്ട കുടുംബങ്ങൾ അവരുടെ പരമ്പരാഗത തൊഴിലായ പായനെയ്ത്തിൽ ഏർപ്പെട്ടവരാണ്. പ്രാദേശികമായ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്ത അവസ്ഥയിലാണ് ഇപ്പോൾ കുടിൽ വ്യവസായ മേഖലയുള്ളത്. തോടിൻെറ ഓരങ്ങളിൽ സമൃദ്ധമായി വളരുന്ന കൈതമുണ്ട പരമാവധി പ്രയോജനപ്പെടുത്തി സഹകരണാടിസ്ഥാനത്തിൽ ഏറെപേർക്ക് തൊഴിൽ നൽകാൻ സാധിക്കും.

തേനീച്ച വളർത്തൽ, പുൽത്തൈലം വാറ്റ് മുതലായ കാർഷിക കുടിൽ വ്യവസായ യൂണിറ്റുകൾ വ്യാപകമായ ബോധവൽക്കരണത്തിലൂടെ സ്ഥാപിക്കാൻ സാധിക്കുന്നതാണ്.

പഞ്ചായത്തിൽ ചെറുകിട വ്യവസായ യൂണിറ്റുകളെന്ന് പറയാവുന്നവ മൂന്നെണ്ണം മാത്രമാണ്. അടിച്ചേരിയിലെ ഖാദിനെയ്ത്ത് യൂണിറ്റ്, മലപ്പട്ടം പറമ്പിലെ ഖാദി സോപ്പ് യൂണിറ്റ്, 16-ാം പറമ്പിലെ ജില്ലി യൂണിറ്റ് എന്നിവ.

ഖാദിഗ്രാമ വ്യവസായ ഫെഡറേഷൻെറ സഹകരണത്തോടെ മലപ്പട്ടം പറമ്പിൽ 1991 ൽ ആരംഭിച്ച സോപ്പ് നിർമ്മാണ യൂണിറ്റ് നാല് മാസമേ പ്രവർത്തിച്ചുള്ളൂ. 1992 മാർച്ച് മാസത്തോടെ യൂണിറ്റ് അടച്ചുപൂട്ടി. അസംസ്കൃത വസ്തുക്കൾ കിട്ടാത്തതായിരുന്നു കാരണം. സോപ്പ് നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കൾ Kerala Soaps and Oils ആയിരുന്നു വിതരണം ചെയ്തിരുന്നത്. ആസ്ഥാപനത്തിനുണ്ടായ തളർച്ച സോപ്പ് നിർമ്മാണ യൂണിറ്റിനെയും ബാധിച്ചു. 7 പേർക്ക് തൊഴിൽ നൽകിയിരുന്ന സ്ഥാപനം പ്രവർത്തിച്ചിരുന്ന 4 മാസവും മെച്ചമായ നിലയിൽ തന്നെയായിരുന്നു. 11 പേർ ചേർന്ന് ഓഹരിയെടുത്ത് സഹകരണാടിസ്ഥാനത്തിൽ തുടങ്ങിയതാണ് ഈ യൂണിറ്റ്. വികസനത്തിന് ഏറെ സാധ്യതയുള്ള യൂണിറ്റാണെങ്കിലും ശക്തവും വൈവിധ്യവും ആഗ്രഹിക്കുന്നതുമായ മാനേജ്മെൻറ് സംവിധാനം കൊണ്ടേ ഇത് നേടിയെടുക്കാനാവൂ.

അടിച്ചേരിയിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഖാദി നെയ്ത്ത് യൂണിറ്റും വനിതകൾക്ക് തൊഴിൽ നൽകുന്ന യൂണിറ്റാണ്. 39 പേരാണ് ഇവിടെ തൊഴിലെടുക്കുന്നത്. 50 പേർക്കെങ്കിലും ഇവിടെ തൊഴിൽ സാധ്യത ഉണ്ടെങ്കിലും തുച്ഛമായ കൂലിനിരക്ക് കാരണം തൊഴിലെടുക്കുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നു. 1988 ലാണ് ഈ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചത് . പയ്യന്നൂർ ഖാദി സെൻററിൻെറ നിയന്ത്രണത്തിലാണ് ഇത്. സ്വന്തമായി കെട്ടിടമില്ലാത്തതും വേതന നിരക്കിലെ കാലികമല്ലാത്ത പ്രവണതകളും കാരണം ഇതിൻെറ സാധ്യതകൾ പൂർണ്ണമായും മുതലെടുക്കാൻ സാധിക്കുന്നില്ല. നൂൽനൂൽപ്പ് യൂണിറ്റ് മാത്രമാണ് ഇവിടെയുള്ളത്. അതിനോടനുബന്ധിച്ച് നെയ്ത്ത് യൂണിറ്റ് സ്ഥാപിച്ചാൽ തൊഴിലവസരം ഇനിയും വർദ്ധിപ്പിക്കാനാവും.

16-ാം പറമ്പിൽ പ്രവർത്തിക്കുന്ന DWCRA യൂണിറ്റാണ് ജില്ലി യൂണിറ്റ്. അടുവാപ്പുറം കേന്ദ്രമാക്കി 1991 ൽ രജിസ്റ്റർ ചെയ്തതാണ് ഇത്. 10 പേർക്ക് തൊഴിൽ നൽകാൻ ലക്ഷ്യമിട്ടായിരുന്നു യൂണിറ്റാരംഭിച്ചത്. എന്നാൽ ആഭ്യന്തര പ്രശ്നങ്ങൾ മൂലം 4 പേർ ഇപ്പോൾ രംഗത്തില്ല. കാര്യക്ഷമമായി പ്രവർത്തിച്ചാൽ യൂണിറ്റ് ലാഭകരമാക്കാൻ സാധിക്കുമെന്ന് യൂണിറ്റിൻെറ ആരംഭകാലത്തെ പ്രവർത്തനം വ്യക്തമാക്കുന്നുണ്ട്. സ്വന്തമായി വർക്ക് ഷെഡും സ്ഥലവും യൂണിറ്റിനുണ്ട്. ഇതിനു പുറമേ തലക്കോട് കേന്ദ്രമാക്കി DWCRA പദ്ധതിയിൽ പുതിയൊരു കോഴി വളർത്തൽ യൂണിറ്റും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പക്ഷേ ഇത് പ്രവർത്തനപഥത്തിൽ എത്തി യിട്ടില്ല.

187 കച്ചവടക്കാരാണ് പഞ്ചായത്തിലുള്ളത്. ഇതിൽ വനിതാ പ്രാതിനിധ്യം തുച്ഛമാണ്. മുൻകാലങ്ങളിൽ പുഴയോരങ്ങളിലായിരുന്നു കച്ചവടസ്ഥാപനങ്ങൾ ഉണ്ടായിരുന്നത്. ബോട്ട്

സർവ്വീസ് നിലക്കുകയും റോഡ് ഗതാഗതം വികസിക്കുകയും ചെയ്തതോടെ കച്ചവട സ്ഥാപനങ്ങൾ റോഡരി കിലേക്ക് മാറി. 16-ാം പറമ്പ്, അടുവാപ്പുറം, തലക്കോട്, ദാമോദരൻ പീടിക, അഡൂർ, അടിച്ചേരി, മലപ്പട്ടം സെൻറർ എന്നിവ കച്ചവട കേന്ദ്രങ്ങളായി വികസിച്ച് വന്നവയാണ്.

ഭാവിയിലുണ്ടാകുന്ന വികസനവുമായി പൊരുത്തപ്പെടുംവിധത്തിലുള്ള ആസൂത്ര ണത്തിലെ ദീർഘ വീക്ഷണമില്ലായ്മ ഈ കച്ചവടകേന്ദ്രങ്ങളിൽ നിഴലിച്ച് കാണാം. 6 ചെറുകിട ഹോട്ടലുകളും പഞ്ചായത്തിലുണ്ട്. സഹകരണ മേഖലയിൽ നല്ലൊരു ഹോട്ടലിന് പഞ്ചായത്തിൽ സാധ്യതയേറെയാണ്..

രണ്ട് കള്ളുഷാപ്പുകളാണ് പഞ്ചായത്തിൽ ഉള്ളത്. ശരാശരി 350 ലിറ്റർ കള്ള് വിൽക്കു ന്നുണ്ട്. പഞ്ചായത്തിൽ ഉല്പാദിപ്പിക്കപ്പെട്ട ശരാശരി ഏറ്റവും കൂടിയ കള്ള് 130 ലിറ്റർ മാത്രമാണ്. ബാക്കി മുഴുവൻ കള്ളും പഞ്ചായ ത്തിന് പുറത്തുനിന്നുമാണ് കൊണ്ടു വരുന്നത്. 19 തൊഴിലാളികളാണ് ഈ മേഖലയുമായി ബന്ധപ്പെട്ട് പഞ്ചായത്തിനുള്ളത്. തെങ്ങ് ധാരാളമായി വളരുന്ന പഞ്ചായത്തിലെ പുഴയോ രങ്ങളെ അടിസ്ഥാനമാക്കി ഇനിയും വികസന സാധ്യത ഈ മേഖലയ്ക്കുണ്ട്. സഹകരണാടി സ്ഥാനത്തിൽ തൊഴിലാളികളെ സംഘടി പ്പിക്കാൻ ഏറെ സാധ്യതയുള്ള രംഗമാണിത്. മൂന്ന് ചെറുകിട ഫർണീച്ചർ കടകളും പഞ്ചായത്തിനകത്ത് പ്രവർത്തിക്കുന്നുണ്ട്. മൂന്ന് റൈസ് ആൻറ് ഫ്ളവർ മില്ലുകൾ പഞ്ചായ ത്തിലുണ്ട്. പക്ഷേ ഇവയൊന്നും തന്നെ വ്യാവ സായികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന വയല്ല. ഗാർഹികാവശ്യങ്ങൾ നിറവേറ്റാൻ മാത്രമേ ശ്രമിക്കുന്നുള്ളൂ. കറിപൗഡറുകൾ, ഉൽപാദിപ്പിക്കാനും വെളിച്ചെണ്ണ വൻതോതിൽ വിപണിയിലിറക്കാനും സാധ്യതയുണ്ടെങ്കിലും അതിനുള്ള ശ്രമങ്ങൾ തീരേ നടക്കുന്നില.

പട്ടുനൂൽകൃഷിക്ക് പറ്റിയ സാഹചര്യം പഞ്ചായത്തിലുണ്ട്. പക്ഷേ അത് പ്രയോജന പ്പെടുത്താനുള്ള ശ്രമങ്ങളൊന്നും ഉണ്ടായിട്ടില്ല. 15 കർഷകർ മൾബറി തോട്ടങ്ങൾ വെച്ചുപിടി പ്പിക്കാനുള്ള നീക്കങ്ങൾ നടത്തിയെങ്കിലും അത് പൂർണ്ണവിജയത്തിലെത്തിയിട്ടില്ല.

നാളികേരം, കശുമാങ്ങ, മാങ്ങ, ചക്ക തുടങ്ങിയ ഫലങ്ങൾ പഞ്ചായത്തിൽ നന്നായി വിളയുന്നുണ്ടെങ്കിലും ഇവയെ അടിസ്ഥാന മാക്കിയുള്ള കുടിൽ വ്യവസായങ്ങളോ, ആധു നിക വ്യവസായമോ പഞ്ചായത്തിലില്ല.

താരതമ്യേന ചുരുങ്ങിയ ജനസംഖ്യയും ഇഷ്ടം പോലെ തരുശുനിലങ്ങളുമുള്ളതിനാൽ വ്യാവസായിക മുന്നേറ്റത്തിന് പഞ്ചായത്തിൽ സാധ്യതകളേറെയാണ്. വ്യവസായ എസ്റ്റേറ്റും തെർമ്മൽ പവർസ്റ്റേഷനും സ്ഥാപിക്കാനുള്ള അനുയോജ്യ പ്രദേശമാണ് മലപ്പട്ടം എ. കുഞ്ഞിക്കണ്ണൻ സ്മാരക ഹൈസ്ക്കൂളിന് സമീപമുള്ള പ്രദേശങ്ങളെന്ന് സംസ്ഥാന വ്യവസായ വികസന ഏജൻസിയായ കിൻഫ്ര നടത്തിയ അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. 250 ഏക്കർ ഭൂമി ഈ പ്രദേശത്ത് വ്യവസായിക ആവശ്യത്തിന് കണ്ടെത്താൻ കഴിയുമെന്നും കിൻഫ്ര വ്യക്തമാക്കിയിരുന്നു. സമീപത്തുകൂടെ വളപട്ടണം പുഴയൊഴുകുന്നതിനാൽ ധാരാളം ജലം ലഭിക്കുമെന്നും അത് തെർമ്മൽ വൈദ്യുത നിലയം സ്ഥാപിക്കുന്നതിന് സഹായകര മാവുമെന്നും കിൻഫ്ര സംസ്ഥാന സർക്കാരിന് നൽകിയ റിപ്പോർട്ടിൽ ചൂണ്ടിക്കാട്ടിയിരുന്നു. പക്ഷേ ഇക്കാര്യത്തിൽ പിന്നീട് നടപടിക ളൊന്നും ഉണ്ടായിട്ടില്ല.

സഹകരണ മേഖലയിൽ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കാനുള്ള സാധ്യത പഞ്ചായത്തിൽ ഏറെയാണ്. വ്യക്തിഗത യൂണിറ്റുകളേക്കാൾ ഏറെ ലാഭകരം ഇത്തരം യൂണിറ്റുകളാവുമെന്നതാണ് സമീപ പഞ്ചായ ത്തുകളുടെ അനുഭവങ്ങൾ വിലയിരുത്തു മ്പോൾ വ്യക്തമാവുന്നത്.

## പ്രശ്നങ്ങൾ

1.സംരഭകരെ കണ്ടെത്താനും പ്രോത്സാഹിപ്പി ക്കാനുമുള്ള സംവിധാനങ്ങൾ പഞ്ചായത്തിൽ ഇല്ല.

2. നിലവിലുള്ള യൂണിറ്റുകളിൽ മാനേജ്മെൻറ് വൈദഗ്ധ്യത്തിൻെറ അഭാവം രൂക്ഷമാണ്.

3. ഖാദി നൂൽനൂൽപ്പ് യൂണിറ്റിൽ വേതന നിരക്ക് വളരെ കുറവാണ്.

4. ഖാദി സോപ്പു യൂണിറ്റ് അടഞ്ഞു കിടക്കുന്നു.

5. പരമ്പരാഗത കുടിൽ വ്യവസായങ്ങൾ ഇപ്പോൾ

നാമമാത്രമാണ്.
6. കൈത്തറി തൊഴിലറിയുന്ന നിരവധി പേർ പഞ്ചായത്തിലുണ്ട്. പക്ഷേ അവർക്കിവിടെ തൊഴിലെടുക്കാൻ സൗകര്യമില്ല.
7. റൈസ് ആൻറ് ഫ്ളവർ മില്ലുകൾ കുറഞ്ഞ തൊഴിലവസരങ്ങളേ ഉണ്ടാകുന്നുള്ളൂ.

## സാധ്യതകൾ

* സഹകരണാടിസ്ഥാനത്തിൽ നിരവധി വ്യവസായ ഘടകങ്ങൾ പഞ്ചായത്തിൽ സ്ഥാ പിക്കാം. ഉദാ : വനിതാബേയ്ക്കറി യൂണിറ്റ് , പായ നെയ്ത്ത് സംഘം. കൈത്തറി നെയ്ത്ത് ഖാദിബോർഡിൻെറ ധനസഹായത്തോടെ ക്ലേ യൂണിറ്റുകൾ, സഹകരണ സംഘം ഹോട്ടൽ. ....

* വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലം കണ്ടെത്തി അകവയർ ചെയ്യണം.

* ചെങ്കൽ മേഖലയിൽ ഭാവിയിൽ സംഭവിക്കാവുന്ന മാറ്റങ്ങൾ കണക്കലെടുത്ത് തൊഴിലാളികളുടെ ജോലി സ്ഥിരത ഉറപ്പിക്കാനും പരിസ്ഥിതി. പ്രശ്നങ്ങൾ ഒഴിവാക്കാനും നടപടികൾ വേണം.

* കുടിൽ വ്യവസായങ്ങൾ സ്ഥാപിക്കാൻ പരിശീലനം നൽകണം. അതിനാവശ്യമായ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണം.

* കെൽട്രോൺ പോലുള്ള സ്ഥാപനങ്ങളുമായി സഹകരിച്ച് ഇലക്ട്രോണിക് യൂണിറ്റുകൾ സ്ഥാപിക്കണം.

* മലപ്പട്ടം സെൻററിലെ ഖാദി സോപ്പ് യൂണിറ്റ് തുറന്ന് പ്രവർത്തിപ്പിക്കണം. ഇപ്പോഴുള്ള ടോയ്ലറ്റ് യൂണിറ്റിന് പുറമേ അലക്കുസോപ്പ് ഉൽപ്പാദിക്കാനും സംവിധാനം വേണം.

* ഖാദി നൂൽനൂൽപ്പ് കേന്ദ്രത്തിന് സ്വന്തം കെട്ടിടം നിർമ്മിക്കണം. അനുബന്ധമായി ഖാദി നെയ്ത്ത് യൂണിറ്റുകൾ തുടങ്ങണം.

* റബ്ബറധിഷ്ഠിത വ്യവസായ യൂണിറ്റ് തുടങ്ങാനുള്ള സാധ്യത ആരായണം.

* കയർ വ്യവസായ യൂണിറ്റിനുള്ള സാധ്യത തേടണം.

* ബീഡി തെറുപ്പ് കേന്ദ്രങ്ങൾ സ്ഥാപിക്കാനുള്ള സാധ്യത തേടണം.

* മണൽ പ്രധാന അസംസ്കൃത വസ്തുവായി ഇഷ്ടം പോലെ ലഭ്യമായതിനാൽ അത് ഉപയോഗപ്പെടുത്താനുള്ള മാർഗ്ഗങ്ങൾ ആരായണം.

* കാർഷിക-സംസ്ക്കരണ യൂണിറ്റ് ആരംഭിക്കാൻ ധനസഹായം ലഭ്യമാക്കണം.

* റബ്ബർ പാൽ (ലാറ്റക്സ്) സംഭരിച്ച് ഉൽപന്നങ്ങൾ ഉണ്ടാക്കുന്ന ഫാക്ടറി റബ്ബർ ബോഡിൻെറ സഹായത്തോടെ സ്ഥാപിക്കണം.

* കള്ള് ഉൽപാദനം വർദ്ധിപ്പിക്കാനും സഹകരണാടിസ്ഥാനത്തിൽ കള്ള് ഷാപ്പുകൾ ഏറ്റെടുക്കാനും ശ്രമങ്ങൾ നടത്തണം.

* കേരോൽപന്നങ്ങൾ അടിസ്ഥാനമാക്കിയുള്ള കുടിൽ വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം.

* കുടിൽ വ്യവസായ യൂണിറ്റിന് പപ്പട നിർമ്മാണം, കുട നിർമ്മാണം, അച്ചാർ നിർമ്മാണം തുടങ്ങിയവ പ്രോത്സാഹിപ്പിക്കണം.

## പഞ്ചായത്തിൽ തുടങ്ങാൻ ഏറെ സാധ്യതയുള്ള വ്യവസായ യൂണിറ്റുകൾ

* ഖാദി സൊസൈറ്റി അടിസ്ഥാനത്തിൽ ചപ്പൽ, ചന്ദനത്തിരി, ഓട്, ഇഷ്ടിക നിർമ്മാണം, തേനീച്ച വളർത്തൽ, റെഡിമെയ്ഡ്.

* പൂച്ചട്ടി നിർമ്മാണം, അച്ചാർ നിർമ്മാണം

* നഴ്സറി, എൻജിനിയറിംഗ് യൂണിറ്റ്, പാൽ, പാലുൽപ്പന്ന യൂണിറ്റ്

* ബേക്കറി, അവിൽ നിർമ്മാണം, ലിക്വിഡ്-ഡിൻററർജൻറ്

* ഗാർമെൻറ് യൂണിറ്റ്, പ്രസ്സ്, ബുക്ക് ബൈൻറിംഗ്

* കരിങ്കൽ ക്വാറി, കൈത്തറി നെയ്ത്ത്, നോട്ടുബുക്ക്, ബാഗ് നിർമ്മാണം കരകൗശല വസ്തുക്കൾ

# 5. തൊഴിൽ

ആദിമ സമൂഹം തൊഴിലിനെ അടിസ്ഥാന മാക്കി വർണ്ണങ്ങൾ, ജാതികൾ, ഉപജാതികൾ എന്നിങ്ങനെ ജനതയെ വേർതിരിച്ചിരുന്നു. തൊഴിൽ വിഭജനം, ചാതുർവർണ്യ വ്യവസ്ഥയിൽ നിഷ്ക്കർഷിക്കുന്നതിനാൽ പരമ്പരാഗതമായി ഒരേ തൊഴിൽ തന്നെ ചെയ്തു വന്നിരുന്നു. എന്നാൽ ജാതി വ്യവസ്ഥയും അടിമ-ഉടമ വ്യവസ്ഥിതിയും അപ്രത്യക്ഷമാവുകയും 40 കളിൽ പുരോഗമന പ്രസ്ഥാനങ്ങളുടെ ആവിർഭാവത്തോടുകൂടി തൊഴിലാളികളുടെ ജീവിത നിലവാരം ഉയരുകയും ആവശ്യമുള്ളത് ചോദിച്ചു വാങ്ങുന്നതിനുള്ള സംഘശക്തി അവർ സ്വായത്തമാക്കുകയും ചെയ്തു.

പഞ്ചായത്തിൽ നിലനിന്നിരുന്ന പരമ്പരാഗത തൊഴിലുകളായ എണ്ണയാട്ടൽ അവിലിടി, ഓലക്കുട നിർമ്മാണം, കൊട്ടമെടയൽ മുതലായവ നാശോന്മുഖമായിരിക്കുകയാണ്. തൊഴിൽ സാധ്യതയേറെയുള്ള മരപ്പണി, ഇരുമ്പ് പണി, പായ നെയ്ത്ത് തുടങ്ങിയ മേഖലയിൽ പുതിയ തലമുറയിൽപ്പെട്ടവർ കടന്നു വരാത്തതുകൊണ്ട് ഈ തൊഴിൽ രംഗം മുരടിച്ചു കിടക്കുന്നു. പഞ്ചായത്തിൽ കാർഷിക മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം വർഷം തോറും കുറഞ്ഞുകൊണ്ടിരിക്കുന്നു അതേ സമയം തൊഴിലില്ലാത്തവരുടെ എണ്ണം അഭൂതപൂർവ്വമായി വർദ്ധിച്ചുകൊണ്ടിരിക്കുയുമാണ്. 421 പുരുഷ തൊഴിലാളികളും 506 സ്ത്രീ തൊഴിലാളികളുമായി ആകെ 927 തൊഴിലാളികളാണ് കാർഷിക മേഖലയിൽ പണിയെടുക്കുന്നത്. കാർഷികമേഖലയിലേക്ക് പുതിയ തലമുറയെ അടുപ്പിക്കുന്നതിനും പരിജ്ഞാനം നൽകുന്നതിനും ആവശ്യമായ അവബോധം ബോധപൂർവ്വം ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്.

## കാർഷികേതര തൊഴിലാളികൾ

കാർഷികമേഖലയെക്കാൾ വർദ്ധിച്ച വേതന നിരക്കും തൊഴിൽ സുരക്ഷിതത്വവും ഈ മേഖലയിലേക്ക് തൊഴിൽ പ്രവാഹം ഉണ്ടാകുന്നതിന് സഹായിച്ചിട്ടുണ്ട്. നിർമ്മാണ തൊഴിലാളികൾ (ചെങ്കൽ തൊഴിലാളികൾ , പൂഴി തൊഴിലാളികൾ) ട്രാൻസ്പോർട്ട് തൊഴിലാളികൾ, സർവ്വീസ് മേഖലയിലെ ജീവനക്കാർ എന്നിവരാണ് പഞ്ചായത്തിലെ കാർഷികേതര തൊഴിലാളികൾ. ഇതിൽ ഏറ്റവും കൂടുതൽ സർവ്വീസ് മേഖലയിലാണ്. അടുത്തകാലത്തായി ഏറ്റവും കൂടുതൽ ആളുകൾ തൊഴിൽ ചെയ്യുന്നത് ചെങ്കൽ മേഖലയിലാണ്. പുരു

ഷൻമാരും സ്ത്രീകളുമായി ആകെ 600 ലധികം തൊഴിലാളികൾ ഇന്ന് ഈ മേഖലയിൽ തൊഴിലെടുക്കുന്നവാണ്. എന്നാൽ ഇത് ഭൂരിഭാഗവും അന്യദേശക്കാരാണ്. റബ്ബർ ടാപ്പിംഗ് രംഗത്ത് അടുത്തകാലത്തായി ഒട്ടേറെ തൊഴിൽ സാധ്യത ഉണ്ടായിട്ടുണ്ട്.

പഞ്ചായത്തിലെ യഥാർത്ഥ തൊഴലില്ലാത്തവരിൽ ഭൂരിപക്ഷവും വനിതകളാണ്, പുതിയ തലമുറയിൽപ്പെട്ട വനിതകൾ കാർഷികമേഖലയിൽ പണിയെടുക്കാൻ സന്നദ്ധമാകുന്നില്ല. 20 നും 30 നും മദ്ധ്യേ പ്രായമുള്ള സ്ത്രീകളിൽ 10% ത്തിൽ താഴെ മാത്രമാണ് ഇന്ന് തൊഴിലെടുക്കുന്നത്.

പഞ്ചായത്തിലെ തൊഴിൽ നിലവാരത്തെക്കുറിച്ചുള്ള പട്ടിക 9 ൽ കൊടുത്തിരിക്കുന്നു.

ഏറ്റവും അധികമുള്ളത്. ചെങ്കൽ തൊഴിലാളി മേഖലയിൽ ട്രേഡ് യൂണിയൻ സജീവമായതിനാൽ ഏകീകരിച്ച കൂലി നിരക്കാണ് നിലവിലുള്ളത്. അതേ സമയം ഖാദി, നൂൽനൂൽപ്പ് യൂണിറ്റ് പോലുള്ളവയിൽ കൂലി വളരെ തുച്ഛമാണ്. പൂഴിവാരൽ തൊഴിലാളികൾ, ടാപ്പിംഗ് തൊഴിലാളികൾ തുടങ്ങിയവരുടെ കൂലിനിരക്കും ഏകീകരിക്കപ്പെട്ടതാണ്.

## പ്രശ്നങ്ങൾ

1. തൊഴിൽ രഹിതരുടെ എണ്ണം കൂടുതലും അതേസമയം തൊഴിലാളികൾ കുറയുകയും ചെയ്യുന്നു.
2. കാർഷിമേഖലയിലെ തൊഴിലാളികൾ മറ്റ് തൊഴിലാളികൾ മേഖലയിലേക്ക് ചേക്കേറുന്നു.

**പട്ടിക 9**

**പഞ്ചായത്തിലെ തൊഴിൽ നിലവാരം - ഒറ്റനോട്ടത്തിൽ**

| വിവര പട്ടിക | പുരു : | സ്ത്രീകൾ | ആകെ |
|---|---|---|---|
| ജനസംഖ്യ | 4266 | 4442 | 8708 |
| തൊഴിലാളികൾ | 1621 | 770 | 2391 |
| അർദ്ധ തൊഴിലാളികൾ | 268 | 276 | 544 |
| കാർഷിക തൊഴിലാളികൾ | 421 | 506 | 927 |
| സർക്കാർ ജീവനക്കാർ | 307 | 59 | 366 |

**അവലംബം : പഞ്ചായത്ത് ലെവൽ സ്റ്റാറ്റിസ്റ്റിക്സ് 95**

പഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന വിഭവങ്ങൾ കൊണ്ടുതന്നെ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും. സഹകരണാടിസ്ഥാനത്തിലോ വ്യക്തിപരമായോ നിരവധി തൊഴിൽ യൂണിറ്റിന് പഞ്ചായത്തിൽ സാധ്യത ഏറെയുണ്ട്.

## കൂലിനിരക്ക്

കൂലിനിരക്കിൽ പ്രാദേശികമായ ഏറ്റക്കുറച്ചിലുകൾ പഞ്ചായത്തിലും കാണാൻ സാധിക്കുന്നുണ്ട്. കാർഷികമേഖലയിലാണ് ഇത്

3. കാർഷികമേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ സ്ഥിരതയും സംരക്ഷണവും മറ്റ് മേഖലയെ അപേക്ഷിച്ച് കുറവാണ്.
4. ട്രൈസം തൊഴിൽ പരിശീലനം നാമമാത്രവും അപര്യാപ്തവുമാണ്.

## സാധ്യതകൾ

1. ലേബർ കോൺട്രാക്ട് സൊസൈറ്റി :-

തൊഴിലാളികൾക്ക് ജോലി സ്ഥിരതയും സർക്കാർ ജീവനക്കാരുടേതു പോലുള്ള




അധികാരവകാശങ്ങൾ നേടുന്നതിനും ഈ സൊസൈറ്റിക്ക് അധികാരമുണ്ടായിരിക്കും. കർഷകന് മെച്ചപ്പെട്ട തൊഴിൽ ലഭ്യമാക്കുന്നതിനും ഇത് സഹായിക്കുന്നു.

2. പഞ്ചായത്തിൽ നിലവിലുള്ള വിഭവങ്ങൾ കൊണ്ടുതന്നെ ഒട്ടേറെ തൊഴിലവസരങ്ങൾ ഉണ്ടാക്കാവുന്ന സ്ഥാപനങ്ങൾ സഹകരണാടിസ്ഥാനത്തിൽ നടത്താവുന്നതാണ്.

3. കർഷക- കർഷകത്തൊഴിലാളികൾ തമ്മിലുള്ള ബന്ധം ശക്തമാക്കണം

4. സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായിക്കുന്നതിന് തൊഴിൽ സഹായ കേന്ദ്രം പഞ്ചായത്ത് തലത്തിൽ ആവിഷ്ക്കരിക്കേണ്ടതാണ്.

# 6. ഊർജ്ജം

**പ**ഞ്ചായത്തിലെ ഊർജ്ജാവശ്യങ്ങളിൽ അടുത്തകാലത്താണ് കാര്യമായ മാറ്റം വന്നത്. പാചകാവശ്യത്തിന് വിറകും വെളിച്ചത്തിന് മണ്ണെണ്ണ വിളക്കുമാണ് ഇപ്പോഴും പഞ്ചായത്തിൽ ഭൂരിഭാഗം ജനങ്ങളും ആശ്രയിക്കുന്നത്. 1978 ലാണ് പഞ്ചായത്തിൽ വൈദ്യുതി വിളക്കുകൾ പ്രകാശിച്ചു തുടങ്ങിയത്. കാർഷിക, വാണിജ്യ ആവശ്യങ്ങൾക്ക് വൈദ്യുതിയെ ആശ്രയിക്കുന്നത് പ്രചാരത്തി ലായത് 1990 മുതലാണ്. മരംമുറി വ്യാപക മായതോടെ പാചകാവശ്യങ്ങൾക്ക് ബദൽ ഉറവിടങ്ങൾ തേടേണ്ട അവസ്ഥ പഞ്ചായത്തിലും ഉണ്ടായിട്ടുണ്ട്. പാചകത്തിന് മണ്ണെണ്ണ ഉപയോഗിക്കുന്നവരുടെ എണ്ണം കൂടിയിട്ടുണ്ട്. ഗ്യാസ് അടുപ്പുകളും നാമമാത്രമായി പഞ്ചായത്തിലുണ്ട്. എന്നാൽ ബയോഗ്യാസ് ഉപയോഗിച്ചുള്ള അടുപ്പുകൾ വളരെ കുറവാണ്.

**വൈദ്യുതി** : പഞ്ചായത്തിനകത്ത് വൈദ്യുതി എത്തി വർഷം 18 കഴിഞ്ഞിട്ടും 65 % കുടുംബങ്ങൾക്കും ഇന്നും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. ആകെയുള്ള 1699 വീടുകളിൽ 364 വീടുകൾക്കൾ മാത്രമേ കണക്ഷൻ ലഭിച്ചിട്ടുള്ളൂ.

പഞ്ചായത്തിലെ ജനങ്ങൾ ഏറ്റവും കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നത് ഗാർഹികാവശ്യങ്ങൾക്കാണ്. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്നതിനു ആകെ 3 LT ട്രാൻസ്ഫോമറുകൾ മാത്രമേ നിലവിലുള്ളൂ. 100 KVA പ്രവർത്തന ശേഷിയുള്ള ഓരോ ട്രാൻസ് ഫോമറുകൾ അടിച്ചേരിയിലും മലപ്പട്ടത്തും 63 KVA പ്രവർത്തനശേഷിയുള്ള ഒരു ട്രാൻസ്ഫോർമർ ചൂളിയാട്ടും ആണ് വൈദ്യുതി വിതരണം ചെയ്യുന്നത്.

പഞ്ചായത്തിൽ ആകെ 446 വൈദ്യുതി ഉപഭോക്താക്കളാണുള്ളത്. ഇതിൽ 364 ഗാർഹിക ഉപഭോക്താക്കളും, വ്യാപാര ആവിശ്യത്തിന് വൈദ്യുതി ഉപയോഗിക്കുന്ന 36 ഉപഭോക്താക്കളും വ്യാവസായിക ആ‌ശ്യത്തിന്

വൈദ്യുതി ഉപയോഗിക്കുന്ന 4 ഉപഭോക്താക്കളുമാണുള്ളത്. കാർഷിക ആവശ്യങ്ങൾക്ക് വൈദ്യുതി ഉപയോഗിക്കുന്ന വരുടെ എണ്ണം 42 ആണ്.

നിലിവിലുള്ള ഉപഭോക്താക്കളെ സംബന്ധിച്ച വിവരങ്ങളും കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകളെ സംബന്ധിച്ച വിവരങ്ങളും പട്ടിക 10, 11 ൽ കൊടുത്തിരിക്കുന്നു.

വയറിങ്ങ് സെക്ഷൻ ആഫീസിൽ രജി സ്റ്റർ ചെയ്യാത്തവർ പഞ്ചായത്തിൽ ഒട്ടനവധി ഉണ്ട്.

പഞ്ചായത്തിൽ ആകെ 22 സ്ട്രീറ്റ് ലൈറ്റുകളാണുള്ളത്. മുഴുവനും 40 W ബൾബുകളാണ്. വോൾട്ടേജ് ക്ഷാമം മൂലവും ഫ്യൂസായ ബൾബുകൾ യഥാസമയം മാറ്റാത്തതിനാലും സ്ട്രീറ്റ് ലൈറ്റിന്റെ യഥാർത്ഥ ഉപയോഗം ലഭിക്കാറില്ല. സ്ട്രീറ്റ് ലൈറ്റിന് വേണ്ടി പഞ്ചായത്ത് പ്രതിമാസം 442 രൂപ അടക്കുന്നുണ്ട്.

മണ്ണെണ്ണ കൂടുതലും ഉപയോഗിക്കുന്നത് വിളക്ക് കത്തിക്കുന്നതിനും പാചകത്തി നുമാണ്. ജലസേചനത്തിനുള്ള മോട്ടോറുകൾ പ്രവർത്തിപ്പിക്കാനും മണ്ണെണ്ണ ഉപയോഗി

### പട്ടിക 10

| പ്രവർത്തനശേഷി | സ്ഥലം |
|---|---|
| 100 K V A | മലപ്പട്ടം |
| 100 K V A | അടിച്ചേരി |
| 63 K V A | ചൂളിയാട് |

**(അവലംബം : ദ്വിതീയ വിവരശേഖരണം വൈദ്യുതി ആഫീസ് )**

**പട്ടിക 11 ഉപഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ**

| | |
|---|---|
| ഗാർഹികം | 364 |
| വ്യാപാരം | 36 |
| വ്യാവസായികം | 4 |
| കാർഷികം | 42 |
| ആകെ | 446 |

**കണക്ഷന് അപേക്ഷിച്ചവർ**

| | |
|---|---|
| Ordinary | 36 |
| OTP | 4 |
| OYEC | 14 |
| **ആകെ** | **54** |

**(അവലംബം : ദ്വിതീയ വിവര ശേഖരണം )**

ക്കുന്നുണ്ട്. മൂന്ന് പൊതുവിതരണ കേന്ദ്രങ്ങൾ വഴി 1366 കാർഡുടമകൾക്കായി 5336 ലിറ്റർ മണ്ണെണ്ണ പ്രതിമാസം പഞ്ചായത്തിൽ വിതരണം നടത്തുന്നു. 80 പെർമിറ്റുകളിലായി 390 ലിറ്റർ മണ്ണെണ്ണ വേറെയും.

മറ്റ് ഇന്ധനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് പാചക ആവശ്യത്തിന് ഉപയോഗിക്കുന്ന വിറകാണ്. ഒരു കുടുംബത്തിൽ വിറകിൻെറ പ്രതിദിന ഉപയോഗം 12-13 Kg ആണ് . കുടുംബങ്ങൾ അണു കുടുംബവ്യവസ്ഥയിലാവുകയും കൂടുതൽ വിറക് ലഭ്യമാകുന്ന കശുമാവ് കൃഷിക്ക് പകരം റബ്ബർ കൃഷിക്ക് രൂക്ഷമായ ക്ഷാമം നേരിടുകയാണ്.

## പ്രശ്നങ്ങൾ

1. രൂക്ഷമായ വോൾട്ടേജ് ക്ഷാമം.
2. പഞ്ചായത്തിൻെറ ഭൂരിഭാഗം പ്രദേശങ്ങളും വൈദ്യുതീകരിച്ചിട്ടില്ല. 65% വീടുകളും വൈദ്യുതീകരിക്കാൻ ബാക്കി.
3. കുറഞ്ഞുക്കൊണ്ടിരിക്കുന്ന വിറകിൻെറയും ലഭ്യത.
4. അശാസ്ത്രീയമായ വിതരണ രീതികൊണ്ട് പ്രസരണ നഷ്ടം കൂടുന്നു.

## സാധ്യതകൾ

1. നിവിലുള്ള ട്രാൻസ് ഫോമറുകളുടെ പ്രവർത്തന ശേഷി വർദ്ധിപ്പിക്കൽ. പഞ്ചായത്തിൽ പുതുതായി 6 ട്രാൻസ്ഫോമറുകളെങ്കിലും സ്ഥാപിക്കുക. അഡൂർ, വെങ്കളേരിക്കുന്ന്, കൊവുന്തല, മേപ്പറമ്പ, 16-ാം പറമ്പ്, കാപ്പാട്കുന്ന് എന്നിവിടങ്ങളിൽ.
2. അശാസ്ത്രീയമായ വിതരണ ക്രമം മാറ്റി ശാസ്ത്രീയമായ വിതരണ രീതി അവലംഭിക്കുക. (ട്രാൻസ്ഫോമറിൻെറ അടുത്ത പ്രദേശത്ത് പോലും വളഞ്ഞവഴിയിലൂടെ കറണ്ട് എത്തിക്കുന്ന രീതി മാറ്റുക)
3. വൃക്ഷക്കൊമ്പുകൾ തട്ടിയും, മറ്റുവിധത്തിൽ ഭൂമിയുമായി സമ്പർക്കത്തിൽ വന്നും ഉണ്ടാവുന്ന വൈദ്യുതി നഷ്ടം പരിഹരിക്കാനാവശ്യമായ നടപടി കൈക്കൊള്ളുക. എല്ലായിടങ്ങളിലും ത്രീഫേസ് സൗകര്യം ഏർപ്പെടുത്തുകയും ഓരോ ലൈനിലെയും കണക്ഷനുകളുടെയും എണ്ണം ഏകീകരിക്കുക. വൈദ്യുതിയുടെ ദുർവ്യയം കർശനമായി തടയുക.
4. കൊളന്ത പാർത്തോട്ടം മുനമ്പ്, തേക്കിൻ കൂട്ടം, വളയംവെളിച്ചം മേപ്പറമ്പ, ലക്ഷം വീട് കോളനി, കാനം ഭാഗം എന്നീ പ്രദേശങ്ങൾ വൈദ്യുതികരിക്കുക. പഞ്ചായത്തിലെ മുഴുവൻ വീടുകളും വൈദ്യുതീകരിക്കാൻ നടപടികൾ കൈക്കൊള്ളുക.
5. ഗവ: ഹൈസ്ക്കൂൾ, ആയുർവേദാശുപത്രി, ശിശുമന്ദിരം, വില്ലേജ് ആഫീസ്, കൃഷിഭവൻ ജി. ആർ. ഡി, കൊളന്ത ഹെൽത്ത് സെൻെറർ വി. ഇ. ഒ. ഓഫീസ് എന്നീ സ്ഥാപനങ്ങൾ വൈദ്യുതീകരിക്കുക.
6. പുതിയ പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെക്കുറിച്ച് ജനങ്ങള ബോധവൽക്കരിക്കുക. ഇത്തരം സംവിധാനങ്ങൾ പഞ്ചായത്തിൽ വ്യാപകമാക്കാൻ നടപടികൾ കൈക്കൊള്ളുക.
7. വൈദ്യുതി എത്തിക്കാൻ പ്രയാസമുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് സൗജന്യ നിരക്കിൽ സൗരോർജ്ജ വിളക്കുകൾ ലഭ്യമാക്കുക.
8. കൊവുന്തല വെസ്റ്റ് ഹിൽ, 16-ാം പറമ്പ് എന്നിവിടങ്ങളിൽ കാറ്റിൽ നിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികളുടെ സാധ്യതകൾ ആരായാൻ നടപടികൾ കൈക്കൊള്ളുക.
9. പഴകി ദ്രവിച്ച ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുകയും അയഞ്ഞ് തൂങ്ങിയ ലൈനുകൾ പുനസംവിധാനം ചെയ്യുകയും ചെയ്യുക.
10. ഇരിക്കൂർ ബ്ലോക്ക് കേന്ദ്രമാക്കി അനർട്ടിൻെറ ആഫീസ് തുറന്ന് പ്രവർത്തിപ്പിക്കുക.
11. കൂടുതൽ പെർമിറ്റ് നൽകി കൂടുതൽ മണ്ണെണ്ണ ലഭ്യമാക്കുകയും മണ്ണെണ്ണ സ്റ്റൗ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
12. പഞ്ചായത്തിലെ എല്ലാ വീടുകളിലും ഇന്ധന ദക്ഷത കൂടിയ അടുപ്പുകൾ സ്ഥാപിക്കുകയും അത്തരം അടുപ്പുകളുടെ ശാസ്ത്രീയ ഉപയോഗത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്യും.
13. നിവിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ കാര്യക്ഷമമാക്കുകയും താഴെ പറയുന്ന സ്ഥലങ്ങളിൽ പുതുതായി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക.

(1) അഡൂർ വായനശാല മുതൽ ഓണപ്പറമ്പ് വരെ-

(2) മലപ്പട്ടം സെൻറർ മുതൽ കൃഷ്ണപ്പിള്ള വായനശാല വരെ-
(3) വളയംവെളിച്ചം പറയങ്കര റോഡ്
(4) ചേടിച്ചേരി - താഴെചിറ
(5) മലപ്പട്ടം പറമ്പ് യു. പി. സ്ക്കൂൾ
(6) ചൂളിയാട് ബസ്സ്റ്റോപ്പ് - കടവ്

14. സാംസ്ക്കാരിക സ്ഥാപനങ്ങൾക്ക് സൗജന്യ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുക.
പവർലൈൻ മാപ്പിങ്ങ് നടത്തുക.

15. കൊളന്ത ഹരിജൻ കോളനി മുതൽപഞ്ചായത്ത് സ്ട്രീറ്റ് ലൈറ്റ്

16. മലപ്പട്ടത്ത് തെർമ്മൽ പവർ സ്റ്റേഷൻ സ്ഥാപിക്കാനുള്ള നടപടി ഏറ്റെടുക്കുക.

17. മലപ്പട്ടത്ത് വൈദ്യുതി ചാർജ് ഈടാക്കാനുള്ള ഒരു ഓഫീസും, ലൈൻമാൻ ആഫീസും സ്ഥാപിക്കുകയും ചെയ്യുക.

18. ഗ്യാസ് ഏജൻസി സഹകരണാടി സ്ഥാനത്തിൽ സ്ഥാപിക്കുക.




# 7. വിദ്യാഭ്യാസം

മുൻകാലങ്ങളിൽ നമ്പൂതിരി ഇല്ലങ്ങളിൽ ഗുരുകുല വിദ്യാഭ്യാസമാണ് നിലനിന്നിരുന്നത്. പിന്നീട് (100 വർഷങ്ങൾക്കുമുമ്പ്) രാമർ ഗുരുവാണ് ആദ്യമായി ഒരു വിദ്യാലയം സ്ഥാപിച്ചത്. (ഇപ്പോഴത്തെ RGM UPS) സംസ്കൃത കാവ്യ രൂപങ്ങളായിരുന്നു പ്രധാന പാഠ്യവിഷയം. എഴുതാനുള്ള മാധ്യമമായി നാരായവും മണലും ഉപയോ ഗിച്ചു. 1940 ൽ കാപ്പാട്ട് കുന്ന് എൽ.പി. സ്ക്കൂളും തുടർന്ന് ചൂളിയാട് എൽ.പി സ്ക്കൂളും സ്ഥാപിച്ചു. 1958 ലാണ് കൊളന്ത എൽ.പി. സ്ക്കൂൾ സ്ഥാപിച്ചത്. വ്യക്തമായ സേവന-വേതന വ്യവസ്ഥയൊന്നും അന്ന് ഉണ്ടായിരുന്നില്ല. കൊല്ലത്തിൽ ഒരിക്കൽ ഗ്രാൻറ് ലഭിച്ചാൽ മാനേജർ നൽകുന്ന തുച്ഛമായ തുകയാണ് അദ്ധ്യാപകരുടെ ശമ്പളം. വിദ്യാഭ്യാസം അനിവാര്യ ഘടകമായി അന്നത്തെ ആളുകൾ കരുതിയിരുന്നില്ല. ദേശീയ പ്രസ്ഥാനത്തിൻെറയും കർഷകപ്രസ്ഥാനത്തിൻെറയും സാംസ്ക്കാരിക നവോത്ഥാന പ്രസ്ഥാനത്തിൻെറയും ആവിർഭാവത്തോടെയാണ് ഈ നിലയ്ക്ക് മാറ്റം വന്നത്.

1981 ൽ മാത്രമാണ് പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾ നിലവിൽ വന്നത്. അതുവരെ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് വേണ്ടി ശ്രീകണ്ഠാപുരം, മയ്യിൽ, പറശ്ശിനിക്കടവ്, കൂടാളി എന്നിവിടങ്ങളിലെ സ്ക്കൂളുകളെയാണ് ആശ്രയിച്ചിരുന്നത്.

മലപ്പട്ടം ഗ്രാമപഞ്ചായത്തിൽ ഒരു ഹൈ സ്ക്കൂൾ, ഒരു യു. പി. സ്ക്കൂൾ, മൂന്ന് എൽ. പി. സ്ക്കൂൾ എന്നിവ പ്രവർത്തിക്കുന്നു. മതപഠനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന മൂന്ന് മദ്രസ്സകളും പഞ്ചായത്തിലുണ്ട്. ഇതിൽ ഹൈ സ്ക്കൂൾ ഒഴികെ പ്രൈമറി വിദ്യാലയങ്ങളെല്ലാം തന്നെ എയിഡഡ് മേഖലയിലാണ്. 1981 ലാണ് ഗവ: ഹൈസ്ക്കൂൾ നിലവിൽ വന്നത്. ഇത് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലവും കെട്ടിടവും മറ്റ് ഭൗതീക സൗകര്യങ്ങളും നാട്ടുകാരുടെ സംഭാവനയാണ്. ഉപരി പഠനത്തിനാവശ്യമായ സ്ഥാപനങ്ങളോ, മറ്റ് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഈ പഞ്ചായത്തിലില്ല. മലപ്പട്ടം സെൻറർ കേന്ദ്രീകരിച്ച് ഒരു ടൈപ്പ്റൈറ്റിംങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തി ക്കുന്നുണ്ട്. ഉപരി പഠനത്തിനുള്ള സൗകര്യങ്ങൾ ഒന്നും തന്നെ ഇല്ലാത്തത് കൊണ്ട് ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ മറ്റു പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ് ആശ്രയിക്കുന്നത്. ദീർഘദൂരം യാത്ര ചെയ്ത് ജില്ലാ ആസ്ഥാനമായ കണ്ണൂരിലും താലൂക്ക് ആസ്ഥാനമായ തളിപ്പറമ്പിലും സമീപ

പ്രദേശങ്ങളായ ശ്രീകണ്ഠാപുരം, ഇരിക്കൂർ, മയ്യിൽ എന്നിവിടങ്ങളിലും പോയി ഉപരിപഠനം നേടുന്നു. ഡോക്ടർമാർ, എൻജിനിയർ മറ്റ് സാങ്കേതിക വിദ്യാഭ്യാസം നേടിയവർ എന്നിവർ വിരലിലെണ്ണാവുന്നവർ മാത്രമാണ്. 1301 വിദ്യാർത്ഥികൾ പഞ്ചായത്തിലുള്ള വിദ്യാലയങ്ങളിൽ പഠനം നടത്തുന്നുണ്ട്. ഇതിൽ 656 ആൺകുട്ടികളും 645 പെൺകുട്ടികളുമുണ്ട്. ഇതിനു പുറമേ ജി. എച്ച്.എസ് ശ്രീകണ്ഠാപുരം, ഇരിക്കൂർ പ്ലസ്ടു, കെ. പി. സി. സ്ക്കൂൾ പട്ടാന്നൂർ, ജി. എച്ച്. എസ്. മയ്യിൽ, ദേശമിത്രം യു. പി. ചേടിച്ചേരി, എ.യു.പി. എസ് ചെങ്ങളായി, എ.യു.പി.എസ് കോട്ടൂർ, ചേടിച്ചേരി എൽ.പി.എസ് എന്നിവിടങ്ങളിലായി 450-ൽ അധികം വിദ്യാർത്ഥികൾ പഠനം നടത്തുന്നു.

നമ്മുടെ പഞ്ചായത്തിൽ ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ പ്രവർത്തിക്കുന്നില്ലെങ്കിലും സമീപ പഞ്ചായത്തിലെ ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളിൽ പത്തോളം വിദ്യാർത്ഥികൾ പോകുന്നുണ്ട്. ആകെ 43 അധ്യാപകർ പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ ജോലി ചെയ്യുന്നു.

പഞ്ചായത്തിൽ പൊതുവിൽ ഒരു കിലോമീറ്റർ ചുറ്റളവിൽ പ്രൈമറി വിദ്യാലയങ്ങൾ ഉണ്ടെങ്കിലും അഡൂർ, അടുവാപ്പുറം, അടിച്ചേരി എന്നീ പ്രദേശങ്ങളിലെ ചിലഭാഗത്തുള്ള കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിന് 2 കിലോമീറ്ററിലധികം നടക്കേണ്ട നിലയുണ്ട്.

ഗവ: ഹൈസ്ക്കൂളിൽ വേണ്ടത്ര കെട്ടിടങ്ങളും, ഫർണീച്ചറും ഇല്ല. മൂത്രപ്പുര, കക്കൂസ് എന്നിവയും ആവശ്യത്തിനില്ല. എ.എൽ.പി. എസ് ചൂളിയാട് ഒഴികെ മറ്റു വിദ്യാലയങ്ങളിൽ ഒന്നും വൈദ്യുതീകരിച്ചിട്ടില്ല. പ്രൈമറി വിദ്യാലയങ്ങളിൽ മിക്കതിനും ആവശ്യമായത്ര ഫർണീച്ചറുകൾ, മൂത്രപ്പുര, കക്കൂസ് എന്നിവയില്ല. മലപ്പട്ടം മാപ്പിള എ. എൽ. പി. സ്ക്കൂളിൽ കുടിവെള്ളത്തിനാവശ്യമായ കിണർ ഇല്ല. ആർ.ജി. യം. യു.പി.സ്ക്കൂൾ ഒഴികെ മറ്റ് വിദ്യാലയങ്ങളിൽ കുടിവെള്ള വിതരണത്തിന് പ്രത്യേക സംവിധാനമില്ല. കൊളന്ത എ. എൽ. പി. ഒഴികെ മറ്റ് വിദ്യാലയങ്ങളിൽ പാചകമുറി ഇല്ല. ആർ.ജി.യം യു.പി.സ്ക്കൂളിൽ ഒഴികെ മറ്റ് പ്രൈമറി വിദ്യാലയങ്ങളിൽ സ്റ്റാഫ്റൂം ഇല്ല. പ്രൈമറി വിദ്യാലയങ്ങളിൽ ഒന്നും തന്നെ ആവശ്യമായത്ര കളിസ്ഥലമില്ല.

ഗവ: ഹൈസ്ക്കൂളിൽ പഠനോപകരണങ്ങൾ (ചാർട്ടുകൾ, ഗ്ലോബുകൾ, മാപ്പുകൾ) വേണ്ടത്ര ഇല്ല. അതുപോലെ പ്രൈമറി വിദ്യാലയങ്ങളിൽ ഒന്നും തന്നെ വേണ്ടത്ര പഠനോപകരണങ്ങൾ ഇല്ല. പഞ്ചായത്തിലുള്ള വിദ്യാലയങ്ങളിലൊന്നും റേഡിയോ ഒഴികെയുള്ള മറ്റ് ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ.

അധ്യാപക-രക്ഷാകർത്തൃസമിതി, മാതൃസംഗമം എന്നിവ എല്ലാ വിദ്യാലയങ്ങളിലും രൂപീകരിച്ചിട്ടുണ്ടെങ്കിലും ചില വിദ്യാലയങ്ങളിൽ സജീവമായി പ്രവർത്തിക്കുന്നില്ല. ക്ലാസ്സ് പി.ടി.എ ചില വിദ്യാലയങ്ങളിൽ രൂപീകരിച്ചിട്ടുണ്ടെങ്കിലും അവ വേണ്ടത്ര സജീവമല്ല. ഗവ: ഹൈസ്ക്കൂളിലെ പി.ടി.എ യും മലപ്പട്ടം വികസന സമിതിയും മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ച വെച്ചിട്ടുണ്ട്. അനെർട്ടിൻെറ സഹായത്തോടു കൂടി കാറ്റാടി ഉപയോഗിച്ചുള്ള പമ്പ് സ്ഥാപിക്കുവാനും സ്ക്കൂളിനാവശ്യമായ ഭൗതീക സൗകര്യം ഏർപ്പെടുത്തുവാനും കഴിഞ്ഞിട്ടുണ്ട്. ചില വിദ്യാലയങ്ങളിൽ പഠനത്തിൽ മുന്നിട്ടു നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പി. ടി. എ അവാർഡ് നൽകുന്നുണ്ട്.

100 ശതമാനം സാക്ഷരത നേടുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ടെങ്കിലും സാക്ഷരതാ തുടർവിദ്യാഭ്യാസ പരിപാടി ഏറ്റെടുത്ത് നടത്തുവാൻ സാധിക്കാത്തതുകൊണ്ട് പഞ്ചായത്തിലെ ചില വാർഡുകളിൽ നിരക്ഷരരായ ജനങ്ങളെകാണുവാൻ കഴിയും.

വിദ്യാലയങ്ങളിലെ പഠന നിലവാരത്തെ കുറിച്ച് വിശദമായ പഠനം നടത്തുവാൻ സാധിച്ചിട്ടില്ലെങ്കിലും 1996 ആഗസ്തിൽ നടത്തിയ പാദവാർഷിക പരീക്ഷയുടെ വിവരം പട്ടിക 21 (C) യിൽ കൊടുത്തിരിക്കുന്നു.

ഇത് വ്യക്തമാക്കുന്നത് ഹൈസ്ക്കൂൾ വിഭാഗത്തിലെ കുട്ടികൾ ഭൂരിഭാഗവും ആവശ്യമായ മിനിമം നിലവാരത്തിലും താഴെയാണ് എന്നാണ്. അതുപോലെ 60 ശതമാനത്തിൽ കൂടുതൽ മാർക്ക് വാങ്ങുന്നവർ

എൽ.പി. വിഭാഗത്തിൽ 44 ശതമാനമാണെങ്കിലും തുടർന്നങ്ങോട്ട് കുറഞ്ഞു വരികയും ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ എത്തുമ്പോഴേക്കും 2 ശതമാനമായി ചുരുങ്ങുകയും ചെയ്യുന്നു. അഞ്ച് വർഷത്തെ എസ്.എസ്.എൽ.സി വിജയശതമാനം പരിശോധിച്ചാൽ മനസ്സിലാകുന്നത് 91-92 ൽ 91% വിജയം നേടുവാൻ സാധിച്ചെങ്കിലും തുടർന്ന് ഇങ്ങോട്ടുള്ള വർഷങ്ങളിലുള്ള വിജയം 61 നും 65 നും ശതമാനത്തിനിടയിലാണ് എന്നാണ്.

വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിൻെറ ഭാഗമായി. മലപ്പട്ടം പഞ്ചായത്ത് വികസന സമിതിയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ സമിതി രൂപീകരിക്കുകയും വിദ്യാലയങ്ങളിലെ അധ്യാപകരെ വിളിച്ച് ചേർത്ത് വിദ്യാഭ്യാസ നിലവാരം എങ്ങിനെ ഉയർത്താം എന്നതിനെ പ്പറ്റി ചർച്ച സംഘടിപ്പിക്കുകയും ചെയ്തു. ആ ചർച്ചയിൽ നിന്നും ഉരുത്തിരിഞ്ഞ് വന്ന നിർദ്ദേശത്തിൻെറ അടിസ്ഥാനത്തിൽ പല പ്രധാന തീരുമാനങ്ങൾ

### പട്ടിക 23 (c) സ്ക്കൂളുകളിലെവിജയശതമാനം

| വിഭാഗം | ആകെ കുട്ടികൾ | 30% ൽ താഴെ മിനിമം നില വാരത്തിലും താഴെ | ശതമാനം | 60% ൽ കൂടുതൽ | ശതമാനം |
|---|---|---|---|---|---|
| എൽ.പി. | 261 | 28 | 11 | 116 | 44 |
| യു. പി. | 322 | 65 | 20 | 83 | 26 |
| എച്ച്. എസ് | 487 | 227 | 47 | 12 | 2 |

(അവലംബം : ദ്വിതീയ വിവര ശേഖരണം)

### പട്ടിക 26

| പഠിക്കുന്ന സ്ക്കൂൾ | ലപ്സം ഗ്രാൻറ് കിട്ടുന്ന കുട്ടികൾ | ലപ്സം ഗ്രാൻറ് കിട്ടാത്തവർ |
|---|---|---|
| കൊളന്ത എ.എൽ.പി.സ്ക്കൂൾ | 11 | 66 |
| മലപ്പട്ടം മാപ്പിള ALPS | 6 | |
| ALPS ചൂളിയാട് | 7 | - |
| R.G.M.U.P | 39 | (ഇതിൽ 58 കുലാല വിദ്യാർത്ഥികൾ ഉൾപ്പെടും) |
| A.K.S, G.H.S | 51 | - |

(അവലംബം : ദ്വിതീയ വിവരശേഖരണം)

എടുത്തിരുന്നെങ്കിലും കൊളന്ത എ.എൽ. പി.എസ്. മാത്രമാണ് ഇവ ഫലപ്രദമായി നടപ്പിലാക്കാൻ സന്നദ്ധമായിട്ടുള്ളത്.

ഹൈസ്ക്കൂൾ വിഭാഗം കലാമത്സരത്തിൽ എ.കെ. എസ്. ജി.എച്ച് . എസ്. ന് തബലയിൽ ജില്ലാ-സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കുവാൻ കഴി ഞ്ഞിട്ടുണ്ട്. മുൻവർഷങ്ങളിൽ കായിക മത്സരങ്ങളിൽ ജില്ലാതലത്തിൽ സമ്മാനം നേടുവാൻ കഴിഞ്ഞിട്ടുണ്ട്.

പ്രൈമറി തലത്തിൽ കൊളന്ത എ.എൽ.പി. സ്ക്കൂളിലെ 3 കുട്ടികൾക്ക് ലോവർ സെക്കൻഡറി സ്ക്കോളർഷിപ്പ് ലഭിച്ചിട്ടുണ്ട്. (1995-96 ൽ) . സബ്ജില്ലാതലത്തിൽ ശാസ്ത്ര പ്രദർശനത്തിൽ (1995 -ൽ) കൊളന്ത എ.എൽ.പി. സ്ക്കൂളിന് ഓവറോൾ ചാമ്പ്യൻഷിപ്പ് കിട്ടിയിട്ടുണ്ട്. കലാകായിക രംഗങ്ങളിൽ പ്രൈമറി വിദ്യാലയങ്ങളുടെ സ്ഥിതി പരിതാപകരമാണ്.

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് വായനശാലകൾ, കലാസമിതികൾ, ക്ലബ്ബുകൾ എന്നിവ നാമമാത്രമായി പ്രവർത്തിക്കുന്നു. വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുക, മികച്ച വിദ്യാർത്ഥികൾക്ക് അവാർഡ് നൽകുക തുടങ്ങിയ പ്രവർത്തനങ്ങളും നടത്തുന്നു.

## പ്രശ്നങ്ങൾ

1. എസ്.എസ്.എൽ.സി വിജയശതമാനം തൃപ്തികരമല്ല.
2. ഹൈസ്ക്കൂൾ ക്ലാസ്സുകളിലെ വിജയശതമാനം ആശങ്കാജനകമാണ്.
3. പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനമോ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഒന്നും തന്നെ ഇല്ല.
4. അടുവാപ്പുറം, അടിച്ചേരി, ചൂളിയാട് കടവ് എന്നീ പ്രദേശങ്ങളിലെ ചില ഭാഗങ്ങളിലെ കുട്ടികൾക്ക് പ്രൈമറി വിദ്യാലയങ്ങളിൽ എത്തിച്ചേരുവാൻ പ്രയാസം അനുഭവപ്പെടുന്നു.
5. അധൂരിലുള്ള കുട്ടികൾക്ക് കടവ് കടന്ന് പോകേണ്ടിവരുന്നു.
6. പഞ്ചായത്തിൽ നിന്നും സമീപ പഞ്ചായത്തിലേക്ക് പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം കൂടി വരുന്നു.
7. വിദ്യാലയങ്ങളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നു.
8. സംസ്കൃതം, അറബി, ഉർദു, സംഗീതം, ഡ്രോയിങ്ങ് എന്നിവയ്ക്ക് ഹൈസ്ക്കൂളിൽ പഠനസൗകര്യമില്ല.
9. വിദ്യാലയങ്ങളിലെ ഭൗതീക സൗകര്യങ്ങൾ പരിമിതമാണ്.
10. പാഠ്യാനുബന്ധപ്രവർത്തനങ്ങൾ ഫലപ്രദമല്ല.
11. അക്കാദമിക് സൗകര്യങ്ങൾ തൃപ്തികരമല്ല.
12. രാത്രിയിലും രാവിലെയുമുള്ള മദ്രസാപഠനം വിദ്യാർത്ഥികളുടെ സ്ക്കൂൾ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു.
13. ചില വിദ്യാലയങ്ങളിൽ പി.ടി.എ, മാതൃസമിതി ക്ലാസ്സ് പി.ടി.എ എന്നിവയുടെ പ്രവർത്തനം സജീവമല്ല.
14. എൽ.പി. സ്ക്കൂളുകളിൽ ക്ലാസ് വേർതിരിവില്ല.
15. വിദ്യാലയങ്ങളിലെ വൈദ്യുതി ഇല്ലായ്മ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു.
16. വൈദ്യുതി ക്ഷാമം ഗൃഹപഠനത്തെ ബാധിക്കുന്നു. ഗൃഹപഠനം കാര്യക്ഷമമായി നടക്കുന്നില്ല.
17. ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് മുഴുവനും ഉച്ചക്കഞ്ഞി ലഭിക്കുന്നില്ല.
18. പ്രൈമറി വിദ്യാലയങ്ങളിൽ കലാ-കായിക അധ്യാപകരുടെ ഇല്ലായ്മ.
19. പഞ്ചായത്ത് കേന്ദ്രീകരിച്ചുള്ള കലാകായിക പഠനകേന്ദ്രത്തിൻെറ അഭാവം.
20. അശാസ്ത്രീയമായ പഠനസമ്പ്രദായം, ഭാരിച്ച പാഠ്യ-പദ്ധതി എന്നിവ പ്രയാസം സൃഷ്ടിക്കുന്നു.
21. പാഠ പുസ്തകങ്ങൾ യഥാസമയത്ത് ലഭിക്കാത്ത അവസ്ഥ

## സാധ്യതകൾ

1. പഞ്ചായത്ത് തലത്തിൽ സ്ക്കൂൾ കോംപ്ലക്സ് രൂപീകരിച്ച് ''ഗുരുകുലം '' പദ്ധതി ഫലപ്രദമായി നടപ്പിലാക്കുക.
2. ഹൈസ്ക്കൂളിനോടനുബന്ധിച്ച് യു. പി. സ്ക്കൂൾ സ്ഥാപിക്കുക.
3. ഹൈസ്ക്കൂളിനോടനുബന്ധിച്ച് പ്ലസ്ടു കോഴ്സ്, തൊഴിലധിഷ്ഠിത കോഴ്സ്

## മലപ്പട്ടം ഗ്രാമപഞ്ചായത്ത്
## പട്ടിക 31 സ്ക്കൂളിന്റെ ഭൗതീക സൗകര്യങ്ങളുടെ വിവരം

| സ്ക്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങൾ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം/മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല - കിണർ, പൈപ്പ് | വൈദ്യുതീകരണം ഉണ്ട്/ഇല്ല | പാചകമുറി | സ്റ്റാഫ് റൂം | നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ? മതിയാകും/ഇല്ല | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | | | | | | | | | | | | | ഡസ്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| എ. കെ. എസ് ഗവ: ഹൈ സ്കൂൾ മലപ്പട്ടം | 11 | 4 | 4 | - | 10 | 6 | - | 2 | ഉണ്ട് | 1 | 4 | 3 | 1 | ഇല്ല | ഉണ്ട് കിണർ | ഇല്ല | - | ഉണ്ട് | ഇല്ല | 30 | 30 | 16 | 16 | അലമാര -2 റേക്ക്-2 |
| കൊളന്ത എ. എൽ. പി.എസ് | 4 | 1 | - | - | ഹാൾ | - | - | - | - | 1 | 10 | 1 | ഇല്ല | - | ഉണ്ട് കിണർ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 20 | 10 | 4 | 4 | മേശ 1 ഷെൽഫ്-1 കസേര -3 |
| മലപ്പട്ടം മാപ്പിള എ. എൽ. പി സ്കൂൾ | 4 | 1 | - | - | 4 | - | - | 1 | ഉണ്ട് | ഇല്ല | - | 2 | ഇല്ല | - | ഇല്ല | ഇല്ല | ഇല്ല | ഇല്ല | മതിയാവും | - | - | - | - | ഷെൽഫ്-1 |
| ചൂളിയാട് എ. എൽ. പി. സ്കൂൾ | 6 | 1 | 3 | - | 1 | 5 | - | 3 | ഉണ്ട് | 1 | 8 | 1 | ഇല്ല | - | കിണർ | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 12 | 12 | 3 | 5 | കസേര-2 ഷെൽഫ്-1 |
| ആർ. ജി. എം. യുപിഎസ് | 12 | 2 | 3 | - | 2 | 10 | - | - | - | 2 | 10 | - | 2 | - | കിണർ | | ഇല്ല | ഇല്ല | ഉണ്ട് | - | 10 | - | - | 12 - |

(അവലംബം : ദ്വിതീയ വിവര ശേഖരണം)

## മലപ്പട്ടം ഗ്രാമപഞ്ചായത്ത്
## പട്ടിക 32. അക്കാദമിക് നിലവാരം.

| ക്ലാസ്സ് | ആകെ | കുട്ടികളുടെ പൊതുനിലവാരം | | | | | SSLC വിജയശതമാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | 30% താഴെ കുട്ടികൾ | 30-40 മാർക്ക് നേടുന്നവർ | 40-50 ശതമാനം നേടുന്നവർ | 50-60 ശതമാനം നേടുന്നവർ | 60% ത്തിൽ ശതമാനം നേടുന്നവർ | 91-92 കൂടുതൽ നേടുന്നവർ | 92-93 | 93-94 | 94-95 | 95-96 |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 3 | 124 | 16 | 15 | 21 | 25 | 47 | | | | | |
| 4 | 137 | 12 | 10 | 23 | 23 | 69 | | | | | |
| 5 | 120 | 7 | 19 | 29 | 20 | 45 | | | | | |
| 6 | 100 | 32 | 22 | 13 | 7 | 25 | | | | | |
| 7 | 102 | 26 | 23 | 29 | 10 | 13 | | | | | |
| 8 | 180 | 90 | 40 | 30 | 16 | 4 | | | | | |
| 9 | 160 | 82 | 36 | 24 | 15 | 3 | | | | | |
| 10 | 147 | 55 | 32 | 45 | .10 | 5 | 91% | 65% | 62% | 61% | 62% |

(അവലംബം : ദ്വിതീയ വിവര ശേഖരണം)

## മലപ്പട്ടം ഗ്രാമപഞ്ചായത്ത്
### പട്ടിക 33. കുട്ടികൾക്ക് ലഭിച്ചിട്ടുള്ള അവാർഡുകളെ സംബന്ധിക്കുന്ന വിവരം

| സ്ക്കൂളിൻെറ പേര് | ഇന വിവരം | ജില്ലാതലത്തിൽ | | | സംസ്ഥാനതലത്തിൽ | | | ദേശീയതലത്തിൽ | | |
|---|---|---|---|---|---|---|---|---|---|---|
| | | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ കുട്ടികൾ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ കുട്ടികൾ | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ കുട്ടികൾ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| എ. കെ. എസ് ജി. എച്ച്. എസ് | തബല | 1 | - | 1 | 1 | - | 1 | - | - | - |
| ചൂളിയാട് എ. എൽ. പി. സ്കൂൾ | - | - | - | - | - | - | - | - | - | - |
| മാപ്പിള എ. എൽ. പി. എസ് | - | - | - | - | - | - | - | - | - | - |
| കൊളന്ത എ. എൽ. പി. എസ് (95-96) | L.S.S | - | - | - | 1 | 2 | 3 | - | - | - |
| | ശാസ്ത്ര പ്രദർശനം | സബ്ജില്ലാശാസ്ത്ര പ്രദർശനത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ് നേടി. | | | | | | | | |
| ആർ.ജി.എം.യു. പി.എസ് | മെറിറ്റടിസ്ഥാനം | 1 | - | 1 | - | - | - | - | - | - |

## മലപ്പട്ടം ഗ്രാമപഞ്ചായത്ത്
## പട്ടിക 34 ചെലവ് സംബന്ധിച്ച വിവരങ്ങൾ (ആവർത്തന സ്വഭാവമുള്ളത്)

| സ്കൂളിന്റെ പേര് | ചെലവ് | | | | | | | | വരവ് A | | | വരവ് B | | | | ആകെ വരവ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | കെട്ടിടത്തിന്റെ അറ്റകുറ്റപണികൾക്ക് | ഉപകരണങ്ങൾ/ ഫർണിച്ചറുകൾ അറ്റകുറ്റപണിക്ക് | ഉപകരണങ്ങൾ രാസവസ്തുക്കൾ ഉപയോഗത്തിനുള്ള സാധനങ്ങൾ | സ്പോർട്ട്സ് | കലാ-വിനോദങ്ങൾക്കൾ | ലൈബ്രറികൾക്ക് | ഉച്ചക്കഞ്ഞിക്ക് | മറ്റിനങ്ങൾക്ക് | സർക്കാർ | തദ്ദേശസ്ഥാപനങ്ങൾ | ആകെ | ഫീസിനത്തിൽ | എൻഡോവ്മെന്റ് | പി.ടി.എ. ഫണ്ട് | മറ്റുമാർഗ്ഗത്തിലുള്ള വരവ് | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| എ.കെ. എസ് ഗവ: ഹൈസ്കൂൾ മലപ്പട്ടം | 71,175 | 825 | 910 | 1250 | 1150 | 860 | | 1631 | | | | 8623 | | 15,275 | 50900 | 74,798 |
| എ. എൽ.പി.സ്ക്കൂൾ കൊളന്ത | 1500 | 1200 | 350 | - | 1794 | - | 3740 | 100 | 1005 | - | 1005 | - | - | 350 | 4169 | |
| മാപ്പിള എ. എൽ.പി സ്ക്കൂൾ | 3000 | 500 | - | 200 | 500 | - | 5000 | - | 2325 | - | - | - | - | 2000 | - | 2000 |
| എ.എൽ.പി. സ്ക്കൂൾ ചൂളിയാട് | 1750 | 350 | - | - | 116 | - | 2638 | | | | | | | 635 | | |
| ആർ.ജി.എം.യു.പി. സ്ക്കൂൾ മലപ്പട്ടം | | | | 250 | 650 | 250 | 4000 | 754489 | 760689 | - | 755689 | 3000 | - | 2000 | | |

(അവലംബം : ദ്വിതീയ വിവര ശേഖരണം)

## മലപ്പട്ടം ഗ്രാമപഞ്ചായത്ത്
### പട്ടിക 35. സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| ക്രമനമ്പർ | സ്കൂളിന്റെ പേര് | മെറിറ്റ് സ്കോളർഷിപ്പ് | ലപ്സം ഗ്രാൻറ് | മുസ്ലിം പെൺ കുട്ടികളുടെ സ്കോളർ ഷിപ്പ് | വികലാംഗ സ്കോളർ ഷിപ്പ് | ജവാൻമാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | എ.കെ. എസ് ഗവ: ഹൈ സ്ക്കൂൾ മലപ്പട്ടം | | 51 (കുലാല) | 40 | 2 | - |
| 2 | കൊളന്ത | ഇല്ല | 11 | ഇല്ല | ഇല്ല | ഇല്ല |
| 3 | മലപ്പട്ടം മാപ്പിള എ.എൽ. പി. സ്ക്കൂൾ | ഇല്ല | 6 | - | - | - |
| 4 | എ.എൽ.പി. സ്ക്കൂൾ ചൂളിയാട് | ഇല്ല | 7 | - | - | 1 |
| 5 | ആർ.ജി. എം. യു.പി. സ്ക്കൂൾ മലപ്പട്ടം | 1 | 39 | 49 | - | 5 |

(അവലംബം : ദ്വിതീയ വിവര ശേഖരണം)

## മലപ്പട്ടം ഗ്രാമപഞ്ചായത്ത്
## പട്ടിക 36. അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിൻെറ പേര് | ലൈബ്രറി ഉണ്ട്/ഇല്ല. പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല | ലബോറട്ടറി/സയൻസ് കോർണർ ഉണ്ട്/ ഇല്ല. പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല. | പഠനോപകരണങ്ങൾ (മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ) വേണ്ടത്ര ഉണ്ട്/ ഇല്ല | ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ - എണ്ണം | | | | | | | | ബ്ലാക്ക് ബോർഡ് | | 95-95ൽ ലഭിച്ച അധ്യയന ദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അധ്യയന ദിനങ്ങൾ | പ്രത്യേക പൊതു അവധികളിലൂടെ നഷ്ടപ്പെട്ട അധ്യയന ദിനങ്ങളുടെ എണ്ണം | മാതൃസംഗമം സജീവം/ സജീവമല്ല | ക്ലാസ് പി.ടി.എ കൾ പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല. |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | റേഡിയോ | ടേപ്പ് റെക്കോർഡർ | ടി.വി. സെറ്റ് | വി.സി.ആർ/ വി.സി.പി | സിനിമാ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർഹെഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ആവശ്യമുള്ളത് | നിലവിലുള്ളത് | | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 |
| എ. കെ. എസ്. ജി. എച്ച്. എസ് മലപ്പട്ടം | ഉണ്ട് പ്രവർത്തിക്കുന്നു | പ്രവർത്തിക്കുന്നു | വേണ്ടത്ര ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 13 | 11 | 185 | 11 | 4 | സജീവം | പ്രവർത്തിക്കുന്നില്ല |
| കൊളന്ത എ.എൽ. പി. | ഉണ്ട് പ്രവർത്തിക്കുന്നു | സയൻസ് കോർണർ പ്രവർത്തിക്കുന്നു | വേണ്ടത്രയില്ല | ഉണ്ട് 2 | | - | - | - | - | - | - | 5 | 5 | 193 1/2 | - | 5 | സജീവം | പ്രവർത്തിക്കുന്നു |
| മാപ്പിള എ. എൽ. പി. എസ് | ഉണ്ട് | ഉണ്ട് | ഉണ്ട് | 1 | | - | - | - | - | - | - | 4 | 4 | 184 | - | - | സജീവം | പ്രവർത്തിക്കുന്നു |
| ചൂളിയാട് എ. എൽ. പി. സ്കൂൾ | ഉണ്ട് | ഇല്ല | ഇല്ല | 1 | | - | - | - | - | - | - | 8 | 6 | 194 | 2 | 4 | അല്ല | ഇല്ല |
| ആർ. ജി. എം യു. പി. സ്കൂൾ | ഉണ്ട് | ഉണ്ട് | ഉണ്ട് | - | - | - | - | - | - | - | - | 12 | 15 | 182 | 3 | - | ഉണ്ട് | പ്രവർത്തിക്കുന്നുണ്ട് |

(അവലംബം : ദ്വിതീയ വിവര ശേഖരണം)

## മലപ്പട്ടം ഗ്രാമപഞ്ചായത്ത്
### പട്ടിക 37. കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ.

| | ആകെ കുട്ടികൾ | | | SC/ST കുട്ടികളുടെ എണ്ണം | | | തോറ്റു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ | | | | | | പഠനം നിർത്തിയ വരുടെ മൊത്തം എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | | |
| സ്റ്റാൻഡേർഡ് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 |
| I | 56 | 53 | 109 | 2 | 4 | 6 | - | - | - | - | - | - | | | | | | | |
| II | 69 | 53 | 122 | 5 | 1 | 6 | - | - | - | 5 | 6 | 11 | | | | | | | |
| III | 62 | 62 | 124 | 2 | 2 | 4 | 1 | 0 | 1 | 2 | 6 | 8 | | | | | | | |
| IV | 68 | 69 | 137 | 2 | 3 | 5 | - | | | 6 | 4 | 10 | | | | 1 | - | 1 | 1 |
| V | 67 | 53 | 120 | 2 | 1 | 3 | 0 | 1 | 1 | 5 | 4 | 9 | 0 | 1 | 1 | 1 | 2 | 3 | 4 |
| VI | 46 | 54 | 100 | 3 | 3 | 6 | 1 | 2 | 3 | 3 | 5 | 8 | - | | | 1 | 1 | 2 | 2 |
| VII | 53 | 49 | 102 | 3 | 6 | 9 | 2 | 2 | 4 | 6 | 8 | 14 | 1 | - | - | 2 | 1 | 3 | 4 |
| VIII | 79 | 101 | 180 | 6 | 3 | 9 | - | 1 | 1 | 11 | 10 | 21 | - | - | - | 5 | 5 | 10 | 10 |
| IX | 84 | 76 | 160 | 5 | 5 | 10 | 1 | - | 1 | 16 | 8 | 24 | . | 1 | 1 | 5 | 9 | 14 | 15 |
| X | 72 | 75 | 147 | 3 | 5 | 8 | - | - | - | - | - | - | - | - | - | - | - | - | - |
| ആകെ | **656** | **645** | **1301** | **33** | **33** | **66** | **5** | **6** | **11** | **54** | **51** | **105** | **1** | **2** | **3** | **15** | **18** | **33** | **36** |

(അവലംബം : ദ്വിതീയ വിവര ശേഖരണം)

## മലപ്പട്ടം ഗ്രാമപഞ്ചായത്ത്
## പട്ടിക 38. സ്കൂളുകളുടെ പൊതുവിവരം.

| സ്കൂളിന്റെ പേര് | ഹൈ സ്കൂൾ, യു.പി/ എൽ.പി, പ്രീ പ്രൈമറി | സ്ക്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | | | സ്ക്കൂൾ കാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം | മറ്റ് കുറിപ്പുകൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവുള്ളവർ | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| A.K.S.G.H.S | H.S | ✓ | | | | 235 | 252 | 487 | 12 | 12 | 1 | - | 3 ഏക്കർ | 1 ഏക്കർ | 1 ഏക്കർ | ചുറ്റുമതിൽ കെട്ടിയില്ല |
| കൊളന്ത | L.P | - | ✓ | - | - | 62 | 42 | 104 | 5 | 5 | - | - | 1 ഏക്കർ | 50 സെൻറ് | - | അറ്റകുറ്റ പണികളുണ്ട് ഫർണ്ണിച്ചർ നിർമ്മിക്കാനുണ്ട് |
| മലപ്പട്ടം മാപ്പിള | A.L.P | - | ✓ | | | 47 | 57 | 104 | 5 | 5 | - | - | 25 സെൻറ് | 11 3/4 സെൻറ് | 3 സെൻറ് | ഫർണ്ണിച്ചർ അറ്റകുറ്റ പ്പണികൾ ചെയ്യാനുണ്ട് |
| ചൂളിയാട് | A.L.P | - | ✓ | | | 100 | 87 | 187 | 7 | 6 | - | 1 | 1.22 ഏക്കർ | 50 സെൻറ് | 52 സെൻറ് | അറ്റകുറ്റ പ്പണികൾ നടത്താനുണ്ട് |
| R.G.M | UP | | ✓ | | | 215 | 207 | 422 | 15 | 15 | - | 1 | 83 സെൻറ് | 20 സെൻറ് | 25 സെൻറ | ഫർണ്ണിച്ചറുകൾ ഉണ്ട്. |

(അവലംബം : ദ്വിതീയ വിവര ശേഖരണം)




എന്നിവയ്ക്ക് സാധ്യതയുണ്ട്.

4. അടുവാപ്പുറം, ചൂളിയാട് കടവ്, അടിച്ചേരി എന്നീ സ്ഥലങ്ങളിൽ എൽ.പി. സ്ക്കൂൾ സ്ഥാപിക്കണം എന്ന നിർദ്ദേശം ശക്തിയായി ഉയർന്നു വന്നിട്ടുണ്ട്.

5. വിദ്യാലയങ്ങളോടനുബന്ധിച്ച് പ്രീ-പ്രൈമറി ക്ലാസ്സ് ആരംഭിക്കുന്നത് നല്ലതാണ്.

6. പ്രൈമറി വിദ്യാലയങ്ങളിൽ ക്ലാസ്സ് വേർതിരിവ് അത്യാവശ്യമാണ്.

7. എല്ലാ സ്ക്കൂകളിലെയും ഭൗതീക സൗകര്യങ്ങൾ (കെട്ടിടങ്ങൾ, ഫർണീച്ചർ, മൂത്രപ്പുര, കക്കൂസ്, കളിസ്ഥലം, ശുദ്ധജല വിതരണം) വർദ്ധിപ്പിക്കണം.

8. എല്ലാ സ്ക്കൂളുകളിലെയും അക്കാദമിക് സൗകര്യങ്ങൾ മെച്ചപ്പെടുത്തണം (ലൈബ്രറി, ലബോറട്ടറി, റീഡിങ്ങ് റൂം, പഠനോപകരണങ്ങൾ, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ)

9. പഞ്ചായത്ത് കേന്ദ്രീകരിച്ച് കലാകായിക പഠനകേന്ദ്രം ആവശ്യമാണ്.

10. പ്രൈമറി വിദ്യാലയങ്ങളിൽ കലാകായിക അധ്യാപകർ ആവശ്യമാണ്.

11. വിദ്യാലയങ്ങളിൽ സൗജന്യമായി വൈദ്യുതി അനുവദിക്കണം.

12. ഉച്ചക്കഞ്ഞി വിതരണത്തിൻെറ ചുമതല പഞ്ചായത്ത് ഏറ്റെടുക്കണം.

13. നിലവിലുള്ള പാഠ്യപദ്ധതി പരിഷ്ക്കരിക്കണം. പുസ്തകങ്ങൾ സ്ക്കൂൾ തുറക്കുന്നതിനു മുമ്പ് എത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം.

14. പി.ടി.എ, മാതൃസമിതി എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

15. ബോധവൽക്കരണത്തിലൂടെ പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ച് രക്ഷിതാക്കളെ ബോധ്യപ്പെടുത്തണം.

16. '' അയൽക്കൂട്ടം '' പ്രവർത്തനം കാര്യക്ഷമമാക്കണം.



# 8. സംസ്ക്കാരം

ജാതി-ജന്മി-നാടുവാഴിത്വ വ്യവസ്ഥിതിയിലെ സാംസ്ക്കാരിക ച്യുതികൾ നിലനിന്നിരുന്ന പ്രദേശമായിരുന്നു മലപ്പട്ടം. തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ എന്നീ ദുരാചാരങ്ങളിൽ അടിമപ്പെട്ടുക്കഴിയുന്ന ഒരു സംസ്ക്കാരം ഇവിടെ നിലനിന്നിരുന്നു. അനുഷ്ഠാന കലകളായ തെയ്യം, വിശ്വാസത്തിലധിഷ്ഠിതമായ മന്ത്ര-തന്ത്രങ്ങൾ, കണ്ണേറുപാട്ട്, ആടിവേടൻപാട്ട്, കളംപാട്ട് തുടങ്ങിയവ ജനങ്ങളുടെ ഇടയിൽ ആഴത്തിൽ വേരൂന്നിയിരുന്നു. ഇതിന് അടിസ്ഥാനപരമായ മാറ്റം ഉണ്ടായത് ദേശീയ പ്രസ്ഥാനത്തിൻെറയും കർഷകപ്രസ്ഥാനത്തിൻെറയും ആവിർഭാവത്തോടെയാണ്.

വായനശാലകൾ സ്ഥാപിച്ചും ഗൃഹസന്ദർശനം നടത്തിയും വിദ്യാഭ്യാസം നൽകിയും സാമൂഹ്യബോധം ഉണർത്തി സാധാരണ ജനങ്ങളെ പുതിയ സാംസ്ക്കാരിക തലത്തിലേക്ക് കൈപിടിച്ചുയർത്തി. ജനങ്ങളുടെ സംഘടിത ശക്തിക്ക് സാമൂഹ്യ-സാംസ്ക്കാരിക മേഖലകളിൽ വൻതോതിൽ മാറ്റം ഉണ്ടാക്കാൻ കഴുയുമെന്ന് ജനങ്ങൾ മനസ്സിലാക്കി. പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിപക്ഷവും ഹിന്ദുക്കളാണ്. കൂടാതെ നല്ലൊരു ശതമാനം മുസ്ലീങ്ങളും ചെറിയൊരു വിഭാഗം ക്രിസ്തുമത വിശ്വാസികളും ഉൾപ്പെടുന്നു.

കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യാ (മാർക്സിസ്റ്റ്) ആണ് പ്രധാന രാഷ്ട്രീയ പാർട്ടി. ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ്, മുസ്ലിംലീഗ്, ജനതാദൾ, കോൺഗ്രസ്സ് എസ്സ് തുടങ്ങിയ രാഷ്ട്രീയ പാർട്ടികളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. വിവിധ മതങ്ങളിലും രാഷ്ട്രീയപാർട്ടികളിലും പ്രവർത്തിക്കുന്നവരുണ്ടെങ്കിലും ഇവരെല്ലാം തന്നെ വളരെ സൗഹാർദ്ദത്തോടും ഐക്യത്തോടും കഴിയുന്നു.

പഞ്ചായത്തിൽ 15 വായനശാലകൾ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിന്നധീനതയിലുള്ള ഒരു സാംസ്ക്കാരിക നിലയവും. പഞ്ചായത്തിൻെറ ഭൂവിസ്തൃതിയുമായി ബന്ധപ്പെടുത്തി നോക്കിയാൽ വായനശാലകളുടെ എണ്ണം കൂടുതലാണ്. ഇവയിൽ ഭൂരിപക്ഷം വായനശാലകളും നല്ലനിലയിൽ പ്രവർത്തിക്കുന്നവയാണെങ്കിലും എ ഗ്രേഡ്, നവോദയ

ഗ്രന്ഥാലയം ചൂളിയാടിന് മാത്രമേ ഉള്ളൂ.

പഞ്ചായത്തിലെ എല്ലാ വായനശാലകളിലുമായി 34594 പുസ്തകങ്ങൾ നിലവിലുണ്ട്. ഈ പുസ്തകങ്ങൾ വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുന്നവരുടെ എണ്ണം കുറവാണ്. യുവാക്കളും വിദ്യാർത്ഥികളുമാണ് കൂടുതലായി ഗ്രന്ഥശാലകൾ പ്രയോജനപ്പെടുത്തുന്നത്. വനിത വായനക്കാരുടെ എണ്ണവും കുറവാണ്. ഇലക്ട്രോണിക് മാധ്യമങ്ങളുടെ തള്ളിക്കയറ്റം വായനാശീലത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

എല്ലാവിഭാഗത്തിൽപ്പെട്ട പുസ്തകങ്ങളും പഞ്ചായത്തിലെ വായനശാലകളിൽ ഉണ്ട്. ഗുണനിലവാരത്തിൽ മെച്ചപ്പെട്ട പുസ്തകങ്ങൾ ഉണ്ടെങ്കിലും റഫറൻസ് പുസ്തകങ്ങൾ കുറവാണ്.

ഗ്രന്ഥശാലാസംഘത്തിൽ നിന്ന് ലഭിക്കുന്ന ഗ്രാൻറ് വളരെക്കുറവാണ്. ഇത് കൊണ്ട് വളരെക്കുറച്ച് പുസ്തകങ്ങൾ മാത്രമേ വാങ്ങുവാൻ സാധിക്കുന്നുള്ളൂ. ജനങ്ങളിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചുകൊണ്ടാണ് മറ്റു പ്രവർത്തനങ്ങൾ നടത്തുന്നത്. ദേശാഭിമാനി, മാതൃഭൂമി, മലയാള മനോരമ എന്നീ ദിനപത്രങ്ങളാണ് പ്രധാനമായും പ്രചാരത്തിൽ ഉള്ളത്. വായനശാലകളിൽ വരുത്തുന്ന ആനുകാലിക പ്രസിദ്ധീകരണങ്ങൾ നല്ല നിലവാരം പുലർത്തുന്നവയാണ്. പഞ്ചായത്തിൽ ഒന്നൊഴികെ മറ്റെല്ലാ വായനശാലകൾക്കും സ്വന്തമായി കെട്ടിടമുണ്ട്. വായനശാലകളുടെ കെട്ടിടനിർമ്മാണത്തിലുള്ള ജനപങ്കാളിത്തം ശ്രദ്ധേയമാണ്. മനുഷ്യാദ്ധ്വാനവും സാമ്പത്തിക സഹായവും ലഭ്യമാക്കുന്നതിൽ ജനങ്ങൾ വഹിച്ച പങ്ക് വിസ്മയാവഹമാണ്. കെട്ടിടങ്ങൾക്കെല്ലാം കൂടി 30 ലക്ഷം രൂപ മതിപ്പുവില കണക്കാക്കാം. ഇതിൽ 25 ലക്ഷവും ജനങ്ങളിൽ നിന്ന് പിരിച്ചെടുത്തതാണ്.

## കലാകായിക സമിതികൾ

പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത 21 കലാകായിക സമിതികളുണ്ട്. ഇതിൽ ഭൂരിപക്ഷം സമിതികളും പേരിനുമാത്രം പ്രവർത്തിക്കുന്നവയാണ്. മുൻകാലങ്ങളിൽ കലാകായിക രംഗത്ത് മികച്ച പ്രവർത്തനം കാഴ്ചവെക്കാൻ കഴിഞ്ഞിരുന്നു. നല്ല നിലവാരം പുലർത്തുന്ന ഗ്രാമീണ നാടക സംഘങ്ങളും കോൽക്കളി, കളരിപ്പയറ്റ് സംഘങ്ങളും അന്നുണ്ടായിരുന്നു. എന്നാൽ ഇന്ന് ആ നിലയിൽ നിന്ന് വളരെ പിന്നാക്കം പോയിട്ടുണ്ട്. അടുത്തകാലത്തായി നമുക്ക് ഏറെ അഭിമാനിക്കാൻ കഴിഞ്ഞത് സംസ്ഥാന യുവജനോത്സവത്തിൽ തബല വായനയിൽ ഒന്നാം സ്ഥാനം നേടിയ മഹേഷിൻെറ പ്രകടനമാണ്. സ്വന്തമായി കലാട്രൂപ്പ് രൂപീകരിക്കാനും പഞ്ചായത്തിനകത്തും പുറത്തും പരിപാടികൾ അവതരിപ്പിക്കാനും ചില സമിതികൾക്ക് സാധിച്ചിട്ടുണ്ട്.

പാരമ്പര്യത്തിൻെറ തനിമ നിലനിർത്തിക്കൊണ്ട് ക്ഷേത്രാരാധനകളും ഉത്സവങ്ങളും അനുഷ്ഠാന കലകളും ഇന്നും നടത്താറുണ്ട്. ഗതകാല സാമൂഹിക ബന്ധങ്ങളുടെയും വിശ്വാസത്തിൻെറയും ഓർമ്മ പുതുക്കുന്ന ഓമന കാഴ്ച ചൂളിയാട് നിവാസികളുടെ മതസൗഹാർദ്ദത്തിൻെറയും ഐക്യത്തിൻെറ പ്രതീകമായി ആഘോഷിക്കുന്നു. എല്ലാ വർഷവും കുംഭം 10 നാണ് ഈ ആഘോഷം നടക്കാറ്.

മലപ്പട്ടം ഭഗവതി ക്ഷേത്രത്തിൽ മീനമാസത്തിലെ രോഹിണി ആരാധന ഒരു പ്രധാന ഉത്സവമാണ്. അഡൂർ ശിവ ക്ഷേത്രത്തിലും ആരാധന നടക്കാറുണ്ട്. അഡൂർ ബാലിക്കോട്ടം, ചൂളിയാട് മുച്ചിലോട്ട്കാവ് , മലപ്പട്ടം പള്ളിവേട്ടയ്ക്കൊരുമകൻ ക്ഷേത്രം എന്നിവ ആകർഷകമായ തെയ്യം , തിറകളുടെ കലവറകളാണ്. കൊയ്ത്തൊഴിഞ്ഞ പാടങ്ങളിൽ വേനൽക്കാലത്ത് വയൽത്തിറകൾ കെട്ടിയാടാറുണ്ട്. അഡൂർ ഹദ്ദാദ് പള്ളി, അടിച്ചേരി ജുമാ-അത്ത് പള്ളി മലപ്പട്ടം ജുമാ-അത്ത് പള്ളി, ചൂളിയാട് ജുമാ-അത്ത് പള്ളി എന്നിവയും നമ്മുടെ പഞ്ചായത്തിലെ മതസൗഹാർദ്ദത്തിൻെറ പ്രതീകങ്ങളായി നിലകൊള്ളുന്നു. പള്ളികളിൽ നടക്കുന്ന പെരുന്നാളാഘോഷങ്ങളിലും സൗഹാർദ്ദപൂർവ്വം എല്ലാവിഭാഗം ജനങ്ങളും പങ്കെടുക്കുന്നു. ക്രിസ്തീയ മതവിഭാഗത്തിന് പ്രത്യേക ആരാധനാലയങ്ങൾ പഞ്ചായത്തിലില്ല. പഞ്ചായത്തിലെ ജനവിഭാഗങ്ങൾ മതമാത്സര്യമില്ലാതെ ഐക്യത്തോടെ കഴിയുന്നു എന്നത്

നമ്മുക്കേറെ അഭിമാനിക്കാൻ വക നൽകുന്നതാണ്.

നമ്മുടെ സാംസ്ക്കാരിക തനിമ നശിപ്പിക്കുംവിധം ആധുനിക വാർത്താമാധ്യമങ്ങളുടെ അതിപ്രസരം പഞ്ചായത്തിലും ബാധിച്ചിട്ടുണ്ട്. 4 ഡിഷ് ആൻറിനയുള്ള ടി.വി. അടക്കം നൂറോളം ടെലിവിഷനുകൾ ഇവിടെ ഉണ്ട്.

## കായികരംഗം

നാടൻകായികവിനോദങ്ങൾ പലതും ഇന്ന് നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. പഞ്ചായത്ത് മിനി സ്റ്റേഡിയം എ. കുഞ്ഞിക്കണ്ണൻ സ്മാരക ഹൈസ്ക്കൂൾ ഗ്രൗണ്ട്, ഏ.കെ. ജി വായനശാല ഗ്രൗണ്ട് എന്നിവയാണ് പൊതുകളിസ്ഥലങ്ങൾ. ഇതിൽ പഞ്ചായത്ത് മിനിസ്റ്റേഡിയം കായിക പരിശീലനത്തിന് ഉപയോഗിക്കാൻ പറ്റാത്ത നിലയിലാണ്. മിനിസ്റ്റേഡിയത്തോടനുബന്ധിച്ച് സ്റ്റേജ്, ഗ്രൗണ്ടിൽ പുല്ല് വെച്ചു പിടിപ്പിക്കൽ എന്നിവ അത്യാവശ്യമാണ്. വോളിബോൾ, ഫുട്ബോൾ എന്നിവയിൽ ജില്ലയിൽ ശ്രദ്ധ പിടിച്ചുപറ്റിയ പ്രകടനം കാഴ്ചവെച്ച ടീമുകൾ ഉണ്ടായിരുന്നു എന്നാൽ അടുത്ത കാലത്തായി കായികരംഗത്ത് ശ്രദ്ധേയമായ നേട്ടം കൈവരിക്കാൻ ക്ലബ്ബുകൾക്ക് സാധിക്കുന്നില്ല. ഏ.കെ. എസ്. ജി. എച്ച് എസ്സിലെ ടീമുകളാണ് ഈ രംഗത്ത് കുറച്ചെങ്കിലും നേട്ടം കൈവരിച്ചത്.

1.ഗ്രന്ഥശാലകളിലെ ആവശ്യമായ ഫർണീച്ചറുകളുടെ അപര്യാപ്തത
2.ഗ്രന്ഥശാലകൾക്കനുവദിക്കുന്ന ഗ്രാൻറ് കുറവാണ്.
3.ഗ്രന്ഥശാലകളിൽ വായനക്കാരുടെ എണ്ണം കുറവ്.
4.വനിത അംഗത്വവും വായനാശീലവും കുറവാണ്.
5.ആനുകാലിക പ്രസിദ്ധീകരണങ്ങൾ കുറ വ്.
6. സാംസ്ക്കാരിക നിലയത്തിൽ നിലവാരമുള്ള ആനുകാലികങ്ങൾ കുറവാണ്.
7. ജനവിദ്യാകേന്ദ്രങ്ങൾ സജീവമല്ല.
8. തുടർസാക്ഷരതാ പ്രവർത്തനം കാര്യക്ഷമമല്ല.
9. വൈദ്യുതി ഇല്ലായ്മ, വോൾട്ടേജ് ക്ഷാമം എന്നിവ ഗ്രന്ഥശാലകളുടെ പ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നു.
10. കലാസമിതികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്തത്.
11. കളിസ്ഥലത്തിൻെറ അഭാവം, അപര്യാപ്തത.
12. കലാകായിക പ്രതിഭകളെ വളർത്തിക്കൊണ്ടുവരാനുള്ള സാഹചര്യങ്ങളില്ല.
13. ക്ലബ്ബുകളുടെ സാമ്പത്തിക പരാധീനത
14.നാടൻകലാകായിക രൂപങ്ങൾ അന്യമാവുന്നു.
15.പഞ്ചായത്തിൽ പൊതു പരിപാടികൾ അവതരിപ്പിക്കുവാനുള്ള വേദിയുടെ അഭാവം.

## സാധ്യതകൾ

1.പഞ്ചായത്തിൽ ഒരു കമ്മ്യൂണിറ്റിഹാൾ സ്ഥാപിക്കുക.
2.കെട്ടിടവും ഫർണീച്ചറുമുള്ള വായനശാലകൾക്ക് ധനസഹായം ലഭ്യമാക്കണം.
3.വായനാശീലം പ്രോത്സാഹിപ്പിക്കു ന്നതിനുള്ള ബോധവത്ക്കരണം നടത്തുക.
4.സഞ്ചരിക്കുന്ന പുസ്തകശാലകൾ പ്രചരിപ്പിക്കുക
5. സാംസ്ക്കാരിക നിലയത്തിലെ പുസ്തകങ്ങൾ ഗ്രന്ഥശാലകൾ ഉപയോഗപ്പെടുത്തുക.
6. എല്ലാവായനശാലകൾക്കും കലാകായിക സമിതികൾക്കും സൗജന്യമായി വൈദ്യുതി ലഭ്യമാക്കുക.
7.തുടർസാക്ഷരത പ്രവർത്തനം ഊർജ്ജിതമാക്കുക.
8. വാർഡിൽ ഓരോ കളിസ്ഥലം വേണം
9. നാടൻകലാരൂപങ്ങൾക്കും കായികവിനോദങ്ങൾക്കും പ്രോത്സാഹനം നൽകുക.
10. പഞ്ചായത്തടിസ്ഥാനത്തിൽ കലാകായിക പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
11. വായനശാലകളും ക്ലബ്ബുകളും ദൈനംദിന പ്രവർത്തനങ്ങൾ സജീവമാക്കുക.

## പട്ടിക 15 വായനശാലകളുടെ വിശദാംശങ്ങൾ

| ക്രമ നം. | പേര് | വാർഡ് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | ആനുകാലികങ്ങളുടെ എണ്ണം |
|---|---|---|---|---|---|---|
| 1 | നവകേരള വായനശാല,അഡൂർ റജി.ന.2919 | I | 1958 | D | 2938 | 8 |
| 2 | എ. കുഞ്ഞിക്കണ്ണൻ സെൻറർ അടൂർ | I | - | - | - | - |
| 3 | ജനകീയ ഗ്രന്ഥാലയം,വായനശാല മുനമ്പ് 4959 | III | 1981 | F | 1439 | 11 |
| 4 | A.K.G. സ്മാരക വായനശാല കൊളന്ത | I | 1980 | C | 1863 | 12 |
| 5 | ഗാന്ധിസ്മാരക വായനശാല കൊളന്ത | II | 1984 | F | 1487 | 9 |
| 6 | കൃഷ്ണപിള്ള സ്മാരക വായനശാല അടിച്ചേരി | II | 1956 | F | 2242 | 20 |
| 7 | അഴിക്കോടൻ സ്മാരക വായനശാല കൊവുന്തല | III | 1979 | E | 2260 | 8 |
| 8 | സി.ആർ.സി. യുവജന വായനശാല പൂക്കണ്ടം | IV | 1959 | E | 1392 | 19 |
| 9 | ഭഗത്സിംഗ് സ്മാരക വായനശാല മലപ്പട്ടം, 3815 | V | 1968 | B | 5046 | 15 |
| 10 | AKG സ്മാരക വായനശാല മേപ്പറമ്പ് | V | 1989 | - | 63 | 1 |
| 11 | കെ. വി. ഹുസൈൻ സ്മാരക വായനശാല കാപ്പാട്ടുക്കുന്ന് | VI | - | - | - | - |
| 12 | നവോദയ ഗ്രന്ഥാലയം ചൂളിയാട് റജി. 2765 | VII | 1958 | A | 9322 | 30 |
| 13 | AKG സ്മാരക വായനശാല 16-ാം പറമ്പ് | VII | 1988 | . | 1285 | 10 |
| 14 | വൈലോപ്പിള്ളി സ്മാരക സാംസ്ക്കാരിക നിലയം മലപ്പട്ടം സെൻറർ | II | 1989 | - | 1875 | 6 |
| 15 | എ. കുഞ്ഞിക്കണ്ണൻ സ്മാരക വായനശാല, അടുവാപ്പുറം | VIII | 1970 | C | 3182 | 17 |
| 16 | ഗ്രാമോദ്ധാരണ വായനശാല, ചൂളിയാട് | VI | - | - | 200 | 1 |

(അവലംബം : ദ്വിതീയ വിവര ശേഖരണം)

# 9. കുടിവെള്ളം

മൂന്നുഭാഗവും പുഴകളാൽ ചുറ്റപ്പെട്ടതും സമൃദ്ധമായി മഴ ലഭിക്കുന്നതുമായ പ്രദേശമാണ് മലപ്പട്ടം ഗ്രാമപഞ്ചായത്ത്. ഈ പ്രദേശത്തിൻെറ ഭൂപ്രകൃതിയുടെ പ്രത്യേകതമൂലം മഴവെള്ളം വേണ്ടവിധത്തിൽ ഉപയോഗിക്കുവാൻ സാധി ക്കുന്നില്ല. മഴവെള്ളം മുഴുവൻ ചരിവുകളിൽകൂടി തോടുകളിലേക്ക് ഒഴുകിയിറങ്ങി പുഴകളിൽ എത്തിച്ചേരുന്നു. ഇരിക്കൂർ, ശ്രീക്ണ്ഠാപുരം പുഴകൾ മലപ്പട്ടം മുനമ്പിൽ സംഗമിച്ച് വളപട്ടണം പുഴയായി കടലിൽ എത്തിച്ചേരുന്നു. സമൃദ്ധമായി പുഴവെള്ളം ലഭ്യമാണെങ്കിലും കുടിവെള്ളത്തിനായി ഇവ ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. പഞ്ചായ ത്തിലെ ജനങ്ങൾ ഇന്നും കുടിനീരിനായി പരമ്പരാഗതമായി കിണറുകളെയാണ് ആശ്രയിക്കുന്നത്.

പഞ്ചായത്തിലെ 1669 വീടുകളിൽ 1108 വീടുകളിൽ മാത്രമാണ് സ്വന്തം കിണറുകൾ ഉള്ളത്. 561 കുടുംബങ്ങൾക്ക് ഇപ്പോഴും കിണറുകൾ ഇല്ല. സാമ്പത്തിക പരാധീനതയാണ് ഇതിനു പ്രധാനകാരണം. കോളനികളിലെ സ്ഥലപരിമിതിയും മറ്റൊരു കാരണമാണ്.

സാനിറ്ററി സൗകര്യമുള്ള കിണറുകൾ 406 എണ്ണം മാത്രമാണ് ഉള്ളത്. സാനിറ്ററി സൗകര്യം ഇല്ലാത്തതിനാൽ കിണറുകളിലെ ജലം മലിന മാവുകയും ജലജന്യരോഗങ്ങൾ പിടിപെടാൻ കാരണമാവുകയും ചെയ്യും.

13 പൊതുകിണറുകളും 7 കുഴൽ കിണറുകളും പൊതുസ്ഥാപനത്തോടനുബന്ധിച്ചുള്ള 11 കിണറുകളും ഒരു കുഴൽ കിണറും കുടിവെള്ളത്തിനായി ഉപയോഗിച്ചുവരുന്നു എങ്കിലും കുഴൽകിണറുകളിൽ ഇരുമ്പ് പൈപ്പ് ഉപയോഗിക്കുന്നതുമൂലം കുടിക്കാൻ സാധിക്കുന്നില്ല. കുഴൽകിണറുകൾക്ക് തകരാറുകൾ സംഭവിച്ചാൽ യഥാസമയം അറ്റകുറ്റപ്പണികൾ നടത്താറില്ല. അതിനാൽ ചില കുഴൽ കിണറുകൾ ഇപ്പോൾ പ്രവർത്തനക്ഷമമല്ല.

കുഴൽകിണറുകൾ ഒഴിച്ച് മറ്റ് കിണറുകളിലെ വെള്ളം ഉപയോഗപ്രദമാണ്. ശുദ്ധജല സംരക്ഷണത്തിനായി കിണറു

കൾക്ക് ആൾമറ കെട്ടേണ്ടത് അത്യാവശ്യ മാണ്. പഞ്ചായത്തിൽ 400 ൽ അധികം കുടുംബങ്ങൾ ഇപ്പോൾ രൂക്ഷമായ ശുദ്ധജല ക്ഷാമം നേരിടുന്നുണ്ട്. ഇപ്പോഴുള്ള ജലക്ഷാമത്തിൻെറ ശരാശരി വർദ്ധന പരിഗണിക്കുമ്പോൾ രണ്ടായിരമാണ്ടോടെ പഞ്ചായത്തിലെ 50% ത്തിലധികം കുടുംബങ്ങൾക്ക് രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടേണ്ടി വരും. ഭൂഗർഭജല നിരപ്പ് താഴ്ന്ന് കൊണ്ടിരിക്കുന്നത് ഈ പ്രശ്നത്തിൻെറ ഗൗരവം വർദ്ധിപ്പിക്കുന്നു.

ഇപ്പോൾ നമ്മുടെ പഞ്ചായത്തിലെ വിടെയും ടാപ്പുകൾ വഴിയുള്ള ശുദ്ധജല വിതരണ പദ്ധതി നിലവിലില്ല. കഴിഞ്ഞ കുറച്ചു വർഷങ്ങളിലെ കുടിവെള്ളക്ഷാമം പരിഗണി ക്കുമ്പോൾ ശുദ്ധജല വിതരണ സംവിധാനം ചില പ്രദേശങ്ങളിൽ അത്യാവശ്യമായി വന്നിട്ടുണ്ട്. പഞ്ചായത്ത് ഓഫീസ് പരിസര പ്രദേശം വളയംവെളിച്ചം, മലപ്പട്ടം ഗവ: ഹൈസ്ക്കൂൾ പരിസരം, ലക്ഷം വീട് കോളനികൾ, ഹരിജൻ കോളനികൾ, 16-ാം പറമ്പ് എന്നിവിടങ്ങളിൽ ടാപ്പു വഴിയുള്ള ശുദ്ധജല വിതരണം അനിവാര്യമാണ്.

മലപ്പട്ടം പഞ്ചായത്ത് ഓഫീസ് പരിസര പ്രദേശത്തും ഹരിജൻ കോളനികളിലും ലക്ഷം വീടു കോളനിയിലും ശുദ്ധജല വിതരണം നടത്തുന്നതിനു വേണ്ടി പടപ്പക്കരി ഹരിജൻ കോളനിയിൽ ഒരു കുഴൽകിണർ കുഴിച്ചിരുന്നു. അത് പ്രവർത്തനക്ഷമമല്ലാത്തതിനാൽ മറ്റൊന്നു കൂടി സ്ഥാപിക്കുകയുണ്ടായി. വരൾച്ച ബാധിത സമയത്തുപോലും ഈ കിണറിൽ നിന്നും തനിയെ വെള്ളം പുറത്തേക്ക് ഒഴുകാറുണ്ട്. ജലം പമ്പ് ചെയ്യുന്നതിന് ഒരു പമ്പ് ഹൗസ് സ്ഥാപിക്കുകയും വൈദ്യുതീകരിക്കുകയും ചെയ്തിട്ടുണ്ട് . ശുദ്ധജല വിതരണം ചെയ്യുന്നതിന് പൈപ്പ് ലൈനും സ്ഥാപി ക്കുകയുണ്ടായി. എന്നാൽ ജലസംഭരണി സ്ഥാപി ച്ചിട്ടില്ല. തുടർന്നങ്ങോട്ടുള്ള പ്രവർത്തനങ്ങൾ ഒന്നും തന്നെ നടപ്പിലാക്കാത്തിനാൽ ഈ പദ്ധതിയ്ക്കുവേണ്ടി ചെലവഴിച്ച മുഴുവൻ തുകയും പാഴായി പോവുകയാണുണ്ടായത്. ഈ കുഴൽ കിണർ ജില്ലയിലെ ഏറ്റവും ശക്തമായ ജലലഭ്യതയുള്ളതാണെന്ന് അധികൃതർ വ്യക്ത മാക്കിയിട്ടുള്ളതാണ്. ഈ പദ്ധതിയുടെ സ്മാരകമായി അങ്ങിങ്ങ് പൊട്ടിയ ടാപ്പുകൾ മാത്രം ഇപ്പോഴും കാണാം.

പൂർത്തീകരിക്കാതെ കിടക്കുന്ന പടപ്പ ക്കരി ശുദ്ധജല വിതരണ പദ്ധതി ശരി യായ രീതിയിൽ നടപ്പിൽ വരുത്തിയാൽ മലപ്പട്ടം പഞ്ചായത്ത് ഓഫീസ് പരിസരം മുതൽ വെങ്ങളേരികുന്ന് ഹരിജൻ കോളനി വരെയും വളയം വെളിച്ചം മുതൽ മലപ്പട്ടം ഹൈസ്ക്കൂൾ പ്രദേശം വരെയും ഉള്ള 400 ഓളം കുടുംബ ങ്ങൾക്ക് കുടിവെള്ള പ്രശ്ന പരിഹാരം ഉണ്ടാകും. മലപ്പട്ടം പഞ്ചായത്ത് ഓഫീസ് പരിസരത്ത് ജലസംഭരണി സ്ഥാപിക്കുകയും ആവശ്യമായ പൈപ്പ് ലൈനുകൾ സ്ഥാപി ക്കുകയും ചെയ്താൽ ഈ പദ്ധതി പൂർത്തി യാക്കാവുന്നതേ ഉള്ളൂ.

ദശലക്ഷം കിണർ പദ്ധതി പ്രകാരം അനുവദിച്ച കിണറുകൾ മുഴുവൻ പ്രവർത്തന ക്ഷമമാക്കിയിട്ടില്ല. ചെറുകിട പരിമിത കർഷകർക്ക് SFMF പരിപാടിയനുസരിച്ച് സാമൂഹിക വികസന വകുപ്പിൽ നിന്നും 64 കിണറുകൾ പട്ടിക 15 (a) യിൽ ചേർത്തി രിക്കുന്നു.

ഭൂമിയുടെ കിടപ്പോ ജലലഭ്യതയോ മുൻകൂട്ടി കണക്കിലെടുക്കാതെ കിണറുകൾ അനുവദിക്കുകയും അതിനുവേണ്ട സാമ്പത്തിക സഹായം നൽകുകയും ചെയ്യുന്നതുകൊണ്ട് ഉദ്ദേശിച്ച പ്രയോജനം ലഭിക്കാറില്ല. കിണറുകൾ കുഴിക്കുന്നതിനും മറ്റും സാമ്പത്തിക സഹായം നൽകുന്നതിന് മുൻപായി ജലലഭ്യതയെപ്പറ്റി വിദഗ്ധരുടെ അഭിപ്രായം ആരായുന്നത് പ്രയോജനകരമായിരിക്കും.

സഹകരണ ബാങ്ക് വഴിയും മറ്റു വാണിജ്യ ബാങ്കുകൾ വഴിയും കിണറുകൾക്ക് വേണ്ടി ധാരാളം വായ്പ നൽകുന്നുവെങ്കിലും ഇത് വേണ്ട വിധം പ്രയോജനപ്പെടുത്തിയിട്ടുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

മറ്റു ജല സ്രോതസ്സായ നീരുറവകൾ പേരിന്ന് മൂന്നെണ്ണം ഈ പഞ്ചായത്തിലുണ്ടെ ങ്കിലും അവ വളരെ താഴ്ന്ന പ്രദേശത്തായതി നാൽ ശുദ്ധജല പദ്ധതിക്ക് ഒരു വിധ ത്തിലും പ്രയോജനപ്പെടുത്താൻ സാധി ക്കുകയില്ല.

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങ ളിലായി 13 കുളങ്ങൾ ഉണ്ടെങ്കിലും പലതും

ഇടിഞ്ഞ് തൂർന്ന് ഉപയോഗപ്രദമല്ലാതായിരിക്കുന്നു. പഞ്ചായത്തിലെ കുളത്തിന്റെ എണ്ണവും സ്ഥിതി ചെയ്യുന്ന വാർഡും പട്ടിക 15 (b) യിൽ ചേർത്തിരിക്കുന്നു.

1,2,4 വാർഡുകളിലെ ഓരോകുളങ്ങൾ ശുദ്ധജല വിതരണത്തിന് ഉപയുക്തമാക്കാൻ സാധിക്കും.

വെങ്കളേരിക്കുന്ന് കോളനി പടപ്പക്കരി കോളനി, ഹൈസ്ക്കൂൾ, മഞ്ചാൽ ലക്ഷം വീട് കോളനി, വളയംവെളിച്ചം എന്നിവിടങ്ങളിലെ കുടിവെള്ള ക്ഷാമം.

7. 16-ാം പറമ്പിലെ കുടിവെള്ളക്ഷാമം

8. കുഴൽകിണറുളിലെ വെള്ളത്തിലുള്ള രുചി വ്യത്യാസം

### പട്ടിക 15 (a)

| ക്രമ നം. | പരിപാടി നടപ്പിലാക്കിയ കാലയളവിൽ നിർമ്മാണം പൂർത്തിയാക്കിയ ആസ്തി | വാർഡുകളുടെ എണ്ണം | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | I | II | III | IV | V | VI | VII | VIII | ആകെ |
| 1 | കിണർ | 5 | 7 | 9 | 11 | 7 | 11 | 10 | 5 | 64 |

### പട്ടിക 15 (b)

| ക്രമ നം. | ഇനം | വാർഡുകളുടെ എണ്ണം | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | I | II | III | IV | V | VI | VII | VIII | ആകെ |
| 1 | കുളങ്ങൾ | 2 | 1 | 1 | 2 | 3 | 2 | 1 | 1 | 13 |

## പ്രശ്നങ്ങൾ

1. അഡൂർ, പുത്തൂടുംചാൽ, മന്ദംചാൽ മുതിരച്ചാൽ, കൊവുന്തല, തേക്കിൻകൂട്ടം, മണ്ണൂർക്കുന്ന്, ചാർത്തോട്ടം, ചെപ്പനക്കൊഴുമ്മൽ, ഓലമ്പ്രാൻ കുന്ന്, നടുക്കുന്ന് കൊയ്യോട്ട്മൂല, ചീർങ്ങോട്ട്, പന്നിയോട്ട്വയൽ, അടിച്ചേരി കൃഷ്ണപിള്ള സ്മാരക വായനശാലയ്ക്ക് സമീപം കാഞ്ഞ ങ്ങണ്ടം, അതിരാണി, പുൽക്കൂത്തടം, പുത്തൂർമുക്ക് എന്നീ സ്ഥലങ്ങളിലെ ശുദ്ധജലക്ഷാമം.
2. പൊതുകിണറുകളിൽ വേനൽക്കാലത്ത് വെള്ളമില്ലാത്ത അവസ്ഥ.
3. വെസ്റ്റ്ഹിൽ പ്രദേശത്തുള്ള ശുദ്ധജലക്ഷാമം
4. പടപ്പക്കരി കോളനി പ്രദേശത്ത് പട്ടിക്കാട്ട് പ്രദേശത്ത് മഞ്ഞിലാംകരി, പുത്തൂർ എന്നീ പ്രദേശത്തും അടിപാറയായതിനാൽ വേനൽ കാലത്ത് ആവശ്യത്തിന് ശുദ്ധജലം ലഭിക്കാത്ത അവസ്ഥ.
5. ജലമലിനീകരണത്തെപ്പറ്റി ബോധമില്ലായ്മ.
6. പഞ്ചായത്ത് ഓഫീസ് പരിസരം,
9. വേനൽക്കാലത്ത് ചെപ്പനക്കൊഴുമ്മൽ ഭാഗത്തെ കിണറുകളിൽ ഉണ്ടാകുന്ന വെള്ളത്തിന്റെ നിറവ്യത്യാസം.
10. തലക്കോട്ട്കരി പ്രദേശത്തെ ജലക്ഷാമം
11. സാമ്പത്തിക പരാധീനതമൂലം കിണറിനു ആൾമറ കെട്ടാത്തതിനാൽ ജലം മലിനമാകുന്ന അവസ്ഥ
12. സാമ്പത്തിക പരാധീനതമൂലം സ്വന്തമായി കിണർകുഴിക്കാൻ സാധിക്കാത്ത അവസ്ഥ.

## സാധ്യതകൾ

1. ജലലഭ്യതയുള്ള പ്രദേശങ്ങളിൽ ആവശ്യ മായ പൊതുകിണറുകളും കുഴൽകിണറുകളും സ്ഥാപിക്കുക.
2. നിലവിലുള്ള പൊതുകണിറുകൾ ആഴം കൂട്ടാൻ പദ്ധതി തയ്യാറാക്കുക
3. പൂർത്തീകരിക്കാത്ത പൊതു കിണറുകളുടെ പണി പൂർത്തീകരിക്കുക.
4. വെസ്റ്റ്ഹിൽ പ്രദേശത്ത് കുടിവെള്ള ക്ഷാമം പരിഹരിക്കാൻ പുഴയിൽ നിന്നും കാറ്റാടിയുടെ സഹായത്താൽ വെള്ളം പമ്പു ചെയ്ത്,

ശുദ്ധീകരിച്ച് നൽകുകയേ നിർവ്വാഹ മുള്ളൂ. എത്ര കുടുംബങ്ങൾക്ക് ഇത് മൂലം പ്രയോജന മുണ്ടാകുമെന്നും ഇത് സാധ്യമാണോ എന്നും പരിശോധിക്കേണ്ടതാണ്.

5. പണി പകുതിയാക്കിവെച്ച പടപ്പക്കരി കോളനി ശുദ്ധജല പദ്ധതി പ്രാവർത്തികമാക്കി പഞ്ചായത്ത് ഓഫീസ് പരിസരം, വെങ്ങലേരി ക്കുന്ന് ഹരിജൻ കോളനി, കൊളന്ത സ്ക്കൂൾ പരിസരം, വളയംവെളിച്ചം, മേപ്പറമ്പ, മഞ്ചാൽ ലക്ഷം വീട് കോളനി, ഹൈസ്ക്കൂൾ പരിസരം, പടപ്പക്കരി , പന്നിയോട്ട്വയൽ എന്നിവിട ങ്ങളിലെ ശുദ്ധജലക്ഷാമം ശാശ്വതമായി പരിഹരിക്കുക.

6. ജലമലിനീകരണത്തെപ്പറ്റി പൊതുജന ങ്ങളെ ബോധവാന്മാരാക്കുക.

7. നിലവിലുള്ള കുഴൽകിണറുകളിലെ ഇരുമ്പ് പൈപ്പ് മാറ്റി പകരം പി. വി. സി. പൈപ്പ് ഉപയോഗിക്കുക.

8. വേനൽക്കാലത്ത് സാധാരണയായി നിറ വ്യത്യാസം കാണുന്ന ചെപ്പനകൊഴുമ്മൽ ഭാഗ ത്തെ കിണർവെള്ളം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുക. പനക്കാംകുഴിയിൽ കിണർകുഴിച്ച് 16-ാം പറമ്പിൽ ജലസംഭരണി സ്ഥാപിച്ച് 16-ാം പറമ്പിൽ ശുദ്ധജല വിതരണം ആരംഭിക്കാനുള്ള പദ്ധതി തയ്യാറാക്കുക. തലക്കോട്ട് ഭാഗത്തെ മണ്ണൻകുണ്ട് വൃത്തിയാക്കി വെള്ളം ഉപയോഗക്ഷമമാക്കുക.

9. സ്വന്തമായി കിണർ കുഴിക്കാനും ആൾമറ കെട്ടാനും സാമ്പത്തികശേഷിയില്ലാത്തവർക്ക് അർഹതയുടെ അടിസ്ഥാനത്തിൽ സാമ്പത്തിക സഹായം നൽകുക.

# 10. ആരോഗ്യം

സമീപ ഗ്രാമങ്ങളെ അപേക്ഷിച്ച് ആരോഗ്യമേഖലയിൽ വിഷമം സഹിച്ചവർ ഈ ഗ്രാമത്തിലെ പഴയ തലമുറക്കാരാണെന്ന കാര്യത്തിൽ തർക്കമില്ല. മറ്റെല്ലാ തുറകളിലുമെന്ന പോലെ ഇതിനും പ്രധാന കാരണം പുറം ലോകവുമായി ബന്ധമില്ലാത്ത വിധത്തിലുള്ള ഈ ഗ്രാമത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പുതന്നെ. അക്കാലത്ത് ഏറ്റവും കൂടുതൽ, മന്ത്രവാദികളുടെ അന്ധവിശ്വാസ ജടിലമായ ചികിത്സാരീതി ആയിരുന്നു നിലനിന്നിരുന്നത്. ഗർഭം ധരിക്കാത്ത സ്ത്രീകളെ ബാധയ്ക്കിരുത്തണമെന്നും മാസം തികയാതെ പ്രസവിക്കുന്നതിന് പരിഹാരമായി 'മലയൻകെട്ടു' നടത്തണമെന്നും, ഭൂതപ്രേത പിശാചുക്കളുടെ ശല്യം ഒഴിവാക്കി സുഖപ്രസവം നടത്തുന്നതിന് കളംപാട്ടു നടത്തണമെന്നുമുള്ള അവരുടെ വിശ്വാസങ്ങൾ ഇതിനുദാഹരമാണ്. കണ്ണു കൊള്ളലും പിരാക്കലുമായിരുന്നു അവരുടെ കാഴ്ചപ്പാടിൽ രോഗകാരണങ്ങൾ. കണ്ണേറു കഴിക്കലും ജപിച്ചൂതലുമായിരുന്നു രോഗപ്രതിരോധ മാർഗ്ഗങ്ങൾ. പ്രസവ ചികിത്സയിൽ നൈപുണ്യം നേടിയ സ്ത്രീയായിരുന്നു വളപട്ടണത്തുള്ള അറത്തിൽ പാറു. ഗർഭിണികളെ മാത്രമല്ല മറ്റു രോഗബാധിതരെപ്പോലും അവരുടെ അടുത്തേക്കായിരുന്നു അക്കാലത്ത് കൊണ്ടുപോയിരുന്നത്. മൈലുകളോളം താണ്ടി അവിടെ എത്തുമ്പോഴേക്കും മൃതശരീരമായിരിക്കും മടക്കി കൊണ്ടു വരുന്നത്.

വസൂരി മുതലായ പകർച്ച വ്യാധികൾ പിടിപ്പെട്ടവരെ ബന്ധുമിത്രാദികൾ പോലും കൈയ്യൊഴിയുന്ന ശവം മറവ് ചെയ്യാൻ പോലും ഉറ്റവർ ബുദ്ധിമുട്ടനുഭവിച്ചിരുന്നതും രോഗങ്ങളോട് ജനങ്ങൾക്കുള്ള ഭയവും ചികിത്സയുടെ അപര്യാപ്തതയേയും കാണിക്കുന്നു.

രോഗാതുരമായ ആ ഇരുണ്ട നാളുകളിൽ ആശ്വാസത്തിനുവേണ്ടി നാട്ടുകാർക്ക് ആകെപ്പാടേ ആശ്രയിക്കാനുണ്ടായിരുന്നത് നാട്ടുവൈദ്യന്മാരെ ആയിരുന്നു. ഗ്രാമത്തിലെ പ്രഗത്ഭരായ ഭിഷഗ്വരന്മാരായിരുന്നു ചൂളിയാട്ടെ കോതു നായനാർ, കൊവുന്തലയിലെ കോയാടൻ രാമൻ നമ്പ്യാർ, നേത്ര ചികിത്സയും വിഷചികിത്സയും നടത്തിയിരുന്ന കുഞ്ഞാൻ കുട്ടി മാസ്റ്റർ മറ്റൊരു വിഷചികിത്സകനായ കുന്നിലെ വീട്ടിൽ പാപ്പിനിശ്ശേരി നാരായണൻ നമ്പ്യാർ, പാരമ്പര്യ നേത്ര ചികിത്സകനായ എൻ. കെ. കുഞ്ഞരാമൻ മാസ്റ്റർ, ബാല ചികിത്സകനായ കണ്ണൻ പണിക്കർ എന്നിവർ.

കേരളപ്പിറവിക്കുശേഷം മയ്യിലുള്ള ബല്ലോല എന്ന സ്ഥലത്ത് ഒരു സർക്കാർ ആശുപത്രി വന്നതോടെയാണ് ആതുര ശുശ്രൂഷാ

രംഗത്ത് ആധുനിക ചികിത്സാരീതി നിലവിൽ വന്നത്. തുടർന്ന് 1971 ൽ മലപ്പട്ടത്ത് ഒരു സർക്കാർ ആയുർവേദാശുപത്രിയും 1981 ൽ മലപ്പട്ടത്തു തന്നെ ഒരു റൂറൽ ഡിസ്പെൻസറിയും സ്വകാര്യമേഖലയിൽ കൊളന്തയിൽ സ്ഥാപിച്ച ഹോമിയോ ഡിസ്പെൻസറിയും വന്നതോടെ ആധുനിക വൈദ്യശാസ്ത്രത്തിലെ വിവിധ ശാഖകളുടെ സേവനം ഗ്രാമീണർക്ക് ലഭ്യമായി.

### മരണ നിരക്ക്

ദേശീയ സംസ്ഥാന ശരാശരിയെക്കാൾ താഴ്ന്ന നിരക്കിലാണ് നമ്മുടെ പഞ്ചായത്തിലെ മരണ നിരക്ക് പട്ടിക 16 (a) ൽ കൊടുക്കുന്നു.

ഗ്രാമീണ ജീവിതരീതി അവലംബിക്കുന്നതാണ് ഇതിനു പ്രധാന കാരണം.

### ശിശു മരണ നിരക്ക്

കഴിഞ്ഞവർഷം (1995-96) ജനിച്ച 126 കുട്ടികളിൽ രണ്ടുകുട്ടികൾ മരണപ്പെട്ടിട്ടുണ്ട്. (15.8%)

### ജനനനിരക്ക്

പഞ്ചായത്തിലെ ജനനനിരക്ക് ദേശീയ സംസ്ഥാന ശരാശരിയെക്കാൾ കുറഞ്ഞ തോതിലാണ് പട്ടിക 16 (b) ൽ കൊടുത്തിരിക്കുന്നു.

### കുടുംബക്ഷേമം

ജാതി-മത-ഭേദമെന്യേ കുടുംബക്ഷേമ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിൽ മുൻപന്തിയിലാണ്. ജനനനിരക്ക് കുറയുവാനും അമ്മമാരുടെ പൊതുവായ ആരോഗ്യം മെച്ചപ്പെടുവാനും ഇത് സഹായിച്ചിട്ടുണ്ട്. കുട്ടികളുടെ സംരംക്ഷണത്തിലും പരിലാളനത്തിനും സമയം കണ്ടെത്താൻ ഇത് സഹായിച്ചിട്ടുണ്ട്. കുടുംബക്ഷേമ മാർഗ്ഗങ്ങൾ കുറെക്കൂടി വ്യാപകവും ഫലപ്രദമാക്കുന്നത് ജനങ്ങളുടെ ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുവാൻ സാധിക്കും.

### വൈകല്യ നിരക്ക്

വികലാംഗരിൽ ജന്മനായുള്ളതും രോഗബാധ, അപകടം എന്നിവ മൂലവും വൈകല്യം സംഭവിച്ചവരാണ് ഉള്ളത്. വികലാംഗരെ സംബന്ധിച്ച പട്ടിക 17ൽ കൊടുത്തിരിക്കുന്നു.

***

## രോഗാതുരത

**പരിസരജന്യം :** പൊതുസ്ഥലങ്ങൾ മലിനീകരിക്കൽ, വീടും, പരിസരവും വൃത്തിഹീനമായിരിക്കൽ, എല്ലാവീടുകളിലും കക്കൂസ് ഇല്ലാതിരിക്കൽ, സാധ്യതയുണ്ടായിട്ടും കക്കൂസുകൾ നിർമ്മിക്കുന്നതിലുള്ള അലംഭാവം എന്നിവ പകർച്ചവ്യാധിയാകും. മറ്റുരോഗങ്ങളും വർദ്ധി ക്കുന്നതിനിടയാകും. പഞ്ചായത്തിൽ നിലവിൽ ശുദ്ധജല വിതരണ സംവിധാനം ഇല്ലാത്തതും , ജലമലിനീകരണത്തെ സംബന്ധിച്ച് ജനങ്ങളിൽ വേണ്ടത്ര പരിജ്ഞാനമില്ലാത്തതും പരിസരജന്യ രോഗങ്ങൾക്ക് മറ്റൊരു കാരണമാണ്. നമ്മുടെ ഗ്രാമത്തിൽ വർദ്ധിച്ച തോതിലല്ലെങ്കിലും വിവിധ പ്രദേശങ്ങളിൽ വയറിളക്ക രോഗങ്ങൾ, വിരശല്യം, മഞ്ഞപ്പിത്തം, ത്വക്ക്രോഗങ്ങൾ എന്നിവ കുട്ടികൾക്കും വലിയവരിലും കണ്ടുവരുന്നു. മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്ത് തിരിച്ച് നാട്ടിൽ വരുന്ന ചിലർക്കെങ്കിലും മലമ്പനി രോഗബാധയുണ്ടായിട്ടുണ്ട്. പഞ്ചായത്തിൽ ഇത് പടർന്നു പിടിക്കാൻ കാരണമായിട്ടില്ല. വായു മലിനീകരണം പൊതുവെ ഗ്രാമത്തിൽ കുറവായിരുന്നതിനാൽ ശ്വാസകോശ രോഗങ്ങൾ കുറവാണ്.

**ദാരിദ്ര്യ ജന്യം :** പഞ്ചായത്തിലെ 1669 കുടുംബങ്ങളിൽ 698 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളാണ്. ഇതിൽ 56 കുടുംബങ്ങൾ പട്ടികജാതിക്കാരാണ്. കഴിഞ്ഞ നാലു വർഷങ്ങളായി 105 കുടുംബങ്ങൾക്ക് മാത്രമാണ് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാനുള്ള ധനസഹായം ലഭിച്ചത്. അവരിൽ 31 കുടുംബങ്ങളെ മാത്രമേ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിക്കുവാൻ സാധിച്ചിട്ടുള്ളൂ. 39. 96 % കുടുംബങ്ങൾക്ക് ഇപ്പോഴും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. പട്ടിക 18 ൽ കൊടുത്തിരിക്കുന്നത് നമ്മുടെ ഗ്രാമ പ്രദേശത്തിന്റെ ജനങ്ങളുടെ സാമ്പത്തിക നിലയെ കാണിക്കുന്നതാണ്.

നാമമാത്ര, പരിമിത ഭൂമി മാത്രം ഉള്ളവരാണ്.പഞ്ചായത്തിലെ ബഹുഭൂരിപക്ഷവും. പരമ്പരാഗത രീതിമാത്രം ഭക്ഷ്യോൽപാദനത്തിന് ഉപയോഗിക്കുന്നതുകൊണ്ടും ഭൂമിയെ വേണ്ടത്ര ഉപയോഗിക്കാതിരിക്കുന്നതുകൊണ്ടും ഭക്ഷ്യ വിഭവങ്ങൾ ഉപ

ജീവനത്തിനുപോലും അപര്യാ പ്തമാണ്. വ്യാവസായിക സംരംഭങ്ങൾ ഒന്നും തന്നെ ഇല്ലാത്തതിനാൽ ജനങ്ങളുടെ സാമ്പത്തിക സ്ഥിതി ഉയരാനുള്ള സാഹചര്യവും ഇല്ല. അഭ്യസ്തവിദ്യരിലും മറ്റുള്ളവരിലും ഉള്ള തൊഴിലില്ലായ്മ ജീവിതനിലവാരം മെച്ചപ്പെടു ത്തുന്നതിന് വിഘാതമായി നിന്നിട്ടുണ്ട്.

ഗർഭിണികളിലും വിളർച്ചയ്ക്ക് കാരണ മാകുന്നു. പഞ്ചായത്തിൻെറ ചില പ്രത്യേക പ്രദേശങ്ങളിൽ (6, 7 വാർഡുകളിൽ പ്രത്യേകിച്ചും) പ്രായമായവരിലും ഈ പോഷാകാഹാരത്തിൻെറ അഭാവം കണ്ടു വരുന്നുണ്ട്. 85% കുട്ടികളിൽ കാണപ്പെടുന്ന ദന്തരോഗങ്ങൾക്കും നേത്രരോഗങ്ങൾക്കും

പട്ടിക 16 (a)

| | ഇന്ത്യ | കേരളം | മലപ്പട്ടം |
|---|---|---|---|
| മരണനിരക്ക് | 14 | 5.8 | 4.5 |

പട്ടിക 16 (b)

| | ഇന്ത്യ | കേരളം | മലപ്പട്ടം |
|---|---|---|---|
| ജനനനിരക്ക് | 31 | 17 | 14.47 |

പട്ടിക 17

| വൈകല്യത്തിൻെറ സ്വഭാവം | വികലാംഗരുടെ എണ്ണം |
|---|---|
| അന്ധർ | 3 |
| ബധിരർ | 5 |
| ബധിര-മൂകർ | 11 |
| ചലന വൈകല്യമുള്ളവർ | 17 |
| മന്ദബുദ്ധികൾ | 27 |

(അവലംബം : ആരോഗ്യ സർവ്വേ 95)

മുകളിൽ പ്രസ്താവിച്ചതിൽ നിന്നും ജനങ്ങളുടെ പൊതുവായ സാമ്പത്തി നില വളരെ പിന്നോക്കമാണെന്ന് കാണാം. അതുകൊണ്ട് ആരോഗ്യ സംരക്ഷണത്തിനുതകുന്ന ഭക്ഷണ ക്രമം സ്വീകരിക്കുന്നതിന് ജനങ്ങൾക്ക് കഴിയാതെ വരുന്നു. ഇത് 60 % കുട്ടികളിലും

പോഷാകാഹാരക്കുറവ് മുഖ്യഘടകമാണ്. പോഷകഘടകങ്ങൾ ഉള്ള ഭക്ഷണ ക്രമം സ്വീകരിക്കുന്നതിനുള്ള ബോധവൽക്കരണവും അവ സ്വന്തമായി ഉല്പാദിപ്പിക്കുന്നതിനുള്ള സഹായവും പ്രേരണയും നൽകേണ്ടത് അത്യാവശ്യമാണ്.

**തൊഴിൽജന്യം** : വ്യവസായങ്ങൾ ഇല്ലാത്തതിനാൽ പഞ്ചായത്തിൽ തൊഴിൽജന്യ രോഗങ്ങൾ പൊതുവെ കുറവാണ്. പഴയ കാലങ്ങളിൽ തറിനെയ്ത്തിൽ ഏർപ്പെട്ട ചിലർക്കെങ്കിലും ശ്വാസകോശ രോഗങ്ങൾ കണ്ടിട്ടുണ്ട്. മഴയത്തും

പട്ടിക 18

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖക്ക് മുകളിലെത്തിയ കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖക്ക് മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ സഹായം ലഭിച്ചവർ ഉൾപ്പെടെ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 86 | 26 | 30 | 26 | 10 | 76 |
| II | 67 | - | 6 | - | 2 | 65 |
| III | 83 | - | 8 | - | 3 | 80 |
| IV | 66 | 4 | 13 | 4 | 4 | 62 |
| V | 98 | 3 | 9 | 3 | 3 | 95 |
| VI | 98 | 20 | 28 | 20 | 6 | 92 |
| VII | 102 | 1 | 3 | 1 | 1 | 101 |
| VIII | 98 | 2 | 8 | 2 | 2 | 96 |
| **ആകെ** | **698** | **56** | **105** | **56** | **31** | **667** |

(അവലംബം : I R D P സർവ്വേ )

പട്ടിക 19 കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം
(അംഗൻവാടികളിൽ നിന്ന് ലഭിച്ചത്)

| വാർഡ് | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽ താഴെ | 50 | 48 | 26 | 19 | 12 | 3 | - | - |
| 1 -3 വയസ്സ് | 76 | 63 | 39 | 50 | 6 | 12 | - | - |
| 3-6 വയസ്സ് | 94 | 73 | 47 | 47 | 12 | 4 | 1 | - |

വെയിലത്തും കഠിനാദ്ധ്വാനം ചെയ്യുന്ന തൊഴിലാളികളിൽ പ്രായമാകുമ്പോൾ വാത സംബന്ധമായ രോഗങ്ങൾ പിടിപെടുന്നതായി കണ്ടു വരുന്നു.

വിവിധ ആരോഗ്യസ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ പട്ടിക 18ൽ കൊടുത്തിരിക്കുന്നു.

**മറ്റുള്ളവ :** അടുത്തകാലത്തായി പഞ്ചായത്തിൽ കാൻസർ നിയന്ത്ര പദ്ധതി ആവിഷ്ക്കരിക്കുന്നതിനുള്ള ശ്രമം ആരംഭിച്ചുവെങ്കിലും പദ്ധതി വിജയിപ്പിക്കുവാൻ സാധിച്ചിട്ടില്ല. ഈ പദ്ധതി വീണ്ടും പ്രവർത്തനപഥത്തിൽ കൊണ്ടുവരുന്നതിന് ശ്രമം ആരംഭിക്കേണ്ടതാണ്.

**അലഞ്ഞുതിരിയുന്ന പട്ടികൾ :**

നമ്മുടെ പഞ്ചായത്തിൽ പട്ടികളെ വളർത്തുന്നതിന് നിയന്ത്രണം ആവശ്യമാണ്.

പട്ടിക 20 ആരോഗ്യസ്ഥാപനങ്ങളുടെ പട്ടിക

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്ഥാപനം സ്ഥിതി ചെയ്യുന്ന വാർഡ് | ജീവനക്കാരുടെ എണ്ണം | കാറ്റഗറി |
|---|---|---|---|---|
| 1 | ഗവ:ആയുർവേദ ഡിസ്പൻസറി | V | 3 | മെഡിക്കൽ ഓഫീസർ -1<br>അറ്റൻഡർ - 1<br>പി.റ്റി.എസ് - 1 |
| 2 | ഗവ:റൂറൽ ഡിസ്പൻസറി | IV | 6 | മെഡിക്കൽ ഓഫീസർ -1<br>ഫാർമസിസ്റ്റ് - 1<br>ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് - 1<br>നഴ്സിംഗ് അസിസ്റ്റന്റ് -1<br>അറ്റൻഡർ ഗ്രേഡ് - II - 1<br>പി.റ്റി.എസ് - 1 |
| 3 | ഹോമിയോ ഡിസ്പൻസറി സ്വകാര്യം | II | | മെഡിക്കൽ ഓഫീസർ - 1 |
| 4 | കുടുംബക്ഷേമകേന്ദ്രം മലപ്പട്ടം, കൊളന്ത | i | 1 | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് |
| 5 | കുടുംബക്ഷേമകേന്ദ്രം അഡുവാപ്പുറം | VIII | 1 | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് |

കണ്ടുവരുന്ന കാൻസർ രോഗബാധ ആശങ്ക ജനകമാണ്. പ്രായഭേദമെന്യേ രോഗബാധ യുള്ളതായി അനുഭവപ്പെട്ടിട്ടുണ്ട്. ഇത് കണ്ടെത്തുന്നതിനാവശ്യമായ പഠനം നടത്തുകയും പരിഹാര മാർഗ്ഗങ്ങൾ ഗൗരവത്തോടുകൂടി പരിശോധിക്കേണ്ടതുമാണ്. മലപ്പട്ടം പഞ്ചായത്ത് എസ്. ബി. ടി. മലപ്പട്ടം ശാഖയും മലപ്പട്ടം സർവ്വീസ് സഹകരണ ബാങ്കും സംയുക്തമായി

പട്ടികളെ വളർത്തുവാൻ താൽപര്യമെടുക്കുന്ന ഭൂരിഭാഗം ആളുകളും കുറച്ചുകാലത്തേക്ക് ചിട്ടയിൽ വളർത്തി പിന്നീടതിനെ പെരുവഴിയിലുപേക്ഷിക്കുന്ന നിലയാണ് കണ്ടുവരുന്നത്. ഈ രീതിയിലുള്ള പട്ടികളുടെ ശല്യം നമ്മുടെ പഞ്ചായത്തിൽ ക്രമാതീതമായി വർദ്ധിക്കുന്നു. നിയന്ത്രണം ഇല്ലാതെ അലഞ്ഞുതിരിയുന്നത് പട്ടികളിൽ പേവിഷബാധയു

ണ്ടാകുവാൻ സാധ്യതയുണ്ട്. പട്ടിപിടുത്തത്തിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ ജനങ്ങളിൽ നിന്ന് വേണ്ടത്ര സഹകരണമില്ലായ്മയും ഈ സംരംഭത്തെ പരാജയപ്പെടുത്തുന്നുണ്ട്. പട്ടികളെ വളർത്തുന്നവർ അധികൃതർ നിർദ്ദേശിക്കുന്ന എല്ലാ ചിട്ടകളും പാലിക്കാൻ ജനങ്ങൾ ബാധ്യസ്ഥരാണ്. അലഞ്ഞുതിരിയുന്ന പട്ടികളെ നിർമ്മാർജ്ജനം ചെയ്യാൻ സമയബന്ധിതമായി പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

കുട്ടികളുടെആരോഗ്യ പോഷണ നിലവാരം (അംഗൻവാടികളിൽ നിന്ന് ലഭിച്ചത്) പട്ടിക 19ൽ കൊടുത്തിരിക്കുന്നു.

1-ാം ഗ്രേഡ്: ലഘുവായ ഷോപണ കുറവുള്ളവർ

2-ാം ഗ്രേഡ്: മിതമായ പോഷണകുറവുള്ളവർ

3-ാം ഗ്രേഡ് : ഗുരുതരമായ പോഷണ കുറവുള്ളവർ

95-96 വർഷത്തിൽ ഇരുമ്പ് ഫോളിക് ആസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം : 209

വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം - 168

## സ്ഥാപനങ്ങളുടെ കിടപ്പ്

പഞ്ചായത്തിൽ ആദ്യമായി വൈദ്യസേവന രംഗത്ത് ഒരു സർക്കാർ സ്ഥാപനം ആരംഭിക്കുന്നത് 1971 ലാണ്. മലപ്പട്ടം സി. ആർ. സി. യുവജന വായനശാലയിൽ പരിമിതമായി സൗകര്യത്തോടുകൂടി ആരംഭിച്ച ആയുർവേദ ഡിസ്പെൻസറി ഇപ്പോൾ മലപ്പട്ടം ഗവ: ഹൈസ്ക്കൂളിന് സമീപം സ്ഥിരമായ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്നു. അവിടെ ശുദ്ധജലം ലഭിക്കുന്നതിന് കിണറോ മറ്റ് സംവിധാനങ്ങളോ ഇല്ല. ആശുപത്രിയിൽ ഇപ്പോൾ സ്ഥിരമായി ഡോക്ടറും മറ്റ് ജീവനക്കാരും ഉണ്ട്. ആവശ്യത്തിന് മരുന്ന് ലഭിക്കാത്തത് ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ആശുപത്രിയിൽ ചികിത്സയ്ക്ക് എത്തുന്നവരുടെ ആവശ്യം പരിഗണിക്കുമ്പോൾ ഇത് 25 കിടക്കകളുള്ള ആശുപത്രിയാക്കി ഉയർത്തേണ്ടതാണ്.

അലോപ്പതി ചികിത്സാരംഗത്ത് ഒരു ഗവ: റൂറൽ ഡിസ്പെൻസറി ആരംഭിക്കുന്നത് 1981 ലാണ്. മലപ്പട്ടം പഞ്ചായത്തിനോടനുബന്ധിച്ച് പ്രവർത്തിച്ചിരുന്ന .റൂറൽ ഡിസ്പെൻസറി ഇപ്പോൾ സ്ഥിരമായി കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. സ്ഥിരമായ ഡോക്ടർ ഇല്ലാത്തതുകൊണ്ട് ജനങ്ങൾക്ക് ഉദ്ദേശിച്ച ഫലം ലഭിക്കുന്നില്ല. സ്ഥിരം ഡോക്ടറും ആവശ്യത്തിന് ജീവനക്കാരും ഉണ്ടായാൽ മാത്രമേ ഈ സ്ഥാപനം ഫലപ്രദമായി വിനിയോഗിക്കുവാൻ സാധിക്കുകയുള്ളൂ. ആവശ്യത്തിന് മരുന്ന് ലഭ്യമല്ലാത്തതും ഒരു പ്രധാന പ്രശ്നമാണ്. ഈ പ്രദേശത്തെ ജനങ്ങൾ ഇപ്പോഴും ചികിത്സയ്ക്ക് വേണ്ടി മറ്റു വിദൂര പ്രദേശങ്ങളിലെ സ്വകാര്യ സ്ഥാപനങ്ങളെ അമിതമായി ആശ്രയിക്കേണ്ടിവരുന്നു. കിടത്തി ചികിത്സിക്കാനുള്ള സൗകര്യത്തോടുകൂടിയ പ്രാഥമികാരോഗ്യ കേന്ദ്രമായി ഡിസ്പൻസറിയെ ഉയർത്തുകയും ആവശ്യമായ മറ്റു സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഡോക്ടർക്ക് താമസിക്കുവാനുള്ള ക്വാർട്ടേർസും ആവശ്യ മാണ്.

മലപ്പട്ടം പഞ്ചായത്തിൽ സ്വകാര്യ മേഖലയിൽ ഒരു ഹോമിയോ ഡിസ്പെൻസറി പ്രവർത്തിക്കുന്നു. ബാലചികിത്സാരംഗത്തു നല്ല സേവനം കാഴ്ചവെക്കുന്നുണ്ട്. ആരോഗ്യ സ്ഥാപനങ്ങളുടെ പട്ടിക 20 ൽ കൊടുത്തിരിക്കുന്നു.

## ആരോഗ്യരക്ഷാചിലവ്

വിവിധ ഏജൻസികൾ മുഖാന്തിരം ആരോഗ്യരക്ഷാ രംഗത്ത് മുതൽമുടക്കുന്നതിനാൽ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല.

## വിവിധ ചികിത്സാരീതികൾ

പഞ്ചായത്തിൽ പാരമ്പര്യ ആയുർ വേദ ചികിത്സാഇപ്പോഴും നിലവിലുണ്ട്. ഗവ: ആയുർവേദ ഡിസ്പൻസറി മുഖേനയും രോഗചികിത്സ നടത്തിവരുന്നു. ആധുനിക ചികിത്സാ സമ്പ്രദായ-ആലോപ്പതി ഹോമിയോ ചികിത്സാ രീതികളും അവ ലംബിക്കുന്നുണ്ട്.

## സന്നദ്ധ സംഘടനകൾ

ആരോഗ്യരക്ഷാ പ്രവർത്തനരംഗത്ത് വായനശാലകൾ ക്ലബ്ബുകൾ മറ്റ് സംഘടനകൾ എന്നിവയുടെ നിർലോഭമായ സഹകരണം ലഭിക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ 1996 ജനുവരി 10 ന് രൂപീകരിച്ച പഞ്ചായത്ത് വികസന സമിതി ഇക്കാര്യത്തിൽ ഏറെ

ശ്രദ്ധേയമായ പ്രവർത്തനങ്ങൾ കാഴ്ച വെച്ചിട്ടുണ്ട്. വാർഡ് വികസന സമിതി കളുടെയും മറ്റ് സന്നദ്ധസംഘടനകളുടെയും സഹായത്താൽ മലപ്പട്ടം പഞ്ചായത്തിനെ മാതൃകാ ശുചീകരണ ഗ്രാമമാക്കി മാറ്റുന്നതിനുവേണ്ടിയുള്ള പദ്ധതിയുടെ ഭാഗമായി കക്കൂസ് പുകയില്ലാത്ത അടുപ്പ് എന്നിവ സംബന്ധിച്ച് വിശദമായ സർവ്വേ നടത്തുക യുണ്ടായി. കക്കൂസ് ഇല്ലാത്ത വീടുകൾക്ക് കക്കൂസ് നിർമ്മിക്കുക, പൊതു സ്ഥാപനങ്ങളിൽ സാനിറ്റേഷൻ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, മലിനജന നിർഗ്ഗമന ചാലുകൾ നിർമ്മിക്കുക, പുകയില്ലാത്ത അടുപ്പ് എന്നിവ സ്ഥാപിക്കുന്നതിന് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ANERT, DRDA എന്നീ ഏജൻ സികൾക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്

**ജലലഭ്യത**

മൂന്ന് ഭാഗവും പുഴകളാൽ ചുറ്റപ്പെട്ടതും സമൃദ്ധമായ മഴ ലഭിക്കുന്നതുമാണ് ഈ പ്രദേശമെങ്കിലും ചില സ്ഥലങ്ങളിൽ രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടാറുണ്ട്. പഞ്ചായത്തിൽ പൊതുശുദ്ധജല വിതരണ സമ്പ്രദായം നിലവിലില്ല. കിണറുകളെയാണ് കുടിവെള്ളത്തിനും മറ്റാവശ്യങ്ങൾക്കും വേണ്ടി ഉപയോഗിക്കുന്നത്. പഞ്ചായത്തിൽ 1669 വീടുകളിൽ 1108 വീടുകളിൽ മാത്രമാണ് സ്വന്തമായി കിണറുകൾ ഉള്ളത്. ഇവയിൽ 406 കിണറുകൾക്ക് മാത്രമേ സാനിട്ടറി സൗകര്യമുള്ളൂ.

പഞ്ചായത്തിൽ ശുദ്ധജല വിതരണ സംവിധാനം ആവശ്യമാണ്.

**വിസർജ്യ നിർമ്മാർജ്ജന സൗകര്യങ്ങൾ**

വികസന സമിതി നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ 1028 വീടുകൾക്ക് കക്കൂസ് ഇല്ല. ബഹുഭൂരിപക്ഷം കുടുംബങ്ങളും തുറസ്സായ സ്ഥലങ്ങളിലാണ് മല-മൂത്ര വിസർജ്ജനം നടത്തുന്നത്. കക്കൂസ് നിർമ്മിക്കുവാൻ സാഹചര്യമുള്ള വീടുകളിൽപോലും ഇക്കാര്യത്തിലുള്ള അലംഭാവം പ്രകടമായിക്കാണാം. പഞ്ചായത്ത് ഓഫീസ് പരിസരം, അടുവാപ്പുറം ബസ്സ്റ്റോപ്പ്, ആലാംകുന്ന്, 16-ാം പറമ്പ് എന്നിവിടങ്ങളിൽ രൂക്ഷമായ മലിനീകരണ പ്രശ്നം ഉയർന്നു വന്നിട്ടുണ്ട്. തൊഴിലിന്ന് വേണ്ടി മറ്റ് പ്രദേശങ്ങളിൽ നിന്ന് ഇവിടെ വന്ന് താമസിക്കുന്നവർക്ക് ആവശ്യമായ സാനിറ്റേഷൻ സൗകര്യം ഇല്ലാത്തത് ഈ പ്രദേശത്തെ ആരോഗ്യ പരിപാലനത്തെ പ്രതികൂലമായി ബാധിക്കുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

അയിക്കോത്ത്, മഞ്ചാൽ ലക്ഷം വീട് കോളനി, വെങ്ങലേരിക്കുന്ന് ഹരിജൻ കോളനി, നാലുസെൻറ് കോളനി എന്നിവിടങ്ങളിലും ഈ പ്രശ്നം നിലവിലുണ്ട്.

സ്ക്കൂളുകൾ, ബാലവാടികൾ മറ്റു പൊതു സ്ഥാപനങ്ങൾ എന്നിവയോടനുബന്ധിച്ച് ഫലപ്രദമായ സാനിറ്റേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. പഞ്ചാ യത്തിലെ കൂടുതൽ സ്ത്രീകൾ തൊഴിലെടു ക്കുന്ന ഖാദി നൂൽനൂൽപ്പ് കേന്ദ്രത്തിലും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യമില്ല.

**മാലിന്യങ്ങൾ**

പട്ടണങ്ങളിലെപ്പോലുള്ള മാലിന്യ പ്രശ്നങ്ങൾ പഞ്ചായത്തിലില്ലെങ്കിലും ഹോട്ട ലിൽ നിന്നും പുറത്തുകളയുന്ന മലിന ജലം കെട്ടിക്കിടക്കുന്നത് പ്രശ്നമായി കാണേണ്ട തുണ്ട്.

**ഈച്ച-കൊതുക്**

ഈച്ച, കൊതുക് മുതലായവ കൊണ്ടുള്ള ആരോഗ്യ പ്രശ്നങ്ങൾ താരതമ്യേന കുറവാണ്.

**പൊതുശ്മശാനം ഉപയോഗപ്പെടുത്താതിരിക്കൽ**

പഞ്ചായത്തിൻെറ 11 ഇന പരിപാടിയുടെ ഒരു പൊതുശ്മശാനം സ്ഥാപിക്കപ്പെട്ടുവെങ്കിലും ഇത് പഴയ രീതിയിൽ തന്നെയാണ് തുടർന്നു വരുന്നത്. ഇത് ഒരു ആരോഗ്യ പ്രശ്നമായി കണക്കിലെടുത്ത് പൊതുശ്മശാനം ഉപയോഗിക്കുന്നതിന് ജനങ്ങളെ ബോധവാന്മാരാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

* പൊതുസ്ഥല മലിനീകരണം
* പരിസരമലിനീകരണം, ഷീറ്റുപുരകളിലെ മലിനീകരണം.
* കോളനികളിലെ മലിനീകരണ പ്രശ്നം.
* കക്കൂസിൻെറയും മറ്റു ശുചീകരണ സൗകര്യ

ങ്ങളുടെയും അഭാവം.

* കക്കൂസിന്റെ ആവശ്യകതയെക്കുറിച്ച് ബോധമില്ലായ്മ.

* കക്കൂസ് നിർമ്മിക്കുവാനുള്ള സാമ്പത്തിക പരാധീനത

* കിണറുകളിലെ മലിനീകരണം

* കുട്ടികളിൽ വിളർച്ചരോഗം കാണുന്നു.

* പോഷകാഹാരക്കുറവ് കുട്ടികളിലും ഗർഭിണികളിലും മുലയൂട്ടുന്ന അമ്മമാരിലും

* രോഗപ്രതിരോധം കുട്ടികൾക്കും ഗർഭിണികൾക്കും.

* അമ്മമാരുടെ ആരോഗ്യ ബോധവൽക്കരണം

* ആവശ്യത്തിനു ശുദ്ധജലം ലഭിക്കാത്തത്

* കൊതുകുനിവാരണ പദ്ധതിയുടെ അഭാവം

* മഞ്ഞപ്പിത്തം, ക്ഷയം, മലമ്പനി, ചിക്കൻ പോക്സ് മുതലായ രോഗങ്ങൾ

* വേനൽക്കാലത്തും മഴക്കാലത്തും ഉണ്ടാകുന്ന പകർച്ച വ്യാധികൾ

* കൃത്രിമ കളറുകൾ ചേർത്തുള്ള മധുര പലഹാരങ്ങളുടെവില്പന

* ഭക്ഷ്യവസ്തുക്കളുടെ മായം ചേർക്കൽ

* കുട്ടികളിൽ കാണുന്ന ദന്ത രോഗങ്ങൾ

* വിദ്യാലയ ആരോഗ്യ പദ്ധതി നടത്താതിരിക്കുന്നത്

* പ്രായമുള്ളവരിൽ കാണുന്ന വാതസംബന്ധമായ രോഗങ്ങൾ

* മദ്യം, പുകവലി, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം.

* മാരകരോഗങ്ങളെപ്പറ്റിയുള്ള ബോധമില്ലായ്മ

* കാൻസർ രോഗബാധിതരുടെ വർദ്ധന

* പഞ്ചായത്തിലെ ചികിത്സാ സൗകര്യത്തിന്റെ അപര്യാപ്തത.

* ജി. ആർ. ഡി. പി. എച്ച്. സി. യാക്കി ഉയർത്തൽ

* കിടത്തി ചികിത്സിക്കാൻ സൗകര്യമില്ലാത്തത്

* ആയുർവേദ ഡിസ്പൻസറിയിൽ കിടത്തി ചികിത്സിക്കാൻ സൗകര്യമില്ലാത്തത്.

* പഞ്ചായത്തിൽ ഗവ: ഹോമിയോ ഡിസ്പൻസറിയുടെ അഭാവം

* ആശുപത്രികളിലെ ഔഷധ ദൗർലഭ്യം

* സ്ഥിരമായി ഡോക്ടർമാരുടെ സേവനം ലഭിക്കാതിരിക്കൽ

* ആയുർവേദ ആശുപത്രിയിലെ വൈദ്യുതീകരണവും ശുദ്ധജല പ്രശ്നവും

* പഞ്ചായത്തിൽ അർഹമായ സ്ഥാനത്ത് സബ് സെൻറർ സ്ഥാപിക്കൽ

* ആശുപത്രിക്ക് ചുറ്റുമതിലില്ലാത്തത്.

* ഡോക്ടർമാർക്ക് താമസസൗകര്യമില്ലായ്മ.

* പൊതുശ്മശാനം ഉപയോഗപ്പെടുത്താത്.

* ദരിദ്രജനവിഭാഗങ്ങൾക്ക് ചികിത്സയ്ക്കാവശ്യമായ പണം കണ്ടെത്താൻ കഴിയാതിരിക്കൽ

* അലഞ്ഞു തിരിയുന്ന പട്ടികൾ

* പഞ്ചായത്ത് കേന്ദ്രത്തിലെ പന്നി വളർത്തൽ

* ശിശുമന്ദിരത്തിൽ ഭക്ഷണം ലഭിക്കുന്നില്ല.

## സാധ്യതകൾ

*പൊതുസ്ഥലങ്ങളിലും കോളനികളിലും ആവശ്യമായ സാനിറ്റേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തുക

പൊതുകക്കൂസുകൾ സ്ഥാപിക്കുക. അവ ശരിയായവിധത്തിൽ സംരക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക. അവ ഉപയോഗപ്പെടുത്തുന്നതിന് ജനങ്ങളെ ബോധവാന്മാരാക്കുക. മുഴുവൻ വീടുകളിലും കക്കൂസുകൾ നിർമ്മിക്കുക. കക്കൂസ് നിർമ്മിക്കാൻ ആവശ്യമായ സാമ്പത്തിക സഹായം അനുവദിക്കുക.

*ആൾമറയില്ലാത്ത കിണറുകൾക്ക് അവ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക. ആവശ്യമായ ശുദ്ധജലം ലഭിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

*കുട്ടികൾക്കും ഗർഭിണികൾക്കുമുള്ള പോഷാകാഹാര പദ്ധതികൾ വിപുലീകരിക്കുക, കാര്യക്ഷമമായി നടപ്പിലാക്കുക. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ വിളർച്ച രോഗം ബാധിച്ചവരെ പോഷകാഹാര പദ്ധതികളിൽ ഉൾപ്പെടുത്തുക. രോഗപ്രതിരോധ നടപടികൾ കൃത്യനിഷ്ഠയോടെയും സമയ

ബന്ധിതമായും നടത്തുക. പ്രതിരോധ ചികിത്സയെപ്പറ്റി അമ്മമാരെ ബോധവൽക്കരിക്കുക.

*മലിനജല നിർഗ്ഗമന മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തുക. ഹോട്ടൽ പരിസരങ്ങളിൽ കെട്ടി നിൽക്കുന്ന മലിന ജലം നീക്കം ചെയ്യുന്നുണ്ടോയെന്ന് പരിശോധന കാര്യക്ഷമമാക്കുക.

* സ്ക്കൂൾ കുട്ടികൾക്കുള്ള ആരോഗ്യ പരിപാടി കാര്യക്ഷമമായി നടപ്പിലാക്കുക.

* സ്ക്കുൾ പരിസരത്ത് കൃത്രിമ കളറുകൾ ചേർത്തുള്ള മധുര പലഹാരങ്ങളും താണതരം മിഠായികളും വിൽക്കുന്നത് നിയമം മൂലം നിരോധിക്കുക. മായം ചേർക്കൽ തടയുന്നതിന് പഞ്ചായത്ത് തല സംവിധാനം ഏർപ്പെടുത്തുക.

*മദ്യം, പുകവലി, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗത്തിനെതിരെ പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

* പഞ്ചായത്ത് ആവിഷ്ക്കരിച്ചതും നടപ്പിലാകാതെ പോയതുമായ സമഗ്ര കാൻസർ നിയന്ത്ര പദ്ധതി പുനരാവിഷ്ക്കരിച്ച് നടപ്പിലാക്കുക.

* ഗവ: റൂറൽ ഡിസ്പൻസറി പ്രൈമറി ഹെൽത്ത് സെൻററുകളാക്കി ഉയർത്തുക്യും കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക. ആശുപത്രികളിലുള്ള ഔഷധ ദൗർലഭ്യം പരിഹരിക്കുകയും സ്ഥിരമായി ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുകയും ചെയ്യുക.

* ആയുവേദ ആശുപത്രിയിൽ വൈദ്യുതി ശുദ്ധജലം എന്നിവ ലഭ്യമാക്കുക.

*ആവശ്യമായ സ്ഥലങ്ങൾ കണ്ടെത്തി സബ്സെൻറർ സ്ഥാപിക്കുക. ആഴ്ചയിലൊരു ദിവസം ഡോക്ടറുടെ സേവനം ലഭ്യമാക്കുക.

* നിലവിലുള്ള ജി. ആർ. ഡിക്കും ആയുർവേദ ആശുപത്രിക്കും ചുറ്റുമതിൽ നിർമ്മിക്കുകയും ഡോക്ടർമാർക്ക് താമസസൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

*പഞ്ചായത്തിൽ പൊതുശ്മശാനം ഉപയോഗിക്കുന്നതിനുവേണ്ടിയുള്ള ബോധനപ്രവർത്തനങ്ങൾ നടത്തുക. നിയമം മുഖേന നിർബന്ധമാക്കുക

* മാരകരോഗം ബാധിച്ച ദാരിദ്ര്യരേഖയ്ക്ക് താഴെ കഴിയുന്നവർക്ക് വേണ്ടി ചികിത്സാ സഹായ നിധി രൂപീകരിക്കുക.

* ലൈസൻസില്ലാതെ പട്ടികളെ വളർത്തുന്നത് നിയമം മൂലം നിരോധിക്കുകയും അലഞ്ഞുതിരിയുന്ന പട്ടികളെ നശിപ്പിക്കാനുള്ള പദ്ധതി തയ്യാറാക്കുകയും ചെയ്യുക.

* പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ഹെൽത്ത് ക്ലാസ് നൽകാനുള്ള നടപടി സ്വീകരിക്കുക.

*ഹെൽത്ത് ഇൻസ്പെക്ടർ മാരുടെ നേതൃത്വത്തിൽ വാർഡുകൾ തോറും ബോധവൽക്കരണം സ്ഥാപിക്കുക.

* ഷീറ്റു പുരകളുടെ മലിനീകരണം തടയുക.

* പരിസര മലീനീകരണം ഉണ്ടാവാത്ത തരത്തിൽ പന്നികളെ വളർത്തുക.

* ശിശു മന്ദിരത്തിൽ ഭക്ഷണം ലഭ്യമാക്കുക.



# 11. ഗതാഗതം

ഏതാണ്ട് മൂന്ന് ഭാഗവും പുഴകളാൽ ചുറ്റപ്പെട്ടതാണ് നമ്മുടെ പഞ്ചായത്ത്. വടക്കും, വടക്കുപടിഞ്ഞാറ് ശ്രീകണ്ഠാപുരം പുഴയും, തെക്കുഭാഗം വളപട്ടണം പുഴയും നമ്മുടെ ഗ്രാമത്തിന്റെ കാലാവസ്ഥയിൽ ഗണ്യമായ വ്യതിയാനങ്ങൾ സൃഷ്ടിക്കുന്നു. അമ്പത് വർഷങ്ങൾക്ക് മുമ്പ് ഇവിടെ ഒരു റോഡുപോലുമുണ്ടായിരുന്നില്ല. കാലാ കാലങ്ങളായി നടന്നുപോയിട്ടുള്ള പെരുവഴി കൾ മാത്രമേ അന്നുണ്ടായിരുന്നുള്ളൂ. അതുകൊണ്ടു തന്നെ ജനങ്ങൾ മുഖ്യമായും ആശ്രയി ച്ചിരുന്നത് ജല ഗതാഗതത്തെയായിരുന്നു.

## ജലഗതാഗതം

എല്ലാ ഋതുഭേദങ്ങളിലും ജല സുലഭത കാരണം, വർഷം മുഴുവനും നമ്മുക്ക് ജലഗതാഗതം സാധ്യമായിരുന്നു. മോട്ടോർ ബോട്ടുകൾ, വഞ്ചികൾ എന്നിവയാണ് നാം ഇതിന് ഉപയോഗിച്ചിരുന്നത്. വലിയ നാടൻ തോണികളിലാണ് ചരക്കു ഗതാഗതം പൂർണ്ണമായും നടന്നിരുന്നത്. വളപട്ടണം പുഴയിലൂടെയുള്ള ബോട്ട് ഗതാഗതം പ്രധാനമായും രണ്ട് വഴികളിലൂടെയായിരുന്നു. കോട്ടൂരിൽ നിന്നും മലപ്പട്ടം മുനമ്പ് വഴി വളപട്ടണത്തേക്കും, ഇരിക്കൂറിനടുത്ത കുട്ടിക്കുന്നിൽ നിന്ന് മുനമ്പ് കടവ് വഴി-വളപട്ടണത്തേക്കുമായിരുന്നു. പ്രസ്തുത ഗതാഗത മാർഗ്ഗങ്ങൾ.

1957-ൽ മയ്യിൽ ഹൈസ്ക്കൂൾ നിലവിൽ വരുന്നതു വരെ പറശ്ശിനിക്കടവ് ഹൈസ്ക്കൂളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികൾ ബോട്ടുകളിലാ യിരുന്നു യാത്രചെയ്തിരുന്നത്. പഞ്ചായത്തിലെ ജനങ്ങൾ വളരെയധികം ആശ്രയിച്ചിരുന്നതും, ഇപ്പോഴും തുടരുന്നതുമായ മറ്റൊരു യാത്ര സൗകര്യം കടത്തു തോണിയാണ്. ജനകീയ ആസൂ ത്രണത്തിന്റെ ഉന്നതതല ആദ്ധ്യക്ഷൻ ശ്രീ. ഇ. എം. എസ്- 1940-ൽ സ്വാതന്ത്ര്യസമര പ്രവർ ത്തനങ്ങളുടെ ഭാഗമായി നമ്മുടെ ഗ്രാമം സന്ദർശിച്ചത് ബോട്ട് യാത്ര ചെയ്തായിരുന്നു എന്നത് സ്മരണീയമാണ്.

## റോഡ് ഗതാഗതം

1954-ൽ ആദ്യത്തെ പഞ്ചായത്ത് ഭരണ സമിതി രൂപം കൊണ്ടതിനുശേഷമാണ് റോഡ് നിർമ്മാണത്തിന് ക്രിയാത്മകമായ പ്ലാൻ തയ്യാറാക്കുന്നതിനും, നടപ്പിൽ വരുത്തുന്നതിനും സാധ്യമായത്. ജനപങ്കാളിത്തത്തോടുകൂടി ഇവിടെ ആദ്യമായി പണിതിട്ടു

ള്ളതും-ഏറ്റവും കൂടുതൽ ജനങ്ങൾക്ക് പ്രയോജനകരവുമായ റോഡ് കണിയാർ വയൽ-മലപ്പട്ടം റോഡ് ആണ്. 1966-ൽ CSRF - പദ്ധതിയിൽ നിർമ്മിച്ച-കോട്ടൂർ മലപ്പട്ടം റോഡാണ് രണ്ടാമത്തെ പ്രധാന റോഡ്. മേൽ ഉദ്ധരിച്ച രണ്ടും റോഡിലൂടെയും ഇപ്പോൾ ബസ്സ് സർവ്വീസ് നടത്തുന്നുണ്ട്. 1968 ലാണ് കണിയാർ വയൽ-മലപ്പട്ടം റോഡ് മുനമ്പ് കടവ് വരെ നിർമ്മിച്ചത്.

ഇതിനുപുറമെ പഞ്ചായത്തിൻെറ വിവിധ സ്കീമുകളിൽ ഉൾപ്പെടുത്തിയും, സാമൂഹ്യ -സാംസ്ക്കാരിക സംഘടനകളുടെ ആത്മാർത്ഥ പരിശ്രമത്താലും നിർമ്മിച്ച ചെറുതും വലുതുമായ 50 ൽ അധികം റോഡുകൾ ഇന്ന് നിലവിലുണ്ട്. 1978-79 ൽ കണിയാർ വയൽ- മുനമ്പ്റോഡിലൂടെ കണ്ണൂർ-മലപ്പട്ടം റൂട്ടിൽ സർവ്വീസ് നടത്തിയതാണ് നമ്മുടെ പഞ്ചായ ത്തിലെ ആദ്യ ബസ് സർവ്വീസ്. '89-വരെ മുടങ്ങിയു്തുടങ്ങിയും ഈ സ്വകാര്യ ബസ് സർവ്വീസ് നടത്തിവന്നു. 87 ൽ കണിയാർ വയൽ-മുനമ്പ്കടവ്റോഡു സർക്കാർ ഏറ്റെടുക്കുകയും 93-94 ൽ ടാർ ചെയ്യുകയും ചെയ്തതോടെ ഒന്നിൽ അധികം ബസ്സുകൾ സർവ്വീസ് നടത്തുകയും ആതുവഴി ജനങ്ങളുടെ യാത്ര ക്ലേശത്തിന് ഒരു പരിധി വരെയെങ്കിലും ആശ്വാസമുണ്ടാക്കുന്നതിനും കഴിഞ്ഞു.

## മുനമ്പ്കടവ് പാലം

ഭൂപ്രകൃതിയുടെ പ്രത്യേകതയാൽ നമ്മുടെ ഗ്രാമം സമീപ പഞ്ചായത്തുകളിൽ നിന്നും ഒറ്റപ്പെട്ടുകിടക്കുന്നു. കിലോമീറ്ററുകൾക്കപ്പുറമാണ് എല്ലാ ചെറുപട്ടണവും കിടക്കുന്നത് എന്നതിനാൽ യാത്രക്ലേശമാണ്; ജനങ്ങൾ കാലങ്ങളായി അനുഭവിച്ചു കൊണ്ടിരിക്കുന്ന ഏറ്റവും വലിയ പ്രശ്നം. ഇതിന് ആകെയുള്ള ഒരു പരിഹാരമാർഗ്ഗം മുനമ്പ് കടവ് പാലത്തിൻെറ നിർമ്മാണം മാത്രമാണ്. നാട്ടുകാർ ഏകാഭിപ്രായത്തോടെ ഈ ആവശ്യത്തിനു വേണ്ടി ദശകങ്ങളായി പലവിധത്തിലുള്ള സമരങ്ങളും നടത്തിവരുന്നു. ഗ്രാമവാസികൾ ആകെ ജില്ലാകേന്ദ്രത്തിലേക്ക് കാൽനട ജാഥ നടത്തിയതുമുതൽ മലയോര പഞ്ചായത്ത് പ്രസിഡണ്ടുമാർ നിരാഹാര സമരം നടത്തിയതു വരെയുള്ള പലവിധ സമരങ്ങളും നടത്തി വരുന്നെങ്കിലും- സർക്കാർ കാലാകാലങ്ങളിലായി ബജറ്റിൽ തുക കൊള്ളിക്കാറുണ്ടെങ്കിലും ഇന്നും നാട്ടുകാരുടെ സ്വപ്നം യാഥാർത്ഥ്യമായില്ല. മലയോര മേഖലയുടെ സർവ്വതോന്മുഖമായ വികസനത്തിനും പ്രത്യുത നമ്മുടെ പഞ്ചായത്തിൻെറ സമഗ്രവികസനത്തിനും മലപ്പട്ടം മുനമ്പ് കടവ് പാലം അനിവാര്യമാണ്.

നിലവിലുള്ള യാത്രാസൗകര്യങ്ങളുടെയും മറ്റു സ്ഥാപനങ്ങളുടെയും വിവരം പട്ടിക A, B,C,D യിൽ ചേർത്തിരിക്കുന്നു.

### പട്ടിക - A

**പഞ്ചായത്തിലെ റോഡുകൾ**

1. കണിയാർ വയൽ - മുനമ്പ് റോഡ് (PWD)
2. കോട്ടൂർ - മലപ്പട്ടം റോഡ്
3. മലപ്പട്ടം - അടിച്ചേരി കൃഷ്ണപ്പിള്ള വായനശാല-മഠത്തുംകടവ് റോഡ്
4. മലപ്പട്ടം - പോസ്റ്റാഫീസ് റോഡ്
5. പടപ്പക്കരി ഹരിജൻ കോളനി - യു. പി. സ്ക്കൂൾ
6. പടപ്പക്കരി - കപ്പള്ളി-കൊളന്തക്കടവ് റോഡ്
7. വെസ്റ്റ് ഹിൽ - തേക്കിൻകൂട്ടം - മാലക്കടവ് റോഡ്
8. കൊവുന്തല വയൽ മുതൽ മുനമ്പ് റോഡു വരെ
9. കൊവുന്തല കമ്പനി - അടിച്ചേരി വയൽ റോഡ്
11. പൂമുത്തിക്കരി - ചൂളിയാട് ചിറ റോഡ്
12. മേപ്പറമ്പ് - പൊയ്യേരി വയൽ റോഡ്
13. കുപ്പംവയൽ - വെണ്ണക്കുന്ന് റോഡ്
14. പൂമുള്ളിക്കരി - കോട്ടൂർ റോഡ്
15. മീത്തലെക്കരി - അഡുവാപ്പുറം തൈവളപ്പ് റോഡ്
16. അടുവാപ്പുറം - ചൂളിയാട് റോഡ്
17. ചേടിച്ചേരി - റേഷൻ ഷാപ്പ് - ചെമ്പ്രോട്ട്മൂല റോഡ്
18. ചേടിച്ചേരി - ചൂളിയാട് താഴെചിറ റോഡ്
20. പതിനാറാം പറമ്പ് - പാലോട്ട്മൂല റോഡ്
21. പതിനാറാം പറമ്പ് - കോട്ടൂർ റോഡ്

22. ചൂളിയാട് - അടുവാപ്പുറം - കാവുംമൂല റോഡ്
23. കോരൻ പീടിക - കോട്ടൂർകുന്ന് റോഡ്
24. ചൂളിയാട് സ്ക്കൂൾ - ഇടച്ചിറ റോഡ്
25. കൊളന്ത എൽ. പി. സ്ക്കൂൾ - വെങ്കളേരി കുന്ന് റോഡ്
26. വെങ്കളേരികുന്ന് - പറാക്കണ്ടം വയൽ റോഡ്
27. ചൂളിയാട് പതിനാറാം പറമ്പ് - കരിമ്പിയിൽ
28. കൊവുന്തല കമ്പിനി - മുതിരച്ചാൽ റോഡ്
29. അടിച്ചേരി റേഷൻ ഷാപ്പ് - കൊളന്തക്കടവ്
30. തലക്കോട്ട്ക്കരി - കോട്ടൂർ റോഡ്
31. ചൂളിയാട് സ്ക്കൂൾ - കണിയാർ വയൽ-മുനമ്പ് റോഡ് വരെ
32. പതിനാറാം പറമ്പ് - തൃക്കടമ്പ് റോഡ്
33. കപ്പള്ളി - കൊയ്യോട് റോഡ്
34. കപവാട്ടം കൂട്ടം - കൊയ്യോട്ട് റോഡ്
36. മേപ്പറമ്പ് - കുപ്പം വയൽ റോഡ്
37. വളയംവെളിച്ചം - ഭഗത്സിംഗ് സ്മാരകവായനശാല റോഡ്
38. ഏ. കുഞ്ഞിക്കണ്ണൻ സ്മാരകവായനശാല - താണപൊയിൽ
39. അടൂർ ബാലവാടി - തൈക്കടവ്
40. മന്തുംകുന്ന് - അടുവാപ്പുറം വയൽ
41. കൊവുന്തല - മുതിരച്ചാൽ
42. കൊളന്ത - പട്ടിക്കാട് റോഡ്
43. മന്തുംകുന്ന് - ചൂളിയാട് റേഷൻഷാപ്പ്
44. തലക്കോട് - കോട്ടൂർ
45. ആലോട്ട് വയൽ - പോസ്റ്റോഫീസ് റോഡ്
46. കപ്പള്ളി - മുതിരച്ചാൽ റോഡ്
47. കൃഷ്ണപ്പിള്ള സ്മാരക വായനശാല - തായത്തുവയൽ
48. കൊവുന്തല - ഒണക്ക്കണ്ടംവയൽ

ഇതിനുപുറമേ അഞ്ചിലധികം റോഡ് പഞ്ചായത്ത് ഏറ്റെടുക്കാത്ത റോഡുകൾ പൂർത്തിയായിട്ടുണ്ട്.

പഞ്ചായത്തിൽ കൂടി കടന്നുപോകുന്ന മയ്യിൽ ശ്രീകണ്ഠാപുരം PWD റോഡിൻെറ ഏതാണ്ട് 1. KM ദൂരം പഞ്ചായത്തിൻെറ തെക്കേ അതിർത്തിയിലൂടെ കടന്നുപോകുന്നുണ്ട്. ഈ ഭാഗം പുനരുദ്ധാരണം നടന്നുകൊണ്ടിരിക്കുന്നു.

## പട്ടിക B

### ഫൂട്ട്പാത്ത്

1. മലപ്പട്ടം - കൈപ്പക്കുന്ന്
2. കൊട്ടുരുത്തി - ചീർങ്ങോട്
3. ഭഗത്സിംഗ് - കാലിക്കര
4. ചൂളിയാട് എൽ. പി. എസ് - നൗമുദിയൻ കണ്ടി
5. ചാലക്കടവ് ഫൂട്ട്പാത്ത്
6. കല്ലിക്കണ്ടം
7. തായപ്പൊയ്യ
8. ആലോട്ട് വയൽ
9. കൊട്ടരുത്തി - വണ്ണാപ്പുറം
10. മുതിരച്ചാൽ - കപ്പള്ളിത്തോട്
11. തെങ്ങുംചിറ - ചെറിയേരിതാഴ
12. ചന്ദനപ്പുറം - കാവുത്താഴ
13. തായത്ത് വയൽ - കൊല്ലൻെറ വളപ്പ്
14. കൊവുന്തല - താഴെവയൽ
15. മുതിരച്ചാൽ
16. മറപ്പുരത്താഴ - മന്തുംകടവ്
17. ചൂളിയാട് - തെയ്യംചിറ
18. എടച്ചിറവയൽ - ചൂളിയാട്

## പട്ടിക C

### നടപ്പാതകൾ കടത്തുകൾ

### കോൺക്രീറ്റ് പാലങ്ങൾ - ഫൂട്ട്പാത്ത്

1. പാവന്നൂർകടവിന് സമീപം - ചൂളിയാടിന് കുറുകെ.
2. മലപ്പട്ടം വയലിടുക്കും തോടിന് കുറുകെ
3. കാവുത്താഴെ തോടിന് കുറുകെ.
4. ചമ്പോച്ചേരി തോടിന് കുറുകെ
5. ഒണക്ക് കണ്ടത്തിൽ - തോടിന് കുറുകെ
6. കൊളന്തക്കടവിന് സമീപം തോടിന് കുറുകെ.

### * മരപ്പാലങ്ങൾ

1. മറപ്പുരപ്പാലം
2. അരീച്ചാൽ തോടിന് കുറുകെ

### * പ്രധാന കടത്തുകൾ

1. പാവന്നൂർകടവ്
2. പരിപ്പൻ കടവ്
3. മുനമ്പ് കടവ്
4. കൊളന്ത കടവ്
5. അടൂർ കടവ്

## പട്ടിക D

(A) സർക്കാർ സ്വന്തം കെട്ടിടങ്ങൾ

1. പഞ്ചായത്ത് ആഫീസ്
2. വില്ലേജ് ആഫീസ്
3. വി. ഇ. ഒ. ആഫീസ്
4. കൃഷിഭവൻ
5. മാതൃശിശു കേന്ദ്രങ്ങൾ കൊളന്ത ചൂളിയാട്
6. ഗവ: ഹൈസ്ക്കൂൾ
7. സാംസ്ക്കാരിക നിലയം
8. ആയുർവേദ ഡിസ്പെൻസറി
9. റൂറൽ ഡിസ്പൻസറി
10. ശിശു മന്ദിരം
11. അംഗൻവാടികൾ - മൂന്ന് (3)

**(B) സ്വന്തം കെട്ടിടമില്ലാത്ത സർക്കാർ ആഫീസുകൾ**

1. I.C.D.P സബ്സെൻറർ
2. അംഗൻവാടികൾ - ആറ് (6)

## നിർദ്ദേശങ്ങൾ

വരും കാലങ്ങളിൽ യാത്രാസൗകര്യം കൂടുതൽ ലഭ്യമാക്കാൻ ഗ്രാമ സഭയിൽ നിന്നു വന്ന നിർദ്ദേശങ്ങൾ ചുവടെ കൊടുക്കുന്നു.

### 1. റോഡ് നിർമ്മാണം

1. അടൂർ വട്ടപ്പറമ്പ് - പട്ടിക്കാട് - മലപ്പട്ടം ഹൈസ്ക്കൂൾ
2. ചെങ്ങളായി കടവ് റോഡ്
3. പൂതലോട്ട് - കൃഷ്ണപ്പിള്ള റോഡിന് - ലിങ്ക് റോഡ്
4. അരീച്ചാൽ - കുളങ്ങോട്ട്
5. ഏ. കെ. ജി. വായനശാല മുതൽ - കൊയ്യോട്ട് റോഡിൽ ചേരുന്ന കണിയാറത്ത് ലിങ്ക് റോഡ്
6. പരിപ്പൻ കടവ് - മുനമ്പ് തായത്ത് വയൽ
7. കൊവുന്തല - PWD റോഡിൽ നിന്നും - U.P സ്ക്കൂൾ വരെ
8. തായത്തുവയൽ - പുളിങ്കുന്ന് റോഡ്
9. ആലോട്ടുംവയൽ - തെക്കേക്കര
10. നല്ലാഞ്ഞി - യു. പി. സ്ക്കൂൾ
11. പരിപ്പൻകടവ് - പാവന്നൂർ കടവ് തീരദേശറോഡ്
12. നല്ലാഞ്ഞി - എരിഞ്ഞിവയൽ - പരിപ്പൻകടവ്
13. യു. പി. സ്ക്കൂൾ - കടവാങ്കോട് ലിങ്ക് റോഡ്
14. കോട്ടൂർ റോഡിൽനിന്നും - തലക്കോട്ട് വഴി ചാർത്തോട്ടം റോഡിലേക്ക് - ലിങ്ക് റോഡ്
15. മഠപ്പുര റോഡിന് - റോഡ് പാലം
16. കുപ്പം റോഡ് - ആലോട്ടുംവയൽ റോഡുമായി ബന്ധപ്പെടുത്തുക
17. ചൂളിയാട് എൽ. പി. സ്ക്കൂൾ - എടച്ചിറ റോഡ്
18. വളയം വെളിച്ചം - കോളനി റോഡ് - വായനശാലയുമായി ബന്ധിപ്പിക്കുക
19. വി. ഇ. ഒ. ആഫീസ് കുട്ടിക്കുന്ന്
20. മാടത്തുംകുന്ന് - ചാത്തോത്ത് കുന്ന്
21. പാവന്നൂർ കടവിന് - മാടത്തുംകുന്ന് റോഡ് ബന്ധിപ്പിക്കുക
22. ചാർത്തോട്ടം മുതൽ പാവന്നൂർ കടവ് വരെ
23. ചാർത്തോട്ടം - കൂട്ടപ്പുന്ന
24. തലക്കോട്ട് - പുത്തരിക്കൽ
25. പാലോട്ടുവയൽ - പുത്തിരിക്കൽ
26. പുത്തിരിക്കൽ - മുല്ലേരികുന്ന് - മഠത്തുംകുന്ന്
27. കരിമ്പിൽ - പുത്തൂർകുന്ന് അടുവാപ്പുറം
28. കരിയിൽ വളപ്പ് വഴി - റേഷൻഷാപ്പ്
29. ഓർക്കളം - മണ്ണുക്കാട് - കോട്ടൂർ റോഡ്
30. അടുവാപ്പുറം - പെരുവളപ്പത്തുപ്പറമ്പ്
31. അരയാൽ - പല്യാർവട്ടം - പെരുവളത്തുപ്പറമ്പ്
32. അടുവാപ്പുറം - ചെമ്രോട്ടുമൂല - ചേടിച്ചേരി
33. മില്ല് - മഠത്തുംകുന്ന് - ചേടിച്ചേരി
34. മില്ല് - പാവന്നൂർകടവ്

### (2) ആവശ്യമായ നടപ്പാതകൾ

1. ഹരിജൻ കോളനി - കൊളന്തക്കടവ്
2. വി.വി. കുമാരൻെറ വീടുമുതൽ മുതിരച്ചാൽ വരെ
3. പോക്കോട്ടി മൊയ്തീൻെറ വീടിന് മുന്നിൽ
4. ചമ്പോച്ചേരി - കിഴക്കേ വളപ്പ്
5. പുല്ല്യാക്ക് വയൽ
6. ചീർങ്ങോട്ട് - പരിപ്പൻകടവ്
7. ആലോട്ട് വയലിൽ
8. മാക്കുന്ന് വയൽ - തെക്കേക്കര
9. യു. പി. സ്ക്കൂളിന് മുന്നിൽ
10. ചൂളിയാട് എൽ. പി. എസ് മുതൽ - റൈസ്മില്ല് വരെ
11. ചാലക്കടവിൽ സ്റ്റെപ്പ്
12. ചെരിയേരിവയൽ (ഭഗത്സിംഗ് - കാനം)
13. കുപ്പം റോഡ് - മുലാംഞ്ചേരി
14. നവോദയ വായനശാല - എടച്ചിറ

15. ചെപ്പനക്കൊഴുമ്മൽ വയലിൽ
16. കോക്കാടൻ വളപ്പ് - ചൂളിയാട് കടവ്
17. ചിറക്കേ പീടിക - പയറ്റാൽകുന്ന്
18. പയറ്റാൽ കുന്ന് - ചൂളിയാട് ബസ്സ്സ്റ്റോപ്പ്
19. വി. ഇ. ആഫീസ് ചെപ്പന കൊഴുമ്മൽ ഭഗവതികാവ്
20. തലക്കോട് നവോദയ വായനശാല ചൂളിയാട് എൽ. പി. എസ്
21. ചോനക്കണ്ടി എൽ. പി. എസ്

### (3) ആവശ്യമായ കോൺക്രീറ്റ് പാലങ്ങൾ

1. മലപ്പട്ടം മുനമ്പ് കടവ് പാലം
2. അഡൂർ അംഗൻവാടി മുന്നിൽ
3. കൊളന്ത ഒറവ്കുണ്ട് എന്ന സ്ലാബ് (2)
4. ഏണ്ടിയിൽ ഭാഗത്ത് ഒരു നടപ്പാലം
5. കാനംതോടിന് കുറുകെ
6. തലക്കോട് മൂലക്കൽ തോടിന് കുറുകെ
7. കുപ്പം റോഡിന് വയലിൽ ഇറങ്ങാൻ
8. കുപ്പം മുലാംഞ്ചേരി - ഫൂട്ട്പ്പാത്തിൽ
9. പൂഞ്ഞേൽ വളപ്പിൽ
10. പയ്യാർ വളപ്പിനും ദാമോദരൻ വളപ്പിലും ഇടയിൽ
11. പൈഞ്ഞോട്ട് കുഞ്ഞിരാമൻ സി. വി. കണ്ണൻ എന്നിവരുടെ പറമ്പുകൾക്കിടയിൽ
12. കാനത്തിലെ വളപ്പിൽ നിന്നും കരിയിലെ വളപ്പിലേക്ക്
13. തെക്കിൽ വീട്ടിൽ നിന്നും പുത്തൻ പുരയിലേക്ക്
14. കൊല്ലൻ വളപ്പിൽ നിന്നും തെക്കിൽ വീട്ടിനും ഇടയിൽ
15. പുത്തൻപുരയിൽ നിന്നും കോറോത്തേക്ക്
16. കുഞ്ഞിടം - കൊളമുള്ളിടം
17. 6-ാം വാർഡിൽ പാവന്നൂർ കടവ് പാലം
18. കോറോത്ത് നായനാർ വളപ്പിൽ
19. നായനാർ വളപ്പ് കുഞ്ഞിടം
20. പടിഞ്ഞാറേടത്ത് തോടിന് കുറുകെ.

### (5) ആവശ്യമായ ബസ്സ് വെയിറ്റിംഗ് ഷെൽട്ടർ

1. കൊളന്ത എൽ. പി. എസ് സ്റ്റോപ്പ്
2. ചെറുകൊളന്ത
3. ഓണപ്പറമ്പ്
4. വട്ടപ്പറമ്പ്
5. അടിച്ചേരി റേഷൻ ഷാപ്പ് സ്റ്റോപ്പ്
6. കൊളങ്ങോട്
7. കൊവുന്തല വെസ്റ്റ് ഹിൽ
8. കാക്കടവ്
9. കാപ്പാട്ട്കുന്ന്
10. പൂക്കണ്ടം യു. പി. സ്ക്കൂൾ സ്റ്റോപ്പ്
11. കത്തിയണക്ക് ജംഗ്ഷൻ
12. തലക്കോട്
13. മലപ്പട്ടം വില്ലേജ് ആഫീസിന് സമീപം
14. ചൂളിയാട് കടവിന്ന്
15. വി. ഇ. ഒ. ഓഫീസിന്ന് സമീപം
16. കൂണ്ടിട ജംഗ്ഷൻ
17. അടുവാപ്പുറം

## സാധ്യതകൾ

1. മലപ്പട്ടം മുനമ്പ്കടവ് പാലം നിർമ്മിക്കുക എന്നത് പഞ്ചായത്തിൻെറ സമഗ്രവികസന ത്തിൻെറ ആദ്യപടിയാണ്.
2. എല്ലാ സർക്കാർ സ്ഥാപനങ്ങൾക്കും സ്വന്തമായ കെട്ടിടം നിർമ്മിക്കേണ്ടതാണ്.
3. ജനങ്ങളുടെ യാത്ര ദുരിതം പരിഹരിക്കുന്നതിന് ആവശ്യമായ റോഡുകൾ, പാലങ്ങൾ, വെയിറ്റിംഗ് ഷെൽട്ടറുകൾ എന്നിവ നിർമ്മിക്കേണ്ടതാണ്.



# 12. പാർപ്പിടം

താരതമ്യേന ജനവാസം കുറഞ്ഞ ഒരു പ്രദേശമായിരുന്നു മലപ്പട്ടം പഞ്ചായത്ത്. അർദ്ധ ദ്വീപായ മലപ്പട്ടത്തെ ജനങ്ങൾ പുഴയോരങ്ങളിലും വയൽക്കരകളിലുമാണ് താമസിച്ചു വന്നിരുന്നത്. എന്നാൽ പഞ്ചായത്ത് ഓഫീസിന് പരിസരങ്ങളിലും മറ്റും കണ്ടെത്തിയിട്ടുള്ള ഗുഹകൾ ഉൾപ്രദേശങ്ങളിലും ജനവാസമുണ്ടായിരുന്നതിന്റെ തെളിവാണ്. ഘോരവനങ്ങളും വന്യജീവികളും നിറഞ്ഞിരുന്ന പഴയകാല ഘട്ടത്തിൽ മനുഷ്യൻ ഗുഹകളിൽ സുരക്ഷിതമായി കഴിഞ്ഞു. ഗുഹകളുടെ നിർമ്മാണം മികച്ചരീതിയിലായിരുന്നു എന്നത് നമ്മെ അത്ഭുതപ്പെടുത്തുന്ന വസ്തുതയാണ്. അവയിൽ നിന്ന് ലഭിച്ച പാത്രങ്ങളും കൗതുകമുളവാക്കുന്നു. വാസയോഗ്യമായ വീടുകൾ നിർമ്മിക്കുന്നതിന് മുമ്പ്തന്നെ നമ്മുടെപ്രദേശത്ത് ജനങ്ങൾ അധിവസിച്ചിരുന്നു എന്നതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. കൃഷി വ്യാപകമായതോടെ ഉയർന്ന പ്രദേശങ്ങളിൽ നിന്നും ജനങ്ങൾ താഴ്വരകളിലേക്കും നദീതീരങ്ങളിലേക്കും താമസം മാറ്റിയതായി അനുമാനിക്കാവുന്നതാണ്.

പഞ്ചായത്തിലെ ചില സ്ഥല പേരുകൾ പരിശോധിച്ചാൽ ജനങ്ങൾ തിങ്ങി പാർത്തിരുന്ന പ്രദേശങ്ങളുണ്ടായിരുന്നതായി മനസ്സിലാവും കൂട്ടുകുടുംബ വ്യവസ്ഥിതി നിലവിലിരുന്ന ആ കാലഘട്ടത്തിൽ വളരെ കുറച്ച് വീടുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അക്കാലത്ത് വീട് നിർമ്മിക്കുന്നതിന് ചെളികുഴച്ച് ഉണക്കി യെടുക്കുന്ന 'ഉരുട്ടുകട്ട'കളാണ് ഉപയോഗിച്ചിരുന്നത്. വളരെ കഴിഞ്ഞാണ് ചുടാത്ത മൺകട്ടകൾ വീട് നിർമ്മാണത്തിന് ഉപയോഗിച്ചുതുടങ്ങിയത്. മേല്ക്കൂരക്ക് മരങ്ങളുടെ നീളമുള്ള ശാഖകളാണ് കഴുക്കോലുകളായി ഉപയോഗിച്ചിരുന്നത്. പുരമേയുന്നതിന്ന് ഓലയും നെയ്പുല്ലും ഉപയോഗിച്ചു.

കാർഷികരംഗത്ത് പുതിയ വർഗ്ഗം ഉയർന്നു വന്നപ്പോൾ അവരുടെ വീടുകൾക്ക് ചെങ്കല്ലുകൾ ഉപയോഗിക്കുവാൻ തുടങ്ങി. ആവശ്യമായ കല്ലുകൾ വളരെ വിദൂരസ്ഥലങ്ങളിൽ നിന്ന് തോണിമുഖേനയും മറ്റും കൊണ്ടുവരികയായിരുന്നു ചെയ്തത്. പുഴാതി, ചിറക്കൽ, കാട്ടാമ്പള്ളി പ്രദേശങ്ങളിൽ നിന്നുമാണ് ഇങ്ങിനെ കല്ല് കൊണ്ടു

വന്നിരുന്നത്. കല്ല് ഉപയോഗിച്ച് നിർമ്മിച്ച വീടുകൾക്ക് ശില്പ ചാതുര്യം വർദ്ധിപ്പിക്കുന്നതിൽ അന്നത്തെ നിർമ്മാതാക്കൾ മികച്ച പ്രകടനം കാഴ്ചവെച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ അവശേഷിക്കുന്ന പഴയ പല വീടുകളിൽ നിന്നും ഇത് കാണുവാൻ കഴിയും. ഈ കാലഘട്ടത്തോടുകൂടി വീടുകളുടെ മേല്പുരക്ക് ആശാരിപ്പണി ചെയ്ത് മരങ്ങൾ ഉപയോഗി ച്ചുതുടങ്ങി. തുടർന്ന് മേല്പുർക്ക് ഓലയ്ക്ക് പകരം ഓട് ഉപയോഗിക്കുന്ന സമ്പ്രദായം നിലവിൽ വന്നു. ഓടുകൾ ഫറോക്ക് മംഗലാപുരം എന്നിവിടങ്ങളിൽ നിന്നുമാണ് ലഭ്യമായിരുന്നത്.

കല്ല്, മരം, ഓട് എന്നിവ ഉപയോഗിച്ചു തുടങ്ങിയതോടുകൂടി വീടിൻെറ ഘടനയിലും മാറ്റം വന്നു. ഇരുനില കെട്ടിടങ്ങൾ ഉയർന്നു വന്നത് ഈ മാറ്റത്തിൻെറ ഭാഗമായാണ്. നല്ല മരങ്ങൾ ധാരാളം ലഭ്യമായിരുന്നുവെങ്കിലും സാധാരണക്കാരുടെ വീടുകളിൽ അവ ഉപയോഗിച്ചതായി കാണുന്നില്ല. അതുപോലെ നമ്മുടെ പഞ്ചായത്തിൽ ഇന്ന് സുലഭമായ ചെങ്കലിനെ സംബന്ധിച്ച് മുൻകാലങ്ങളിൽ തികച്ചും അജ്ഞരായിരുന്നു . ആദ്യമായി നമ്മുടെ പ്രദേശത്ത് കല്ലുകൊത്തി എടുത്തിരുന്നത് താഴ്വരകളിൽ നിന്നായിരുന്നു. അവ ഗുണനിലവാരം കുറഞ്ഞവയായിരുന്നു. പഞ്ചായത്തിലെ ഉയർന്ന പ്രദേശങ്ങളിൽ നിന്ന് കൊത്തിയെടുക്കുന്ന കല്ലുകൾ മറ്റു പല പ്രദേശങ്ങളിലേക്ക് ഭവനനിർമ്മാണത്തി നാവശ്യമായി ഇപ്പോൾ കയറ്റി അയക്കുന്നു.

ആധുനിക കാലഘട്ടത്തിൽ വീട് നിർമ്മിക്കുന്നതിനാണ് സമൂഹം മുഖ്യപരിഗണന നൽകുന്നത്. സ്വന്തമായി ഒരു പാർപ്പിടം എന്നത് ഓരോ കുടുംബത്തിൻെറയും അടിസ്ഥാന വിഷയമായിരിക്കുന്നു. 1991 ലെ സെൻസസ് പ്രകാരം 1488 ആൾതാമസമുള്ള വീടുകളാണ് പഞ്ചായത്തിലുള്ളത്. 1996 മാർച്ച് മാസം വികസന സമിതി നടത്തിയ സർവ്വേയിൽ 1669 ആണ്. വിശദവിവരം പട്ടിക 39 ൽ കൊടുത്തിരിക്കുന്നു.

നമ്മുടെ ഗ്രാമത്തിൽ നിർമ്മിക്കുന്ന വീടുകൾ താരതമ്യേന ചിലവ് കുറഞ്ഞവയാണ്. വൻതുക മുടക്കി വീട് പണിയുന്ന പ്രവണത നമ്മുടെ പഞ്ചായത്തിൽ പരിമിതമാണ്. ജനങ്ങളുടെ പൊതുവായ സാമ്പത്തിക പിന്നോക്കാവസ്ഥ ഇതിന് കാരണമാണ്. ബഹുഭൂരിപക്ഷവും പുതിയ വീട് നിർമ്മിക്കുന്നത് സ്വന്തം സാമ്പത്തിക ശേഷിയെ അടിസ്ഥാനമാക്കിയാണ്. സമീപകാലത്തായി വായ്പ എടുത്ത് വീട് നിർമ്മിക്കുന്നവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. വിവിധ പദ്ധതിയിൻകീഴിൽ വായ്പ എടുത്ത് വീട് നിർമ്മിച്ചവരുടെ വിവരം പട്ടിക 40 ൽ കൊടുത്തിരിക്കുന്നു.

1992 ലെ ഐ.ആർ.ഡി.പി സർവ്വേ പ്രകാരം വീട് ആവശ്യമുള്ളവരുടെ എണ്ണം 236 ആയിരുന്നു . ഇതിൽ ബ്ലോക്ക് ഓഫീസ് മുഖേന 65 വീടുകൾ അനുവദിച്ചിട്ടുണ്ട്.

വീടുകൾ ആവശ്യമുള്ളവരുടെ എണ്ണം വലിയതോതിൽ വർദ്ധിച്ചുവരുന്നു. ഇതുവരെ അപ്രാപ്യമായിരുന്ന സ്ഥലങ്ങളിലും ഇന്ന് വ്യാപകമായി വീടുകൾ നിർമ്മിച്ചു തുടങ്ങിയിട്ടുണ്ട്. വയലുകൾ നികത്തി വീട് നിർമ്മിക്കുവാനുള്ള പ്രവർത്തനവും അങ്ങിങ്ങായി കാണാം. ഇത് നിരുത്സാഹപ്പെടുത്തേണ്ടതാണ്.

## പ്രശ്നങ്ങൾ

= ദുർബല വിഭാഗങ്ങൾക്ക് വീടുനിർമ്മിക്കുവാനുള്ള ധനസഹായം.
= കല്ല്, മരം എന്നിവയുടെ ദൗർലഭ്യം, വിലകൂടുതൽ.
= പലിശരഹിത വായ്പ ആവശ്യമാണ്
= വീട് നിർമ്മിക്കുവാൻ സ്വന്തമായി സ്ഥലമില്ല.
= വീട് റിപ്പേയറിന് ധനസഹായം.
= വീടുകൾക്ക് ലഭിക്കുന്ന ധനസഹായം ഇരട്ടിയാക്കുക.

## സാധ്യതകൾ

- നിലവിലുള്ള ഭവനനിർമ്മാണ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുക.
- പഞ്ചായത്തിൽ വീട് നിർമ്മിക്കുന്നതിന് വേണ്ടി അപേക്ഷ ചെയ്ത എല്ലാസ്ഥലങ്ങളും അർഹരായ ആളുകളെ കണ്ടെത്തി വീട് നിർമ്മിക്കുന്നതിന് ഏല്പിച്ചുകൊടുക്കുക.
- ലക്ഷം വീടുകളുടെ അറ്റകുറ

പണികൾ-പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക. ജീർണ്ണിച്ചവ പുതുക്കി പണിയാൻ പദ്ധതി.

- നാലുസെൻറ് കോളനി, പട്ടികജാതി കോളനി എന്നിവിടങ്ങളിൽ വീട് നിർമ്മിക്കുന്നതിന് പ്രത്യേകം പദ്ധതി. (ജെ. ആർ. വൈ, ഐ. ആർ. ഡി.പി. സ്കീമുകളുടെ മാതൃക)

- സമയബന്ധിതമായി വീട് നിർമ്മാണം പൂർത്തിയാക്കുക, പ്രാഥമിക സൗകര്യങ്ങൾ ഉണ്ടായിരിക്കണമെന്ന് ഉറപ്പുവരുത്തുക. മാർഗ്ഗനിർദ്ദേശക തത്വങ്ങളും കർശനമായി പാലിക്കുക.

- പട്ടികജാതിയിൽപ്പെട്ട അർഹരായ മുഴുവൻ കുടുംബങ്ങൾക്കും 5 വർഷത്തിനകം സൗജന്യമായി വീട് അനുവദിക്കുക.

- ദുർബല വിഭാഗത്തിലെ കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിന് പ്രത്യേക ഭവനനിർമ്മാണപദ്ധതി ആരംഭിക്കുക. വായ്പയും സബ്സിഡിയും തുല്യമായി അനുവദിക്കുക.

- ദുർബല വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് വീട് റിപ്പയർ ചെയ്യുന്നതിന് പലിശരഹിത വായ്പ അനുവദിക്കൽ

- പഞ്ചായത്തിൽ വീട് നിർമ്മിക്കുന്നതിന് വായ്പാസൗകര്യം ലഭ്യമാക്കുക. ഹൗസിങ്ങ് സൊസൈറ്റി ആരംഭിക്കുക.

- വീട് നിർമ്മിക്കുന്നതിന് സാമഗ്രികൾ ലഭ്യമാക്കാനുള്ള ഒരു സൊസൈറ്റി പഞ്ചായത്തടിസ്ഥാനത്തിൽ ആരംഭിക്കുക.

- കുറഞ്ഞ ചിലവിൽ സൗകര്യ പ്രദമായ വീട് നിർമ്മിക്കുന്നതിനെ കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുക.

## പട്ടിക 21 വീടുകളുടെ നിലവാരം

| വാർഡ് നമ്പർ | ആകെ വീടുകൾ | ഓല മേഞ്ഞത് | ഓട് | കോൺക്രീറ്റ് |
|---|---|---|---|---|
| 1 | 256 | 4 | 238 | 4 |
| 2 | 205 | 1 | 193 | 11 |
| 3 | 166 | 2 | 155 | 9 |
| 4 | 188 | 5 | 150 | 33 |
| 5 | 258 | 6 | 231 | 21 |
| 6 | 205 | 6 | 188 | 11 |
| 7 | 216 | 6 | 200 | 10 |
| 8 | 175 | 2 | 168 | 8 |
| **ആകെ** | **1669** | **32** | **1520** | **117** |



# 18. സാമൂഹ്യക്ഷേമം

ഗാന്ധിജി വിഭാവനം ചെയ്ത ക്ഷേമ രാഷ്ട്ര സങ്കല്പം യാഥാർത്ഥ്യമാക്കുന്നതിനായി സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഒട്ടേറെ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി യിട്ടുണ്ട്. എങ്കിലും ലക്ഷ്യബോധത്തോടെയുള്ള പ്രവർത്തനം കാഴ്ചവെക്കുന്നതിൽ വേണ്ട വിധം വിജയിച്ചിട്ടില്ല. എല്ലാ ക്ഷേമപദ്ധതികളും വികസനപരവും പുരോഗതിയിലേക്കുള്ളതും സമൂഹത്തിന്റെ ആകെക്കൂടിയുള്ള ക്ഷേമം മുൻനിർത്തിയുള്ളതുമാണ്. എന്നാൽ ഇവയിൽ ജനപങ്കാളിത്തമോ ലക്ഷ്യബോധമോ ഇതുവരെ പ്രധാന ഘടകങ്ങളാക്കിയിട്ടില്ല.

## അവലോകനം

നിലവിലുള്ള ക്ഷേമപ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടതാണ് വനിത ശിശുക്ഷേമ പ്രവർത്ത നങ്ങൾ. ദാരിദ്ര്യരേഖയ്ക്ക്താഴെ കഴിയുന്നവരെ ഉദ്ധരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പട്ടിക ജാതി-പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ഉന്നതിക്കായുള്ള പദ്ധതികൾ, വിവിധ ഇനം പെൻഷനുകൾ, തൊഴിലാളി മേഖലകളിലെ ക്ഷേമ പദ്ധതികൾ എന്നിവയും ക്ഷേമപ്രവർത്ത നങ്ങളിൽ പ്രധാനപ്പെട്ടതാണ്.

## വനിതാ-ശിശുവികസന ക്ഷേമ പദ്ധതികൾ

വികസന ബ്ലോക്കുകളിൽ കൂടി തുടക്കം കുറിച്ച വനിതാശിശുക്ഷേമ പ്രവർത്തനങ്ങൾ വളരെയേറെ മെച്ചപ്പെട്ട നിലവാരം പുലർത്തു ന്നവയാണ്. സമീപകാലം വരെ മഹിളാസമാ ജങ്ങൾ, ബാലവാടികൾ എന്നിവ കേന്ദ്രീ കരിച്ചായിരുന്നു പ്രവർത്തനങ്ങൾ നടന്നത്. ഇവ ഐ. സി. ഡി. എസ് പദ്ധതിയിലേക്ക് മാറ്റപ്പെട്ടതോടുകൂടി കൂടുതൽ ഊർജ്ജസ്വല മാക്കിയിട്ടുണ്ട്. 9 അംഗൻവാടികളാണ് പഞ്ചായ ത്തിലുള്ളത് ഈ സെൻററുകൾ കേന്ദ്രീകരിച്ച്. പ്രീ-പ്രൈമറി വിദ്യാഭ്യാസം, പ്രതിരോധ കുത്തിവെയ്പുകൾ, പോഷകാഹാര വിതരണം എന്നിവയും വനിതകളിൽ സമ്പാദ്യശീലം, ശുചീകരണം കുടുംബസംവിധാനം, സ്വയം തൊഴിൽ സംരംഭങ്ങൾ എന്നിവയെ സംബ ന്ധിച്ചുള്ള ബോധവൽക്കരണവും നടക്കു ന്നുണ്ട്. എന്നാൽ ഗ്രാമീണ വനിതകളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള ഇത്തരം ശ്രമങ്ങളിൽ സമൂഹത്തിലെ മുഴുവൻ

വനിതകളെയും പങ്കാളികളാക്കാൻ സാധിച്ചിട്ടില്ല.

## വികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

സമൂഹത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനങ്ങൾക്ക് സാമ്പത്തിക ഭദ്രത കൈവരിക്കുന്നതിനുള്ള ക്ഷേമപദ്ധതി പ്രവർത്തനങ്ങളിൽ ഐ. ആർ. ഡി. പിയാണ് പ്രധാനപ്പെട്ടത്. ഈ പദ്ധതി അതിന്റെ ആവിർഭാവം മുതൽ പഞ്ചായത്തിൽ നടപ്പിലാക്കുന്നുണ്ട്. വാർഷികവരുമാനം 11,000 രൂപയിൽ താഴെയുള്ളവരെയാണ് ഐ. ആർ. ഡി. പി പ്രകാരം സഹായിച്ചുവരുന്നത്. ഐ. ആർ. ഡി. പി. സർവ്വേ പ്രകാരം പഞ്ചായത്തിൽ 698 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായുണ്ട്. 1992 മുതൽ 95 മാർച്ച് 31 വരെയായി ഇതിൽ 105 കുടുംബങ്ങൾക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. മലപ്പട്ടം സഹകരണ ബാങ്ക്, സ്റ്റേറ്റ് ബേങ്ക് ഓഫ് ട്രാവൻകൂർ മലപ്പട്ടം കാനറാബേങ്ക്, ഇരിക്കൂർ എന്നീ ധനസൗകര്യ സ്ഥാപനങ്ങളുടെ സഹായത്തോടു കൂടിയാണ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പദ്ധതി സംബന്ധിച്ച വിശദവിവരം പട്ടിക41 ൽ കൊടുത്തിരിക്കുന്നു.

ഐ. ആർ. ഡി. പി പ്രവർത്തനരംഗത്ത് ഒട്ടേറെ കാതലായ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ആനുകൂല്യം അർഹിക്കുന്ന കുടുംബങ്ങളുടെ എണ്ണവും ആനുകൂല്യം ലഭിക്കുന്ന കുടുംബങ്ങളുടെ എണ്ണവും തമ്മിലുള്ള അന്തരം വളരെ വലുതാണ്. ഈ സ്ഥിതി മാറേണ്ടതുണ്ട്. ഇതിനായി ധനസഹായ സ്ഥാപനങ്ങൾക്ക് കൂടുതൽ ഫണ്ടുകൾ അനുവദിക്കേണ്ടതാണ്. ലഭിച്ചു വരുന്ന സഹായങ്ങൾ തന്നെ സമയത്തിനു ലഭിക്കാത്ത അവസ്ഥയ്ക്ക് മാറ്റം വരണം. ഫാമിലി ക്രഡിറ്റ് പദ്ധതിയിൽ സബ്സിഡി സംഖ്യ ഉയർത്തി പദ്ധതി ആകർഷകമാക്കണം. ഉൽപന്നങ്ങൾക്ക് പ്രാദേശിക മാർക്കറ്റും ( വിപണന പ്രശ്നം) ഗുണഭോക്താക്കളുടെ പരിജ്ഞാനക്കുറവും ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങളാണ്.

## DWCRA

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗങ്ങളിൽ പെട്ട സ്ത്രീകളുടെ സാമൂഹ്യ പദവിയും സാമ്പത്തിക നിലവാരവും ഉയർത്തുന്നതിനായി വനിതകളെ ഗ്രൂപ്പടിസ്ഥാനത്തിൽ സംഘടിപ്പിച്ച് നടപ്പിലാക്കുന്നതാണീ പദ്ധതി. പഞ്ചായത്തിലെ 7-ാം വാർഡിൽ ഈ സ്കീം പ്രകാരം കരിങ്കൽ ജില്ലി നിർമ്മിക്കുന്നതിനായി 10 വനിതകളെ ഗ്രൂപ്പായി സംഘടിപ്പിച്ച് 1990-91 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചു. ഈ യൂണിറ്റിന്റെ പ്രവർത്തനം ഇപ്പോൾ തൃപ്തികരമല്ല. ഈ യൂണിറ്റിനുവേണ്ടിമലപ്പട്ടം സഹകരണ ബേങ്ക് മുഖേന 16666 രൂപ ധനസഹായവും 34333 രൂപ വായ്പയുമായി ആകെ 50,000 രൂപ ചെലവഴിച്ചിട്ടുണ്ട്. 10 പേരിൽ 5 പേർ യൂണിറ്റ് ആരംഭിച്ച് ഏതാനും നാളുകൾക്കകം തന്നെ യൂണിറ്റുമായുള്ള ബന്ധം ഉപേക്ഷിച്ചു. ഇപ്പോൾ ഗുണഭോക്താക്കൾ ജപ്തി നടപടികളെ നേരിടേണ്ട സ്ഥിതി വിശേഷത്തിലേക്ക് എത്തിച്ചേർന്നിരിക്കുകയാണ്. DWCRA യുടെ മറ്റൊരു യൂണിറ്റ് മലപ്പട്ടം പഞ്ചായത്തിലെ 7-ാം വാർഡിൽ തന്നെ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

## ട്രൈസം

സ്വയംതൊഴിൽ പദ്ധതികളിൽ ഏർപ്പെടുന്നതിനായി യുവജനങ്ങൾക്ക് വിവിധ ട്രേഡുകളിൽ വിശദ പരിശീലനം നൽകുന്നതാണ് ഈ പദ്ധതി. നാളിതുവരെയായി പഞ്ചായത്തിലെ 68 യുവതി യുവാക്കൾക്ക് വ്യത്യസ്ഥ ട്രേഡുകളിലായി പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. ഇതിൽ 40 പേർ അതാതു ട്രേഡുകളിൽ സ്വയം തൊഴിൽ കണ്ടെത്തിയിട്ടുള്ളതായി രേഖകൾ സൂചിപ്പിക്കുന്നു. ബാക്കിയുള്ളവർ ഇതര തൊഴിൽ മേഖലകളിൽ പ്രവർത്തിച്ചു വരുന്നു. ട്രൈസം പദ്ധതിയുടെ പ്രധാനപ്പെട്ട പോരായ്മകൾ പരിശീലനത്തിന്റെ കാര്യക്ഷമതാകുറവ് സ്റ്റൈപ്പെൻറിന്റെ അപര്യാപ്തത, പ്രാദേശിക തലത്തിലുള്ള പരിശീലന കേന്ദ്രത്തിന്റെ അഭാവം, പരിശീലനാനന്തരം ഇവരുടെ കഴിവുകൾ പരിശോധിക്കപ്പെടുന്നതിനും കഴിവുകൾ ഉപയോഗപ്പെടുത്തുന്നതിനുമുള്ള സംവിധാനങ്ങളുടെ അപര്യാപ്തത എന്നിവയാണ്.

## സി. ആർ. എസ്. പി

പരിസര ശുചീകരണത്തെ സംബന്ധിച്ച ബോധമില്ലായ്മ, ശുദ്ധജലത്തിന്റെ അഭാവം എന്നിവ പരിഹരിക്കുന്നതിന് സഹായം ലഭ്യമാക്കുന്ന പദ്ധതിയാണ് കേന്ദ്ര ഗ്രാമീണ ശുചിത്വ പദ്ധതി. മലപ്പട്ടം ഗ്രാമ പഞ്ചായത്തിലെ 47 കുടുംബങ്ങൾക്ക് കക്കൂസുകൾ ഈ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്. ഇത് ഈ പ്രദേശത്തുള്ള ആവശ്യത്തിന്റെ 7% മാത്രമാണ്. ഇത്തരം പദ്ധതികൾ സാർവ്വത്രികമായി നടപ്പിലാക്കുന്നതോടുകൂടി പരിസരം ശുചീകരണ രംഗത്തും അതുവഴി ആരോഗ്യ പരിപാലന രംഗത്തും ഗണ്യമായ പുരോഗതി കൈവരിക്കാൻ സാധിക്കും.

വികലാംഗപെൻഷൻ - 17
വാർദ്ധക്യ പെൻഷൻ - 3
കർഷകത്തൊഴിലാളി പെൻഷൻ - 267
തൊഴിലില്ലായ്മ വേതനം - 164

വിവിധ പെൻഷനുകൾക്ക് അടിസ്ഥാനമായ കുടുംബ വാർഷിക വരുമാനം കണക്കാക്കുന്ന രീതിയിൽ മാറ്റങ്ങൾ ആവശ്യമാണ്. സാങ്കേതിക നിബന്ധനകളുടെ അശാസ്ത്രീയത മൂലം വാർദ്ധക്യ പെൻഷൻ പോലുള്ളവ തീർത്തും അർഹരായവർ ക്കുപോലും ലഭിക്കാത്ത സ്ഥിതിയുമുണ്ടെന്ന് ഗ്രാമ സഭ ചർച്ചകൾ സൂചിപ്പിക്കുന്നു. യഥാസമയം പെൻഷനുകൾ ലഭ്യമാക്കാനും നടപടി കൾ ആവശ്യമാണ്.

**പട്ടിക 41**

| വർഷം | സഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം | സഹായം ലഭിച്ച വനിതകളുടെ എണ്ണം | സബ്സിഡി സംഖ്യ | വായ്പ | ശരാശരി കുടുംബ നിക്ഷേപം |
|---|---|---|---|---|---|
| 1992-93 | 26 | 8 | 79614 | 164200 | 10600 |
| 93 - 94 | 25 | 14 | 50479 | 80274 | 6228 |
| 94 - 95 | 29 | 7 | 86792 | 229687 | 12172 |
| 95 - 96 | 25 | 5 | 70567 | 263647 | 16711 |
| 96 - 97 | 105 | 34 | 297452 | 737808 | |

## പെൻഷൻ പദ്ധതികൾ

സാമൂഹ്യ സുരക്ഷാപദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ വിവിധ പെൻഷൻ പദ്ധതികൾ പഞ്ചായത്തിലെ ജനങ്ങൾക്കും പ്രയോജനപ്പെടുന്നുണ്ട്. 495 പേർ വിവിധ പെൻഷൻ പദ്ധതികളുടെ ഉപഭോക്താക്കളായുണ്ട്. വിവിധ പെൻഷനുകൾ വാങ്ങുന്നവരുടെ എണ്ണം ചുവടെ

വിധവാ പെൻഷൻ - 44

മിശ്രവിവാഹിതർക്കുള്ള ക്ഷേമപദ്ധതികൾ, വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായ പദ്ധതി വനിതകൾക്ക് പീഡനങ്ങളിൽ നിന്നുള്ള നിയമ സംരക്ഷണം നൽകാനുള്ള പദ്ധതികൾ തുടങ്ങിയവയെ ക്കുറിച്ചുള്ള ബോധവൽക്കരണം പഞ്ചായത്തിലും അത്യാവശ്യമാണ്.

## പ്രശ്നങ്ങൾ

* പല അംഗൻവാടികൾക്കും സ്വന്തമായി

കെട്ടിടമില്ലാത്തതിനാൽ ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കുന്നതിന് അസൗകര്യം നേരിടുന്നു.

* അംഗൻവാടികളിലും ശിശുമന്ദിരത്തിലും കളിസ്ഥലം, കളിക്കോപ്പുകൾ, ശുദ്ധജലം എന്നിവയുടെ അപര്യാപ്തത.

* കൊളന്ത ഹരിജൻ കോളനി, കൊവുന്തല, തലക്കോട് എന്നീ പ്രദേശങ്ങളിലുള്ളവർക്ക് അംഗൻവാടി സൗകര്യം ലഭിക്കാത്ത അവസ്ഥ.

* അംഗൻവാടികളോടനുബന്ധിച്ചുള്ള ജനകീയ സമിതികളുടെ കാര്യക്ഷമതയില്ലായ്മ.

* ഐ. ആർ. ഡി. പി. സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുഴുവൻ കുടുംബങ്ങൾക്കും ആനുകൂല്യം ലഭിക്കാത്ത അവസ്ഥ.

*ട്രൈസം പരിശീലനം നേടിയവർക്ക് തൊഴിൽ കണ്ടെത്തുന്നതിനുള്ള വൈഷമ്യങ്ങൾ.

* വിവിധതരം പെൻഷനുകൾ നിർദ്ധനരായ പലർക്കും ആനുകൂല്യം കിട്ടാത്ത അവസ്ഥ.

* തൊഴിലില്ലാത്തവർക്ക് തൊഴിലില്ലായ്മ വേതനം ലഭിക്കുന്നതിലുള്ള പ്രയാസം.

## സാധ്യതകൾ

- പഞ്ചായത്തിൽ പെട്ടെന്ന് സംഭവിക്കുന്ന അത്യാഹിതങ്ങളിൽ പ്പെടുന്നവരെ സഹായിക്കാൻ പഞ്ചായത്ത് പ്രസിഡൻറിൻെറ പേരിൽ പ്രത്യേക ഫണ്ട് സ്വരൂപിക്കണം. ഏത് സമയത്തും പഞ്ചായത്തിലെ ഏത് പൗരനും ഇതിൽ നിന്നും ധനസഹായം ലഭിക്കാൻ ഈ ഫണ്ടിൽ സംവിധാനം ഉണ്ടാക്കണം.
- അംഗൻവാടികൾക്ക് സമയബന്ധിതമായി കെട്ടിടം പണിയാനുള്ള ശ്രമങ്ങൾ നടത്തണം. ഈ ശ്രമങ്ങൾക്ക് ജനകീയ സ്വഭാവം തേടണം.
- അംഗൻവാടികളിൽ ആവശ്യമായ കളിക്കോപ്പും കളിസ്ഥലവും ഒരുക്കണം.
- നിവിലുള്ള അംഗൻവാടി പ്രയോജനപ്പെടുത്താൻ സാധിക്കാത്തവർക്ക് കൂടി പ്രയോജനപ്പെടുത്താൻ പറ്റുന്ന വിധത്തിൽ പുതിയ സ്ഥലങ്ങൾ കണ്ടെത്തി കെട്ടിടം നിർമ്മിക്കണം.
- പഴയ ബാലവാടി കെട്ടിടങ്ങൾ അറ്റകുറ്റപ്പണികൾ നടത്തി പുതുക്കുക.
- അംഗൻവാടികളിലെ ശുദ്ധജലക്ഷാമം പരിഹരിക്കണം. ജനകീയ കമ്മിറ്റികൾ കാര്യക്ഷമമാക്കണം.
- ഐ. ആർ. ഡി. പി യിലെ ഫാമിലി ക്രഡിറ്റ് പദ്ധതിക്കുള്ള സബ്സിഡി നിരക്ക് ഉയർത്തണം.
- ഐ. ആർ. ഡി. പി. പദ്ധതികളുടെ പഞ്ചായത്ത് തല കാര്യങ്ങൾ ഏകോപിപ്പിക്കാൻ ഗ്രാമ പഞ്ചായത്തിൻെറ നേതൃത്വത്തിൽ മേൽനോട്ട സമിതി രൂപീകരിക്കണം.
- ട്രൈസം പരിശീലനം അഭിരുചിയുള്ള വർക്ക് താൽപ്പര്യമുള്ള ട്രേഡുകളിൽ നൽകുക.
- തൊഴിലില്ലായ്മ വേതനത്തിന് വരുമാന പരിധി കാലോചിതമായി പരിഷ്ക്കരിക്കണം.
- തൊഴിലില്ലായ്മ വേതനം ഉപയോഗിച്ച് യുവജനങ്ങൾക്ക് സ്ഥായിയായ വരുമാനമുണ്ടാക്കാൻ പറ്റുന്ന പദ്ധതികൾ ആവിഷ്ക്കരിക്കണം.

# 14. വനിതാ വികസനം

മലപ്പട്ടം ഗ്രാമത്തിൻെറ ഭൂമിശാസ്ത്ര പരമായ കിടപ്പ് ഈ ഗ്രാമത്തിലെ സ്ത്രീകളുടെ സാമൂഹ്യ വിദ്യാഭ്യാസ പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്. മൂന്ന് ഭാഗവും പുഴകളും ഒരു ഭാഗം കാടുകൊണ്ടും ചുറ്റപ്പെട്ടിരുന്നതിനാൽ സ്വന്തം വീടുകൾക്കകത്ത് കഴിഞ്ഞു കൂടേണ്ട ഗതികേടിലായിരുന്നു പഴയകാലത്തെ വനിതകൾ. വിദ്യാഭ്യാസ ആചാര്യനായ രാമർ ഗുരുക്കൾ പ്രത്യേക താൽപര്യമെടുത്ത് ഒരു എലിമെൻററി സ്ക്കൂൾ സ്ഥാപിച്ചതിനാൽ അക്കാലത്ത് അധിക വനിതകൾക്കും അക്ഷര ജ്ഞാനം ലഭിച്ചിരുന്നു. എന്നാൽ ഏറെ പുരോഗമിച്ചിട്ടും യാത്രാക്ലേശവും ഹൈസ്ക്കൂളിൻെറ അഭാവവും മൂലം സ്ത്രീകൾക്ക് ഉയർന്ന വിദ്യാഭ്യാസം ചെയ്യാനുള്ള അവസരം കിട്ടിയിരുന്നില്ല. മാറ് മറക്കാനും മുട്ടുമറയെ മുണ്ടുടുക്കാനും സ്ത്രീകളെ അനുവദിക്കാത്ത ജന്മി നാടുവാഴികളുടെയും ഗ്രാമത്തിലുള്ള അവരുടെ പണിയാളന്മാരുടെയും അക്രമങ്ങൾ ഏറ്റുവാങ്ങി അമർഷം പൂണ്ട് കിടക്കുകയല്ലാതെ അവർക്ക് അന്ന് നിർവ്വാഹമില്ലായിരുന്നു. 20-ാം നൂറ്റാണ്ടിൻെറ ആദ്യഘട്ടത്തിൽ ഉണ്ടായ ദേശീയ പ്രസ്ഥാനം ഈ അർദ്ധ ദ്വീപിൽ വലിയ ചലനമൊന്നും ഉണ്ടാക്കിയില്ല. എന്നാൽ 1935 ൽ ഉടലെടുത്ത കർഷക പ്രസ്ഥാനം 1940 ൻെറ ആദ്യഘട്ടത്തോടുകൂടി ഈ ഗ്രാമത്തിൽ ശക്തി പ്രാപിക്കുകയും അതിൻെറ കൊടിക്കീഴിൽ സാമൂഹ്യമായും സാമ്പത്തികമായും അടിമത്വം അടിച്ചേല്പിച്ച ജന്മി നാടുവാഴികൾക്കും അവരുടെ പണിയാളന്മാർക്കും എതിരായി ജനങ്ങൾ പ്രതികരിക്കുകയും ചെയ്യാൻ തുടങ്ങിയതോടുകൂടിയാണ് ഈ ഗ്രാമത്തിലെ സ്ത്രീ വിമോചന മുന്നേറ്റത്തിന് തുടക്കം കുറിച്ചത്. അന്ന് ഈ പ്രക്ഷോഭത്തിൽ നേരിട്ടിറങ്ങിയും പരോക്ഷമായും പ്രക്ഷോഭത്തെ സഹായിച്ച സ്ത്രീകൾ അവരുടെ ചുമതലകൾ നിറവേറ്റിയിട്ടുണ്ട് . ഈ പ്രക്ഷോഭ പരിപാടിയിൽ നേരിട്ട് പങ്ക് വഹിച്ചവരിൽ കൊളന്തയിലെ പി. പി. ചപ്പില, പി. പി. തമ്പായി മലപ്പട്ടത്തെ പൊട്ടക്കുന്നിൽ ശ്രീദേവി, ചൂളിയാട്ടെ ടി. വി:കല്ല്യാണി, മലപ്പട്ടം പൂക്കണ്ട് പാറമ്മിലെ മാണി, അടിച്ചേരിയിലെ കരിങ്ങിൽ മാണിക്യം തുടങ്ങി നിരവധി സ്ത്രീകൾ ഉണ്ടായിരുന്നു. മക്കളെ കൺമുമ്പിൽ വെച്ച് ജന്മിമാരുടെ ഗുണ്ടകളും പോലീസുകാരും തല്ലിച്ചതക്കുമ്പോൾ നോക്കി നിൽക്കേണ്ടി വന്ന അമ്മ, ഭർത്താവ് വർഷങ്ങളോളം ഒളിപ്രവർത്തനത്തിൽ

ഏർപ്പെട്ടപ്പോൾ ജന്മിമാരുടെ ഗുണ്ടകൾ വീടും വീട്ടുപകരണങ്ങളും കത്തിച്ചു ചാമ്പലാക്കിയത്നോക്കിനിന്ന് വേദന കടിച്ച മർത്തേണ്ടി വന്ന ഭാര്യമാർ, സഹോദരൻമാരുടെ ചോര ഇറ്റുവീഴുന്നത് കാണേണ്ടി വന്ന സഹോദരിമാർ, അച്ഛൻെറയും സഹോദരന് മാരുടെയും ലാളന അറിയാൻ ഭാഗ്യമില്ലാതെ വളർന്ന പിഞ്ചു പെൺകുട്ടികൾ. ഇതെല്ലാം മലപ്പട്ടത്തെ വനിതകളുടെ ഓരോ മുഖങ്ങളാ യിരുന്നു. ജന്മിത്തം അവസാനിച്ചതോടുകൂടി പ്രക്ഷോഭത്തിൻെറ തീച്ചൂളയിൽ നിന്ന് ലഭിച്ച പ്രചോദനവുമായി മുന്നോട്ടേക്ക് കുതിച്ച സ്ത്രീകൾ ചുരുങ്ങിയ കാലം കൊണ്ടു തന്നെ സാമൂഹ്യമായും വിദ്യാഭ്യാസപരമായും പുരോഗതി കൈവരിച്ചിട്ടുണ്ട്.

മലപ്പട്ടത്ത് ജനിച്ചുവളർന്ന് ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി ഒരു അധ്യാപക ജോലി കരസ്ഥമാക്കിയ ആദ്യത്തെ വനിത എന്ന പദവി മലപ്പട്ടം ഗ്രാമ പഞ്ചായത്തിലെ ഇപ്പോഴത്തെ പ്രസിഡണ്ടായ കെ. എം. പാർവ്വതി ടീച്ചർക്കാണ്. എന്നാൽ ആദ്യത്തെ ബിരുദധാരിണി പുറത്തിറങ്ങാൻ പിന്നേയും കുറേ വർഷങ്ങളോളം കാത്തിരിക്കേണ്ടി വന്നു. ഇപ്പോൾ P W D യിൽ ജോലി ചെയ്യുന്ന സി. ഭവാനിക്കാണ് ഈ ബഹുമതി. ഇതിൽ നിന്നും എത്ര വൈകിയാണ് ഇവിടുത്തെ വനിതകൾ വിദ്യാഭ്യാസ പുരോഗതി നേടിയതെന്ന് മനസ്സിലാക്കാം.

മലപ്പട്ടത്തെ സാമൂഹ്യ പ്രവർത്തകനായ കെ. സി. ബാലകൃഷ്ണൻ പ്രത്യേകം താൽപര്യമെടുത്ത് 1978 ൽ കെ. വി. മാധവി അമ്മ പ്രസിഡണ്ടായും കെ. എം പാർവ്വതി സെക്രട്ടറിയായും 100/78-ാം നമ്പറായി ജ്യോതി മഹിളാസമാജം എന്ന പേരിൽ .... ആദ്യത്തെ മഹിളാസമാജം പൂക്കണ്ടം വായനശാലയിൽ പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ 8 ഓളം മഹിളാസമാജങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്. 1981 ൽ മലപ്പട്ടത്ത് സർക്കാർ ഹൈസ്ക്കൂൾ വന്നതു മുതലാണ് യഥാർത്ഥത്തിൽ വിദ്യാഭ്യാസ രംഗത്ത് കാതലായ മാറ്റം ഉണ്ടായത്.

## അവലോകനം

പഞ്ചായത്തിലെ ആദ്യ ജനസംഖ്യ - 8708

" സ്ത്രീകൾ - 4442

" പുരുഷന്മാർ - 4266

(1991 ലെ സെൻസസ്)

സാധാരണ കാണാറുള്ളതുപോലെ ഇവിടുത്തെ ജനസംഖ്യയിലും പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളാണ് കൂടുതൽ. ജനസംഖ്യയിൽ 51% സ്ത്രീകളാണ്. 6 വയസ്സിനു താഴെ പ്രായമുള്ള കുട്ടികളുടെ കണക്കു പരിശോധിച്ചാലും ഇത് ഒപ്പത്തിനൊപ്പം നിൽക്കുന്നതായി കാണാം.

ആൺകുട്ടികൾ - 588

പെൺകുട്ടികൾ - 591

(പ്രാദേശിക കണക്കെടുപ്പ്)

## വിദ്യാഭ്യാസം

മലപ്പട്ടം ഗവ: ഹൈസ്ക്കൂൾ നിലവിൽ വരികയും മലപ്പട്ടത്തിനടുത്തുള്ള ശ്രീകണ്ഠാപുരത്ത് ജൂനിയർ കോളേജ് ( എസ്സ്. ഇ. എസ്സ്) ആരംഭിക്കുകയും ചെയ്യുന്നതു വരെ സ്ത്രീകൾക്ക് വിദ്യാഭ്യാസത്തിൽ ലിയ പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. പെൺകുട്ടികളെ ദൂരസ്ഥലത്ത് അയച്ച് പഠിപ്പിക്കുവാൻ മാതാപിതാക്കൾ മുതിരാതിരുന്നതിനാൽ പഠിക്കാനുള്ള അവസരം ആൺകുട്ടികൾക്കാണ് കൂടുതൽ ലഭിച്ചത്. ഇക്കാരണം കൊണ്ട് പഴയ തലമുറയുടെ കൂട്ടത്തിൽ വിദ്യാഭ്യാസത്തിലും ഉദ്യോഗത്തിലും സ്ത്രീ പുരുഷന്മാരുടെ അന്തരം വളരെ കൂടുതലായി കാണാവുന്നതാണ്. എന്നാൽ ഇന്ന് സ്ഥിതിഗതികൾ പാടേ മാറിയിട്ടുണ്ട്. 1996-97 ലെ പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം പട്ടിക 23ൽ കൊടുത്തിരിക്കുന്നു.

വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ കൂട്ടത്തിൽ വലിയ അന്തരമില്ലെങ്കിലും കൊഴിഞ്ഞുപോകുന്ന വിദ്യാർത്ഥികളുടെ കൂട്ടത്തിൽ പെൺകുട്ടികളാണ് കൂടുതലെന്ന് സ്ഥിതിവിവരകണക്കുകൾ കാണിക്കുന്നു. ചെറുപ്രായത്തിൽ വളരെ നിഷ്ക്കർഷയോടെ പെൺകുട്ടികളെ സ്ക്കൂളിലയക്കുന്ന രക്ഷിതാക്കൾ പതിനഞ്ചോ പതിനാറോ വയസ്സിനുശേഷം അവരുടെ വിദ്യാഭ്യാസത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നില്ല എന്നും അവരെ വിവാഹിതകളാക്കേണ്ടത്രപ്പാടിലാണെന്നുമാണ് ഈ കൊഴിഞ്ഞുപോകൽ സൂചിപ്പിക്കുന്നത്. പെൺകുട്ടികൾ

വീടുഭരിച്ച് കുട്ടികളെ നോക്കേണ്ടവരാണെന്നും അവർക്ക് എഴുത്തും വായനയും അറിയാനുള്ള വിദ്യാഭ്യാസം മതിയെന്നും ചിന്തിക്കുന്ന രക്ഷിതാക്കളും ഉണ്ട്. മുസ്ലിം മേഖലയിലാണ് ഈ ചിന്താഗതി കൂടുതൽ. പ്രൈമറി ക്ലാസ്സുകളിൽ ചേർന്നു പഠിക്കുന്ന മുസ്ലിം പെൺകുട്ടികളിൽ വളരെ കുറഞ്ഞ ശതമാനം മാത്രമാണ് ഹൈസ്ക്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നത്. മുസ്ലിം പെൺകുട്ടികൾ മലപ്പട്ടം പഞ്ചായത്തിലെ വിവിധ സ്ക്കൂളുകളിൽ പഠിച്ചുകൊണ്ടിരിക്കുന്നതിൻെറ കണക്കും അവർക്കു കൊടുക്കുന്ന ലപ്സം ഗ്രാൻറിൻെറ കണക്കും പട്ടിക 24 ൽ കൊടുത്തിരിക്കുന്നു.

വായിക്കുന്ന വനിതകളുടെ സംഖ്യ തുലോം തുച്ഛമാണ് ഇത് അവരുടെ സാമൂഹ്യവും വിദ്യാഭ്യാസപരവുമായ വളർച്ചയെ മുരടിപ്പിക്കുന്നു. ഇതിന് പ്രധാന കാരണമായി ചൂണ്ടിക്കാണിക്കുന്നത് വായനശാലയിലും ഗ്രന്ഥാലയത്തിലും കടന്നു ചെല്ലാനുള്ള പെൺക്കുട്ടികളുടെയും സ്ത്രീകളുടെയും വൈമുഖ്യമാണ്. വായനശാലയും ഗ്രന്ഥശാലയും പുരുഷന്മാർക്കും ആൺകുട്ടികൾക്കും വേണ്ടിയുള്ളതാണെന്നും അവർക്കിടയിൽ കടന്നു ചെല്ലുന്നത് സൽസ്വഭാവക്കാർക്ക് പറ്റിയതല്ലെന്നുമുള്ള ഒരു ധാരണ പരക്കെയുണ്ട്. ഇത് മാറ്റിയെടുക്കുകയും സ്ത്രീകൾക്ക്

പട്ടിക 23

| പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ | | തോറ്റു പഠിക്കുന്നവർ | | അഞ്ചാംക്ലാസ്സിൽ നിന്ന് പഠനം നിർത്തിയവർ | | 5-ാം ക്ലാസ്സിനും 10-ാം ക്ലാസ്സിനും ഇടയിൽ പഠനം നിർത്തിയവർ | |
|---|---|---|---|---|---|---|---|
| ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 656 | 645 | 59 | 57 | 1 | 3 | 14 | 18 |

പട്ടിക 24

| സ്ക്കൂൾ | മുസ്ലിം പെൺകുട്ടികൾ | ലപ്സം ഗ്രാൻറ് കിട്ടുന്ന കുട്ടികളുടെ എണ്ണം |
|---|---|---|
| 1. ആർ. ജി. എം. യു. പി സ്ക്കൂൾ മലപ്പട്ടം | 49 | 49 |
| 2. എ.കെ.എസ് ജി. എച്ച്. എസ് മലപ്പട്ടം | 40 | 40 |

(അവലംബം : ദ്വിതീയ വിവരശേഖരം)

പെൺകുട്ടികളിൽ കാണുന്ന മറ്റൊരു പ്രധാന ന്യൂനത അവരുടെ വായനശീലത്തിലുള്ള കുറവാണ്. വായിക്കുന്നവർ തന്നെ താണതരം മാസികകളിലും ആഴ്ചപ്പതിപ്പുകളിലുമുള്ള തുടർക്കഥയിൽ അവരുടെ വായന പരിമിതപ്പെടുത്തുന്നു. നല്ലതരം പുസ്തകങ്ങൾ വായിച്ചു വളരാനും ചിന്തിച്ച് വികസിക്കുവാനുമുള്ള അഭിരുചി ഉണ്ടാക്കുകയും ചെയ്തില്ലെങ്കിൽ ഇത് ദൂരവ്യാപകമായ ദോഷഫലങ്ങൾ ഉണ്ടാക്കും. പൈങ്കിളിക്കഥകൾ വിറ്റ് കാശാക്കുന്ന താണതരം പ്രസിദ്ധീകരണങ്ങൾക്കെതിരായി പ്രചരണ പ്രവർത്തനം അനിവാര്യമാണ്.

പട്ടിക 25
വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്ന സ്ത്രീപുരുഷന്മാരുടെ കണക്ക്

| | പു. | സ്ത്രീ |
|---|---|---|
| കൃഷിപ്പണി | 237 | 125 |
| കർഷകതൊഴിലാളി | 421 | 506 |
| മൃഗസംരക്ഷണം മുതലായവ | 141 | 27 |
| കരിങ്കൽക്വാറി | 134 | 12 |
| വീട്ടിലിരുന്ന് കൈത്തൊഴിൽ ചെയ്യുന്നവർ | 5 | 6 |
| വീടിനുപുറത്തുപോയി കൈത്തൊഴിൽ ചെയ്യുന്നവർ | 92 | 26 |
| നിർമ്മാണതൊഴിലാളികൾ | 59 | 1 |
| വ്യാപാരം, വ്യവസായം | 183 | 4 |
| വാർത്താവിനിമയം വാഹനം | 40 | 4 |
| സേവനമേഖല | 307 | 59 |
| നാമമാത്ര തൊഴിലുള്ളവർ | 268 | 276 |
| തൊഴിൽ ചെയ്യാത്തവർ | 2377 | 3396 |

(അവലംബം : 1991 ലെ സ്ഥിതി വിവരകണക്ക്)

## തൊഴിൽ

ജനസംഖ്യയുടെ കാര്യത്തിൽ മുൻ പന്തിയിൽ നിൽക്കുന്ന വനിതകൾ തൊഴിൽ മേഖലയിലുംവളരെ പിന്നിലാണ്. സർക്കാർ ജോലിയിൽ സമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് കൂടുതൽ പങ്കാളിത്തമുള്ള മലപ്പട്ടം പഞ്ചായത്തിൽ ഈ മേഖലയിലുള്ള സ്ത്രീകളുടെ പ്രാതിനിധ്യവും തുലോം തുച്ഛമാണ്. ജോലിക്ക് വേണ്ടിയുള്ള മത്സരപരീക്ഷകളിലും അഭിമുഖത്തിലും വളരെക്കുറച്ച്പേർക്ക് മാത്രമേ വിജയം കണ്ടെത്താൻ കഴിയുന്നുള്ളൂ. സേവനമേഖലയിൽ കൂടുതൽ സ്ത്രീകൾ ജോലി ചെയ്യുന്നത് സ്വകാര്യ സ്കൂൾ അധ്യാപികമാരായിട്ടാണ്.

വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്ന സ്ത്രീ പുരുഷന്മാരുടെ കണക്ക് പട്ടിക 25 ൽ കാണുക

1991 ലെ സെൻസസ് കണക്കിൽ നിന്നും വളരെ വ്യത്യസ്തമായ ചിത്രമാണ് ഇന്നുള്ളത്. കാർഷികമേഖലയിൽ നിന്നും സ്ത്രീ തൊഴിലാളികൾ കൂട്ടത്തോടെ കൊഴിഞ്ഞുപോയതായി

കാണുന്നു. നിർമ്മാണ തൊഴിൽ രംഗത്തേക്കാണ് അധികപേരും കടന്നുചെല്ലുന്നത്. കാർഷിമേഖലയിൽ സ്ത്രീ തൊഴിലാളികളുടെ പങ്കാളിത്തം വളരെ കുറഞ്ഞുക്കൊണ്ടിരിക്കുന്നു. ഇത് പഞ്ചായത്തിൻെറ കാർഷിക പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്. ഈ കൊഴിഞ്ഞു പോകലിന് കാരണം കാർഷികമേഖലയിലെ ജോലി സ്ഥിരതയില്ലായ്മയും കുറഞ്ഞ കൂലിനിരക്കുമാണെന്നതാണ് കണക്കാക്കുന്നത്. പല മേഖലയിലും സ്ത്രീകൾക്കു കിട്ടുന്ന കൂലിയുടെ വ്യത്യാസം ചുവടെ നൽകിയിരിക്കുന്നു.

വയലിൽ ജോലിചെയ്യുന്നവർക്കുള്ള കൂലി നിരക്ക് - 35 രൂപ

മറ്റു കാർഷികമേഖലയിൽ - 40 രൂപ

നിർമ്മാണ തൊഴിൽ രംഗം - 50 രൂപ

ഇതിനുപുറമേ സ്ത്രീകൾക്കും പുരുഷന്മാർക്കും ലഭിക്കുന്ന കൂലിയിലും വളരെ അന്തരമുണ്ട്. ഇവ ചുവടെ കൊടുക്കുന്നു.

| കാർഷിക മേഖല | | ഇതര കാർഷിക മേഖല | | നിർമ്മാണ തൊഴിൽരംഗം | |
|---|---|---|---|---|---|
| പു. | സ്ത്രീ | പു. | സ്ത്രീ | പു. | സ്ത്രീ |
| 75 | 35 | 80 | 40 | 80 | 50 |

പുരുഷന്മാരും സ്ത്രീകളും ചെയ്യുന്ന ജോലിയിൽ അദ്ധ്വാനത്തിൽ അല്പം വ്യത്യാസമുണ്ടെങ്കിലും പൊതുവെ കൂലി നിരക്കിൽ വലിയ അന്തരമുള്ളതായി കാണുന്നു. വനിതകളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുവേണ്ടി 1991 ൽ വനിതാ ചാരിറ്റബിൾ സൊസൈറ്റി, കോഴിക്കോട് ഖാദി ഗ്രാമ വ്യവസായ ബോർഡിൻെറ കീഴിൽ മലപ്പട്ടം സെൻററിൽ ഒരു സോപ്പു കമ്പനി ആരംഭിച്ചു. അതിൽ 7 വനിതകൾ (11 ഷെയർ ഹോൾഡേർസ്) ജോലി ചെയ്തിരുന്നുവെങ്കിലും ഈ സ്ഥാപനം അധികനാൾ നിലനിന്നില്ല. അത് പൂട്ടിക്കിടക്കുകയാണ്.

തൊഴിൽസാധ്യതയ്ക്ക് വേണ്ടി തുടങ്ങിയ മറ്റൊരു പദ്ധതി DWCRA യുടെ കീഴിലുള്ള ജില്ലി നിർമ്മാണ യൂണിറ്റാണ്. ഇപ്പോൾ അതിൻെറ പ്രവർത്തനം നാമമാത്രമാണ്.

സ്ത്രീകളുടെ തൊഴിൽ സാധ്യതയ്ക്ക് വേണ്ടി ആരംഭിച്ച മറ്റൊരു പദ്ധതി അടിച്ചേരിയിൽ പ്രവർത്തിക്കുന്ന ഖാദി യൂണിറ്റാണ്. ഇതിൽ കൂലി വളരെ തുച്ഛമാണെങ്കിലും 39 ഓളം വനിതകൾ ഇവിടെ ജോലി ചെയ്യുന്നുണ്ട്. ജോലി സാധ്യത വർദ്ധിപ്പിക്കുന്നതിനുവേണ്ടി ട്രൈസം പദ്ധതി പ്രകാരം പഞ്ചായത്തിലെ 23 വനിതകൾക്ക് തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്. അതിലെട്ടുപേർ സ്വയം തൊഴിൽ കണ്ടെത്തിയിട്ടുണ്ട്.

## ആരോഗ്യം

പഞ്ചായത്തിലെ ആകെ ജനസംഖ്യ : 8708

സ്ത്രീകൾ : 4442

കഴിഞ്ഞവർഷത്തെ ആകെ മരണം : 64

സ്ത്രീകൾ : 36

പുരുഷന്മാർ : 6.5%

സ്ത്രീകളുടെ മരണ നിരക്ക് : 8.1%

മരണനിരക്കിൽ പഞ്ചായത്തിലെ പുരുഷന്മാരേക്കാൾ സ്ത്രീകളാണ് മുന്നിൽ. സ്ത്രീകളിൽ പ്രത്യേക ആരോഗ്യ പ്രശ്നങ്ങളൊന്നും കണ്ടെത്തിയിട്ടില്ല. ഗർഭസംബന്ധമായോ പ്രസവ സംബന്ധമായോ സ്ത്രീകൾക്ക് മരണം സംഭവിച്ചതായി കാണുന്നില്ല.

സ്ത്രീകളുടെ പൊതു ആരോഗ്യത്തെ സംബന്ധിച്ച് അംഗൻവാടിയിൽ നിന്ന് ശേഖരിച്ച വിവിരങ്ങൾ ഇങ്ങനെയാണ്.

മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം : 68

കഴിഞ്ഞ വർഷത്തെ ആകെ ജനനം : 126

ചാപിള്ള ജനനം : ഇല്ല.

1 വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ മരണം : 1

ഗർഭസംബന്ധമായ രോഗങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം : ഇല്ല.

മറ്റു മരണങ്ങളുടെ എണ്ണം : 36

അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം : 31

അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം : 37.

ഗർഭിണികൾക്കും കുട്ടികൾക്കും ആവശ്യമായ പ്രതിരോധ കുത്തിവെയ്പുകൾ കൃത്യമായി ലഭിക്കുന്നുണ്ട്. കുടുംബത്തിനാവശ്യമായി ഭക്ഷണം പാകം ചെയ്യുന്ന ജോലി 100% വും സ്ത്രീകളാണ് ചെയ്യുന്നത്.

മിക്കവാറും വീടുകളിൽ വിറക് കത്തിച്ച അടുപ്പുകളാണ് ഉപയോഗിക്കുന്നത്. ഒരു ദിവസം ചുരുങ്ങിയത് മൂന്നോ നാലോ മണിക്കൂറോളം അടുപ്പിലെ ചൂടും പുകയും സഹിക്കേണ്ടി വരുന്നുണ്ട്. ഇത് സ്ത്രീകളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നു. പുകയില്ലാത്ത അടുപ്പുകളുടെ പ്രചാരം ഒരു പരിധി വരെ ഇതിനു പരിഹാരമാവുന്നതാണ്.

**സാമൂഹ്യമേഖലയും ക്ഷേമപദ്ധതികളും**

സ്ത്രീകൾ കുടുംബനാഥകളായുള്ളതും പുരുഷന്മാർ ഉണ്ടെങ്കിലും സ്ത്രീകളുടെ അദ്ധ്വാനം കൊണ്ട് ജീവിക്കുന്നതുമായ കുറച്ചെങ്കിലും കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ടെന്ന് ഗ്രാമസഭകളിലെ ചർച്ചകൾ സൂചിപ്പിക്കുന്നു. പുരുഷന്മാർ സ്ത്രീകളുടെ അദ്ധ്വാനഫലം ചൂഷണം ചെയ്ത് മദ്യപാനത്തിനും മറ്റും ദുരുപയോഗപ്പെടുത്തുകയും തിരിച്ച് സ്ത്രീകളെ കുടുംബത്തിലിട്ട് പീഢിപ്പിക്കുകയും ചെയ്യുന്ന തായിട്ടും ചില ഗ്രാമ സഭകളിൽ ചർച്ച ഉണ്ടായിരുന്നു. ഇത്തരം കുടുംബങ്ങൾ വളരെ കുറവാണെങ്കിലും അത് നമ്മുടെ സമൂഹത്തിന് അപമാനമാണ്. സ്ത്രീധന പീഢനങ്ങളൊന്നും ഈ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. വളരെ ചെറിയ പ്രായത്തിൽ പെൺകുട്ടികളുടെ വിവാഹം നടത്തുന്ന പ്രവണത പഞ്ചായത്തിൽ കാണാനുണ്ട്. മുസ്ലിം സമുദായത്തിൽപ്പെട്ട സമുദായത്തിൽപ്പെട്ട പെൺകുട്ടികളിലാണ് ഇത് കൂടുതൽ കാണുന്നത്. പഞ്ചായത്തിലെ ആരോഗ്യ സ്ഥിതി വിവരകണക്ക് പരിശോധിച്ചാൽ 15 നും 18 നും ഇടയ്ക്ക് പ്രായമുള്ള 54 ദമ്പതികൾ ഉള്ളതായി കാണാം. മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങൾ ചില കോണുകളിലും അതിന്റെ പ്രവർത്തകരിലും മാത്രം ഒതുങ്ങി നിൽക്കുന്നതായി ചില ഗ്രാമ സഭകളിൽ വിമർശനം ഉയർന്നു വന്നിട്ടുണ്ട്. മഹിളാസമാജങ്ങൾ ഓരോ പ്രദേശത്തും ആസ്ഥാനമുണ്ടാക്കി പ്രവർത്തനം വിപുലീകരിച്ചാൽ പല സാമൂഹ്യ തിന്മകളെയും അതിജീവിക്കാൻ സാധിക്കും. സജീവ സംഘടനാപ്രവർത്തനത്തിലും രാഷ്ട്രീയ പ്രവർത്തനത്തിലും പങ്കെടുക്കുന്ന സ്ത്രീകളുടെ എണ്ണം അടുത്തകാലത്തായി വർദ്ധിച്ചിട്ടുണ്ട്. പഞ്ചായത്തിൽ 9 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. മിക്ക അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടമില്ല. 8 വാർഡുള്ള പഞ്ചായത്തിൽ 9 അംഗൻവാടികൾ ഉണ്ടെങ്കിലും ഭൂമിശാസ്ത്രപരമായ പഞ്ചായത്തിന്റെ കിടപ്പ് ചില പ്രദേശക്കാർക്ക് അംഗൻവാടി സൗകര്യം പ്രയോജനപ്പെടുത്തുന്നതിനു തടസ്സമായിട്ടുണ്ട്. കൊവുന്തല, കൊളന്ത, ബംഗ്ലേരിക്കുന്ന് എന്നിവ ഉദാഹരണങ്ങൾ.

## ക്ഷേമ പദ്ധതികൾ :

വിധവാ പെൻഷൻ കർഷക തൊഴിലാളികൾക്കുള്ള പ്രസവ ചികിൽസാസഹായം, സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള സാമ്പത്തിക സഹായം, വൃദ്ധകളായ സ്ത്രീകൾക്ക് കിട്ടുന്ന വാർദ്ധക്യകാലപെൻഷൻ എന്നിവയാണ് വനിതകൾക്കു പ്രയോജനം ലഭിക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികൾ. ഇതിനുപുറമേ വിധവകൾക്ക് സാമൂഹ്യക്ഷേമ വകുപ്പ് വഴി ആടുമാടുകളെ വളർത്താനുള്ള സഹായം നൽകി വരുന്നുണ്ട്. ഈ പഞ്ചായത്തിൽ 44 വിധവകൾക്ക് വിധവാപെൻഷൻ ലഭിക്കുന്നുണ്ട്. നിയമത്തിലുള്ള ചില അപാകതകൾ സാമ്പത്തികശേഷി ഇല്ലാത്ത പല വിധവകൾക്കും ഈ ആനുകൂല്യം ലഭിക്കുന്നതിന് വിഘാതമായിട്ടുണ്ട്. 18 വയസ്സ് പൂർത്തിയായ ആൺകുട്ടിയുണ്ടെങ്കിൽ അവൻ അദ്ധ്വാനശേഷി ഇല്ലാത്തവനാണെങ്കിലും നാടും വീടും വിട്ട് പോയവനാണെങ്കിലും ആ വിധവയ്ക്ക് പെൻഷൻ ലഭിക്കില്ല. ഈ നിബന്ധന മാറ്റി വിധവയുടെ കുടുംബ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിധവാ പെൻഷൻ നൽകണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. അഗതി, വാർദ്ധക്യകാല പെൻഷൻ നൽകുന്നതിലും വരുമാനവും വയസ്സും മാത്രമായിരിക്കണം അടിസ്ഥാനം സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് സാമ്പത്തിക സഹായം നല്കുന്നതിനുള്ള നിയമവും കാലോചിതമായി പരിഷ്ക്കരിക്കണം.

## പ്രശ്നങ്ങൾ

*പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങൾ തമ്മിൽ കൂലിനിരക്കിലുള്ള അന്തരം

*പുരുഷന്മാരും സ്ത്രീകളും തമ്മിൽ കൂലി നിരക്കിലുള്ള വ്യത്യാസം

*തൊഴിൽമേഖലയിൽ പ്രാഥമിക സൗകര്യത്തിൻെറ അപര്യാപ്തത.

* തൊഴിലില്ലായ്മ.

*തുടർച്ചയായി തീയും പുകയും ഏൽക്കുന്നതു കൊണ്ടുള്ള ആരോഗ്യ പ്രശ്നങ്ങൾ

* സാക്ഷരതാപ്രവർത്തനത്തിൽ അക്ഷരാഭ്യാസം നേടിയവർ വീണ്ടും നിരക്ഷരരാവുന്നു.

*കാർഷിക മേഖലയിൽ നിന്നും സ്ത്രീ തൊഴിലാളികൾ കൊഴിഞ്ഞു പോകുന്നു.

* വാർദ്ധക്യകാലത്തെ അരക്ഷിതാവസ്ഥ

*സ്ത്രീകളിലും പെൺകുട്ടികളിലും വായനാശീലം കുറയുന്നു.

*വിദ്യാർത്ഥിനികളിൽ പൊതുവിജ്ഞാനത്തിൻെറ കുറവ്

* നിർദ്ധനരായ കുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹത്തിനുള്ള സാമ്പത്തിക വിഷമം.

* മഹിളാസമാജങ്ങളുടെ നിർജ്ജീവത.

## സാധ്യതകൾ

1. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലുള്ള കൂലിയെപ്പറ്റി പഠിച്ച് ആവശ്യമായ വിധത്തിൽ ഏകീകരിക്കാനും പരിഷ്ക്കരിക്കാനും പഞ്ചായത്ത് തല വേജ് ബോഡ് സ്ഥാപിക്കണം.

2. സ്ത്രീതൊഴിലാളികൾ ജോലിചെയ്യുന്ന സ്ഥാപനങ്ങളിലും മേഖലകളിലും പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം.

3.സ്ത്രീകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾക്ക് രൂപം കൊടുക്കണം.

(a) തെങ്ങോലമടയൽ, പായനെയ്ത്ത്, എന്നീ പാരമ്പര്യ കുടിൽവ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കണം.

(b) വനിത വ്യവസായ വികസന സൊസൈറ്റി രൂപീകരിക്കണം

4 (a) സാധുക്കളായ വിധവകളുടെ പെൺകുട്ടികളുടെ വിവാഹത്തിന് സാമ്പത്തിക സഹായങ്ങൾ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ കാലോചിതമായി പുതുക്കുകയും ഈ ആനുകൂല്യം നിർദ്ധനരായ കുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹത്തിനും കൂടി ബാധകമാക്കുകയും ചെയ്യണം.

(b) അഗതികളായ വൃദ്ധകൾക്ക് മുഴുവനും സാമ്പത്തിക സഹായം നൽകാനുള്ള പദ്ധതി തയ്യാറാക്കുക. അഗതി പെൻഷൻെറ വരുമാന പരിധി പുനർനിശ്ചയിക്കുക.

5 ഓരോ പ്രദേശത്തും മഹിളാസമാജങ്ങൾക്ക് ആസ്ഥാനമുണ്ടാക്കി, അതോടനുബന്ധിച്ച് വനിതാവായനശാലകൾ സ്ഥാപിച്ച് സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കുവാനും പൊതുവിജ്ഞാനം വർദ്ധിപ്പിക്കുവാനും പദ്ധതി തയ്യാറാക്കുക.

6 വിദ്യാർത്ഥിനികൾക്ക് മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുക.

7 എല്ലാ വീടുകളിലും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുക.

8 മദ്യപാനത്തിന് എതിരായി ബോധവൽക്കരണം സംഘടിപ്പിക്കുക.

9. പഞ്ചായത്തിൽ സാക്ഷരതാ തുടർ വിദ്യാഭ്യാസ പരിപാടികൾ നടപ്പിലാക്കുക.

# 15. പട്ടികജാതി വികസനം

മലപ്പട്ടം പഞ്ചായത്തിലെ പ്രധാന പട്ടിക ജാതിക്കാർ പുലയ,മലയ, വണ്ണാൻ, വള്ളുവ എന്നീ സമുദായത്തിൽപ്പെട്ടവരാണ്. ഇവരിൽ പുലയസമുദായക്കാരാണ് പഞ്ചാ യത്തിലെ ആദിവാസികൾ. പലകാലങ്ങളിലായി ഇവിടെ പുഴ കടന്നുവന്ന് കുടിയേറി പാർത്ത് ഭൂമിയുടെ ഉടമകളായ മറ്റ് സമുദായക്കാർ പ്രത്യേകിച്ച് നമ്പ്യാർ നമ്പൂതിരി എന്നീസമുദായക്കാർ അവരുടെ കൃഷിയിടങ്ങളിൽ ജോലി ചെയ്യി ക്കുന്നതിനുവേണ്ടി ഈ വിഭാഗത്തിനെ അടിമകളാക്കി. പുലയ സമുദായത്തിൽപ്പെട്ടവർ ഈ ഭൂവുടമകളുടെ പാടത്ത് കൃഷിപ്പണി യെടുത്ത് അവർ കൊടുക്കുന്ന നെല്ല് ,വെള്ള രിക്ക തുടങ്ങിയവ കൂലിയായി സ്വീകരിച്ച് ജീവിച്ചു. കൃഷിയിടങ്ങളിൽ പണിയെടുക്കാൻ ആരോഗ്യമില്ലാത്തവർ കൈതയുടെ ഓല കൊണ്ട് പായ നെയ്തുണ്ടാക്കി ഉപജീവനം കഴിച്ചു. അടിമ കളായതിനാൽ ഇവരെ അടിയാൻമാർ, അടിയാത്തികൾ എന്നും പറയാറുണ്ട്. പാട ശേഖരത്തിനടുത്തായാണ് ഇവർ കൂട്ടമായി താമസിച്ചിരുന്നത്. കാവുകളിലും മറ്റും ദൈവ ത്തിൻെറ കോലങ്ങൾ കെട്ടിയും അതിനുവേണ്ട വാദ്യമേളങ്ങൾ നടത്തിയും ഉയർന്ന ജാതി ക്കാർക്ക് 'മാറ്റ് ' (ശുദ്ധീകരിക്കു ന്നതി നുള്ള അലക്കുവസ്ത്രം) നൽകി തുച്ഛമായ കൂലി (നെല്ല്, അരി, തേങ്ങ, വെള്ളരിക്ക മുതലായവ ) കൊണ്ട് ഉപജീവനം കഴിച്ച് വന്നവരായിരുന്നു മലയാൻമാരും, വണ്ണാൻമാരും. ഇതിൽ ആദ്യം പറഞ്ഞ മലയസമുദായ ത്തിൽപ്പെട്ടവർ പാര മ്പര്യ ചികിത്സ രംഗത്ത് (ഒറ്റമൂലി ചികിത്സ) പ്രഗത്ഭരായിരുന്നുവെന്ന് പറയപ്പെടുന്നു. ആശുപത്രിയും ഡോക്ടർമാരും അപൂർവ്വ മായിരുന്നതിനാൽ അടുത്തകാലം വരെ മലയസമുദായത്തിൽ പെട്ട സ്ത്രീകളാണ് (മലി) എല്ലാ സമുദായത്തിൽ പെട്ട സ്ത്രീകൾക്കും പ്രസവശുശ്രൂഷകൾ നടത്തിയിരുന്നത്. കാവു കളിൽ തെയ്യങ്ങളില്ലാത്ത പഞ്ഞമാസങ്ങളിൽ പ്രമാണിമാരുടെ വീട്ടിൽ ആടിയും വേടനും പാടിയാണ് ഇവർ ഉപജീവനം കഴിച്ചു കൂട്ടുയിരുന്നത്. മത്സ്യബന്ധനം കുലത്തൊഴി ലായ വള്ളുവരാണ് പട്ടികജാതിയിൽപ്പെട്ട മറ്റൊരു വിഭാഗക്കാർ. കുലത്തൊഴിൽ മത്സ്യബന്ധനമായതുകൊണ്ട് ഇവർ പുഴയോര ത്താണ് താമസം ഉറപ്പി ച്ചിരുന്നത്. അഡൂരിലെ വെള്ളരിച്ചാൽ, ചൂളിയാട് ഭാഗത്ത് വളപട്ടണം പുഴയുടെ തീരപ്രദേശം എന്നിവിടങ്ങളിലാണ് ഇവർ പ്രധാനമായും താമസിക്കുന്നത്. മൂന്ന് ഭാഗം പുഴയും ഒരു ഭാഗം കാട്ടുമൃഗങ്ങൾ

താമസിക്കുന്ന കൊടുംവനവും ആയിരുന്നതിനാൽ മറ്റ് പ്രദേശങ്ങളിലുള്ളവരുമായി മലപ്പട്ടത്തെ ജനങ്ങൾക്ക് വളരെ കുറഞ്ഞ ബന്ധമേ ഉണ്ടായിരുന്നുള്ളൂ. തോണി കടന്നോ ബഹുദൂരം വനങ്ങളിൽകൂടി യാത്രചെയ്തോ മാത്രമേ പുറംലോകവുമായി ബന്ധപ്പെടാൻ സാധിച്ചിരുന്നുള്ളൂ. ഉയർന്നജാതിയിൽപ്പെട്ട ഭൂവുടമകൾപോലും മറ്റ് പ്രദേശക്കാരെ അപേക്ഷിച്ച് സാമൂഹ്യമായും വിദ്യാഭ്യാസ പരമായും പിന്നോക്കമായിരുന്നു. 1930 ന് മുമ്പ് ദേശീയ പ്രസ്ഥാനങ്ങളൊന്നും ഇവിടെ ചലനങ്ങൾ സൃഷ്ടിച്ചില്ല. എന്നാൽ കർഷക പ്രസ്ഥാന ത്തിന്റെ വളർച്ച ഈ പ്രദേശത്തേക്ക് വ്യാപിച്ചതോടെയാണ് പഞ്ചായത്തിന്റെ സാമൂഹ്യ വളർച്ചയ്ക്ക് നാന്ദി കുറിച്ചത്. ജന്മിനാടുവാഴികളുടെ മർദ്ദനം സഹിച്ച് കൊണ്ടിരുന്നവർ പട്ടികജാതിയിൽപ്പെട്ട സമുദായത്തിൽപ്പെട്ടവർ മാത്രമായിരുന്നില്ല. മറ്റ് സമുദായത്തിൽപ്പെട്ടവരും ഉണ്ടായിരുന്നു. ഉയർന്നജാതി, താഴ്ന്ന ജാതി എന്നതിനുപകരം മർദ്ദകരുടെ ജാതിയും മർദ്ദിതരുടെ ജാതിയുമായി തരം തിരിഞ്ഞു. ഈ തരം തിരിവ് ഉച്ചനീചാവസ്ഥയെ തുടച്ചുനീക്കുന്നതിന് നാന്ദിയായി. മർദ്ദകർക്കെതിരെ പ്രതികരിച്ചിറങ്ങിയവരിൽ പട്ടികജാതി സമുദായത്തിൽപ്പെട്ടവരും ധാരാളം ഉണ്ടായിരുന്നു. കൊളന്ത, വെങ്ങലേരിക്കുന്ന് കോളനിയിലെ പൊല്ലാലൻ, കാഞ്ഞൻ തുടങ്ങിയവരുടെ പേരുകൾ പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. ഇരിക്കൂർ ഫർക്കയിലെ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ വളർച്ചയും കമ്മ്യൂണിസ്റ്റ് നേതാക്കന്മാരുമായുള്ള ഈ ഗ്രാമത്തിന്റെ ബന്ധവും ഇവിടുത്തെ സാമൂഹ്യാവസ്ഥയും ഉച്ചനീചത്വാവസ്ഥയും പൊളിച്ചെഴുതി. മുട്ടുമറക്കാനും മാറ്മറക്കാനും സ്ത്രീകൾക്കുള്ള അവകാശത്തിനുവേണ്ടി കർഷകപ്രസ്ഥാനത്തിന്റെ കൊടിക്കീഴിൽ പൊരുതുമ്പോൾ അതിൽ പട്ടികജാതിയിൽപ്പെട്ട സ്ത്രീകൾ പോലും രംഗത്തുണ്ടായിരുന്നു. കർഷകസംഘത്തിന്റെ പ്രചാരണവുമായി അവരുടെ കോൽക്കളി സംഘത്തോടൊപ്പം ബോംബേയിലേക്ക് പോയ കൂട്ടത്തിൽ പൂക്കണ്ടം പാറയിലെ മാണി എന്ന മലയ സമുദായത്തിൽപ്പെട്ട കലാകാരിയും ഉണ്ടായിരുന്നു. രാഷ്ട്രീയവും സാംസ്ക്കാരികവുമായ മുന്നേറ്റം ഈ സമുദായങ്ങളിലെ അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും ഒരു പരിധി വരെ തുടച്ചു നീക്കാൻ സഹായിച്ചിട്ടുണ്ട്. സാമൂഹ്യമായി മറ്റ് പ്രദേശങ്ങളിലെ പട്ടികജാതി സമുദായക്കാരെ അപേക്ഷിച്ച് ഈ പഞ്ചായത്തിലെ പട്ടികജാതിക്കാർ സാമൂഹ്യ പുരോഗതി കൈവരിച്ചു എങ്കിലും വിദ്യാഭ്യാസപരമായും സാമ്പത്തികപരമായും ഉള്ള പുരോഗതി കൈവരിക്കുന്നതിന് പഞ്ചായത്തിൽ ഭൂമിശാസ്ത്രപരമായ കിടപ്പ് തടസ്സമായി ത്തീർന്നു. സാമ്പത്തികമായി വളരെ പിന്നോക്കമായിരുന്ന പട്ടികജാതിക്കാർക്ക് ദൂരസ്ഥലങ്ങളിൽപോയി വിദ്യാഭ്യാസം ചെയ്യുക അപ്രാപ്യമായിരുന്നു. എന്നാൽ പട്ടികജാതിയിൽപ്പെട്ട മലയ, വണ്ണാൻ സമുദായക്കാർ മറ്റുപട്ടികജാതി സമുദായക്കാരേക്കാൾ വിദ്യാഭ്യാസ പുരോഗതിയിൽ ശ്രദ്ധ പതിപ്പിച്ചതായി കാണാം. ഇന്ന് ഔദ്യോഗിക പദവികളിലും മറ്റു തുറകളിലും ഈ വിഭാഗത്തിൽപ്പെട്ടവർ വഹിക്കുന്ന സ്ഥാനങ്ങളിൽ നിന്നും ഇത് വ്യക്തമാണ്. പഞ്ചായത്തിലെ വായനശാല പ്രസ്ഥാനത്തിന്റെ വളർച്ചയും മലപ്പട്ടത്ത് സർക്കാർ ഹൈസ്ക്കൂൾ തുടങ്ങിയതും മറ്റ് സ്ഥലങ്ങളുമായി ബന്ധിപ്പിക്കുന്ന വാഹനസൗകര്യങ്ങളും പട്ടികജാതിക്കാരുടെ സാമ്പത്തിക വിദ്യാഭ്യാസ പുരോഗതിക്ക് ആക്കം കൂട്ടിയിട്ടുണ്ട്.

**അവലോകനം**

പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 8708 (1991 ലെ സെൻസസ് കണക്ക്)

പട്ടികജാതിയിൽപ്പെട്ടവരുടെ അംഗസംഖ്യ - 430 (പ്രാദേശിക കണക്കു പ്രകാരം)
പു : 226 സ്ത്രീ : 204

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ വെറും 5% മാത്രമാണ് പട്ടികജാതിയിൽ പ്പെട്ടവർ ഇവർ 92 കുടുംബങ്ങളിലായി താമസിക്കുന്നു. പഞ്ചായത്തിലെ 3-ാം വാർഡ് ഒഴികെയുള്ള എല്ലാവാർഡുകളിലും പട്ടികജാതി കുടുംബങ്ങൾ ഉണ്ട്. ഇതിൽ 37 കുടുംബങ്ങൾ മാത്രമാണ് അംഗീകൃതകോളനിയിൽ താമസിക്കുന്നത്.

* 1-ാം വാർഡിലുള്ള കൊളന്ത വെങ്കളേരിക്കുന്ന് ഹരിജൻ കോളനി - ഇവിടെ 26 കുടും

ബാംഗങ്ങൾ താമസിക്കുന്നു.

* 4 -ാം വാർഡിലുള്ള പടപ്പക്കരി ഹരിജൻ കോളനി - ഇവിടെ 11 കുടുംബങ്ങൾ താമസിക്കുന്നു.

പട്ടികജാതിക്കാരുടെ ആകെ അംഗസംഖ്യയിൽ 48% പേർ സ്ത്രീകളാണ്. ഇതിൽ ഭൂരിഭാഗവും കാർഷികമേഖലയിലും ചെറിയഭാഗവും ചെങ്കൽ മേഖലയിലും ജോലി ചെയ്യുന്നു. പാരമ്പര്യമായി പരിശീലിച്ച പായനെയ്തുകൊണ്ട് ഉപജീവനം കഴിക്കുന്ന ചുരുക്കം പേർ കൊളന്ത, പടപ്പക്കരി കോളനി, ചുളിയാട് കടവ് എന്നീ ഭാഗങ്ങളിലുണ്ട്. എന്നാൽ പാരമ്പര്യ തൊഴിലായ തെയ്യംകെട്ടൽ ആടി-വേടൻ പാട്ട്, പ്രസവചികിത്സ (വയറ്റാട്ടി) തുടങ്ങിയ ചെയ്യുന്ന പട്ടികജാതിക്കാർ പഞ്ചായത്തിൽ ഇപ്പോൾ ഇല്ലെന്ന് തന്നെ പറയാം. പുരുഷന്മാരിൽ കൂടുതൽ പേരും കാർഷികജോലിയിലും ചെങ്കൽ ജോലിയിലും ഏർപ്പെട്ടിരിക്കുന്നു. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിലും അദ്ധ്യാപന ജോലിയിലും ഏർപ്പെട്ടിരിക്കുന്നവരുമുണ്ട്. പട്ടികജാതിയിൽ പെട്ട സ്ത്രീകളും സർക്കാർ ജോലി ചെയ്യുന്നുണ്ട്. അടുത്തകാലത്തായി ഉണ്ടായ വിദ്യാഭ്യാസ പുരോഗതി മറ്റ് സമുദായക്കാരെപോലെത്തന്നെ പട്ടികജാതിക്കാർക്കിടയിലും അഭ്യസ്തവിദ്യരായ തൊഴിലില്ലാത്തവരെ സൃഷ്ടിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങളിലായി 66 പട്ടികജാതി കുട്ടികൾ വിദ്യാഭ്യാസം ചെയ്യുന്നുണ്ട്. ആൺകുട്ടികളുടെ എണ്ണം 33. പെൺകുട്ടികളുടെ എണ്ണം 33.

ഇതിനും പുറമേ ചേടിച്ചേരി ദേശമിത്രം യു. പി സ്ക്കൂളിലും ചെങ്ങാലി, കോട്ടൂർ, ശ്രീകണ്ഠാപുരം എന്നീ സ്ക്കൂളുകളിലും കുറച്ച് പട്ടികജാതിയിൽപ്പെട്ട കുട്ടികൾ പഠനം നടത്തുന്നുണ്ട്. മലപ്പട്ടത്തെ സ്ക്കൂളിൽ പഠിക്കുന്ന പട്ടികജാതി കുട്ടികളുടെ ലംപ്സം ഗ്രാൻറ് കിട്ടുന്നവരുടെ കണക്കുകൾ പട്ടിക 26 ൽ കൊടുത്തിരിക്കുന്നു.

സാമ്പത്തിക പുരോഗതിയിൽ മുമ്പത്തെ അവസ്ഥയിൽ നിന്നും വളരെ മുമ്പോട്ട് പോയിട്ടുണ്ടെങ്കിലും പഞ്ചായത്തിലെ 56 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. ഇത് പഞ്ചായത്ത് പട്ടികജാതി അംഗസംഖ്യയുടെ പകുതിയലധികം വരും എന്നത് വളരെ ഗൗരവപരമായി പരിഗണിക്കേണ്ട വസ്തുതയാണ്.

ഐ. ആർ. ഡി. പി. യുടെ കണക്കനുസരിച്ച് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതിക്കാരുടെ വാർഡ് തിരിച്ചുള്ള കണക്ക് പട്ടിക 27-ൽ കൊടുത്തിരിക്കുന്നു.

ഗ്രാമസഭയിൽ വന്ന കണക്കുപ്രകാരം 22 ഓളം പട്ടികജാതി കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ല. 60 ഓളം കുടുംബങ്ങൾക്ക് പ്രാഥമികാവശ്യം നിർവ്വഹിക്കാനുള്ള സൗകര്യമില്ല. 45 ഓളം കുടുംബങ്ങൾക്ക് വൈദ്യുതി ലഭിച്ചിട്ടില്ല. അംഗീകൃത പട്ടികജാതി കോളനിയായ ബംഗ്ലേരി കുന്ന് കോളനിയിൽ 26 വീടുകളിൽ 19 എണ്ണം മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളൂ. പടപ്പക്കരി കോളനിയിൽ 11 വീടുകളിൽ 6 വീട് വൈദ്യുതീകരിക്കാൻ ബാക്കിയാണ്. 92 പട്ടികജാതി കുടുംബങ്ങളിൽ അംഗീകൃത കോളനിയിൽ താമസിക്കുന്ന 37 കുടുംബങ്ങൾക്ക് മാത്രമേ പട്ടികജാതി കോളനിക്കാർക്കുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നുള്ളൂ. പഞ്ചായത്തിൻെറ 6 -ാം വാർഡിൽ 24 പട്ടികജാതി കുടുംബങ്ങൾ ഉണ്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങളായ കക്കൂസ്, വൈദ്യുതി എന്നിവ ലഭിച്ചിട്ടില്ല. പട്ടികജാതി കുടുംബങ്ങൾ കോളനിയായി താമസിച്ചാലും വേറിട്ടു താമസിച്ചാലും ആനുകൂല്യങ്ങൾ ഒരുപോലെ ലഭിക്കണമെന്നുള്ള ആവശ്യം ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുണ്ട്. ഭൂമിശാസ്ത്രപരമായി ഉയർന്ന പ്രദേശമായ ബംഗ്ലേരിക്കുന്ന് പട്ടികജാതി കോളനിയിൽ വേനൽക്കാലത്തെ കുടിവെള്ളക്ഷാമം രൂക്ഷമാണ്.

കാലാകാലങ്ങളിലായി പട്ടികജാതിക്കാർക്ക് ധാരാളം ആനുകൂല്യങ്ങൾ നൽകിയെങ്കിലും അതിനൊത്ത പുരോഗതി അവരുടെ ഇടയിൽ ഉണ്ടായിട്ടില്ല. ഉദാഹരണമായി : കൃഷിഭവനിൽ നിന്നും കാലാകാലങ്ങളിൽ സൗജന്യമായി തെങ്ങിൻ തൈകൾ വിതരണം ചെയ്തിട്ടുണ്ടെങ്കിലും ഒരു തെങ്ങിൻ തൈ പോലും ഇല്ലാത്ത ഒട്ടേറെ വീടുകൾ പഞ്ചായത്തിൽ കാണാം. ആനുകൂല്യങ്ങൾ നൽകുന്നുണ്ടെങ്കിലും അത് ശരിയാംവിധം ഉപയോഗപ്പെടുത്തുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താത്തതിനാൽ പല

ആനുകൂല്യങ്ങളും ദുരുപയോഗ പ്പെടുത്തുന്നു തായി സംശയിക്കേണ്ടിയിരിക്കുന്നു.

ജെ. ആർ. വൈ സ്കീം പ്രകാരം അനുവദിച്ച വീടുകൾ നിബന്ധ പ്രകാരം പൂർത്തീകരിച്ചിട്ടില്ല. ജെ. ആർ. വൈ പ്രകാരം കഴിഞ്ഞ വർഷം വിതരണം ചെയ്ത കണക്ക് പട്ടിക 28 ൽ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിലെ പട്ടികജാതിക്കാരല്ലാത്ത 95% ജനങ്ങളുടെ പുരോഗതിയുമായി ഒത്തു വിലയിരുത്തിയാൽ പഞ്ചായത്തിലെ പട്ടിക ജാതി ക്കാരുടെ പുരോഗതി ഒട്ടും പുറകിലല്ലെന്ന് കാണാം. സാമൂഹ്യ ബഹുജന സംഘടനാരംഗത്ത് നല്ല പ്രാതിനിധ്യമാണുള്ളത്. സർക്കാർ അർദ്ധ സർക്കാർ സഹകരണ മേഖല എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നവരുടെ കണക്കുനോക്കി യാലും ജനസംഖ്യയുടെ ആനുപാതത്തിൽ പിറകിലല്ലെന്ന് മനസ്സിലാക്കാം. താഴെക്കിട യിലുള്ള ലാസ്റ്റ് ഗ്രേഡ് ജോലിക്കാർ മുതൽ സമൂഹത്തിന്റെ മേലെക്കിടയിലുള്ള ഡോക്ടർ വരെ ഈ പഞ്ചായത്തിലെ പട്ടിക ജാതിക്കാരുടെ ഇടയിലാണ് ഉള്ളത്. ഈ പഞ്ചായത്തിലെ പട്ടികജാതിക്കാർ കൈവരിച്ച സാമൂഹ്യ സാമ്പത്തിക വളർച്ചയുടെ ചൂണ്ടു പലകയാണ്.

## പ്രശ്നങ്ങൾ

1. കോളനികളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത.
2. കോളനിക്ക് പുറത്ത് താമസിക്കുന്ന ഭൂരിഭാഗം കുടുംബങ്ങൾക്ക് അടിസ്ഥാന സൗകര്യം ലഭിക്കാതിരിക്കൽ
3. ദാരിദ്ര്യരേഖയ്ക്ക് താഴെക്കിടക്കുന്ന 56 കുടുംബങ്ങൾ
4. അഭ്യസ്തവിദ്യരുടെയും അല്ലാത്തവരുടേയും ഇടയിലുള്ള തൊഴിലില്ലായ്മ.
5. വൃദ്ധൻമാരായ തെയ്യം കലാകാരന്മാരുടെയും മറ്റ് നാടൻകലാകാരന്മാരുടെയും ആവശത
6. സ്വന്തമായി വീടില്ലാത്ത 26 ഓളം കുടും ബങ്ങൾ
7. സ്ത്രീകളുടെയും കുട്ടികളുടെയും വിദ്യാഭ്യാസ നിലവാര തകർച്ച

## സാധ്യതകൾ

*ദാരിദ്ര്യരേഖയ്ക്ക് താഴെക്കിടക്കുന്ന എല്ലാ പട്ടികജാതി കുടുംബങ്ങളുടെയും വീടുകൾ വൈദ്യുതീകരിക്കുകയും കക്കൂസ് നിർമ്മി ക്കുകയും വേണം. കോളനികളിൽ നിലവിലുള്ള

**പട്ടിക 26**

| പഠിക്കുന്ന സ്ക്കൂൾ | ലപ്സം ഗ്രാൻറ് കിട്ടുന്ന കുട്ടികൾ | ലപ്സം ഗ്രാൻറ് കിട്ടാത്തവർ |
|---|---|---|
| കൊളന്ത എ.എൽ.പി.സ്ക്കൂൾ | 11 | 66 |
| മലപ്പട്ടം മാപ്പിള ALPS | 6 | |
| ALPS ചൂളിയാട് | 7 | - |
| R.G.M.U.P | 39 | - (ഇതിൽ 58 കുലാല വിദ്യാർത്ഥികൾ ഉൾപ്പെടും) |
| A.K.S, G.H.S | 51 | - |

(അവലംബം : ദ്വിതീയ വിവരശേഖരണം)

കുഴൽകിണറുകൾക്ക് ആവശ്യമായി അറ്റകുറ്റ പണി നടത്തണം. പൊതുകിണറുകൾ ആഴം കൂട്ടണം.

* സ്വന്തമായി വീടില്ലാത്തവർക്ക് വീട് നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകണം.

പട്ടിക 27

| വാർഡ് | |
|---|---|
| I | 26 കുടുംബങ്ങൾ |
| IV | 4 ” |
| V | 3 ” |
| VI | 20 ” |
| VII | 1 ” |
| VIII | 2 ” |

* പട്ടികജാതിക്കാർ താമസിക്കുന്ന എല്ലാവീടുകളിലും കോളനികളിൽ താമസിക്കുന്നവർക്കുള്ള ആനുകൂല്യങ്ങൾ നൽകണം.
* ദാരിദ്ര്യരേഖയ്ക്ക് താഴെക്കിടക്കുന്ന കുടുംബങ്ങളിലെ അംഗങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തി വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കണം. പായനെയ്ത്ത്, കന്നുകാലി വളർത്തൽ, കോഴി വളർത്തൽ തുടങ്ങിയവ അഭികാമ്യമാണ്.
* സാമ്പത്തിക പരാധീനത അനുഭവിക്കുന്ന പട്ടികജാതിയിൽ പെട്ട അവശ കലാകാരന്മാർക്ക് സാമ്പത്തിസഹായം നൽകണം.
* പട്ടികജാതിക്കാർക്ക് അർഹതയുള്ള ആനുകൂല്യങ്ങളെപ്പറ്റി ബോധവാന്മാരാക്കാനും ലഭിച്ച ആനുകൂല്യങ്ങൾ ശരിക്ക് പ്രയോജനപ്പെടുത്തുന്നുവെന്നും ഉറപ്പു വരുത്താനുള്ള നടപടി ഉണ്ടാകണം.
* കോളനികൾ കേന്ദ്രീകരിച്ച് വായനശാല സ്ഥാപിക്കണം. ആധുനിക വാർത്താവിനിമയ സംവിധാനങ്ങൾ ഈ വായനശാലകൾക്കും നൽകണം.
* ചൂളിയാട് കടവ് ഭാഗത്ത് താമസിക്കുന്ന 24 വീടുകളെ കോളനിയായി അംഗീകരിക്കണം ■

# 16. വിഭവസമാഹരണം

സംസ്ഥാന രൂപികരണത്തിനുമുമ്പ് നിലവിൽവന്ന മലപ്പട്ടം പഞ്ചായത്തിനെ ഇരിക്കൂർ പഞ്ചായത്തുമായി സംയോജിപ്പിച്ചെങ്കിലും 1968 ൽ വീണ്ടും ഇരിക്കൂർ, മലപ്പട്ടം എന്നീ പഞ്ചായത്തുകളായി പുനർവിഭജനം നടത്തുകയുണ്ടായി. വരുമാനം കുറഞ്ഞ മലപ്പട്ടം പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്ക് ഇരിക്കൂറിൻെറ വിഭവങ്ങൾ ഉപയോഗപ്പെടുത്തും എന്ന ആക്ഷേപത്തിൻെറയും മറ്റ് രാഷ്ട്രീയക്കാരണങ്ങളാലുമാണ് ഈ രീതിയിലുള്ള പുനർവിഭജനം നടന്നത്. വിസ്തൃതി, വരുമാനം, ജനസംഖ്യ, വികസന പ്രവർത്തനം എന്നിവയിലൊക്കെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിലൊന്നാണ് മലപ്പട്ടം. ജില്ലയിലുള്ള രണ്ട് തേഡ് ഗ്രേഡ് പഞ്ചായത്തുകളിലൊന്നാണ് മലപ്പട്ടം. കാർഷിക വ്യാവസായിക മേഖലകളിൽ നിന്നാണ് പ്രധാനമായും വരുമാനമുണ്ടാകേണ്ടത്. എന്നാൽ ഈ പഞ്ചായത്തിൽ വ്യവസായങ്ങളൊന്നും തന്നെയില്ല. കാർഷിക മേഖലയാണെങ്കിൽ അനുദിനം തകർച്ചയെ നേരിടുകയുമാണ്. ഈ രണ്ട് മേഖലയിലും മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞെ ങ്കിൽ മാത്രമേ വിഭവസമാഹരണം സാധ്യമാകൂ.

സർക്കാർ ഗ്രാൻറുകളെ ആശ്രയിച്ചു മാത്രമാണ് പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾ ഇതുവരെ നടത്തിയിരുന്നത്. ഇടതുപക്ഷ സർക്കാരുകൾ അധികാരത്തിൽ ഉണ്ടായിരുന്ന അവസരങ്ങളിൽ മാത്രമാണ് പഞ്ചായത്തിൽ കാര്യമായ വികസന പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. സർക്കാർ ഗ്രാൻറുകളെ ആശ്രയിച്ചു മാത്രം വികസന പ്രവർത്തനം നടത്തുക എന്ന അവസ്ഥയിൽ മാറ്റം ആവശ്യമാണ്. സർക്കാർ സഹായവും ജനങ്ങളുടെ കൂട്ടായ പങ്കാളിത്തവും സഹകരണവും സംയോജിപ്പിച്ച് വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പുതിയ വികസന സംസ്ക്കാരം രൂപപ്പെടുത്താൻ സാധിക്കണം. വികസന പ്രവർത്തനത്തിൻെറ

വ്യാപ്തിയിലും ഗുണത്തിലും വർദ്ധമാനമായ മാറ്റം ഇതിലൂടെ കൈവരിക്കാൻ സാധിക്കും.

## പഞ്ചായത്തിൻെറ ധനസ്ഥിതി

പഞ്ചായത്തിൻെറ തനത് വരുമാനം കെട്ടിടനികുതി, ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവയാണ്. ഇതിനുപുറമേ പൂഴിലേലം, കടവ് ലേലം എന്നീ ഇനത്തിൽ ലഭിക്കുന്ന സഖ്യയും ഉണ്ട്. അടുത്തകാലത്തായി പൂഴി ലേലം വഴി ലഭിക്കുന്ന തുകയിൽ ഗണ്യമായ വർദ്ധന ഉണ്ടായിട്ടുണ്ട്. സർക്കാർ ലൈസൻസ് ഫീസ്, കെട്ടിടനികുതി, തൊഴിൽ നികുതി എന്നിവയിലൂടെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയണം. പുറംപോക്ക് ഭൂമി ഉപയോഗപ്പെടുത്തി വരുമാനം കൂട്ടാൻ സാധിക്കും.

പഞ്ചായത്തിൽ നിന്നും മൊത്തം 178 പേർ ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നുണ്ട്. ഇവരുടെ വരുമാനം പഞ്ചായത്തിൻെറ സാമ്പത്തികമേഖലയെ വലിയതോതിലൊന്നും സ്വാധീനിച്ചിട്ടില്ല. ഇവരിൽ ഉയർന്ന സാമ്പ

പട്ടിക 29 ഗൾഫിൽ ജോലി ചെയ്യുന്നവരുടെ എണ്ണം

| വാർഡ് | 1 | 2 | 3 | 4 | 5 | 6 | 7 | 8 | | |
|---|---|---|---|---|---|---|---|---|---|---|
| എണ്ണം | 28 | 13 | 16 | 15 | 30 | 50 | 14 | 12 | ആകെ | 178 |

പട്ടിക 30

| വർഷം | നിക്ഷേപം | നൽകിയ മൊത്തം വായ്പ | ഇതിൽ കാർഷികേതര വായ്പ |
|---|---|---|---|
| 1985 | 890905 | 13, 15, 089 | 1,30,450 |
| 1990 | 3628935.64 | 37,29, 310 | 953750 |
| 1995 | 8354910.96 | 92,73,148 | 2320925 |
| 1994 ലെ ബാക്കി നിൽപ്പ് | - | 10517015 | 3343520 |

ഗ്രാൻറുകൾ ലഭിക്കുന്നുണ്ടെങ്കിലും ഇതിൽ അനുവർത്തിക്കുന്നു മാനദണ്ഡം അശാസ്ത്രീയമാണ്. പഞ്ചായത്തിൻെറ പിന്നോക്കാവസ്ഥ വരുമാനം എന്നിവ മാനദണ്ഡമായെടുത്ത് ഗ്രാൻറ് അനുവദിക്കുന്ന നിലയുണ്ടാവണം. പഞ്ചായത്തിൻെറ തനത് വരുമാനത്തിൽ സാധ്യതയ്ക്കനുസരിച്ച വർദ്ധനവ് ഉണ്ടായിട്ടില്ല.

ത്തിക നില കൈവരിച്ചവർ ഇല്ലെന്ന് തന്നെ പറയാം. പരിമിതമാണെങ്കിലും ഇവരുടെ വരുമാനം ഭൂമി ഇടപാടുകൾക്കാണ് ഉപയോഗപ്പെടുത്തുന്നത്. ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരുടെ വാർഡടിസ്ഥാനത്തിലുള്ള കണക്ക് പട്ടിക 29 ൽ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിൽ സർവ്വീസ് മേഖല

യിൽ ജോലിചെയ്യുന്നവരായി 366 പേരുണ്ട്. ഇവരുടെ വരുമാനം പഞ്ചായത്തിൻെറ സാമൂഹ്യ-സാമ്പത്തിക രംഗങ്ങളിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്നുണ്ട്. ഈ സ്വാധീനം പ്രത്യുൽപ്പാദനമായ രംഗങ്ങളിലേക്ക് തിരിച്ചുവിടാൻ സാധിക്കേണ്ടതുണ്ട്. ദേശീയ സമ്പാദ്യ പദ്ധതിയി ലൂടെ പിരിച്ചെടുക്കുന്ന തുകയുടെ 15 മുതൽ 25 ശതമാനം വരെയുള്ള തുക പഞ്ചായത്തിൽ ലഭിക്കുന്നതിനുള്ള വ്യവസ്ഥ നിലവിലുണ്ട്. പഞ്ചായത്തിലെ മുഴുവൻ വീടുകളും സമ്പാദ്യ പദ്ധതിയുടെ പരിധിയിൽ കൊണ്ടു വന്ന് ബചത് പഞ്ചായത്ത് എന്ന ബഹുമതി നേടാനായെങ്കിലും പദ്ധതിയിൽ പങ്കാളികളാ യവരെ തുടർ നിക്ഷേപങ്ങൾ നടത്തുന്നതിന് പ്രേരിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഇത്തരം നിക്ഷേപങ്ങൾ പ്രോത്സാഹിപ്പി ക്കുന്നതിലൂടെ പഞ്ചായത്തിൻെറ വരുമാനവും വർദ്ധിപ്പിക്കാൻ കഴിയും.

## സഹകരണ മേഖല

1946 ൽ വിവിധോദ്ദേശ ഐക്യ നാണയ സംഘമായി ആരംഭിച്ച് 1964 ൽ സർവ്വീസ് സഹകരണ സംഘമായും 1982 ൽ സർവ്വീസ് സഹകരണ ബാങ്കായും ഉയർത്തപ്പെട്ട ഈ ധനകാര്യ സ്ഥാപനത്തിൽ നിലവിൽ 3,500 ൽ പരം അംഗങ്ങൾ ഉണ്ട്. 1996 ൽ ചൂളിയാട്ട് ശാഖയും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിലവിൽ ഒന്നേകാൽ കോടി നിക്ഷേപവും ഒന്നര കോടി രൂപ വായപ ബാക്കിയുമായിട്ടുണ്ട്. വായ്പ തിരിച്ചടവിൽ വീഴ്ച വരുത്തുന്നത് ബാങ്കിൻെറ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. എടുത്ത വായ്പ അതതു ആവശ്യങ്ങൾക്കുതന്നെ ഉപയോഗപ്പെടുത്തുന്നില്ല എന്നതും പ്രധാന മാണ്. പ്രത്യുൽപ്പാദനപരമായ ആവശ്യ ങ്ങൾക്ക് പരമാവധി വായ്പ വിനിയോഗിക്കാൻ സഹ കാരികളെ പ്രേരിപ്പിക്കണം. രണ്ടു ലക്ഷം രൂപ വരെ ഒരു വ്യക്തിക്ക് വായ്പ നൽകുന്നതിനുള്ള വ്യവസ്ഥ നിലവിലുണ്ട്.

സംസ്ഥാന വായ്പാ അനുപാതത്തേക്കാൾ ഉയർന്ന നിരക്കാണ് പഞ്ചായത്തിലേത്. പട്ടിക 30 ൽ കൊടുത്തിരിക്കുന്നു.

ബാങ്കുകളുടെ നേതൃത്വത്തിൽ പഞ്ചായത്തിനനുയോജ്യമായ വായ്പ പദ്ധതികൾക്ക് രൂപം നൽകുകയും അതനുസരിച്ച് വായ്പ നൽകുന്നതിനുള്ള സാധ്യതകൾ പരിശോധി ക്കുകയും ചെയ്യണം. സഹകരണ ബാങ്കിന് പുറമേ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൻെറ ഒരു ശാഖയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സ്വകാര്യ പണമിടപാടുകാർ ഈ പഞ്ചായത്തിൽ ഇല്ലെന്ന് തന്നെ പറയാം.

പഞ്ചായത്ത് വികസന സമിതിയുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള വാർഡ് വികസന സമിതിയുടെ നേതൃത്വത്തിൽ എല്ലാ വാർഡുകളിലും നിരവധി വികസന പ്രവർത്തനങ്ങൾ ഇതിനകം നടത്തിയിട്ടുണ്ട്. നിരവധി മനുഷ്യാദ്ധ്വാനവും സാമ്പത്തിക സഹായവും വിവിധ പ്രദേശങ്ങളിൽ ഇതിനുവേണ്ടി വിനിയോഗിച്ചിട്ടുണ്ട്. മലപ്പട്ടം എ. കുഞ്ഞിക്കണ്ണൻ സ്മാരക ഗവ: ഹൈസ്ക്കൂൾ പി. ടി. എ കമ്മിറ്റിയുടെ നേതൃത്വത്തിൽ ഹൈസ്ക്കൂളിൽ വികസ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. വികസന സമിതിയെയും സന്നദ്ധ പ്രവർത്തകരേയും സാമൂഹ്യ സാംസ്ക്കാരിക പ്രവർത്തകരെയും യുവജന സംഘടനകളെയും ഉപയോഗപ്പെടുത്തി പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ കഴിയും.

## പ്രശ്നങ്ങളും സാധ്യതകളും

1.ഭൂനികുതി, സ്റ്റാമ്പ് ഡ്യൂട്ടി, വാഹന നികുതി, ദേശീയ സമ്പാദ്യ പദ്ധതി പിരിവ് എന്നിയുടെ വിഹിതം പഞ്ചായത്തിന് ലഭിക്കുന്നുണ്ടെങ്കിലും യഥാസമയം ലഭിക്കുന്ന നിലയില്ല. ഇത് അതതു വർഷം തന്നെ പഞ്ചായത്തിനു ലഭിക്കുന്നതിനുള്ള നടപടി ഉണ്ടാവണം. ഭൂനികുതി പഞ്ചായത്ത് മുഖേന പിരിച്ചെടുക്കാൻ നടപടി വേണം.

2.പഞ്ചായത്തിലെ തനതു വരുമാനത്തിൽ സാധ്യതക്കനുസരിച്ച വർദ്ധനവ് ഉണ്ടായിട്ടില്ല. ചുവടെ കാണിച്ച മേഖലയിലൂടെ തനത് വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കാവുന്നതാണ്.

(a) പഞ്ചായത്തിൻെറ കെട്ടിട നികുതി അശാസ്ത്രീയമായ നിലയിലാണ് നിർണ്ണയിച്ചിട്ടുള്ളത്. ഇത് ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കണം. കെട്ടിടത്തിൻെറ വിസ്തീർണ്ണം വില

പിടിച്ച സാമഗ്രികളുടെ ഉപയോഗം ആഡംബ രങ്ങൾ തുടങ്ങിയവ നികുതി നിർണ്ണയത്തിന് പരിഗണിക്കണം. നികുതി അസ്സസ്മെൻറിൽ വിവേചനം പാടില്ല. മുഴുവൻ കെട്ടിടങ്ങൾക്കും നികുതി ഏർപ്പെടുത്തണം. ഇതിന് സ്ലാബു സമ്പ്രദായം ശാസ്ത്രീയമായി ഏർപ്പെടുത്തണം. വാടക കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാ നത്തിൽ നികുതി ചുമത്തണം.

(b) തൊഴിൽ നികുതി സർക്കാർ ജീവനക്കാരിൽ നിന്നും മാത്രമാണ് ലഭിക്കുന്നത്. തൊഴിലെടുക്കുന്ന മുഴുവനാളുകൾക്കും നികുതി ഏർപ്പെടുത്തണം. കച്ചവടക്കാർ കൈത്തൊഴിലാളികൾ, നിർമ്മാണ തൊഴിലാളി കൾ മറ്റ് തൊഴിലാളികൾ എന്നിവരെ ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതിയിൻ കീഴിൽ ഉൾപ്പെടുത്തുകയും ഇവർക്ക് തൊഴിൽ നികുതി ഏർപ്പെടുത്തുകയും വേണം. ചെങ്കൽ വ്യവസായത്തിന് ലൈസൻസ് ഏർപ്പെടുത്തു കയും ആവശ്യമായ മറ്റു മുഴുവൻ തൊഴിലിന്നും ലൈസൻസ് നിർബന്ധമാക്കുകയും ചെയ്യണം, പഞ്ചായത്തിൻെറ വരുമാനത്തിൽ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പു വരുത്തണം.

(c) പുറംപോക്ക് ഭൂമി പഞ്ചായത്തിൻെറ വർദ്ധനവിന് ഉപയോഗപ്പെടുത്തുന്നില്ല. പുറംപോക്ക് ഭൂമി എത്രയെന്ന് തിട്ടപ്പെടു ത്തുകയും കൈയ്യേറ്റം കർശനമായി തടയുകയും ചെയ്യണം. പുറംപോക്കിൽ ഈറ്റ, കായൽ, മുണ്ട എന്നിവ വെച്ചു പിടിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്. പുഴയോരത്ത് പ്രായം കൂടിയ തെങ്ങിൻ തൈകൾ വെച്ചു പിടിപ്പിച്ച് ദീർഘകാലാടിസ്ഥാനത്തിൽ വരുമാനമുണ്ടാ ക്കാൻ സാധിക്കും.

(d) ചെറുകിട വ്യവസായങ്ങളൊന്നും തന്നെ പഞ്ചായത്തിലില്ല. ചെങ്കൽ വ്യവസായം പ്രോത്സാഹിപ്പിക്കുകയും ഈ മേഖലയിൽ നിന്നും പഞ്ചായത്തിന് . വരുമാനമുണ്ടാ ക്കാനുള്ള സാധ്യത പരിശോധിക്കുകയും ചെയ്യണം. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രോത്സാഹനം നൽകണം. റബ്ബർ, കശുവണ്ടി, നാളികേരം, കൈതച്ചക്ക എന്നിവയും ചകിരി, ചിരട്ട എന്നിവയും ഉപയോഗിച്ചുള്ള ചെറുകിട വ്യവസായങ്ങൾ നടത്താനുള്ള സാധ്യത പരിശോധിക്കണം. പാലും പാലുൽപ്പന്നങ്ങളും നിർമ്മിക്കാനുള്ള സാധ്യത ഏറെയുണ്ട്. ഇത് പ്രോത്സാഹിപ്പിക്കണം. പൂഴി ലേലത്തിൽ ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കാനും വരുമാനം വർദ്ധിപ്പിക്കാനും സാധിക്കണം. നിർമ്മാണ തൊഴിലാളികളുടെ സഹകരണ സംഘം രൂപീകരിച്ച് സംഘം വഴി പൂഴി വിപണനം നടത്തുന്നതിനുള്ള ഏർപ്പാടു ണ്ടാകണം.

(e) പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങൾ മിതമായ നിരക്കിൽ ലഭിക്കു ന്നതിനുള്ള സംവിധാനം നിലവിലില്ല. പഞ്ചായത്തിൻെറ നേതൃത്വത്തിൽ ഷോപ്പിംഗ് കോംപ്ലക്സ് ആരംഭിക്കുകയും ഇവയിലൂടെ നിത്യോപയോഗ സാധനങ്ങളും മറ്റും മിതമായ വിലക്ക് ലഭിക്കണമെന്ന് ഉറപ്പുണ്ടാക്കണം. സഹകരണ സ്ഥാപനത്തിൻെറ സേവനം ഇതിനുപയോഗപ്പെടുത്തണം.ആഴ്ച ചന്തകളും മാസച്ചന്തകളും ആരംഭിക്കുന്നതിന് പ്രചരണം നൽകുകയും പ്രോത്സാഹനം നൽകുകയും ചെയ്യണം. പച്ചക്കറികളും മറ്റും ആഴ്ച ചന്തകളിലൂടെ വിപണനം നടത്തുവാൻ സാധിക്കും. ഇടത്തട്ടുകാരുടെ ചൂഷണം ഒരു പരിധിവരെ ഈ രംഗത്തും ഇല്ലാതാക്കാൻ സാധിക്കും. ആഴ്ച ചന്തകളിൽ ജനങ്ങൾക്കാ വശ്യമായ എല്ലാസാധനങ്ങളും ലഭ്യമാക്കുന്ന തിനുള്ള പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. ചന്തകളിലൂടെ നടത്തുന്ന വില്പനക്ക് സെസ്സോ, ലൈസൻസോ ഏർപ്പെടുത്താവുന്നതാണ്. പഞ്ചായത്തിൻെറ മൊത്തം നികുതി നിർണ്ണയത്തിനും പിരിവിനും കമ്മിറ്റിയെ ഏർപ്പെടുത്തി ഇതിൻെറ ശുപാർശ അനുസരിച്ച് നികുതി/ സെസ്സ് പിരിവിൻെറ കാര്യക്ഷമത വർദ്ധിപ്പിക്കാവുന്നതാണ്.

(f) ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരുടെ വരുമാനം ഇന്ന് പ്രത്യുൽ പ്പാദനപരമായ രംഗത്ത് വിനിയോഗിക്കുന്നില്ല. ഭൂമി ഇടപാടുകളിൽ മാത്രമാണ് ഇത് ഒതുങ്ങുന്നത് പഞ്ചായത്തിൻെറ നേതൃത്വത്തിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപി ക്കുകയും ഇതിൽ ഗൾഫ്കാരുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്യണം. മിനി

വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള എല്ലാ പ്രോത്സാഹനവും ഇവർക്ക് പഞ്ചായത്ത് ചെയ്തുകൊടുക്കണം.

(g) പഞ്ചായത്തിലെ സർക്കാർ ജീവനക്കാരുടെ സഹകരണ സംഘം രൂപീകരിക്കുന്നതിനുള്ള സാധ്യത ആരായുകയും ജീവനക്കാരുടെ വരുമാനം പ്രത്യുൽപ്പാദന രംഗത്ത് വിനിയോഗിക്കുന്നതിന് പ്രോത്സാഹനം നൽകുകയും ചെയ്യണം.

(h) വികസന സമിതി, സന്നദ്ധ സംഘടനകൾ, യുവജന സംഘടനകൾ എന്നിവയുടെ സഹകരണം വികസന പ്രവർത്തനത്തിൽ ഉപയോഗപ്പെടുത്താനും പുതിയ വികസന സംസ്ക്കാരം വളർത്താനും മുൻകൈ എടുക്കണം.

# നന്ദി ...

*വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനായി ഉചിതീയ വിവരങ്ങൾ തന്നു സഹായിച്ച പഞ്ചായത്തിനകത്തും പുറത്തുമുള്ള വിവിധ സർക്കാർ ഓഫീസുകൾ, സ്ക്കൂളുകൾ, ഇരിക്കൂർ പ്രാഥമിക ആരോഗ്യകേന്ദ്രം, ഭവന നിർമ്മാണബോർഡ്, ഇലക്ട്രിസിറ്റി ബോർഡ്, വിവിധ ബാങ്കുകൾ എന്നിവിടങ്ങളിലെ ജീവനക്കാർ, വിവര ശേഖരത്തിന് വേണ്ടി പ്രവർത്തിച്ചവർ, ദ്രുത ഗ്രാമപഠനത്തിൽ വിവരണം നൽകി സഹായിച്ച എല്ലാ ജനങ്ങളോടും, പഴയ തലമുറയുടെ അനുഭവങ്ങൾ കൈമാറിയ ബഹുമാന്യ വ്യക്തികളോടും, കവർ ഡിസൈൻ ചെയ്ത വിജയൻ ചിടങ്ങിലിനോടും, ടൈപ്പ് സെറ്റ് ചെയ്ത ലിയോക്രിയേഷനോടും അച്ചടിച്ചു തന്ന ചൊവ്വ ശ്രീപ്രിൻേറർസിനോടും ഞങ്ങൾ ക്കുള്ള അകൈതവമായ നന്ദി പ്രകാശിപ്പിക്കുന്നു.*

# കേരളം



# അധികാരം ജനങ്ങളിലേക്ക്
# ഒൻപതാം പദ്ധതി ജനകീയ പദ്ധതി

ആസൂത്രണം അടിത്തട്ടിൽ നിന്ന് മുകളിലോട്ട്

ആസൂത്രണത്തിലും നിർവ്വഹണത്തിലും വിപുലമായ ജന പങ്കാളിത്തം

ഭിന്നതകൾ മറന്ന് ജനലക്ഷങ്ങൾ ഒരുമയോടെ കർമ്മരംഗത്തേക്ക്

ജനപ്രതിനിധികളും വിദഗ്ധരും ഉദ്യോഗസ്ഥരും അണിചേരുന്നു

വികസനാവശ്യങ്ങൾ പദ്ധതികളാക്കാൻ കർമ്മസമിതികൾ

പ്രാദേശിക വിഭവ സമാഹരണം വഴി പുതിയ ദിശാബോധം

അഴിമതിരഹിതവും കാര്യക്ഷമവുമായ പദ്ധതി നിർവ്വഹണം

## മലപ്പട്ടം ഗ്രാമ പഞ്ചായത്ത്
## വികസനരേഖ - 1996